ഹേമപഞ്ജരം.



തോട്ടക്കാട്ട മാധവിഅമ്മ.

വില അണ. 12.

ഹേമപഞ്ജരം.




തോട്ടക്കാട്ട മാധവിഅമ്മ.



[illegible]

തൃശ്ശിവപേരൂർ
രാമാനുജമുദ്രാലയത്തിൽ
അച്ചടിച്ചതു.
1100.



ഒന്നാം പതിപ്പ് കോപ്പി ൫൦൦.

മുഖവുര.

ഹേമപഞ്ജരം, പ്രസിദ്ധഗദ്യകാരനും 'മോഡേൺ റിവ്യൂ' എന്ന മാസികയുടെ പ്രസാധകനുമായ ശ്രീമാൻ രാമാനന്ദചാറ്റർജിയുടെ പുത്രിയായ ശ്രീമതി സീതാദേവിയുടെ "കേജ് ഓഫ് ഗോൾഡ്" എന്ന കൃതിയുടെ ഒരു ഏകദേശ തർജ്ജമയാകുന്നു.

ഈ പരിഭാഷയ്ക്കു് എന്നോടാവശ്യപ്പെട്ട് വേണ്ടുന്ന ഒത്താശകൾ ചെയ്തുതന്നു് സഹായിച്ച ശ്രീമാൻ കെ. എം. പണിക്കരവർകളോടും ഇതിന്നു് അനുവാദംതന്ന ശ്രീമാൻ രാമാനന്ദചാറ്റർജി അവർകളോടും എന്റെ ഹൃദയപൂർവ്വമായ കൃതജ്ഞതയെയും, കൃത്യാന്തരബാഹുല്യത്തിന്നിടയിലും സ്നേഹപൂർവ്വം ഇതു പരിശോധിച്ചുതന്ന എന്റെ അമ്മാമൻ ശ്രീമാൻ. ടി. കെ. കൃഷ്ണമേനോനവർകളോടു് എന്റെ ബഹുമാനത്തെയും പ്രകാശിപ്പിച്ചുകൊണ്ടു്, ഈ ഗ്രന്ഥത്തെ എന്റെ മരിച്ചുപോയ അച്ഛനമ്മമാർക്കായിക്കൊണ്ടു് സമർപ്പിച്ചുകൊള്ളുന്നു.

തോട്ടയ്ക്കാട്ട് മാധവിയമ്മ

ശുദ്ധിപത്രം

ഭാഗം	വരി	അബദ്ധം	സുബദ്ധം
15	14	അവരെ	അവളെ
,,	15	അവരുടെ	അവളുടെ
,,	25	അവരെ	അവളെ
,,	26	അവരുടെ	അവളുടെ
16	3	അവർ	അവൾ
,,	6	,,	,,
,,	12	അവരെ	അവളെ
30	18	അവരുടെ	അവളുടെ
,,	22	,,	,,
31	3	അവരൊന്നും	അവളൊന്നും
33	24	അവർ	അവൾ
34	5	അവരുടെ	അവളുടെ
,,	24	,,	,,
35	24	അവർ	അവൾ
44	24	അവൾ	അവർ
46	22	അവൾക്കായി	അവർക്കായി
50	7	അവരുടെ	അവളുടെ
,,	8	അവർ	അവൾക്ക

50	9	അവരുടെ	അവളുടെ
,,	12	,,	,,
,,	24	അവർ	അവൾ
51	11	അവരെ	അവളെ
52	3	അവർക്കായി	അവൾക്കായി
55	4	അവർ	അവൾ
,,	6	അവരുടെ	അവളുടെ
,,	7	,,	,,
,,	11	അവർ	അവൾ
,,	24	അവരുടെ	അവളുടെ
,,	25	,,	,,
56	6	അവളുടെ	അവരുടെ
,,	7	,,	,,
,,	8	,,	,,
,,	13	അവരുടെ	അവളുടെ
57	2	അവൾ	അവർ
59	7	അവരുടെ	അവളുടെ
60	8	അവൾ	അവർ
,,	12	,,	,,
62	11	അവർക്കു	അവൾക്കു
66	1	അവരുടെ	അവളുടെ
,,	4	അവർക്കു	അവൾക്കു
,,	,,	അവർ	അവൾ
,,	12	അവർ	അവൾ
,,	14	അവരുടെ	അവളുടെ

66	18	അവൾ	അവർ
69	5	,,	,,
,,	7	,,	,,
71	5	അവരുടെ	അവളുടെ
,,	6	,,	,,
,,	12	അവരുടെ	അവളുടെ
,,	13	അവരെ	അവളെ
,,	25	,,	,,
72	18	അവർ	അവൾ
,,	19	അവരുടെ	അവളുടെ
74	26	അവളുടെ	അവരുടെ
75	15	അവൎക്ക	അവൾക്ക
89	6	അവരുടെ	അവളുടെ
,,	16	അവർ	അവൾ
90	16	അവരോട്	അവളോട്
105	1	പെൺകുട്ടികളൊന്നും	പെൺകുട്ടികളോടൊന്നും
,,	22	അവരുടെ	അവളുടെ
107	11	അവൾ	അവർ
110	4	പ്രകാശിക്കുന്നത്	പ്രകാശിപ്പിക്കുന്നത്
,,	14	അവർ	അവൾ
,,	24	പിന്നിൽ	പിന്നി
111	15	നടന്നവരുടെ	നടക്കുന്നവരുടെ
,,	19	അവർ	അവൾ
,,	,,	അത്രശോഭയുള്ളവരല്ല	അത്രശോഭയുള്ളവളല്ല

,,	20	അവർ	അവൾ
,,	22	അവർക്ക	അവൾക്ക
113	1	അവരുടെ	അവളുടെ
113	6	ചെറിയമ്മെ!	ചെറിയമ്മ
118	21	അവർക്ക	അവൾക്ക
119	5	,,	,,
122	3	അവർ	അവൾ
,,	5	,,	,,
,,	6	അവരുടെ	അവളുടെ
,,	9	അവരെ	അവളെ
,,	16	അവർ	അവൾ
,,	,,	അവരുടെ	അവളുടെ
123	6	അവരുടെ	അവളുടെ
,,	10	,,	,,
126	,,	ക്ഷണിച്ച്	ക്ഷണിച്ചുകൊണ്ടു
,,	17	അവൾക്ക	അവർക്ക
127	13	അവരുടെ	അവളുടെ
,,	15	,,	,,
129	7	അവൾ	അവർ
,,	11	അവരെ	അവളെ
,,	,,	അവരുടെ	അവളുടെ
,,	19	അവരോട്	അവളോട്
130	4	അവൾ	അവർ
,,	5	,,	,,

131	11	അവരെ	അവളെ
,,	12	അവർ	അവൾ
,,	,,	അവരുടെ	അവളുടെ
,,	13	,,	,,
132	20	അവൎക്ക	അവൾ
134	,,	അവരും	അവളും
,,	21	അവൎക്ക	അവൾക്ക
135	2	അവരെ	അവളെ
,,	15	അവർ	അവൾ
,,	,,	അവരുടെ	അവളുടെ
150	25	ആൎഗ്ഗത്തിന്ന	ആ മാൎഗ്ഗത്തിന്ന്
153	5	ഉമ്മിളക്ക	ഉമ്മിളയിൽനിന്ന്
154	19	അവരുടെ	അവളുടെ
155	17	അവൎക്ക	അവൾക്ക്
169	1	അവർ	അവൾ
173	12	വിട്ടു	വിട്ട
183	6	അവൎക്ക	അവൾക്ക
183	18	അവരുടെ	അവളുടെ
189	12	പിന്നെ	പിന്ന
,,	25	അവർ	അവൾ
193	8	എന്നാൽ	എന്നിൽ
194	9	നിങ്ങളെ	നിങ്ങൾ
202	13	അവൾ	അവർ
,,	14	അവളുടെ	അവരുടെ

95-ാം ഭാഗത്തിൽ, 10-ാം വരിയിൽ, "എല്ലാവർക്കും" എന്നതിന്റെ ശേഷം, "കഴിയും" എന്നു കൂട്ടിയും, 139-ാം ഭാഗത്തിൽ 4-ാം വരിയിൽ "ഗൃഹത്തിന്" അവരുടെ"യെന്നുള്ളതും 170-ാം ഭാഗത്തിൽ 23-ാം വരിയിൽ "അതു" എന്നുള്ളതും കുറച്ചും, 194-ാം ഭാഗത്തിൽ 10-ാം വരിയിൽ "പോകുംമുമ്പെ" എന്നു കഴിഞ്ഞു "നിശ്ചയമായും സത്യത്തെ," എന്നുകൂടി ചേൎത്തും വായിക്കേണ്ടതാണ്.



ഹേമപഞ്ജരം.

അദ്ധ്യായം ൧.

ശീതകാലത്തിലെ വെയിൽ ആ പ്രദേശത്തെ ചൂടു പിടിപ്പിക്കുവാൻ തുടങ്ങിയിട്ടേ ഉണ്ടായിരുന്നുള്ളൂ. വീട്ടിന്റെ മുമ്പിലായി, ബീഹാർകാരനായ തോട്ടക്കാരൻ, ഏതോ അപരിചിതമായ ശിരസ്സിങ്കൽ തന്റെ ശകാരവൎഷത്തെ ചൊരിഞ്ഞുകൊണ്ട്, പൂച്ചെടികളെ നനയ്ക്കുവാൻ ആരംഭിക്കയും ചെയ്തിരുന്നു. ആ സമയത്ത്, ഒരു കുതിരവണ്ടി പടിക്കൽ ഉമ്മറത്തു വന്നുനിന്നു. ആ വണ്ടിയുടെ കിളിവാതലിന്നുള്ളിൽക്കൂടി തല പുറത്തേക്കിട്ടുകൊണ്ട് ഒരു യുവാവ് "ഇതാണോ ക്ഷേത്രനാഥബാബുവിന്റെ ഭവനം?" എന്നു ചോദിച്ചു.

തോട്ടക്കാരൻ, ആലോചിച്ചുറച്ചപോലെ, നനപാത്രത്തെ താഴെ വെച്ചു; പിന്നെ അവന്റെ ചുകന്ന കരിമ്പടത്തെ ചുമലോട് ഒന്നുകൂടി ചേൎത്തു പുതച്ചിട്ട്, ഗൌരവത്തിൽ "അതെ" എന്നു ഉത്തരം പറഞ്ഞു.

യുവാവ് വണ്ടിവാതൽ തുറന്നു പുറത്തേക്കു ചാടി. വണ്ടിക്കാരന്റെ കണക്കറിഞ്ഞ് കൂലി കൊടുത്തശേഷം, വാതലിന്നനേരെ വേഗത്തിൽ തിരിച്ചു; ഉമ്മറത്ത് വെണ്ണക്കല്ലുകൊണ്ടുള്ള ചവിട്ടുപടികളെ രണ്ടും മൂന്നുമായി ഒരേ സമയത്തുതന്നെ കയറി പൂമുഖത്തേക്കു കടന്നു.

ഈ വീട് പട്ടണത്തിന്റെ മദ്ധ്യത്തിൽ ആയിരുന്നില്ല; അതുവിട്ട് അല്പം പുറത്തേക്ക മാറീയിട്ടായിരുന്നു. അത് ബീഹാർപട്ടണത്തിൽ സുപരിചിതമായ പ്രദേശത്തിന്റെ അറ്റത്തിയിൽ ഉൾപ്പെട്ടിരുന്നു. പട്ടണത്തിലെ ധാരാളം അല്പന്മാരായി അവിടെ കെട്ടിയിരുന്നു എങ്കിലും, അത് അസ്വാസ്ഥ്യത്തിന്ന കാരണമാകുമായിരുന്നില്ല. കെട്ടിടം, തോട്ടം, വീട്ടുസാമാനങ്ങൾ എന്നിവയിൽ നിന്ന് അവയുടെ ഉടമസ്ഥൻ പാശ്ചാത്യപരിഷ്കാരത്തിന്മേൽ അല്പം ഭ്രമമുള്ള ഒരാളാണെന്ന ഊഹിപ്പാൻ എളുപ്പമായിരുന്നു.

ഒരു കാവല്ക്കാരൻ നീണ്ടതായ ഒരു 'സലാം'കൊടുത്തു ആഗതനെ അഭിവാദനം ചെയ്തു. ഉടനെ തന്നെ "എന്റെ 'നാമലിഖിതം' നിന്റെ യജമാനന്ന കൊടുക്കു" എന്ന് ആ യുവാവ് ആജ്ഞാരൂപേണ പറഞ്ഞു. കാവല്ക്കാരൻ ഒരു കസാല നീക്കിയിട്ടുകൊടുത്ത്, അവിടെനിന്ന പോയി. ആ യുവാവാകട്ടെ മുറിയുടെ ചുമരിന്മേലുള്ള ചിത്രങ്ങളെ പരിശോധിച്ചു ചുറ്റും നടന്നുകൊണ്ടിരുന്നു. അവയൊ, ഗുണത്തിന്മേൽ കുറവുള്ളവയല്ലായിരുന്നുതാനും.

ആ ചെറുപ്പക്കാരന് ഇരുപത്തൊന്നൊ ഇരുപത്തിരണ്ടോ വയസ്സായിട്ടുണ്ടാവും. നല്ല നിറം മനോഹരമായ മുഖകാന്തി. ഉടുപ്പിലെ വൃത്തിയും, വടിവും ഭാവവും പ്രൌഢിയുള്ളവരുടെ നോട്ടത്തെ ആകർഷിച്ചിരുന്നു. തീവണ്ടിയിൽനിന്ന് അപ്പോൾ ഇറങ്ങിവന്നിട്ടേ ഉണ്ടായിരുന്നുള്ളു എന്നത് ആയാളുടെ നല്ലവണ്ണം മിനുക്കിവെച്ചിട്ടുള്ള മുഖവും ഒരു പൊടിയുടെ പാടുപോലുമില്ലാത്ത ഉടുപ്പിന്റെ ശോഭയും കാരണം വിശ്വസിക്കുവാൻ ഞെരുക്കമായിരുന്നു എന്നു മാത്രമല്ല, നേരെ വിപരീതമായിത്തോന്നിക്കുക

യും ചെയ്തിരുന്നു. അപ്പോൾ തണുപ്പുകാലമായിരുന്നു എ ങ്കിലും ആയാൾ കയ്യിലുണ്ടായിരുന്ന ഉറുമാൽകൊണ്ടു് മു ഖം കൂടെക്കൂടെ തുടയ്ക്കുന്നുണ്ടായിരുന്നു.

ദ്വാരപാലകൻ മടങ്ങിവന്നു് അദ്ദേഹത്തെ വിളിച്ച മാത്രയ്ക്കു് ചുമരിന്മേൽ തൂക്കിയിരുന്ന ഒരു വലിയ കണ്ണാടി യിൽ നോക്കി തലമുടി ഒന്നുകൂടി ശരിപ്പെടുത്തിയിട്ടു്, അടുത്തടുത്തുള്ള മുറികളും ഒരു വരാന്തയും കടന്നു് ഒരു പട്ടു ശീലകൊണ്ടു് വാതിൽ മറച്ചിട്ടുള്ളതായ ഒരു മുറിയുടെ മുമ്പിലായി അവർ നിന്നു. അകത്തുനിന്നു് ആരോ ഒരു ഗൌ രവത്തിൽ "അകത്തു വരൂ" എന്നു ഉറക്കെ പറഞ്ഞു; വാ തിൽമറ നീക്കുന്നതിനു കാവൽക്കാരനു് അവസരംകൊടുക്കാ തെ, താൻതന്നെ അതിനെ ഒരു ഭാഗത്തേക്കു തള്ളിനീക്കി ആ യുവാവു് അകത്തേക്കു പ്രവേശിച്ചു.

ആ മുറിയിൽ വളരെ അധികം സാമാനങ്ങൾ ഉണ്ടാ യിരുന്നില്ല. ഉള്ളവ ഉറപ്പുള്ളവയും വിലപിടിച്ചവയും ആയിരുന്നു. പ്രായംചെന്ന ഒരാൾ അടിമുതൽ മുടിവരെ ഒരു പുതപ്പുകൊണ്ടു മൂടിയിട്ടു് ഒരു വലിയ ചാരുകസാല മേൽ ഇരിക്കുന്നുണ്ടായിരുന്നു. അദ്ദേഹത്തിന്റെ സമീപ ത്തു് ഒരു ചെറിയ മേശമേൽ വരിവരിയായി മരുന്നുകുപ്പിക ളും ഗുളികപ്പെട്ടികളും ഒരു ഗ്ലാസ്സുവെള്ളവും നിരത്തിവെച്ചിട്ടു ണ്ടായിരുന്നു.

ഓരോ ജനാലയ്ക്കും വാതിലിന്നും നിറമേറിയ ശീല കൊണ്ടുണ്ടാക്കപ്പെട്ട മറശ്ശീലകളും തൂക്കിയിരുന്നു. അ ടുത്തമുറിയിലെ വലിയ കട്ടിലും തൊങ്ങൽവെച്ചിട്ടുള്ള നിലവും തുറന്നുകിടന്നിരുന്ന വാതിലിൽക്കൂടെ കാണാമായി രുന്നു. ചുരുക്കത്തിൽ പറയുകയാണെങ്കിൽ, ആ വീട്ടിൽ

താമസിക്കുന്ന ആളും ദീർഘകാലമായി അനുഭവിച്ചുപോരുന്ന രോഗത്താൽ ബാധിതനാണെന്നറിയുന്നതിന്നു വലിയ ബുദ്ധിയൊന്നും ആവശ്യമായിരുന്നില്ല. അദ്ദേഹത്തിന്റെ മുഖത്ത് നാസികാഗ്രവും തെളിവുള്ളതായ രണ്ടു കണ്ണുകളുമല്ലാതെ ആ സമയത്ത് വേറെ ഒന്നും പ്രത്യക്ഷപ്പെട്ടിരുന്നില്ല.

യുവാവ് അകത്തുകടന്ന് തൊഴുത ഉടനെ "അപ്പോൾ നിങ്ങളാണ് ലളിതൻ അല്ലേ? ഇരിക്കു" എന്ന് അദ്ദേഹം പറഞ്ഞു.

ലളിതൻ ഒരു കസേല വലിച്ചിട്ട് അതിന്മേൽ ഇരുന്നു. വന്ന ആളെ നല്ലവണ്ണം ഒന്നു നോക്കിയശേഷം, ആ ഗൃഹനാഥൻ പിന്നെയും സംസാരംതുടങ്ങി. "യാത്ര സുഖകരമായിരുന്നില്ലേ? ഇങ്ങിനെയുള്ള ഉടുപ്പോടുകൂടി എന്താണ് പുറത്തിറങ്ങി നടക്കുന്നത്? ഇത്ര വയസ്സായിട്ടും ജലദോഷം പിടിക്കുക എന്നത് ഗുരുതരമായിട്ടുള്ള ഒരു സംഗതിയാണെന്നു നിങ്ങളും മനസ്സിലാക്കാത്തത് എന്താണ്?"

തന്റെ ഉടുപ്പിനെ പറ്റി ഇങ്ങനെ പുറപ്പെടുവിച്ച ഒരഭിപ്രായം കേട്ടിട്ട് അല്പം വല്ലാതായിക്കൊണ്ട്, ലളിതൻ "എനിക്കു അസൌഖ്യമൊന്നുമില്ല; ഈ മാതിരി ഉടുപ്പിൽ പുറത്തുപോകുന്നതിന്ന് ഞാൻ പരിചയിച്ചിട്ടുണ്ട്." എന്നുപറഞ്ഞു.

അല്പനേരത്തെ മൌനത്തിന്നുശേഷം, "നിങ്ങളിപ്പോൾ എന്താണ് ചെയ്യുന്നത്?" എന്ന് ക്ഷേത്രനാഥൻ ചോദിച്ചു.

"ഞാൻ കച്ചേരിയിൽ വക്കീലായിരിക്കുവാനാണ്, തീർച്ചപ്പെടുത്തിയിരിക്കുന്നത്."

"അപ്പോൾ ഇതുവരെ ജോലി തുടങ്ങിയിട്ടില്ലേ?"

"ഇല്ല. വരുന്നമാസം മുതല്ക്ക് ആരംഭിക്കുവാനാണ് വിചാരിക്കുന്നത്. അതിന്നുള്ള എല്ലാ ഏർപ്പാടും ചെയ്തിട്ടുണ്ട്." എന്ന് അല്പം സംശയിച്ചുകൊണ്ട് ലളിതൻ ഉത്തരം പറഞ്ഞു.

"സുബോധൻ ഇപ്പോൾ എവിടെയാണ്?" എന്നായിരുന്നു ക്ഷേത്രനാഥന്റെ പിന്നത്തെ ചോദ്യം.

"അദ്ദേഹം ഇപ്പോൾ ഞങ്ങളുടെ കൃഷിസ്ഥലത്താണ്."

"ആയാൾ കല്യാണം കഴിച്ചുവോ?" അതിന്ന് അല്പം മടിച്ച് "ഇല്ല," എന്നുത്തരം പറഞ്ഞു.

പിന്നെ കുറെനേരത്തേക്ക് രണ്ടാളും മിണ്ടാതെയിരുന്നു. എന്നാൽ ആ സമയം ലളിതൻ തന്റെ ദൃഷ്ടിയെ മേൽഭാഗത്തുള്ള ഉത്തരം എണ്ണുന്നതിന്ന് വിനിയോഗിച്ചിരുന്നു. പിന്നെ പെട്ടെന്ന് ഉറക്കെ കണ്ഠം തെളിയിച്ചുകൊണ്ട് ക്ഷേത്രനാഥൻ ഇപ്രകാരം പറഞ്ഞു, "വളരെ നല്ലത്. കുളിച്ചു വല്ലതും കഴിക്കുക. എന്റെ കുതിരയും വണ്ടിയും ഇയ്യിടയായിട്ട് വെറുതെ നില്ക്കുകയാണ്. ഉച്ചക്ക് നിങ്ങൾക്കു പുറത്തുപോകണമെങ്കിൽ ഉപയോഗിക്കാം."

"ഞാൻ വൈകുന്നേരത്തെ വണ്ടിക്കു തന്നെ മടങ്ങിയാലോ എന്നാലോചിക്കുകയാണ്." എന്ന് ലളിതൻ എഴുന്നേറ്റുകൊണ്ട് പറഞ്ഞു. "ഞാൻ ഇവിടെ താമസിക്കേണ്ടുന്ന ആവശ്യം വല്ലതുമുണ്ടോ?"

"ഇല്ല. എന്താവശ്യമാണുള്ളത്? നിങ്ങൾക്കു പോകണമെങ്കിൽ അങ്ങനെ ആവാം."

"ശരി എന്നാൽ ഞാൻ പോകയാണ്." ഇപ്രകാ

ളെല്ലാ വാക്കുകൾ കൊണ്ട് വൃദ്ധക്കതിന് ഹേതുവായവനോ
ട യാത്രയും പറഞ്ഞ് ലളിതൻ ആ മുറി വിട്ടു പുറത്തു കട
ന്നു. മാർഗ്ഗരീറ്റയുടെ മനോരഗത്തെത്തിയപ്പോൾ, ദീർഘമാ
യൊന്നു നിശ്വസിച്ചു തനിയെ ഇങ്ങനെ പറഞ്ഞു;
"ദൈവമേ! ഞാനിവിടെ താമസിക്കുന്ന കാലം, ഞാൻ നി
ശ്ചയിച്ചുപോയി! ഇപ്പോൾതന്നെ പകുതി ശോഭസംരൂട്ടിക
ഴിഞ്ഞു."

കളി കഴിഞ്ഞപ്പോൾ, തനിക്കായി ഒരുക്കപ്പെട്ടതിരി
ട്ടുള്ള മുറിയിൽ ആരെയോ എതിരേറ്റും ആയാൾ ചെന്നു ഉ
റങ്ങി. വീട്ടുകാരനുമായുള്ള ബന്ധം സംബന്ധിച്ചിട്ടും ഒരു
പോലെ പ്രത്യക്ഷപ്പെട്ടിരുന്ന [illegible] ന്റെ ഫല
ഇല വിചാരമാകാതെയിരുന്നെങ്കിലും [illegible] മായ
പ്പോൾ, തനിയെ ഉറങ്ങിക്കിടന്നിരുന്നു. [illegible]
ക്ഷണമുറിക്കടുത്ത് ഒരു ശബ്ദം കേട്ടതായി ലളിതൻ
സംശയിച്ചു. ആ നാട്ടിലെങ്ങും ഭംഗമനായോ വിളമ്പു
വാൻ കറികൾ കൊണ്ടുവന്ന കൊച്ചുപെണ്ണ വെപ്പുകാരനെ
യോ കൂടാതെ വല്ലവരെയും കാണാമെന്നുള്ള ആശയോടെ,
ആയാൾ ആ വഴിക്കു നോക്കി. എന്നാൽ അവിടെ ഒരാളു
ടെ നിഴൽ പോലുമുണ്ടായിരുന്നില്ല.

ഒരു വിധത്തിൽ ഉച്ചസമയം കഴിച്ചുകൂട്ടി, തീവണ്ടി
യുടെ സമയത്തിനു വളരെ മുമ്പുതന്നെ കുതിരവണ്ടി
വരുത്തി അതിൽ കയറിയിരുന്നു. വണ്ടി പടികടന്നു
പോകുമ്പോഴിക്ക് മാളികമുകളിലേക്ക് ആയാൾ ഒന്നു തിരി
ഞ്ഞുനോക്കി. മുൻവശത്തെ മുറിയുടെ ജനവാതിൽ തുറ
ന്നുകിടന്നിരുന്നു. അതിൽ തന്റെ ദൃഷ്ടി പതിഞ്ഞ ഉടനെ

ആയാൾ, "ഹൊ! ഇവിടെ രണ്ടു ദിവസം വല്ല തരത്തിലും എനിക്കു കഴിച്ചുകൂട്ടാമായിരുന്നു." എന്നു പറഞ്ഞു.

കീശയിൽനിന്നു മണിയെടുത്തുനോക്കിയതിൽ വണ്ടി വരുവാൻ സമയം ധാരാളമുണ്ടെന്നറിഞ്ഞു. തല പുറത്തേക്കിട്ടുകൊണ്ട് "ഇതാ, വണ്ടി പതുക്കെ പോകട്ടെ" എന്നു വണ്ടിക്കാരന്നു കല്പനകൊടുത്തു. അവൻ ഈ കല്പനയനുസരിക്കുന്നതിൽ ഒരു വിധത്തിലും വീഴ്ചവരുത്തിയതുമില്ല.

ഫലിതന്റെ വണ്ടി സ്ട്രീറ്റിൽനിന്നു മറഞ്ഞ മാത്രയിൽ, ആയാളെ നോക്കിക്കൊണ്ടുനിന്നിരുന്ന പെൺകുട്ടി ജനാലയുടെ അടുക്കൽനിന്നു മാറി. ആ മുറിയുടെ നടുവിലായി ഒരു എഴുത്തുമേശയും അതിന്റെ ഇരുവശത്തും ഓരോ കസാലയും കിടന്നിരുന്നു. അവൾ ഇരുന്നിട്ട് സാമാനങ്ങൾ ബാങ്കുമിക്കൊട്ടും മാറ്റിയും മറിച്ചും ഇട്ടു തുടങ്ങി. അവൾക്കു പതിനെട്ടോ പത്തൊമ്പതോ വയസ്സു കാണും. അവളുടെ ഉടുപ്പിൽനിന്നോ ആഭരണങ്ങളിൽനിന്നോ അവൾ ഒരു വിധവയാകുന്നു എന്നു വിധിക്കുവാൻ വഴിയില്ല; പക്ഷെ പിന്നിയിട്ടിരിക്കുന്ന തലമുടിയുടെ നടുവിൽ കുങ്കുമം ഇടാത്തതുകൊണ്ട് അവൾ വിവാഹം കഴിഞ്ഞ സ്ത്രീയാണെന്നും ഊഹിപ്പാൻ തരമില്ല. അതുകൊണ്ട് അവൾ ഒരു കന്യകയാണെന്നുവേണം തീർച്ചപ്പെടുത്താൻ. ബീഹാർപ്രദേശം പോലുള്ള ഒരു സ്ഥലത്ത് ആ പ്രായത്തിൽ കല്യാണം കഴിക്കാതിരിക്കുന്ന ഒരു കന്യകയുടെ അവസ്ഥ ശിഷ്യന്മാരിലും ഫലിതനാഥബാബുവിന്റെ വീട്ടിൽ വരാറുള്ള നൂതനവിദ്യസ്നേഹിതന്മാരിലും അത്ഭുതവും ആശ്ചര്യമായ വികാരത്തെ ജനിപ്പിച്ചു.

ഈ പെൺകുട്ടി ക്ഷേത്രനാഥബാബുവിന്റെ പുത്രി ആയിരുന്നില്ല; അദ്ദേഹത്തിന്നു മക്കളുണ്ടായിരുന്നില്ല. അദ്ദേഹത്തിന്നു ഇവളെ എവിടെനിന്നു കിട്ടിയെന്ന് ആൎക്കും അറിവുണ്ടായിരുന്നില്ല. ബീഹാറിലേക്കുള്ള അദ്ദേഹത്തിന്റെ പ്രഥമപ്രവേശനത്തോടുകൂടി അവളെ ഈ വീട്ടിൽ എല്ലാവരും കാണുവാൻ തുടങ്ങിയിട്ടുണ്ടായിരുന്നു. അവൾക്ക് ഈ ഗൃഹനാഥനോടു യാതൊരു ബന്ധവുമില്ലെന്ന് ഏവരും അറിഞ്ഞിരുന്നു. എന്തെന്നാൽ അവൾ അദ്ദേഹത്തെ എപ്പോഴും 'ക്ഷേത്രനാഥബാബു' എന്നാണ് വിളിച്ചുവന്നിരുന്നത്.

ഒരു വയോധികനായ വൃദ്ധൻ വാതില്പുറത്ത്വന്ന് "ബാലെ! ബാബു കൂട്ടിക്കൊണ്ടുവരുവാൻ പറഞ്ഞയച്ചിരിക്കുന്നു." എന്നു പറഞ്ഞു. ഈ നാമധേയത്തിലായിരുന്നു ഇയാൾ ആദ്യം നാലുവയസ്സിൽ വന്ന ആ കന്യകയോടു സ്വാഗതം പറഞ്ഞിട്ടുള്ളത്. ഇപ്പോൾ അവൾ കുട്ടിയല്ലാ എങ്കിലും, ആ പേർ ഇന്നും നിലനിന്നുപോന്നിരുന്നു. ആ വീട്ടിലെ മററു ഭൃത്യന്മാരും ഈ വൃദ്ധനെ അനുകരിച്ച് ആ പേരിൽ തന്നെ ഊൎമ്മിളയെ വിളിച്ചുപോന്നു. എന്നാലും ക്ഷേത്രനാഥബാബു ഒഴിച്ച് ആരുംതന്നെ ആ നാമത്തെ ഉപയോഗിച്ചിരുന്നില്ല.

ഊൎമ്മിളയാകട്ടെ, ഒരു പുസ്തകത്തിന്റെ ഏടുകൾ ഓരോന്നായി മറിച്ചുകൊണ്ടിരിക്കുകയായിരുന്നു. അവൾക്കു വായിക്കുന്നതിന്ന് അപ്പോൾ അല്പംപോലും താല്പൎയ്യമുണ്ടായിരുന്നില്ല; എന്നാൽ അവരവരുടെ കൈകൾ എന്തെങ്കിലും പ്രവൃത്തിയിൽ ഏൎപ്പെട്ടുകൊണ്ടിരിക്കുന്നത് സമാധാനകരമായിത്തോന്നുന്ന വളരെ ആളുകൾ ഉണ്ട്. അവളെ വി

ളിച്ചു ഉടനെ പുസ്തകം മേശമേലിട്ട് ഊൎമ്മിള ക്ഷേത്രനാഥ
ന്റെ മുറിയിലേക്ക പോയി. അവളുടെ തലമുടി അഴിഞ്ഞു
കിടന്നിരുന്നു; എന്നാൽ പോകുംവഴിക്ക് അവൾ അതിനെ
ചുററിക്കെട്ടി.

ക്ഷേത്രനാഥന്റെ മുറിയിലുള്ള എല്ലാ വാതിലുകളും
ജനാലകളും ആ സമയത്ത് ചേൎത്തടച്ചിരുന്നു. അവയിലെ
മറശ്ശീലകളും നിവൎത്തിയിട്ടിരുന്നു. ഉമ്മറത്തുള്ള വാതൽ
മാത്രം കുറച്ചു തുറന്നിട്ടുണ്ടായിരുന്നു. ഊൎമ്മിള വാതി
ലുമ്മൽ കൂടി എത്തി നോക്കിക്കൊണ്ട് മുറിയുടെ ഉൾഭാഗ
ത്തെ സ്ഥിതി മനസ്സിലാക്കി. അപ്പോൾ അഗ്നികുണ്ഡത്തിൽ
തീ എരിഞ്ഞിരുന്നു. ക്ഷേത്രനാഥൻ കിടക്കുവാൻ പോയി.
അദ്ദേഹത്തിന്റെ പ്രത്യേകശിഷ്യൻ യജമാനന്റെ കാലി
ന്മേൽ ചൂടുവെള്ളം നിറച്ച കുപ്പി ഉരുട്ടുകയായിരുന്നു. നാ
ലൊ അഞ്ചോ കൊല്ലങ്ങൾക്കു മുമ്പ് അദ്ദേഹത്തിന്ന് ഒരു
കഠിനരോഗം പിടിപെട്ടു. മേലിൽ പ്രത്യേകം സൂക്ഷിക്കുന്ന
തിന്ന് അന്ന് അദ്ദേഹത്തോടു വൈദ്യൻ ഉപദേശിച്ചിരു
ന്നതുകൊണ്ട്, അദ്ദേഹം വെളിച്ചത്തോടും വായുവിനോടും
മല്ലിടുവാനായി അന്നുമുതൽക്കു നിശ്ചയിച്ചിരിക്കുകയും, അ
തിന്നുവേണ്ടി ഈ രണ്ടു മുറികളേയും ഒരു ബലമേറിയ കോ
ട്ടയാക്കി തീൎക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. അദ്ദേഹം
ഒരിക്കലും പുറത്തുപോയിരുന്നില്ല. ഈ വൈദ്യൻ വിരോ
ധിച്ചു എങ്കിലും, ആയാളുടെ ആദ്യത്തെ ഉപദേശത്തെ പി
ന്നീടു കൊടുത്തിട്ടുള്ളതിലും ക്ഷേത്രനാഥന്ന ഹൃദ്യമായി തോ
ന്നിയതിനാൽ, അദ്ദേഹം അതിനെ അനുകരിക്കുകയാണ്
ചെയ്തിരുന്നത്. അദ്ദേഹത്തിന്റെ ഈവിധമുള്ള മനോഗ
തിയെ നീക്കം ചെയ്യുന്നതിന്ന്, വൈദ്യൻ ഒന്നു രണ്ടു തവ

ണ ബലമായി ഉരുളിച്ചു എങ്കിലും, പലിശക്കാരുടെ, ബാ
ബുവിന്റെ ഇഷ്ടംപോലെ നടക്കുന്നതിന്ന് ഇപ്പോഴും വി
ട്ടുകൊടുത്തിരിക്കയാണ്. ക്ഷേത്രനാഥൻ "ഇതുകൊണ്ട് എ
നിക്ക വളരെ സുഖമുണ്ട്." എന്നു പറഞ്ഞിരുന്നു. അദ്ദേ
ഹത്തിനു സ്വന്തമില്ലെന്നായി മററുള്ളവർ കണ്ടിരുന്നതുകൊ
ണ്ട്, ഇത് അവർക്കു വിശ്വസിക്കുവാൻ പ്രയാസവുമായി
രുന്നു.

"ഭാസ്കരൻ വരട്ടെ!" എന്ന് ഒരു നിമിഷനേരം
വാതിലിന്റെ പുറത്തുനിന്നശേഷം, കാര്യസ്ഥനായിരുന്ന
ഉമ്മിണി ചോദിച്ചു.

"വരു" എന്നു ക്ഷേത്രനാഥൻ പറഞ്ഞു. ഉമ്മിണി
അകത്തു കടന്നപ്പോൾ, ക്ഷേത്രനാഥന്റെ ശിഷ്യൻ
ഒരു കസാല നീക്കിയിട്ടുകൊടുത്തതിന്മേൽ ഇരുന്നു. ആ ഗൃ
ഹനായകൻ അവളെ ആശ്ചര്യത്തോടു നോക്കിക്കൊണ്ടു പരി
ശോധനചെയ്തിട്ട്, ഇങ്ങനെ പറഞ്ഞു: "ലക്ഷ്മിയമ്മ എന്ന
പേരായിട്ട് ഒരു വെളുപ്പുള്ളവൾ ഇന്നിവിടെ വന്നിരുന്ന
തുതാനല്ല നീ കണ്ടുവോ?"

"ഉവ്വ്. ഞാൻ കണ്ടു."

"അവളെപ്പററി എന്തു വിചാരിക്കുന്നു?" എന്നു ത
ലയുയർത്താതെ അല്പം ഉയർത്തിവെച്ചുകൊണ്ട് ക്ഷേത്ര-
നാഥൻ ചോദിച്ചു.

സാധാരണയായി, ഇപ്രകാരമുള്ള ഒരു ചോദ്യം ഒരി
ക്കൽ മാത്രം കണ്ടിട്ടുള്ള ഒരാളെ പററി മറെറാരാളോട് അത്രയും
ചോദിക്കുക പതിവില്ല; വളരെപ്പേരും ഇതിന്നൊരു ഉത്ത
രം കൊടുക്കുവാൻ മടിക്കും. എന്നാൽ ഇത്തരത്തിലുള്ള ചോ
ദ്യങ്ങൾ കേട്ടു ശീലിച്ചിട്ടുള്ള ഉമ്മിണി ഇതിന്റെ മറുപടി

യിൽനിന്ന് രക്ഷപ്പെടുവാൻ തരമില്ല എന്നറിഞ്ഞിരുന്നു. താനൊരു ചോദ്യം ആരോടെങ്കിലും ചോദിച്ചിട്ട് അതിനു ള്ള മറുപടി കിട്ടാത്തതായ അവസ്ഥ ക്ഷേത്രനാഥന്ന് ഊഹിക്കുവാൻപോലും അശക്യമായിരുന്നു. അദ്ദേഹം ഒരു പ്രധാനാദ്ധ്യാപകനായിട്ട് ഒരിക്കലും ഇരുന്നിട്ടില്ലെങ്കിലും, അദ്ദേഹത്തിന്റെ സമ്പ്രദായം അത്തരത്തിലൊരാളുടെ തായിരുന്നു. അതു തന്റെ ഏകശിഷ്യനായി ആദ്യംകണ്ട ദിവസം മുതല്ക്കുതന്നെ മനസ്സിലാക്കിയിട്ടു ണ്ടായിരുന്നു. അതു ഹേതുവായിട്ട് ഒരു നിമിഷനേരത്തെ ആലോചനയ്ക്കു ശേഷം, "അതു ശരിയല്ല." എന്ന് ഉഗ്ഗിളു ഉത്തരം പറഞ്ഞു.

"ശരി" എന്നു ക്ഷേത്രനാഥൻ മന്ത്രിച്ചു. കുറെനേ രം മൌനമായിരുന്നശേഷം, പ്രത്യേകിച്ചാരോടും പറയുക യല്ലെന്ന നാട്യത്തിൽ ക്ഷേത്രനാഥൻ തുടർന്നു — "ശരിയാ ണ്. ഒരു മട്ടിൽ അങ്ങനെ തന്നെയല്ലെന്ന് ഞാനും പറ ഞ്ഞു. പോകുന്നതിന്ന് അല്പം സമയമുണ്ടായി എന്നി ക്കു തോന്നി; താമസിക്കുന്നതിനുള്ള സൗകര്യം അതു നല്ലത ല്ലല്ലോ; ആ തരത്തിലും ഒന്നോ രണ്ടോ ആളുകളെ ഞാൻ കണ്ടിട്ടുണ്ട്. അതിലും നല്ലതാണ് പോകുന്നതിലുള്ള തിടുക്കം".

ഉഗ്ഗിളു ഒന്നും മിണ്ടാതെയിരുന്നു. താൻ ചോദിക്കാ തെ തന്നോടു സംഭാഷണത്തിനൊരുങ്ങുന്നത് — പ്രത്യേ കിച്ചും ചെറുപ്പക്കാർ — അദ്ദേഹത്തിന്ന് അസഹ്യമായിരു ന്നു. അവർ ചിന്തയോടുകൂടി ഇരിക്കണമെന്നും വല്ലവ നും വല്ല ചോദ്യവും ചോദിച്ചാൽ ഉടനടി ഉത്തരം പറയേ ണമെന്നുമായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. ഉദ്

സംഗതിയിലാകട്ടെ ഊൎമ്മിളയ്ക്കു് ഒന്നും പറയുവാനുണ്ടാ
യിരുന്നില്ല. അതിനാൽ അവൾ അവിടെ കത്തുന്ന തീ
നോക്കിക്കൊണ്ടിരുന്നു. ആ മുറിക്കകത്തുണ്ടായിരുന്ന ചൂടി
ന്റെ ആധിക്യം, കാലം തണുപ്പായിരുന്നിട്ടും, അവളുടെ
തലവേദനിപ്പിക്കുവാൻ തുടങ്ങി. അവിടെനിന്നു സാവധാ
നത്തിൽ എഴുന്നേറ്റുപോകുന്നതായാൽ അതു ക്ഷേത്രനാ
ഥൻ അധികപ്രസംഗമായി കരുതുമോ എന്നവൾ ആലോ
ചിച്ചു തീൎച്ചപ്പെടുത്തുവാൻ തുടങ്ങുമ്പോൾ, സംഭാഷണം
തുടരുന്നതിന്നായി അദ്ദേഹം വീണ്ടും വായ് തുറന്നു—
"നിന്നെ പഠിപ്പിക്കുവാൻ ഇന്നു മിസ്സ് പാൎക്കർ വന്നില്ലേ?"

"ഇല്ല. ഇന്നു ഞായറാഴ്ചയാണ്".

"ഓ. ശരിതന്നെ. ഞാൻമറന്നുപോയി". അതോൎമ്മ
വെയ്ക്കുവാൻ അദ്ദേഹത്തിന്നു പ്രത്യേകിച്ചു കാരണമൊന്നു
മുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ ദിനചൎയ്യയിൽ ഞാ
യറാഴ്ചയ്ക്കു വിശേഷമൊന്നുമുണ്ടായിരുന്നില്ല. ഒടുവിൽ,
ഊൎമ്മിളയ്ക്കു മോചനം കിട്ടി. "ആട്ടെ, പൊയ്ക്കോളു. എ
നിക്കു കുറച്ചു ജലദോഷമുണ്ടു്, നല്ല സുഖം തോന്നുന്നില്ല.
അതുകൊണ്ടു് ഇന്നുരാത്രി ഇതിലധികം എഴുന്നേറ്റിരിക്കു
ന്നില്ല" എന്നദ്ദേഹം ഊൎമ്മിളയോടു പറഞ്ഞയച്ചു. വൈ
കുന്നേരമായിട്ടേ ഉണ്ടായിരുന്നുള്ളു. ഊൎമ്മിള, അദ്ദേഹത്തി
ന്റെ ചൂടുകൊണ്ടു ചുകന്നുവീൎത്തമുഖത്തേക്കു ചാഞ്ചല്യ
ത്തോടെ ഒന്നുനോക്കി. അവളുടെ ആഗ്രഹം ആ ജനാല
കളും വാതലുകളും ഒന്നൊഴിയാതെ തുറന്നിടുന്നതിന്നായി
രുന്നു. എന്നാൽ ബാബുവായിട്ടു് അവൾക്കിതുവരെയുള്ള
പരിചയം, തന്റെ രക്ഷിതാവു് അദ്ദേഹത്തിന്റെ വിചാ
രത്തിന്നു വിപരീതമായി ആരോഗ്യം വീണ്ടുകിട്ടുന്നതിൽ

വിരൂപമെന്നും തന്റെ ഹിതംപോലെ നടന്ന രോഗത്തിൽ
അകപ്പെട്ടതിനു താൽപൎയ്യമുള്ള രോഗമാണെന്നും പറപ്പി
ച്ചിട്ടുണ്ടായിരുന്നു. ഒട്ടും താമസിക്കാതെ ഊൎമ്മിള ബലമ
പ്പെട്ട് ആ മുറി വിട്ടുപോയി.

വൃദ്ധയായ തങ്കമ്മ എന്ന ശിഷ്യത്തി ഊൎമ്മിളയുടെ
മുറി അടിച്ചുവാരി കിടക്ക വിരിക്കുവാൻ വന്ന കൂട്ടത്തിലായി
രുന്നു. ഊൎമ്മിളയുടെ ബാല്യത്തിൽ അവൾക്ക്, ഒന്നാമതാ
യി ഈ വീട്ടിൽ കാൽവെച്ചതുമുതൽക്ക് ഈ തങ്കമ്മയായിരു
ന്നു അവളെ ശുശ്രൂഷിച്ചിരുന്നത്. ഇപ്പോഴത്തെ ദിവസത്തിൽ
ചുരുങ്ങിയത് ഒരു പത്തുപന്ത്രണ്ടുകൊല്ലത്തിലധികം കാലമായി, ഊ
ണ്, ഉറക്കം മുതലായതിലും മറ്റു സംഗതികളിലും കണ്ണി
ക്കാതെ തന്നെ ഉപദേശങ്ങൾ കൊടുക്കുകയും ശാസിക്കയും
ചെയ്ത് ഇവൾ ഊൎമ്മിളയെ ഉപദ്രവിക്കുക പതിവായിരു
ന്നു. ആ വൃദ്ധയുടെ ഭൎത്താവ് സമീപമുള്ള ചെറുപ്പാ
ത്തോട്ടത്തിൽ സ്വന്തമായ വീടുണ്ടാക്കി പാൎത്തുപോന്നിരു
ന്നു; എന്നാൽ, താൻ വളൎത്തിക്കൊണ്ടുവന്നിരുന്ന 'ബാല'
വിവാഹം കഴിച്ചു പോകുംവരെയെങ്കിലും, അവളെ വിട്ടുപിരിയു
ന്നതിനു തങ്കമ്മയ്ക്കു മനസ്സുണ്ടായിരുന്നില്ല. ബാല്യം കഴിഞ്ഞ
വളായിട്ടും അവളെ വിവാഹം ചെയ്യിക്കാത്തതെന്തുകൊ
ണ്ടാണെന്ന് അവൾക്ക ലേശവും അറിവുണ്ടായിരുന്നില്ല.
എന്നാൽ ഈ സംഗതിയെപ്പറ്റി ആരോടും പറയാതെ, ത
നിക്കുതന്നെ അവമാനമുണ്ടാകുന്നതെന്തിനാണ് എന്നവൾ
വിചാരിച്ചു—വിശേഷിച്ചു പത്തു—ആ ഗ്രാമത്തിലും മറ്റു
മുള്ള ശിഷ്യന്മാരും ആളുകളുമെല്ലാം ഊൎമ്മിളയുടെ വരനാ
വാൻ പോകുന്ന യുവാവ് ഒരു 'ഷിഷ്യൻ' (മജിസ്ട്രേട്ട്)
ആയി തീരുവാൻ ശീഘ്രം പോയിരിക്കയാണെന്നും മ

ങ്ങി എത്തിയാൽ ഉടനെ വിവാഹമുണ്ടാകുമെന്നും അറി ഞ്ഞിരുന്നു. അങ്ങനെയല്ലെങ്കിൽ, അവളെ ഇംഗ്ലീഷ് പഠിപ്പിപ്പാൻ ഒരു മദാമ്മയെ ഏൎപ്പെടുത്തുകയും മററും ചെയ്യുന്നതെന്തിനാണ്?

ഉമ്മിണി അവളുടെ മുറിയിൽ കടന്ന ഉടനെ തന്നെ തഖിയയെ പറഞ്ഞയച്ചു. തഖിയ 'എണ്ണിപ്പുറകി'ക്കൊണ്ട് വാതിലിന്റെ പുറത്തു കടന്ന മാത്രയ്ക്ക്, മുറിയുടെ വാതിൽ അകത്തുനിന്നു അടച്ചിട്ടു. തഖിയയുടെ ശുശ്രൂഷകളിൽ നിന്നൊഴിയുവാൻ ഇതൊന്നു മാത്രമേ അവസരമുണ്ടായിരുന്നുള്ളൂ. പിന്നീട്, കണ്ണാടിയുടെ മുമ്പിൽച്ചെന്നുനിന്ന് ഉമ്മിണി അവളുടെ തലമുടി പിന്നുവാൻ തുടങ്ങി.

ആ അകത്തു പ്രവേശിക്കുന്ന ഒരാളുടെ ദൃഷ്ടി ഒന്നാമതായി പതിയുന്നത് ഒരു യുവതിയുടെ എണ്ണച്ചായത്തിലുള്ള ചിത്രത്തിന്മേലായിരുന്നു. അത് ഏകദേശം ഒരാളുടെ വലിപ്പമുണ്ടായിരുന്നു. ധരിച്ചിരിക്കുന്ന ഉടുപ്പ് പഴയ പരിഷ്കാരത്തിലുള്ള, വിവാഹം കഴിഞ്ഞ ഒരു ഹൈന്ദവതരുണിയുടേതായിരുന്നു. ആഭരണങ്ങൾ ധാരാളമണിഞ്ഞിരുന്നു. എന്നാൽ വസ്ത്രം ശിരസ്സു മൂടിയിട്ടിരുന്നില്ല. ഇതു തീൎച്ചയായും ചിത്രമെഴുതിയ ആളുടെ ഹിതമായിരിക്കണം. പുഞ്ചിരിയോടുകൂടിയുള്ള മാംസളമായ ആ വട്ടമുഖം ലോകത്തെ അനുതാപത്തോടെ വിലോകനം ചെയ്യുന്നതായി തോന്നിച്ചിരുന്നു. ഇത് ക്ഷേത്രനാഥന്റെ ഭാൎയ്യയുടെ ചിത്രമായിരുന്നു. ഉമ്മിണി അവരെ ജീവനോടുകൂടി കണ്ടിട്ടില്ല; എങ്കിലും, അവരുടെ ഏകാന്തവാസത്തിങ്കൽ ഈ സ്മിതമുഖിയായ യുവതിയെ അവരുടെ ഒരു കൂട്ടുകാരിയായി കരുതിവന്നു. മുമ്പ് ഇതു പൂജ്യമെന്ന അപേക്ഷിച്ചിരുന്നു. എന്നാൽ ക്ഷേ

ത്രനാഥൻ തന്റെ കിടപ്പുമുറിയെ ശരണം പ്രാപിച്ചതു മുതല്ക്ക് ആ പൂമുഖം അടെച്ചിട്ടിരുന്നതിനാൽ, ഊൎമ്മിള ഒരു ചിത്രത്തെ അതിന്റെ ഇരുട്ടടഞ്ഞ തടവുമുറിയിൽ നിന്നു രക്ഷപ്പെടുത്തി തന്റെ മുറിയിൽ കൊണ്ടുവന്നു വെച്ചു. മറെറാരു മൂലയിൽ അവളുടെ അമ്മയുടെ ചിത്രവും ഉണ്ടായിരുന്നു. ഇതു് അത്ര വലുതായിരുന്നില്ലെങ്കിലും, വിലയേറിയ ഒരു ചട്ടത്താൽ അലങ്കരിക്കപ്പെട്ടിരുന്നു. ആ ചിത്രത്തിൽ പതിഞ്ഞിട്ടുള്ള സ്ത്രീയുടെ മുഖം അതിസുന്ദരവും അല്പം ഗൌരവത്തോടുകൂടിയതും ആയിരുന്നു. ക്ഷേത്രനാഥൻ ഈ ചിത്രത്തെ ഊൎമ്മിളയുടെ പതിനാറാമത്തെ പിറന്നാൾ ദിവസം അവൾക്കു സമ്മാനിച്ചതിന്നു മുമ്പായി, തനിക്കൊരു അമ്മയുണ്ടായിരുന്നു എന്നതിന്നു പ്രത്യക്ഷമായി യാതൊരു തെളിവും ഊൎമ്മിളയ്ക്കുണ്ടായിരുന്നില്ല. ക്ഷേത്രനാഥൻ അത്ര നിഷ്കൎഷയോടെ അവളെ വളൎത്തിയിരുന്നതുകൊണ്ടു്, ഈവിധം ആകസ്മികമായി അവളുടെ അമ്മയുടെ ചിത്രം കിട്ടിയപ്പോഴും, തന്റെ അമ്മയെപ്പററി അതിൽകൂടുതൽ വിവരം അറിയുന്നതിന്നിടവരികയോ, ചോദിക്കുവാൻ ധൈൎയ്യപ്പെടുകയോ, ക്ഷേത്രനാഥനുമായി തനിക്കുള്ള ബന്ധംതന്നെ മനസ്സിലാക്കുകയോ ചെയ്തില്ല. ആ ചിത്രത്തിന്റെ ചുവട്ടിലായി "സുമസുന്ദരി" എന്നെഴുതിയിട്ടുണ്ടായിരുന്നു. സകല സംഗതികളും തനിക്കുള്ളതു് തന്റെ മാതാപിതാക്കന്മാരെപ്പററിച്ചു ക്ഷേത്രനാഥനോടു ചോദിക്കുന്നതിന്നു ഊൎമ്മിള പലപ്പോഴും താൽപൎയ്യപ്പെട്ടു. എന്നാൽ ഈ വിചാരം അന്നോളം വെളിപ്പെടുത്തുവാൻ ധൈൎയ്യം അവളെ അനുവദിച്ചില്ല. ക്ഷേത്രനാഥന്റെ ഗംഭീരമായ മുഖദൎശനം, അവളുടെ ചോദ്യങ്ങളെല്ലാം ഗോപിക്കുന്നതിനു ഇട

ണ്ടായാലും അവിടെ നിലകൊള്ളിച്ചിട്ടുള്ളതുള്ളു. ക്ഷേത്ര
സാധകന്റെ ഏകാന്തവാസത്തിനാൽ അദ്ദേഹം ഒരു സ്വാമി
ജീവിതത്തെ സഹിക്കനില്ല എന്ന് അവർ വളരെ ബാല്യ
ത്തിലേതന്നെ മനസ്സിലാക്കിയിരുന്നു. എന്നാൽ അതി
നെപ്പറ്റി സന്താപിക്കുവാനല്ലാതെ മറ്റൊന്നും ചെയ്യുന്ന
തിന് അവർ ശേഷിയില്ലായിരുന്നു. ആവശ്യപ്പെടാതെ
അവളെ ഒന്നിരിക്കാൻകൂടി വിചാരിക്കുന്നതിനെപ്പോ
ലും ഉയർന്നിട്ടുള്ള ധൈര്യം വന്നില്ല. അവളോ, തന്റെ ദി
വസങ്ങളെ പുസ്തകങ്ങളുടെ സഹവാസത്തിൽ കഴിച്ചുകൂട്ടി
പോന്നു. മധ്യവയസ്കയായ മിസ്സ് പാക്കർ എന്ന സ്ത്രീ
തന്റെ കൂടെ മണിക്കൂറുകളോളം വിവിധവിഷയങ്ങളെ
പ്പറ്റി ദിവസേന അവളെ പഠിപ്പിക്കുക പതിവായിരുന്നു.
അവർ പോയാൽ ഉടനെ പുസ്തകങ്ങൾ വായനയോ
സ്സും പിയാനോ വായിച്ചും ചിത്രങ്ങൾ വരച്ചും സ
മയം കഴിക്കുകയാണ് ചെയ്തിരുന്നത്. വല്ലപ്പോഴും ഒരു
ദിവസം അടുത്തുള്ള പരിശോധനയ്ക്ക് വരുന്ന [illegible] അ
വിടെ സന്നിധാനം ചെയ്യുന്ന ഭക്തികൾക്ക് അത്ഭുതവും
കോപവും ഉണ്ടാക്കുകയും ചെയ്യാറില്ലെന്നില്ല. വൃദ്ധ
നായ [illegible] ഒരു [illegible] എല്ലായ്പ്പോഴും 'പിയാനോ'കൊണ്ട്
അവളുടെ പിന്നാലെ ഉണ്ടായിരിക്കും. അതിനാൽ തന്റെ
വിശ്വാസപാത്രമായ എന്തൊരോ നിത്യപരിചയ
ത്താൽ ഉയർന്ന ഭക്തിയുടെ സാന്നിദ്ധ്യത്തെപ്പോലും പ
ലപ്പോഴും വിസ്മരിച്ചിരുന്നു. [illegible] അധികമായി ശകാരി
ക്കാൻ തുടങ്ങുമ്പോൾ അവളെ തന്റെ മുറിയിൽനിന്ന്
വല്ല വിധേനയും പുറത്താക്കി വാതിൽ അടയ്ക്കുകയും ചെ
യ്യുന്നു.

അന്നാകട്ടെ ഊർമ്മിള മുടി പിന്നിയിട്ടശേഷം ഒരു പുസ്തകമെടുത്ത് ജനാലയ്ക്കു സമീപം വന്നിരുന്നു. എന്നാൽ അവളുടെ വായന വളരെദ്ദൂരെ നീങ്ങിയിരുന്നില്ല. പുസ്തകം മടിയിൽവെച്ചിട്ട് അകലെയുള്ള വയലുകളിൽക്കൂടെ വരുന്ന അസ്തമനസൂര്യന്റെ അവസാനരശ്മികളുടെ പ്രഭാവത്തെ നോക്കിക്കൊണ്ടിരിക്കുകയായിരുന്നു. ആരാണ് ഈ യുവാവായ ലളിതൻ? ഇപ്രകാരമുള്ള രണ്ടു മൂന്നു യുവാക്കന്മാർ ഇതിന്നുമുമ്പും ഈ ഗൃഹത്തിൽ വന്നിട്ടുണ്ട്. ഒരാൾ ഒരു ദിവസവും മറ്റൊരാൾ രണ്ടു ദിവസവും ഇവിടെ താമസിക്കുകയും ചെയ്തു. എന്നാൽ ആരുംതന്നെ ഒരാഴ്ചയിലധികം താമസിച്ചിട്ടില്ല. അവർ വന്നതെന്തിനായിരുന്നു എന്ന് ഒരാളും ഊർമ്മിളയെ അറിയിച്ചിട്ടില്ല, എങ്കിലും ഉദ്ദേശം ഊഹിപ്പാൻ വിഷമമുണ്ടായിരുന്നില്ല. അവരെ ഓരോരുത്തരേയും അവൾ കാണുകയും ക്ഷേത്രനാഥൻ അവരെക്കുറിച്ച് ഊർമ്മിളയോടു ചില ചോദ്യങ്ങൾ ചെയ്യുകയും പതിവായിരുന്നു. ആ യുവാക്കന്മാരുടെ ആഗമനത്തെപ്പറ്റി തന്നോടു പ്രത്യേകസംബന്ധമുണ്ടായിരുന്നു എന്നറിയുന്നതിന്ന് അവൾക്ക് അധികകാലം വേണ്ടിവന്നില്ല. അതെങ്ങനെയായാലും, ഈ യുവാവ് സുന്ദരനായിരുന്നു; ആയാളുടെ സമ്പ്രദായങ്ങളും പരിഷ്കൃതങ്ങളായിരുന്നു. ആയാൾ ആറുമാസം മുമ്പെ വന്ന യോഗേശനെപ്പോലെ ആയിരുന്നില്ല. യോഗേശനാവട്ടെ രണ്ടുദിവസത്തെ താമസത്തിന്നിടയിൽ ചായക്കോപ്പ ഉടയ്ക്കുകയും വിരുന്നുകാരെ സൽക്കരിക്കുവാനുള്ള മുറിയിൽ വിരിച്ചിരുന്ന പരമധാനിയിന്മേൽ ഒരു കസാലയിന്മേലിരിക്കുവാനുള്ള ശ്രമത്തിൽ 'തെരുപ്പറക്ക'യും തന്റെ കത്തികൊണ്ട് ആയാളുടെ

ച്ചുണ്ടിനെതന്നെ മുറിപ്പെടുത്തുകയും മററും ചെയ്തു് വീട്ടിൽ ബഹളമുണ്ടാക്കിയ ഒരു പെരുപ്പുകാരനായിരുന്നു. അതിനെ മുമ്പേ വന്ന പ്രമോദൻെറ ആകൃതിതന്നെ അവരെ ചിരിപ്പിക്കുന്നതിന്നു് ധാരാളം മതിയായിരുന്നു. ബയസ്കോപ്പിലെ ചിത്രങ്ങൾപോലെ ഇങ്ങനെ ഓരോരുത്തരുടേയും രൂപങ്ങൾ അവളുടെ മനസ്സിൽകിടന്നു കളിക്കുവാൻ തുടങ്ങി. എന്നാൽ ഈ അവസാനചിത്രം ഒന്നാന്തരമായിരുന്നു. അതിനെ ഒരു തിരശ്ശീലമേലാക്കി കുറെനേരം നോക്കിക്കൊണ്ടിരിക്കുവാൻ അവൾ ആഗ്രഹിക്കുമായിരുന്നു. എന്നാലും അതൊരു ചിത്രം മാത്രമായിരുന്നു! അതിൽ കൂടുതലായി യാതൊരു പരിചയവും ഉൎമ്മിളയോടു് അയാൾക്കു് ഇല്ലായിരുന്നു.

സന്ധ്യാസമയത്തെ അല്പമായ വെളിച്ചവും അപ്രത്യക്ഷമായപ്പോൾ ഉൎമ്മിള എഴുനേററു് ജനാലയെ വിട്ടു. എട്ടു മണിക്കുശേഷം ആ ഗൃഹത്തിൽ യാതൊരു വെളിച്ചവും കത്തിച്ചുപോകരുതെന്നു് ക്ഷേത്രനാഥൻെറ നിയമമുണ്ടായിരുന്നതിനാൽ ഉൎമ്മിളയ്ക്കു വല്ലതും വായിക്കണമെന്നുണ്ടെങ്കിൽ ആ സമയത്തിന്നു മുമ്പായിട്ടു തീൎക്കേണ്ടതായിവന്നു. അതിന്നുശേഷം അത്താഴവും ഉറക്കവും മാത്രമേ പ്രവൃത്തികളിൽ (കൎമ്മരംഗത്തിൽ) ഉൎമ്മിളയ്ക്കു ബാക്കിയുണ്ടായിരുന്നുള്ളു. യാതൊരു വ്യത്യാസവും കൂടാതെ ഒന്നുപോലെ മറെറാന്നു് എന്ന വിധത്തിൽ അവളുടെ യുവജീവിതത്തിലെ ദിവസങ്ങൾ ഒന്നൊന്നായി പൊയ്ക്കൊണ്ടിരുന്നു. അന്യമായ ജീവിതം അവൾക്കു പരിചയമുണ്ടായിരുന്നില്ല; എങ്കിലും ഈ രാജകീയമായ തടവിന്നു് ഒരുപ്പാപി

ഷ്ട് വിസ്തൃതമായ ലോകത്തിലെ സാധാരണ പന്ഥാവിൽ കൂടെ ഒരിക്കൽ പ്രയാണം ചെയ്യുന്നതിന് അവൾ പലപ്പോഴും ആഗ്രഹിച്ചു. ആ മനുഷ്യർ ഭാഗ്യോന്നതരായി എവിടെ നിന്നോ തന്റെ പൂന്തോട്ടത്തിന്റെ മുമ്പിൽ വന്നതിന് അവളുടെ ദൃഷ്ടിയെ മറയ്ക്കുന്ന ആ അജ്ഞാതപ്രദേശത്തെ ഒന്നു കണ്ടിരുന്നെങ്കിൽ. അവരുടെ ലോകം ഏതു തരത്തിലുള്ളതായിരിക്കാം? കൊട്ടാരത്തോട് കൂടിയതെങ്കിലും ചന്ദ്രരശ്മി പ്രകാശിക്കുന്നതായും പൂക്കൾ വിരിച്ചിട്ടുള്ളതായുമുള്ള ഈ ലോകത്തിന്റെ ചിത്രത്തെ അവൾ വായിക്കാറുള്ള വിനോദകഥകളിലെ മിക്ക ഭാഗങ്ങളിലും കണ്ടിരുന്നത് വാസ്തവത്തിൽ ഉള്ളതാണോ? അതോ, എല്ലാരിലും ഇതുപോലെ ഉത്സാഹവിഹീനമായി, നിഷ്ഫലമായി, ഏകാന്തമായി, നിർജീവമായിട്ടുള്ള ലോകം മാത്രമാണോ ഉള്ളത്?

ഒരു ദിവസത്തെ താമസത്തിനു മാത്രം വന്നാലും തന്റെ ശാന്തമായ മാനസസരസ്സിനെ മനോതലത്തിൽ തിരളിച്ചു കല്ലോലിതമാക്കിയവനായ ആ യുവാവായ പള്ളിയൻ മറ്റൊരു ലോകത്തിന്റെ—അതായത്, മനുഷ്യർ തമ്മിൽ ചിരിക്കുകയും, കരയുകയും, സ്നേഹിക്കുകയും, ചെറുപ്പം നിമിത്തവും മൂലം വേർപെടുകയും ചെയ്യുന്നതായ ഒരു ലോകത്തിന്റെ—വാസനയെക്കൂടി കൂട്ടിക്കൊണ്ടു വന്നതുപോലെ കാണപ്പെട്ടു എന്നാകട്ടെ. ഉർമ്മിളയുടെ വിചാരങ്ങൾ ആ അജ്ഞാതലോകത്തിൽ മാത്രം കിടന്നു നീന്തുവാൻ തുടങ്ങി. എന്നാൽ അവിടെ ആരെയും അവൾക്കറിവില്ലായിരുന്നു. ഏറിയാൽ രണ്ടോ മൂന്നോ യുവാക്കന്മാരുടെ രൂപം, അവ്യക്തമായിട്ടെങ്കിലും അവൾക്കു തി

രിച്ചറിയുവാൻ സാധിച്ചതായി തോന്നി. സുരസുന്ദരികളും ക്ഷേത്രനാഥനും അദ്ദേഹത്തിന്റെ മാത്രം. ഊൎമ്മിളയ്ക്കു തന്നെയും അതിനോടു യാതൊരു ബന്ധവുമില്ലായിരുന്നു. അവർ മറെറാരു ലോകത്തിൽ ചെന്നവരായിരുന്നു.

അദ്ധ്യായം ൨

ക്ഷേത്രനാഥന്റെ ഗൃഹത്തിൽ അവിച്ഛിന്നമായുണ്ടായിരുന്ന നിശ്ശബ്ദത പെട്ടെന്നു പുറപ്പെട്ടുപോയതായി തോന്നി. ചുവട്ടിലെ നിലയിൽ മുഴുവനും അനേകം വൈദ്യന്മാരുടേയും വക്കീലന്മാരുടേയും സ്നേഹിതന്മാരുടേയും സമൂഹത്താൽ ഇപ്രകാരം തിരക്കായി തീൎന്നു. അദ്ദേഹത്തിന്നു അസ്വാസ്ഥ്യം വൎദ്ധിച്ചതിനാൽ കിടപ്പുമുറി ഒരിക്കലും ബാധ്യ വിടാത്ത മട്ടിലായി.

ഊൎമ്മിളയ്ക്കു ഇപ്രകാരം ധാരാളം ജോലിയുണ്ടായിരുന്നു. ദീനക്കാരന്റെ ആവശ്യങ്ങളെ നിവൎത്തിക്കുന്നതിൽ പകൽ മുക്കാലും കഴിക്കേണ്ടതായി വന്നു. അവളുടെ ജോലിത്തിരക്കിനിടയിൽ ഇടയ്ക്കിടയ്ക്കു ക്ഷേത്രനാഥന്റെ മുറിയിലേക്കു അവൾ പോയിക്കൊണ്ടിരുന്നു. അദ്ദേഹത്തിനു കിടയ്ക്കവിട്ടു എഴുനേല്പ്പാൻകൂടി ശക്തിയില്ലാതായതിനാൽ, അദ്ദേഹം കിടക്കുന്ന കട്ടിലിന്നരികെ ചെന്നു കുറെനേരം ഒന്നും മിണ്ടാതെ നിന്നശേഷം, അവൾ മടങ്ങിപ്പോരും. അവൾക്കുതന്നെ അദ്ദേഹത്തെ ശുശ്രൂഷിക്കുന്നതിനുള്ള അവസരം കിട്ടിയിരുന്നില്ല; എന്നു മാത്രമല്ല, ക്ഷേത്രനാഥന്റെ ക്ലേശം അനുഭവിക്കുന്ന മുഖ

ൾനാംതന്നെ അവളുടെ കണ്ണിന്നു പുണ്ണായിതീൎന്നു; എന്നാ
ലും ദീനക്കാരന്റെ മുറിയിൽ കൂടക്കൂടെ പോയില്ലെങ്കിൽ
അവൾക്കു സമാധാനമുണ്ടായിരുന്നില്ല.

ഒരു ദിവസം രാവിലെ ഊൎമ്മിള ആ മുറിയിൽ പ്രവേ
ശിച്ചപ്പോൾ, ക്ഷേത്രനാഥൻ തലേണയിന്മേൽ വളരെ
ബുദ്ധിമുട്ടി അല്പനേരം ചാരിയിരുന്നശേഷം ഇപ്രകാരം പ
റഞ്ഞു. "ഊൎമ്മിളെ ഇവിടെ വരു". ഊൎമ്മിള അടുത്തു
ചെന്നു നിന്നപ്പോൾ "ഇരിക്കു" എന്നു ക്ഷേത്രനാഥൻ വീ
ണ്ടും പറഞ്ഞു. "ഇന്നെനിക്കു നിന്നോടു വളരെ എല്ലാം
പറവാനുണ്ട്. വളരെ ചെറുപ്പത്തിൽ ഞാൻ നിന്നെ
ഇവിടേക്കു കൊണ്ടുപോന്നു; അതു് എവിടെനിന്നാണെന്ന
റിയുന്നതുകൊണ്ടു് നിനക്കു വലിയ പ്രയോജനമൊന്നും ഉ
ണ്ടാവാനില്ല. പക്ഷെ, നീ പിന്നീടറിഞ്ഞേക്കാം. എന്റെ
മാതൃകയ്ക്കടിസ്ഥാനപ്പെട്ടതി എന്നാലാവുംവണ്ണം ഇതുവ
രെയ്ക്കു ഞാൻ നിന്നെ വളൎത്തിക്കൊണ്ടുവരികയും ചെയ്തു.
പ്രയത്നങ്ങൾ ഫലപ്രദങ്ങളായിത്തീൎന്നിട്ടുണ്ടോ ഇല്ലയോ
എന്നു കാണുന്നതിന്നു ഞാൻ പോകുന്നതിനു മുമ്പായി
എനിക്കു സമയം പോരാ; ഇനി എന്റെ ജീവിതകാലത്തി
ൽ അധികദിവസങ്ങളില്ല. എന്നാൽ കഴിയുന്ന വിധത്തിൽ
ഞാൻ നിനക്കു വേണ്ടുന്ന സൗകൎയ്യങ്ങളെല്ലാം ചെയ്തു വെ
ക്കുന്നുണ്ട്. ഇതിന്റെ എല്ലാം അൎത്ഥം ഇപ്പോൾ നിന
ക്കു മനസ്സിലാക്കുവാൻ കഴിയുകയില്ലായിരിക്കാം. എന്നാൽ
നിന്റെ നന്മയ്ക്കായി വേണ്ടതെല്ലാം ഞാൻ ചെയ്യുമെന്നു്
നീ വിശ്വസിക്കുന്നുണ്ടോ?"

ഊൎമ്മിള സമ്മതിച്ച നിലയിൽ തലയാട്ടി. അവളു
ടെ കണ്ണുകളിൽ ജലം പൊടിക്കുകയും ഒരു വാക്കുപോലും പു

റപ്പെടുവിക്കുന്നതിന് അവൾ അശക്തയായി തീരുകയും ചെയ്തു. അവളൊരു ലോകത്തിൽനിന്നു തീരെ മറഞ്ഞുകഴിഞ്ഞുപോന്നതുകൊണ്ട് അവളുടെ ജീവിതത്തിൽ ഇതുവരെ ക്ഷേത്രനാഥനെയൊഴിച്ച് അന്യനെ ആശ്രയിച്ചിട്ടില്ലായിരുന്നു. ഈ മരണം ഭേദിക്കാനാവാത്ത വഴിയുണ്ടാക്കി കണ്ടുപ്രാപിക്കുന്നതിന് ഊർമ്മിള മുമ്പ് പലപ്പോഴും ഉത്കണ്ഠിതയായിരുന്നു. എന്നാൽ ആ തിരക്കില്ലാ കൊട്ടാരത്തിലെ ക്ഷേത്രമായി അവൾ കണ്ട ഈ അവസരത്തിലാകട്ടെ അവളുടെ ഹൃദയം തുടിക്കുവാൻ തുടങ്ങി. അതിന്റെ പിന്നിലായി എന്തെല്ലാം ദുരന്തങ്ങൾ ഒളിഞ്ഞു കിടക്കുന്നുണ്ടാവുമെന്ന് അവളറിഞ്ഞിട്ടില്ല. കുറെ വിഷാദമായ സമയം എത്തിച്ചേർന്നു; എന്നാൽ പറയുന്നതിലുള്ള വിഷാദം കലർപ്പില്ലാത്ത സന്തോഷമൊന്നും ഉണ്ടായിരുന്നില്ല.

ക്ഷേത്രനാഥൻ ഊർമ്മിളയുടെ മുഖത്തുനോക്കി, അവളുടെ ജീവകാലത്തിനിടയ്ക്ക് ആദ്യമായി തന്റെ അടുക്കലേക്ക് അവളെ അടുപ്പിച്ച്, ശിരസ്സ് തലോടിക്കൊണ്ട് ഇപ്രകാരം പറഞ്ഞു — "കുട്ടീ ഭയപ്പെടേണ്ട; എന്റെ ജീവകാലത്തിൽ യാതൊരു ഉപദ്രവവും തീണ്ടാതെ നിന്നെ രക്ഷിച്ചുപോന്നതുപോലെ തന്നെ, എന്റെ മരണശേഷവും ഞാൻ നിന്റെ സുഖജീവിതത്തിനു വേണ്ട ഏർപ്പാടുകൾ ചെയ്തുവച്ചിട്ടുണ്ട്. ഇപ്പോൾ പോകാം, ഇനിയും, ഈ മുറിയിൽതന്നെയിരുന്നു നീ ക്ലേശിക്കരുത്."

ഊർമ്മിളയുടെ കണ്ണുകളിൽനിന്നു കണ്ണുനീർ ഒഴുകിത്തുടങ്ങി. അവൾ പണിപ്പെട്ടെഴുന്നേറ്റ് കാലിടറിക്കൊണ്ടു ആ മുറിവിട്ടു. രാവിലത്തെ വെളിച്ചം അവളുടെ കണ്ണുകൾ

ക്ക് അന്ധകാരമായും ലോകം മുഴുവനും പൊങ്ങി വരുന്ന ഒരു
ക്രൂരിമട്ട് അവളെ വിഴുങ്ങുവാൻ എത്തുന്നതായും അവൾക്കു
തോന്നി. അവളുടെ മുറിയുടെ ഒരു കോണിൽ ഒരു പ്രതിമ
യെന്നപോലെ അവൾ നിശ്ചലയായിരുന്നു. അങ്ങിനെ അ
ല്പസമയം കഴിഞ്ഞപ്പോൾ, താഴെ അനേകം ആളുകൾ ത
മ്മിൽസംസാരിക്കുന്ന ശബ്ദം കേൾക്കയാൽ, അവൾ പോ
യി ജനാലയുടെ അടുക്കൽ ചെന്നു നിന്നു. 'ഒപ്പ്രാൻ' (കാവല്ക്കാ
രൻ) അഞ്ചാറു മാന്യരേയും കൂട്ടിക്കൊണ്ട് പൂമുഖത്തേക്കു ക
ടന്നു. അവരിൽ ഒരാൾ ക്ഷേത്രനാഥന്റെ കുടുംബവൈദ്യ
നായിരുന്നു. രണ്ടു പേർ ഉത്തമ്മിളയ്ക്കു തിരിച്ചറിയുവാൻ ക
ഴിയുന്നവരായ നല്ല പരിചയമുള്ള സ്നേഹിതന്മാരും മറ്റു
മൂന്നുപേർ അപരിചിതരുമായിരുന്നു. ഇതു വളരെ ആളുകളു
ടെ ഒരുമിച്ചുള്ള ആഗമനത്തിന്റെ കാരണം അറിയുവാൻ
അശക്തയായ ഉത്തമിള ആശ്ചര്യപരവശയായി കുറെ
നേരത്തേക്ക് നിന്നേടത്തുതന്നെ നിന്നുപോയി; പിന്നെ
സാവധാനത്തിൽ അവളുടെ മുറിയിലേക്കു തിരിച്ചു വന്ന് ഒ
രിക്കൽകൂടി അവിടെയിരുന്നു.

ക്ഷേത്രനാഥൻ ഒരു 'കന്ന്' തലയണകൾകൊണ്ടു താ
ങ്ങപ്പെട്ട് എഴുന്നേറ്റിരുന്ന് വന്നവരെ സല്ക്കരിച്ചു. അവ
രെല്ലാവരും അദ്ദേഹത്തെ അഭിവാദനം ചെയ്തിരുന്നു ഉട
നെ അദ്ദേഹം ഇപ്രകാരം പറഞ്ഞു—"നിങ്ങൾക്ക് ഈ
വിധം ബുദ്ധിമുട്ടിനിടയാക്കി ഇവിടെ വരുത്തിയതിന്റെ ഉ
ദ്ദേശം എന്താണെന്നറിയാമല്ലോ. അതുകൊണ്ട് ഇനി
യും താമസംകൂടാതെ കാര്യത്തിൽ പ്രവേശിക്കുന്നതാണ് ന
ല്ലത്. എനിക്കു പറവാനുള്ള സംഗതികൾ എല്ലാം വ്യ

ങ്ങളായറിയിക്കുന്നതിന്നുള്ള ശക്തി എന്നെ വിട്ടുപോകുന്നത് എപ്പോളാണെന്നു നിശ്ചയിക്കുവാൻ തരമില്ല.”

മരണപത്രം എഴുതുവാനുള്ള സകല ഏർപ്പാടുകളും ചെയ്തു, ക്ഷേത്രനാഥൻ വീണ്ടും പറയുവാൻ തുടങ്ങി “എന്റെ നാട്ടിലുള്ള വീടും വസ്തുക്കളും എന്റെ മരുമകനായ ശിശിരന്നായിക്കൊണ്ട് ഞാൻ വിടുന്നു. അവയുടെ ആദായത്തിൽനിന്ന് മാസംതോറും മുന്നൂറുറുപ്പികവീതം ഊൎമ്മിളയ്ക്ക് അവൾ വിവാഹം ചെയ്യാതിരിക്കുന്നേടത്തോളം കാലത്തേക്ക് കൊടുക്കുവാൻ അവന്ന ബാധ്യതയുള്ളതാകുന്നു.”

അവിടത്തെ ഒരു വക്കീൽ ‘കരകര’ ശബ്ദത്തോടെ കുറച്ചുനേരം എഴുതിയശേഷം, ഔപചാരണനാട്യത്തിൽ ക്ഷേത്രനാഥനെ ഒന്നു നോക്കി. പിന്നീട് തന്റെ അനേകം ശിഷ്യന്മാൎക്കും സ്നേഹിതന്മാൎക്കും ഓരോന്നാക്കെ കൊടുക്കുന്നതിന്നുള്ള വിവരം, പേരുകൾ പറഞ്ഞുംകൊണ്ട് അറിയിച്ചശേഷം, ക്ഷേത്രനാഥൻ ഇപ്രകാരം അവസാനിപ്പിച്ചു; “ഇനി വാസ്തവത്തിൽ പ്രധാനമായ കാൎയ്യത്തിൽ പ്രവേശിക്കട്ടെ. ഏകദേശം അമ്പതിനായിരം ഉറുപ്പികയോളം എന്റെ വകയായി ബാങ്കിൽ കിടപ്പുണ്ട്. അതിന്നുപുറമെ ഈ സ്ഥലം വിററാൽ ഇരുപത്തയ്യായിരം ഉറുപ്പികയോളം കിട്ടും. ഈ സംഖ്യ മുഴുവനും ഊൎമ്മിള എന്റെ മരിച്ചുപോയ ഭാൎയ്യയുടെ മരുമകനായ സുബോധചന്ദ്രനെയോ അനുജനായ ലളിതകുമാരമിത്രനെയോ വിവാഹം ചെയ്യുന്നപക്ഷം അവൾക്കായി വെക്കുന്നു. ഇതിലും വിശേഷവിധിയായി എനിക്കൊന്നും ഇനി പറവാനില്ല. ഈ വീട്ടിലെ സാമാനങ്ങളും ഊൎമ്മിളയ്ക്കുള്ളവയാണ്. അവൾ

ക്ക് അവരെ സ്വീകരിക്കുകയോ വില്ക്കുകയോ ഇഷ്ടംപോ
ലെ ചെയ്യാം. എന്റെ പുസ്തകശേഖരം മാത്രം ഇവിടെ
പൊതുവെയുള്ള വായനശാലയിലേയ്ക്കു കൊടുത്തിരി
ക്കുന്നു."

"ക്ഷത്രനാഥ്!" എന്ന് അവിടെ കൂടിയിരുന്നവരിൽ
ഒരാൾ വിളിച്ചു. "നിങ്ങൾ ഈ ചെയ്യുന്നതു ശരിയോ? അ
വളുടെ വിവാഹത്തിനെ സംബന്ധിച്ച് ഇത്ര നിൎബ്ബന്ധമാ
യ നിബന്ധനകൾ ഇല്ലെങ്കിൽ നന്നായിരുന്നേനെ. നി
ങ്ങൾ ഉൎമ്മിളയെ ഈ കാലംവരെയ്ക്കും വിവാഹം ചെയ്യി
ക്കാതെ വച്ചുകൊണ്ടിരുന്നു; വിദ്യാഭ്യാസം ചെയ്യിക്കയും ചെ
യ്തു; തീൎച്ചയായും അവൾക്ക് സ്വതന്ത്രമായ അഭിപ്രായ
ങ്ങൾ ഉണ്ടായേക്കാം. ഒന്നാമതായി വിചാരിച്ചുനോക്കൂ, എന്തെങ്കി
ലും കാരണവശാൽ അവൾ മററുവല്ലവരെയും വിവാഹം
ചെയ്യുന്നപക്ഷം, അവളിൽനിന്നു സകലവും നിങ്ങൾ എടു
ത്തുകളയുന്നു. അതിനുപുറമെ, സൎവ്വാനന്ദനോ ലളിത
നോ അവളെ വിവാഹം ചെയ്യുന്നതിന്നു മനസ്സുണ്ടായി
ല്ലെന്നു വരാം. എന്നാലും ഉൎമ്മിള നിൎദ്ധനയായി. ഉൎ
മ്മിളയ്ക്കു ഈ ലോകത്തിൽ മററാരുമില്ല. ആലോചിക്കുക.

"അവൾക്ക് ഈ ലോകത്തിൽ മററാരുമില്ലാത്തത്
എന്തുകൊണ്ടാണെന്നു നിങ്ങൾക്കറിയാമോ?" എന്നു ക്ഷ
ത്രനാഥൻ ഉച്ചസ്വരത്തിൽ ചോദിച്ചപ്പോൾ കോപംകൊ
ണ്ട് അദ്ദേഹത്തിന്റെ കണ്ണുകളിൽനിന്നു തീപ്പൊരി പറ
ക്കുന്നതുപോലെ തോന്നി. "അവളുടെ ബന്ധത്തിൽ പെ
ട്ടവനായ ഒരാളുടെ അത്യാഗ്രഹത്തിന്മേൽ വളരേണ്ടതായി
വന്നത് എന്തുകൊണ്ടാണെന്നറിയാമോ? അവളുടെ അമ്മ

ല്ലു് അവരുടെ സ്വാതന്ത്ര്യത്തെപ്പറ്റിയുള്ള മാത്സര്യത്തെ അവലം
ബിക്കുവാന്‍ അതിന്നുവേണ്ടുന്ന അവസരം അനുവദിച്ചുപോ
യി. അതാണു്."

ആ മുറിയിലുണ്ടായിരുന്ന എല്ലാവരും തീരെ നിശ്ശ
ബ്ദരായി തീര്‍ന്നു. വൈദ്യന്‍ ക്ഷേത്രനാഥന്റെ മുഖത്തു നോ
ക്കിക്കൊണ്ടു് അദ്ദേഹത്തിന്റെ അടുക്കലേക്കു ചാഞ്ഞുകൊ
ണ്ടു് ഇപ്രകാരം പറഞ്ഞു പിടിച്ചു കിടത്തി. "നിങ്ങളും ഇ
ങ്ങിനെ ക്ഷോഭത്തിനു കാരണമുണ്ടാക്കരുതു്. ഇതുകൊ
ണ്ടു നിങ്ങള്‍ക്കു വലിയ ഉപദ്രവം തട്ടിയേക്കാം."

"ഞാന്‍ എനിക്കുതന്നെ ഉപദ്രവം ചെയ്യുന്നതായാ
ലും ഇല്ലെങ്കിലും അതുകൊണ്ടു വലിയ വ്യത്യാസമൊന്നുമുണ്ടാ
വാനില്ല." എന്നു ക്ഷേത്രനാഥന്‍ പൂര്‍വ്വപക്ഷത്തിനോടു് താന
ല്ലാതെയുള്ളതോടും അല്പം ശാന്തമായ വിധത്തില്‍ പറ
ഞ്ഞു വീണ്ടും എഴുന്നേറ്റിരുന്നു. "അതു് അങ്ങിനെതന്നെ
യിരിക്കട്ടെ. ഇതിനിടയ്ക്കു വിവാഹം ചെയ്യുവാന്‍ സ്വന്തമാ
യ യോഗ്യതയുണ്ടോ എന്നതു് ഒന്നാമതായി മനസ്സി
ലാക്കിയ ശേഷമാണു് ഞാന്‍ അതെഴുതിച്ചിട്ടുള്ളതു്. അ
വര്‍ ഇതിനെ തള്ളിക്കളയുന്ന പക്ഷം അവരുടെ ഇഷ്ടം
പോലെ ആരെയെങ്കിലും അവര്‍ക്കു വിവാഹം ചെയ്യാം.
ആ പണം അവര്‍ക്കുതന്നെ കിട്ടുകയും ചെയ്യും. അവര്‍
വിവാഹം ചെയ്യാതിരിക്കുന്നപക്ഷം, ജീവാവസാനംവരെ
തൊണ്ണൂറുറുപ്പികവീതം അവര്‍ക്കു കിട്ടും. ആ വിധമെങ്കില്‍,
ആ അമ്പതിനായിരം ഉറുപ്പികകൊണ്ടു് എന്റെ നാട്ടില്‍
ഒരു ധര്‍മ്മാസ്പത്രി സ്ഥാപിക്കുകയും വേണം.

"നിങ്ങളുടെ ഭ്രാതൃപുത്രിക്കു് ഒരു സമയം പ്രായപൂ
ര്‍ത്തി വന്നിട്ടുണ്ടായിരിക്കില്ല, ഉണ്ടോ? അവളുടെ വയസ്സു എത്ര

മുട്ടിക്കുവാനാണ് വിചാരിക്കുന്നത്?" എന്ന് എല്ലാത്തെ ല്ലാം അവസാനിച്ചപ്പോൾ വക്കീൽ ചോദിച്ചു.

"എന്റെ മരണപത്രത്തിന്റെ നിർവ്വാഹകനായ ഈ ചന്ദ്രമോഹനനെയാണു അവൾക്ക് പ്രായപൂർത്തി വരുന്നതുവരെ, അവളുടെ രക്ഷിതാവായിരിക്കേണം. അവൾ വിവാഹം ചെയ്യാതിരിക്കുന്നോടത്തോളംകാലം അദ്ദേഹത്തിന്റെ ഗൃഹത്തിൽ താമസിക്കുകയും ചെയ്യാം. ചന്ദ്രമോഹനൻ എന്താണ് പറയുന്നത്? ഒരു സ്നേഹിതനുവേണ്ടി ഈ സഹായം ചെയ്യുവാൻ ഒരുക്കമല്ലേ?"

ചന്ദ്രമോഹനൻ വലിയ കുടുക്കിലകപ്പെട്ടു. ക്ഷേത്രനാഥൻ അദ്ദേഹത്തെ തന്നെ 'കണ്ണുചിമ്മാതെ' നോക്കിക്കൊണ്ടിരിക്കുന്നതായി കാണുകയാൽ ഒടുവിൽ അല്പം സംശയത്തോടുകൂടി ഇങ്ങനെ പറഞ്ഞു "എന്റെ പ്രിയ സ്നേഹിത! അങ്ങയുടെ അനുഗ്രഹത്തെ നിറവേറ്റുന്നതിൽ എനിക്ക് എത്രത്തോളം സന്തോഷമുണ്ടെന്നു പറയുവാൻ കഴിയുന്നതല്ല. ഞാൻ തീർച്ചയായും അങ്ങയുടെ മരണപത്രത്തിന്റെ നിർവ്വാഹകനായിരിക്കുകയും ഊർമ്മിളയ്ക്കും എന്നാൽ കഴിയുന്ന സഹായമെല്ലാം ചെയ്തുകൊടുക്കുകയും ചെയ്യാം. എന്നാൽ അവളെ എന്റെ വീട്ടിൽതന്നെ താമസിപ്പിച്ചുകൊള്ളാമെന്ന വാക്കേല്ക്കുവാൻ തരമില്ല. എന്റെ കുടുംബത്തിൽ വളരെ ആളുകൾ ഉണ്ടെന്നും ആ കുടുംബത്തിലെ സ്ത്രീകൾ അത്യന്തം പഴയ സമ്പ്രദായക്കാരായ ഹിന്ദുക്കളാണെന്നും അങ്ങേയ്ക്കുതന്നെ അറിയാമല്ലോ. അവരോടുകൂടി സുഖമായി താമസിക്കുന്നതിന് ഊർമ്മിളയ്ക്കു സാധിക്കുമോ?

ഒരു നിമിഷനേരം ആലോചനയോടുകൂടി മിണ്ടാതെയിരുന്നശേഷം, "അതു ശരിയാണ്" എന്നു ക്ഷേത്രനാഥൻ പറഞ്ഞു. "ഞാനവളെ മറ്റൊരു രീതിയിലാണ് വളർത്തിക്കൊണ്ടുവന്നിട്ടുള്ളത്. അവളുടെ താമസത്തിന് ഞാൻ വേറെ വല്ല ഏർപ്പാടും ചെയ്യാം. നിങ്ങളും ഇവിടെ താമസിക്കുന്നതായാൽ, നിങ്ങളോടൊരുമിച്ച് അവളിവിടെ ഇരിക്കുന്നതു വളരെ അസൗകര്യമായിരുന്നു. വേണ്ടില്ല, അതസാദ്ധ്യമായതുകൊണ്ട് അവളെ എനിക്കു കല്പിച്ചുതരണം. ഞാൻ അവളെ എന്റെ പഴയ സഹപാഠിയായ ഉമേശന്റെ വീട്ടിലാക്കാം; അയാളൊരു ബ്രാഹ്മസമാജക്കാരനാണ്; അവിടെ ഉർമ്മിളയ്ക്ക് ഒരു ബുദ്ധിമുട്ടും ഉണ്ടാവാനില്ല. ഞാൻ ഈ സംഗതിയെക്കുറിച്ച് പലകുറിയും അയാളോടു പറഞ്ഞിട്ടുണ്ട്, ഇപ്പോഴും അതിനെപ്പറ്റി തീർച്ചയായ ഒരു ഏർപ്പാടു ചെയ്യുവാനുമുണ്ട്".

ചന്ദ്രമോഹനൻ ആശ്വാസസൂചകമായി ദീർഘമായൊന്നു നിശ്വസിച്ചു. വർണ്ണാശ്രമധർമ്മത്തെ പരംപ്രതി പുലർത്തിപ്പോരുന്ന തന്റെ കുടുംബത്തിലെ പഴയ രീതിയിലുള്ള സ്ത്രീജനങ്ങളുടെ മദ്ധ്യത്തിൽ ഈ പുതിയ പരിഷ്കാരപ്രിയയായ ഉർമ്മിളയുടെ പെട്ടെന്നുള്ള പ്രവേശത്തെക്കുറിച്ചുള്ള വിചാരംകൊണ്ടുണ്ടായ പരിഭ്രമം അദ്ദേഹത്തെ വിട്ടുപിരിഞ്ഞു.

മരണപത്രം സംബന്ധിച്ചുള്ള മറ്റുകാര്യങ്ങളും വേഗം കലാശിപ്പിച്ചു. ക്ഷേത്രനാഥൻ എല്ലാവരോടും വന്ദനം പറഞ്ഞശേഷം അവരെയെല്ലാം പിരിച്ചയച്ചു.



അദ്ധ്യായം ൩.

ഒരു ദിവസം രാവിലെ ക്ഷേത്രനാഥൻ ഉണൎന്ന ഉടനെതന്നെ ശിഷ്യനോട വാതലുകളും ജനാലകളും തുറന്നിടുവാൻ കല്പിച്ചു.

അതിന്മുമ്പ് ബോബെയിൽനിന്ന പുറപ്പെട്ടിട്ടില്ലാത്തതായ ഇപ്രകാരമുള്ള ഒരു ആജ്ഞ കേട്ടതിനാൽ, അവൻ അമ്പരന്ന് വായും തുറന്ന നിലയായി; എന്നാൽ, ക്ഷേത്രനാഥൻ വലിയ അസഹ്യതയോടെ, ഈ വാക്കുകളെതന്നെ വീണ്ടും ഉച്ചരിക്കുന്നതു കേട്ടപ്പോൾ, ശിഷ്യൻ വാതലുകളും ജനാലകളും ഓരോന്നോരോന്നായി തുറക്കുന്നതിന്നും മറപ്പലകകൾ നീക്കുന്നതിന്നും തുടങ്ങി.

പ്രഭാതത്തിലെ ഹേമപ്രകാശത്തിന് അകത്തേക്ക വളരെ കാലത്തിനുശേഷമെങ്കിലും പ്രവേശനമാൎഗ്ഗം കിട്ടുക കാരണം, പുഞ്ചിരിയോടുകൂടി ആ ദീനക്കാരന്റെ മുറിക്കകത്തു കയറി അവിടം മുഴുവനും ശോഭിപ്പിച്ചു. ക്ഷേത്രനാഥൻ, വളരെക്കാലത്തെ അനാരോഗ്യത്തിന്നുശേഷം, ആദ്യമായി പുറത്തേക്ക നോക്കി.

അവിടെയാകട്ടെ, ആ പഴയ വെളിമ്പറമ്പും, അതേ വയലുകളും, ഒരിക്കുടിയുടെ മുറ്റത്ത് ചളിപുരണ്ട കീറത്തുണികളും പുറത്തിട്ടുള്ള കുട്ടികളുടെ സന്തോഷത്തോടുകൂടിയ അതേ സംസാരവും ഉണ്ടായിരുന്നു! തണുപ്പുകാലത്തിന്റെ കാഠിന്യം കുറഞ്ഞുതുടങ്ങി, ഏതാണ്ട് പോവാനുള്ള വട്ടമായി. ദൂരെ, തോട്ടത്തിന്റെ അങ്ങേ അററത്തായി ഒരു കുന്ന് ഹിമംകുറഞ്ഞ വെളുത്തമഞ്ഞ് തങ്ങിക്കിടക്കുന്ന

ലായിരുന്നു. അതു്, വളരെ അകലെയുള്ള ഒരു വഴിപോ ക്കന്റെ ചുമലിൽ കിടക്കുന്ന ഉത്തരീയത്തിന്റെ ആകൃതി യോടുകൂടി നേത്രങ്ങൾക്കു മുമ്പേതന്നെ അപ്രത്യക്ഷമായി.

ഇറങ്ങിക്കിടക്കുന്ന ജനാലയിൽ കൂടി കുറേനേരം ശൂന്യ തയോളം നോക്കിയതിന്റെ ശേഷം, ക്ഷേത്രനാഥൻ തന്റെ നോട്ടത്തെ ഒരിക്കൽകൂടി മുറിയിലേക്കു തിരിച്ചു. ഒരു കല്ലെന്ന ഇതുപോലെ പുറവും വെണ്മയേറിയ ഒരു രൂപം കിടക്കുന്നുണ്ടായി രുന്നു; വ്യസനത്തിന്റെയോ സന്തോഷത്തിന്റെയോ ഒരു രേഖപോലും അവരുടെ വദനത്തിലില്ല; എല്ലാം ശാന്തം നിശ്ചലവും, ... ഇനി ... ആവശ്യമുണ്ടായിരുന്നില്ല. പെട്ടെന്ന് ക്ഷേത്രനാഥൻ എഴു ന്നേറ്റിരുന്ന് ഇപ്രകാരം ആജ്ഞാപിച്ചുകൊണ്ട് ശിഷ്യനെ ഒരിക്കൽകൂടി അടുത്തുവരാൻ വിളിച്ചു: "ദേവദാസി യേയും സ്വഭാവമായിട്ടും വിളിക്ക. അവർ എന്നെ ഒരു ... സാലയമെടുത്തു മുകളിൽ കൊണ്ടുപോകട്ടെ".

ക്ഷേത്രനാഥനെ ഒരു ചാരുകസാലയിലിരുത്തി രണ്ടു നാലുപേർകൂടി പള്ളിമേടയിൽ മുകളിലേക്കു കൊണ്ടുപോ യി. ശബ്ദംകേട്ടു് ഉണർന്നിട്ടു അവരുടെ മുറിയിൽനിന്നു വേ ഗത്തിൽ പുറത്തുവന്നു; അവിടെ നടക്കുന്ന സംഗതി എ ന്തെന്നു് അവൾ കണ്ടസമയം, വിസ്മയത്താൽ നിശ്ചലയായി അങ്ങനെതന്നെ നിന്നുപോയി.

അവരുടെ പരിഭ്രമത്തോടുകൂടിയ ആ മുഖത്തേക്കു നോക്കിക്കൊണ്ടു് ക്ഷേത്രനാഥൻ "ഞാൻ പോകുന്നതിനു മുമ്പായി എല്ലാം ഒന്നു കാണട്ടെയോ?" എന്നു പറഞ്ഞു അദ്ദേഹം, ശിഷ്യന്മാരിൽ ഒരാളുടെ ചുമലിൽ താങ്ങിക്കൊ ണ്ട്, ഒരു മുറിയിട്ടു കയറാനായി ഒരുവട്ടം സാവധാന

ത്തിൽ നടക്കുവാൻ തുടങ്ങി. ഉൎമ്മിളയ്ക്കു് ഇതു കണ്ടു് വ
ളിയ ഖേദം തോന്നി. എങ്കിലും ഒരു വാക്കുപോലും പറയുന്ന
തിന്നു് ധൈൎയ്യമുണ്ടായില്ല. അവരൊന്നും മിണ്ടാതെ അ
ദ്ദേഹത്തെ അനുഗമിച്ചുകൊണ്ടിരുന്നു. ക്ഷേത്രനാഥൻ
ക്രമേണ ഉൎമ്മിളയുടെ കിടപ്പുമുറിയുടെ വാതുക്കൽ എത്തി
അവിടെ നിന്നു. അദ്ദേഹം അവിടെനിന്നു് അകത്തേക്കു
നോക്കിയ മാത്രയിൽ തന്റെ ഭാൎയ്യയുടെ പുഞ്ചിരിയോടു
കൂടിയ മുഖം മുമ്പിൽ പ്രത്യക്ഷമായി കണ്ടു. വളരെ സാവ
ധാനത്തിൽ അകത്തേക്കു കടന്നു് ആ മുറിയുടെ നടുക്കായിട്ടു
നിന്നു; അദ്ദേഹത്തിന്റെ നേത്രങ്ങൾ അപ്പോഴും ആ ചി
ത്രത്തിന്മേൽതന്നെ പതിച്ചിരുന്നു.

ഉൎമ്മിള ഒരു കസാല കൊണ്ടുവന്നിട്ടു കൊടുത്തു്
"ഇതിന്മേൽ ഇരിക്കു്" എന്നു പറഞ്ഞു. അല്പം മന്ദസ്മിത
ത്തോടുകൂടി തിരിഞ്ഞുനോക്കി, ഉൎമ്മിളയുടെ പരിഭ്രമം
കണ്ടിട്ടു് "ബദ്ധപ്പെടേണ്ട, ഇപ്പോൾതന്നെ ഞാൻ താഴെ പോ
യി കിടന്നേക്കാം". എന്നു അദ്ദേഹം പറഞ്ഞു.

പെട്ടെന്നു് അദ്ദേഹത്തിന്റെ നോട്ടം ഉൎമ്മിളയുടെ മു
ഖംവിട്ടു് ചിത്രത്തിലുള്ള മുഖത്തിന്മേൽ ചെന്നുകൊണ്ടു. സു
ന്ദരിയുടെ അലിവില്ലാത്ത സുന്ദരമുഖം അതിപുച്ഛ
ത്തോടുകൂടി ചിരിച്ചു നോക്കിക്കൊണ്ടിരിക്കുന്നതായി കണ്ടു.
സാധാരണയായിട്ടു് പ്രകാശത്തോടുകൂടിയ ക്ഷേത്രനാഥ
ന്റെ കണ്ണുകളിൽനിന്നു് അപ്പോൾ തീപ്പൊരി പറക്കുന്നു
ണ്ടെന്നു ഉൎമ്മിളയ്ക്കു തോന്നി. അദ്ദേഹം ശയ്യയെവിട്ടു്
ശീഘ്രഗതിയോടുകൂടെ മുമ്പോട്ടു നടന്നു് ആ ചിത്രത്തി
ന്റെ മുമ്പിൽ ചെന്നുനിന്നു. അതിന്റെ നേരെ തന്റെ
മുഷ്ടിപിടിച്ചിരിക്കുന്ന കൈകളുയൎത്തിക്കൊണ്ടു് "ചതി

ക്ക, ചിരിക്ക" എന്നുച്ചത്തിൽ പറഞ്ഞു. "ഈ ജീവിത
ത്തിൽ നിന്റെ മുഖത്ത് ആ ചിരി ഞാൻ എപ്പോഴും ക
ണ്ടിട്ടുണ്ട്. നിന്റെ മുഖത്ത് അതേ ചിരിതന്നെ ഇപ്പോഴും
ഉണ്ടോ ഇല്ലയോ എന്ന് ഞാൻ ഇപ്പോൾ പോയിനോ
ക്കാം. അവിടെ നീ ആർക്കു വേണ്ടിയിട്ടാണ് ചിരിക്കുന്ന
ത്?— ആ കൊലപാതകിക്കും കൊള്ളക്കാരനും വേണ്ടി
യോ?"

പുറമെ, ഗൌരവത്തോടും ഇളക്കമില്ലാതെയും മൌ
നമായും സ്ഥിതിചെയ്യുന്ന തന്റെ വീട്ടിനു സമീപമുള്ള
പർവ്വതം പൊട്ടിത്തെറിച്ചു തീപ്പുഴകൾ ഒഴുകുന്ന അവസര
ത്തിൽ ഒരാൾ തനിക്കുണ്ടാവുന്നതായ അത്ഭുതവും ഭയവും
കൊണ്ടു പരവശപ്പെട്ടു നോക്കുന്നത് എതുപ്രകാരമോ, അതു
പോലെ ഊർമ്മിള ക്ഷേത്രനാഥനെ ഒന്നുനോക്കി. ഇങ്ങനെ
ഒരു ഭാവത്തോടുകൂടി ക്ഷേത്രനാഥനെ അവൾ ഒരിക്കലും
കണ്ടിട്ടില്ലായിരുന്നു.

പെട്ടന്ന് അദ്ദേഹത്തിന്റെ ഉയർത്തിയിരുന്ന കൈ
കൾ താഴെ വീണു; നെററിയന്മേലുള്ള ഞരമ്പുകൾ പി
ടച്ചു; രക്തം ഒന്നായി കണ്ണിൽ കയറുന്നതുപോലെയും ക
ണ്ടു. അസാധാരണമായ ഒരു ശബ്ദം പുറപ്പെടുവിച്ചുകൊ
ണ്ട് ക്ഷേത്രനാഥൻ ആ കമ്പിളി വിരിച്ചിരിക്കുന്ന നിലത്തു
വീണ് ഒന്നുരുണ്ടു.

ഊർമ്മിള ഉറക്കെ ഒന്നു നിലവിളിച്ചു. തത്സമയം
ആ വീട്ടിലുണ്ടായിരുന്നവരെല്ലാം വന്ന് ഒരു കൂട്ടമായി മുറി
യുടെ വാതുക്കൽ നിന്നു. ആർക്കും ഒരു വാക്കുപോലും പ
റയുവാനുണ്ടായിരുന്നില്ല. കണ്ണോ കാലോ അനക്കുന്നതിനു
ള്ള ശക്തിപോലും ആർക്കും ഉള്ളതായി കണ്ടില്ല; എല്ലാ

വരും നിലത്തു വീണു കിടക്കുന്ന യജമാനനെത്തന്നെ ശ്ര ദ്ധയോടുകൂടി നോക്കിക്കൊണ്ടുനിന്നു. ഉൎമ്മിളയോ, ക്ഷേ ത്രനാഥന്റെ തല താങ്ങി തന്റെ മടിയിൽ വെച്ചുകൊ ണ്ട് ഒരു ശിലാപ്രതിമയെന്നപോലെ ഇരിക്കുകയും ചെയ്തി രുന്നു.

അപ്പോൾ വാതുക്കൽ ചുറ്റിയ വലിയ ജനക്കൂട്ടത്തെ നോക്കിക്കൊണ്ട് ഇങ്ങനെ നിലവിളിച്ചു "ആരെങ്കിലും പോ യി വൈദ്യനെ വിളിച്ചുകൊണ്ടുവരു."

എല്ലാവരിലും ആവേശിച്ചിരുന്ന മന്ത്രബലം നീ ങ്ങിയതുപോലെ തോന്നി. ഒരു ശിഷ്യൻ വൈദ്യന്റെ ഗൃ ഹം നോക്കി പാഞ്ഞു, പിന്നെ ഒരാൾ ചന്ദ്രമോഹനന്റെ അടുക്കലേക്ക് ഓടി. മറ്റുള്ളവരെല്ലാം കൂടി ക്ഷേത്രനാഥ നെ എടുത്ത് ഉൎമ്മിളയുടെ കിടയ്ക്കമേൽ കിടത്തി. അദ്ദേ ഹത്തിന്റെ തലയ്ക്കലായി ഉൎമ്മിള ഒന്നും മിണ്ടാതെയി രുന്നു. എന്തെങ്കിലും പ്രവൃത്തിക്കുന്നതിന് ഒരു കൈ പൊ ക്കുവാൻ പോലും അപ്പോൾ അവളെക്കൊണ്ടു കഴിഞ്ഞി ല്ല, എന്തെന്നാൽ, താൻ ആൎക്കുവേണ്ടി പ്രവൎത്തിക്കുമായിരു ന്നോ ആ ആൾ നിശ്ചലമായി നിൎജ്ജീവമായി കിടക്കുന്ന ആ ജഡത്തിൽ അപ്പോഴും ഉണ്ടോ?

അധികം താമസിയാതെ ചന്ദ്രമോഹനനോടൊപ്പവും വൈദ്യനും മറ്റും എത്തിച്ചേർന്നു. വീട് ജനങ്ങളുടെ നില വിളിയും ബഹളവും കൊണ്ടു മാറ്റൊലിക്കൊണ്ടു. വൈദ്യ ന്റെ ആവശ്യങ്ങളെ നിറവേറ്റുവാൻ വേണ്ടി ഉൎമ്മിള ക്കു ആ മുറി വിടേണ്ടതായി വന്നു. അവർ താഴെ പോ യപ്പോൾ പൂമുഖം ആളുകളെക്കൊണ്ടു നിറഞ്ഞിട്ടുള്ളതായി

കണ്ടു. അത്ഭുതകരമായ വൎത്തമാനം ആകപ്പാടെ കാ
റിൽക്കൂടെ തന്നെ പരന്നതായി തോന്നി. [illegible]
ടി ക്ഷേത്രനായകന്റെ സ്നേഹിതന്മാരെല്ലാം അവിടെ എ
ത്തിച്ചേൎന്നവരായിരുന്നു.

അവരുടെ ജോലിയെല്ലാം നിൎവ്വഹിച്ചശേഷം, ഊൎമ്മി
ള പിന്നെയും മുകളിലേക്കു വന്നു. എന്നാൽ അവരം ഒരോ
ന്നു പോകുന്ന വഴി എന്നിയപ്പോഴും, ചന്ദ്രമോഹനനോടു
[illegible] "എന്തായാലും [illegible] വഴിയുണ്ടോ" എ
ന്നു ചോദിക്കുന്നതുകേട്ടു.

"ഒന്നും തരമില്ല. ഒരാൾ അവന്റെ മരണത്തെ ത
ടുക്കാൻ [illegible] [illegible] തടയു
വാൻ കഴിയുമോ? [illegible] വിധിക്കുന്നതിനെ തന്നെ ഞെരു
ക്കമായിട്ടാണ് ഞാൻ പറഞ്ഞത്."

[illegible] ഒരു സാ
ധനം [illegible] ഊൎമ്മിളയുടെ [illegible] കൊള്ളിയതായി
തോന്നി. ഒരു [illegible] [illegible]
കളിൽ നിന്നു [illegible]. ഊൎമ്മിളയുടെ [illegible]
ത്തോണിയും മുങ്ങിക്കഴിഞ്ഞു. [illegible]
കാണാനെത്തുന്ന [illegible] [illegible]
എല്ലാ [illegible]? [illegible] ക്രൂരമു
ഖത്തു പിടിച്ചുകൊണ്ട് [illegible] അവൾ പൊട്ടിക്കര
ഞ്ഞു.

ആ ശബ്ദം കേട്ടിട്ട് ചന്ദ്രമോഹനനും വെളിയിൽ തിരി
ഞ്ഞു നോക്കി. ചന്ദ്രമോഹനനോടു അവരുടെ [illegible]
[illegible] വേഗം ഒന്ന് സമാധാനത്തിനായി ഇപ്പ

കിരം പറഞ്ഞു. "എന്റെ കുട്ടി, നാം ഈ ലോകത്തിൽ ഇരിക്കുന്നേടത്തോളം കാലം നമുക്ക് ഈ വകയെല്ലാം അനുഭവിക്കണം. അല്ലാതെന്തുചെയ്യും? എന്റെ ചെറിച്ചു വീട്ടിലേക്ക് വരിക, അതുകൂടാതെ ഇവിടെ താമസിക്കുന്നതുകൊണ്ട് ഒന്നും കിട്ടാനില്ല."

ഊർമ്മിള തല പൊക്കി അദ്ദേഹത്തെ ഒന്നു നോക്കി, ധൈര്യത്തോടെ ഇങ്ങനെ പറഞ്ഞു "അപ്പാ, ഞാൻ വരുന്നില്ല" അവൾ ആ കോണിപ്പടിയിന്മേൽ തന്നെയിരുന്നു. ഭൃത്യന്മാർ അവളുടെ സമീപത്തു കൂടി മുകളിലേക്കും ചുവട്ടിലേക്കും കയറുകയും ഇറങ്ങുകയും ചെയ്തുകൊണ്ടിരുന്നു; അവരെല്ലാം പോകുമ്പോഴൊക്ക് ഊർമ്മിളയെ സഹതാപത്തോടെ നോക്കുകയും ചിലർ ഒന്നോ രണ്ടോ വാക്കുകൾ അവളോടായിട്ടു പറയുകയും ചെയ്തു. എന്നാൽ അവൾ മുഖം തിരിച്ചുകൊണ്ട് അതേമാതിരി അവിടെത്തന്നെയിരുന്നു.

പത്തുമണിക്ക് ക്ഷേത്രനാഥൻ ഒരിക്കൽ കണ്ണു തുറന്നു. ശൂന്യമായ ഭാവത്തോടെ ആ മുറി മുഴുവനും ഒന്നു നോക്കി; ചന്ദ്രമാധവൻ പുറത്തുപോയി ഊർമ്മിളയെ വിളിച്ചു. അവൾ വന്നു കിടക്കയുടെ സമീപം നിന്നു; എന്നാൽ അവളെ മനസ്സിലാക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. അല്പസമയത്തിനുശേഷം ക്ഷേത്രനാഥൻ ദീർഘമായൊന്നു നിശ്വസിച്ചിട്ട് വീണ്ടും കണ്ണടച്ചു. ഊർമ്മിളയെ മുറിയിൽ നിന്നു നീക്കം ചെയ്യുന്നതിന് വൈദ്യൻ ആംഗ്യം കാണിച്ചു. അവർ പുറത്തുവന്ന ക്ഷണത്തിൽ ചന്ദ്രമാധവനവളോടു പറഞ്ഞു— "ഇനിയും താമസിക്കുവാനെന്താണുള്ളത്?

എല്ലാം കഴിഞ്ഞു. ഇപ്പോൾ തെളിച്ചു വന്നു. വണ്ടി വി
ളിക്കട്ടെ?"

ഊർമ്മിള തലയാട്ടി. അവർ താഴെ എറങ്ങിവരു
മ്പോൾ ചന്ദ്രമോഹനൻ പറഞ്ഞു—"ആ മുറിയിൽനിന്നു
സാമാനങ്ങൾ നീക്കം ചെയ്യുന്നതിന് ഇപ്പോൾ സൌകര്യ
മുണ്ടായിരിക്കയില്ല. അതൊക്കെ നാളെ ചെയ്യുന്നതായി
രിക്കും നല്ലത്."

അല്പനേരംകൊണ്ട് വണ്ടി എത്തി. ഊർമ്മിള എട
ത്തും വലത്തും നോക്കാതെ അതിൽ കയറിയിരിക്കുകയും
ചെയ്തു. അതിപരിചിതമായ ആ പഴയ ഗൃഹം ക്ഷണനേ
രംകൊണ്ട് അവരുടെ ദൃഷ്ടിപഥത്തിൽനിന്നും മറഞ്ഞു.

ചന്ദ്രമോഹനൻ വഴിക്കു മുഴുവനും സംഭാഷണത്തെ
തുടർന്നുകൊണ്ടിരുന്നു. "ആ ശവശരീരം അവിടെ കിടക്കു
മ്പോൾ നിങ്ങളെ കൊണ്ടുപോന്നതു ശരിയായില്ല. എ
ന്നാൽ മറെറന്താണ് ചെയ്യുക? അവിടെ നിങ്ങളെ നോ
ക്കുന്നതിനു വേറെ ആരുമില്ല; തനിച്ചു വിട്ട് എനിക്കു വ
രുവാനും തരമില്ല. ഇതു പെട്ടെന്നു വന്നുചേർന്ന ഇതു ക
ഠിനമായ ആപത്ത് ഞങ്ങളെയെല്ലാം വലിയ കഴപ്പത്തി
ലാക്കിത്തീർത്തു. നോക്കട്ടെ, നാളെ എനിക്കു കല്ലറകെട്ടിക്കഴി
ക്കണം. പിന്നീടുവേണ്ട കാര്യങ്ങളെല്ലാം അതിനുശേഷം
തീർച്ചപ്പെടുത്താം."

അദ്ദേഹം പറയുന്നതെല്ലാം കേട്ടുകൊണ്ട് ഊർമ്മിള
മിണ്ടാതെയിരുന്നു.

ചന്ദ്രമോഹനബാബുവിന്റെ വീട് പട്ടണത്തിലായി
രുന്നു. ഹിന്ദുമതത്തിനു വിരോധമായി ഒന്നും തന്നെ എ
ളുപ്പത്തിൽ കടക്കരുതെന്നു കരുതിയിട്ടോ എന്നു തോന്നു

മററ് ആ ഭവനം ഉയരമുള്ള മതിലുകളാൽ സുരക്ഷിതവുമായിരുന്നു. ചന്ദ്രമോഹനൻ ഊർമ്മിളയെ വണ്ടിയിൽനിന്നിറക്കി, "സുക്കു, സുക്കു, എന്റെ കുട്ടീ! ഒരു നിമിഷനേരത്തേക്ക് ഒന്നിങ്ങോട്ടു വരൂ" എന്നു വിളിച്ചുപറഞ്ഞുകൊണ്ട് അദ്ദേഹം അകത്തേക്കു കടന്നു.

സുകു എന്നു പേർവിളിക്കപ്പെട്ട ആരും എത്തുന്നതിനു മുമ്പായി എതിരായുള്ള മുറിയിൽനിന്ന് "ആരാണത്, ചന്ദ്രു! ആരാ?" എന്നു ചോദിച്ചുകൊണ്ട് ഒരു വൃദ്ധ വേഗം പുറത്തേക്കു വന്നു. അരയിൽ ചുററിയിരുന്ന ഒരു ചെറിയ വസ്ത്രം മാത്രമേ അവരുടെ ശരീരത്തിലുണ്ടായിരുന്നുള്ളൂ. തലയിലാകട്ടെ ഒരു രോമത്തിന്റെ ശകലംപോലുമില്ലായിരുന്നു. കൈ നിറയെ ചാണകവും പററിയിട്ടുണ്ടായിരുന്നു. അവർ വീടിനെ വിശിഷ്യ വൃത്തിയാക്കുന്നതിൽ ഏർപ്പെട്ടിരിക്കയായിരുന്നു എന്നു തോന്നും. ഊർമ്മിളയെ കണ്ടപ്പോഴേ അവർ ദേഷ്യത്തോടെ ഉച്ചത്തിൽ നിലവിളിച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു:—"അയ്യയ്യോ! കാലിൽ ചെരുപ്പുമായിട്ടുള്ള ഈ കുറുമ്പത്തി ക്രിസ്ത്യാനിപ്പെണ്ണിനെ നീ എന്തിനാണിവിടെ കൂട്ടിക്കൊണ്ടുവന്നിരിക്കുന്നതു്? രാമരാമ! ഞങ്ങളുടെ മതാചാരങ്ങളെ നോക്കി നടക്കാൻ നീ ഒരിക്കലും സമ്മതിക്കില്ല!"

ചന്ദ്രമോഹനൻ എന്തെങ്കിലും പറയുന്നതിനു മുമ്പായി സുമുഖിയായ ഒരു യുവതി ഓടിപ്പാഞ്ഞുകൊണ്ട് അടുത്തെത്തി. നിമിഷനേരത്തിനിടയിൽ അവിടത്തെ സ്ഥിതിയെല്ലാം മനസ്സിലാക്കി ഊർമ്മിളയെ മറച്ചുകൊണ്ട് അവർ ആ വൃദ്ധയുടെ മുമ്പിൽ ചെന്നുനിന്നു. "മുത്തശ്ശി, മതാചാരങ്ങളും നോക്കിക്കൊണ്ട് വേഗം അകത്തേക്കു പോ

ല്ലോള്ളൂ, അല്ലെങ്കിൽ ഞാൻ ഇപ്പോഴും തൊട്ടും. ഇങ്ങോട്ടു വരുന്നതിനായി ഞാൻ ഇതാ കുട്ടിയെ മടിയിൽനിന്നിറക്കിയതേയുള്ളൂ. ഇതുവരെ അതിന്റെ അമ്മാമൻ ആ റൊട്ടിക്കാരന്റെ കടയിൽനിന്നു വാങ്ങിക്കൊണ്ടുവന്ന റൊട്ടിയും ബിസ്കറ്റും അതിനു കൊടുത്തുകൊണ്ടിരിക്കുകയായിരുന്നു."

"എന്തിനെയാ? ഈ ക്രിസ്തുമസ്സിന്റെ അധികപ്രസംഗം നോക്കൂ. ഇവളുടെ ഉപദ്രവംകൊണ്ടു് ഈ വീട്ടിലിരുന്നു പൊറുക്കുവാൻ വിഷമമായല്ലോ! അല്ലേ? കടന്നു പോ. ഉപദ്രവിക്കാതെ കടന്നുപോ!" പുറത്തുവന്ന ബഹളപ്പാടോടുകൂടിത്തന്നെ ആ വൃദ്ധ അകത്തേക്കു മടങ്ങിപ്പോയി.

ഊർമ്മിള, മുത്തശ്ശിയും പൌത്രിയുമായുണ്ടായ ഈ പുതിയ ക്രീഡകളെല്ലാം അത്ഭുതത്തോടെ നോക്കിനില്ക്കുകയായിരുന്നു. ആ വൃദ്ധ അവരുടെ അകംപാറിയ മാതൃസ്നേഹത്തോടു മുൻപോട്ടു വന്നു് ഊർമ്മിളയുടെ കൈകൾ പിടിച്ചുകൊണ്ടു പറഞ്ഞു— "വരൂ, കുട്ടീ, എന്റെ അകത്തേക്കു പോരുക. ആ വൃദ്ധക്രിസ്ത്യാനി പറയുന്നതൊന്നും വകവെക്കേണ്ട. അവൾക്കു വയസ്സായി, ബുദ്ധിസ്ഥിരതയില്ലാതായി".

ആകസ്മികമായ ഈ സംഭവത്തിന്റെ കഠിനമായ ഭാരം ഊർമ്മിളയെ കല്ലാക്കി തീർത്തപോലെ തോന്നിച്ചു. എന്നാൽ, ഇപ്രകാരം സുകുമാരിയുടെ സ്നേഹപൂർവ്വകമായ സ്വാഗതമേറ്റപ്പോൾ കണ്ണുനീരൊഴുകുന്ന ഉറവിടം അടഞ്ഞിരുന്ന ഒരു വലിയ ഭാരം ഒന്നോടെ നീങ്ങിയമട്ടിലായി. സുകുമാരിയോടൊപ്പം അവരുടെ മുറിയിലെത്തിയപ്പോഴേക്കും, ഊർമ്മിള കുട്ടിയെന്നപോലെ കരയുവാൻ തുടങ്ങി. ഒട്ടേറെ

പ്രായമുള്ള വട്ടമുഖത്തോടുകൂടിയ ഒരു ബാലൻ ഒരു കപ്പി
പ്പാവയുടെ തല ബദ്ധരസമായി നക്കിക്കൊണ്ട് അതി
ന്മേൽ ഇരിക്കുന്നുണ്ടായിരുന്നു. തന്റെ ഭോജനത്തെ പെട്ടെ
ന്നു തടസ്ഥപ്പെടുത്തുകയാൽ ആ കുട്ടി ഉത്കണ്ഠയോടെ അത്ഭു
തത്തോടെ നോക്കിക്കൊണ്ടിരിപ്പായി. അവന്റെ അമ്മ
അവനെ എടുത്തുകൊണ്ട് ആ മുറിയിൽനിന്നു പോയി. അ
ല്പം കഴിഞ്ഞപ്പോൾ, അവർ മടങ്ങിവന്ന് ആ മുറിയുടെ വാ
തുക്കൽനിന്നു പറഞ്ഞുതുടങ്ങി—"കുഞ്ഞമ്മേ, ഇതിനു നി
ങ്ങൾ വ്യസനിക്കരുത്: ഞാൻ പറഞ്ഞതാണ്. ഈ വഴിക്ക്
എത്തുന്ന നിമിത്തം ഞാൻ റൊട്ടിയുടെയും ബിസ്കത്തിന്റെ
യും കഷണം പെരുകി ഉടനെ നിങ്ങളുടെ മേലിട്ടു. അ
ങ്ങനെയൊട്ടു ചെരിപ്പുമിട്ടു നിങ്ങളുടെ മുറിയിലെല്ലാം നടക്കു
വാനും പറയും". ഇതിനു കോപത്തോടുകൂടിയ ഒരു മു
ഴിച്ച മാത്രം കേട്ടു. പിന്നെ എല്ലാം നിശ്ശബ്ദമായി. ഉറ
ങ്ങിയ ആ കട്ടിലിന്മേൽ കിടന്നിരുന്ന മട്ടിലെന്നെ കിട
ന്നിരുന്നു.

അദ്ധ്യായം ൫.

രാമസുന്ദരി പച്ചക്കറിസ്സാമാനങ്ങളെ പ്രതിയിൽ നു
റുക്കിക്കൊണ്ട് അടുക്കളപ്പുരയിൽ ഇരിക്കുകയായിരുന്നു. മ
ഹാഭാരതം എഴുതുവാൻ വ്യാസമഹർഷിക്കു ഗണപതിഭഗ
വാനെ കിട്ടിയപ്പോൾ ഉണ്ടായതുപോലെ, രാമസുന്ദരിക്കു
ദ്രുതിയും കൈവേഗവുമുള്ള ഒരു വേലക്കാരിനിമിത്തം ചില
ബുദ്ധിമുട്ടുകൾ നേരിട്ടു.

സോനാബി എന്ന പൂച്ച ആ മുറിയുടെ ഒരു മൂലയിലിരുന്ന ന്യൂസ്പേപ്പറിയിൽ കുളിച്ചു കണ്ണുകളടച്ചു സാവധാനമായി ധ്യാനത്തിലകപ്പെട്ടിരുന്നു. അതു് ആരാധിച്ചിരുന്ന വസ്തു് അങ്ങാടിക്കുപോയ ശിഷ്യത്തിയുടെ കൂടയിലുണ്ടായിരുന്നതുകൊണ്ടു പ്രത്യേക പരിശ്രമത്തിനൊന്നിനും അപ്പോഴും അതിന്നാവശ്യമുണ്ടായിരുന്നില്ല.

"ചെറിയമ്മേ" എന്നു് ആരോ മുകളിൽനിന്നു വിളിക്കുന്നതു കേട്ടു.

രാമസുന്ദരി അത്തപ്പാമണിയിൽനിന്നു തന്റെ കണ്ണുകളെടുത്തു് ഒരു നിമിഷനേരം മുകളിലേക്കു നോക്കി; എന്നാൽ ഉത്തരമൊന്നും പറയാതെ തന്റെ കൈകളെ മുകളിലേക്കും ചുവട്ടിലേക്കും ഓടിച്ചുകൊണ്ടു വീണ്ടും പണി തുടർന്നു.

കാൽച്ചെരിപ്പുകളുടെ ശബ്ദം കോണിപ്പടിമേൽ കേട്ടുതുടങ്ങി; ആയതു സമീപത്തെത്തുകയും അടുക്കളപ്പുരയുടെ മുമ്പിൽ വന്നുനില്ക്കുകയും ചെയ്തു. പിന്നെയും "ചെറിയമ്മേ" എന്ന വിളി കേട്ടു.

ചെറുതായ ഒരു പുഞ്ചിരി രാമസുന്ദരിയുടെ മുഖത്തു പ്രസരിച്ചു; എന്നാൽ, അവർ അതിനെ അടക്കിക്കൊണ്ടു്, ഉടനെ മുഖംതിരിച്ചു് "എന്താ വേണ്ടതു, സമരാ" എന്നു ചോദിച്ചു.

"എന്റെ താക്കോൽക്കൂട്ടം എവിടെ?"

"സമരന്റെ താക്കോൽക്കൂട്ടം എവിടെപ്പോയിയെന്നു ഞാനെങ്ങിനെയാണറിയുന്നതു്?"

"ചെറിയമ്മയ്ക്കറിഞ്ഞുകൂടെങ്കിൽ, പിന്നെ ആർക്കാണറിയുന്നതു്?" എന്നു മുഷിഞ്ഞ നാട്യത്തോടുകൂടി സമരൻ

പറഞ്ഞു. "എന്റെ മുറി വൃത്തിയാക്കുന്ന നിങ്ങളുടെ ലഹളയിൽ എന്റെ സാധനങ്ങളിൽ പകുതി കളഞ്ഞുകഴിയും.

'അതു ശരിതന്നെ" എന്നു രാമസുന്ദരി സ്വരം അല്പം ഉയർത്തിപ്പറഞ്ഞു. "എന്റെ മരുമകൻ സാമാനങ്ങളെ എത്ര ക്രമമായി സൂക്ഷിക്കുന്ന ഒരാളാണ്! അയാളുടെ സാമാനമെല്ലാം കളയുന്നതു ഞാൻതന്നെ! ശരിയാണ്. എപ്പോഴാണ് ഞാൻ നിന്റെ മുറിയിൽ പോയതു്? ഒന്നു പറയാമോ?"

"ദിവസവും മണിക്കൂറും ഞാൻ കുറിച്ചുവെച്ചിട്ടുണ്ടോ? തല്ക്കാലം എന്റെ താക്കോലൊന്നു നോക്കി എടുത്തുതരു, എന്റെ ചെറിയമ്മയല്ലേ. എനിക്കു കോളേജിൽ പോവാൻ സമയമായി. എന്റെ എഴുത്തുപെട്ടി തുറക്കാൻ എന്നെക്കൊണ്ടു് ഇനിയും സാധിച്ചിട്ടില്ല."

സമരന്റെ ചെറിയമ്മയുടെ മനസ്സിൽ അല്പം അലിവു തോന്നി, അവരുടെ വസ്ത്രാഗ്രത്തിൽ കെട്ടിയിരുന്ന താക്കോൽക്കൂട്ടമഴിച്ചെടുത്തു് അതിൽനിന്നൊരു ചെറിയ വളയമെടുത്തു് ഇങ്ങിനെ പറഞ്ഞുകൊണ്ടു സമരേന്ദ്രന്റെ കാലിനടുക്കലേക്ക് എറിഞ്ഞുകൊടുത്തു. "ഇതാ നിന്റെ താക്കോൽക്കൂട്ടം എന്റെ കുട്ടീ. ഇതു നിന്റെ കുപ്പായക്കീശയിലിട്ടുകൊണ്ടു കുപ്പായം അലക്കാനായി ഇട്ടിരുന്നു. എന്നാൽ പതിവുപോലെ ഭാഗ്യവശാൽ നിന്റെ കീശ ഞാൻ പരിശോധിച്ചു. അതുകാരണം നിനക്കു താക്കോലുകളും കിട്ടുവാൻ സംഗതിവന്നു, എന്നിട്ടും ഞാനാണ് നിന്റെ സാമാനങ്ങളും കളയുന്നതത്രെ. ഞാനിവിടെ ഉള്ളതുകൊണ്ടാണ് നീ നിന്നെത്തന്നെ കളയാതിരിക്കുന്ന

ത്. ഇല്ലെങ്കിൽ ഞാനും ഇതിനുമുമ്പെ കഴിക്കുമായിരുന്നു. നീ പഠനവിഷയത്തിൽ ഒരു അത്ഭുതസൃഷ്ടിയായി തീർന്നിട്ടുണ്ട്; അതുകാരണം ആരും നിന്നോടൊപ്പം എത്തുനില്ക്കാൻ സാധിക്കില്ല. പൊക്കത്തിലാണെങ്കിൽ ആ വാതിലിനെക്കാൾ കൂടുതൽ വളർന്നിട്ടുണ്ട്. എന്നാൽ എന്നാണ് ഇനി കുറച്ചു ബുദ്ധി സമ്പാദിക്കുവാൻ പോകുന്നത്? ഞാൻ നിന്റെ സാമാനങ്ങളും സൂക്ഷിച്ച് എന്നും ഇങ്ങനെ ഇരിക്കുന്നതായി വരുമോ?"

അവരുടെ സംഭാഷണം അവസാനിക്കുന്നതിന് എത്രയോ മുമ്പുതന്നെ സമരേന്ദ്രൻ താക്കോലുമെടുത്തുംകൊണ്ടു പോയിക്കഴിഞ്ഞിരിക്കുന്നു. രാമസുന്ദരിക്കു പറയുവാനുള്ളതെല്ലാം പറഞ്ഞുതീർന്നമാത്രയിൽ, വെപ്പുകാരി നിറച്ചുകറിക്കഷണങ്ങളുള്ള ചീനച്ചട്ടി ശബ്ദത്തോടെ നിലത്തുവെച്ചു. എന്നിട്ട് ഇപ്രകാരം പറഞ്ഞു— "ചെറിയ യജമാനന് ഒരു ഭാര്യയെ ഉണ്ടാക്കിക്കൊടുക്കു, അമ്മെ! അപ്പോൾ അവർവന്ന് എല്ലാം ശരിക്കുവെച്ചുകൊള്ളും. അദ്ദേഹത്തിന്റെ ദീർഘമായ ഒരു ജീവിതം ഭാവിയിൽ കിടക്കുന്നു; കണ്ടാലും സുന്ദരനാണ്. ഇനിയും കല്യാണം കഴിക്കാതെ കഴിച്ചുകൂട്ടുന്നതു നന്നായിരിക്കുമൊ?"

ഇത്ര സഹതാപത്തോടുകൂടിയ ഒരു ശ്രോതാവിന്റെ മുമ്പിൽ രാമസുന്ദരിക്കു തന്റെ അസഹ്യതയെ അറിയിക്കുവാനുള്ള ആശ തടുക്കുവാൻ കഴിഞ്ഞില്ല. അതിനാലിങ്ങിനെ മറുപടികൊടുത്തു "അതിനെന്റെ വല്ല വിരോധവുമുണ്ടോ? ആയാൾക്ക് ഇത്ര പ്രായമായി; ജോലിയുമുണ്ട്. അതു കാരണം ഉടുപ്പാനും ഭക്ഷണത്തിനും ബുദ്ധിമുട്ടുമില്ല എന്നാലും ആയാൾ ആരുടെയെങ്കിലും ഉപദേശം കേൾ

ക്കുമൊ? ഇപ്പോഴത്തെ ചെറുപ്പക്കാരെ നിനക്കു നല്ലവണ്ണം അറിയരുതെ? അവർ ആരുടെയെങ്കിലും അഭിപ്രായം കൈക്കൊള്ളുമൊ? നേരെമറിച്ച്, വീട്ടുജോലി നോക്കുവാൻ ആരുമില്ല. എന്റെ ജ്യേഷ്ഠന്റെ മരുമകനും സമരനെപ്പോലെതന്നെയാണ്. എന്തു സംഗതിയെങ്കിലും അദ്ദേഹത്തെ വിചാരം ചെയ്യിക്കുവാൻ മതിയാകുമൊ? എന്റെ സഹോദരിയും ജ്യേഷ്ഠത്തിയമ്മയും സ്വൎഗ്ഗത്തിൽ വിശ്രമിക്കുന്നു. ഞാനൊ, ഇതാ വയസ്സായിക്കൊണ്ടു ചാവാൻ തക്കവണ്ണം ബുദ്ധിമുട്ടുന്നു. അയ്യൊ, കഷ്ടം. നീ എന്റെ എല്ലിനെക്കൂടി വേദനപ്പെടുത്തുന്നു".

സമരേന്ദ്രൻ വരാന്തയിലെ ക്രാതിയിന്മേൽ ചാരിക്കൊണ്ട് ഇപ്രകാരം പറയുമ്പോൾ വെപ്പുകാരി അവളുടെ സന്താപത്തെ അറിയിക്കുവാൻ ഇടങ്ങിയിട്ടേ ഉണ്ടായിരുന്നുള്ളു; "ചെറിയമ്മെ! നിങ്ങളുടെ എല്ലിന്റെ വേദനമാററിവെച്ചു വേഗം മുകളിലേക്ക് ഒന്നുവരു. ഇതാ ഇവിടെ ഒരു ഒന്നാന്തരം കുഴപ്പം".

ഒരു ഒന്നാന്തരം കുഴപ്പമുണ്ടാക്കുന്നതിനു തന്റെ മരുമകനുള്ള സാമൎത്ഥ്യത്തെക്കുറിച്ചു രാമസുന്ദരിക്കു നല്ല വിശ്വാസമുണ്ടായിരുന്നു. അതിനാൽ, കുറച്ചു വിചാരത്തോടെ, അവർ അരവാതണിയും വിട്ടു മുകളിലേക്കു തിരിച്ചു. സോനാലിയും അതിന്റെ മുതുകിനെ വില്ലുപോലെ വളച്ചിട്ട് അലസതയെല്ലാം വിട്ട്, വാലിലെ രോമമൊക്കെ വീൎപ്പിച്ചു പിടിച്ചുകൊണ്ട് അവരെ പിന്തുടൎന്നു.

സമരേന്ദ്രൻ രണ്ടെഴുത്തുകൾ കയ്യിൽ പിടിച്ചു ക്രാതിയിന്മേൽ ചാരിനില്ക്കുന്നുണ്ടായിരുന്നു. രാമസുന്ദരി കിതച്ചു

കൊണ്ട് മുകളിലെത്തി "എന്താണത്", എന്തുപററി, നിന്റെ അമ്മാമന്റെ സുഖമല്ലേ?" എന്നു ചോദിച്ചു.

"അമ്മാമന്റെ സുഖംതന്നെ. എന്നാൽ എന്തു കഷ്ടത്തിലാണ് എന്നെ ചാടിച്ചിരിക്കുന്നതെന്നു നോക്കു."

"എന്താ പററിയതെന്നു പറയൂ" എന്നു രാമസുന്ദരി രണ്ടെഴുത്തുകളും കയ്യിൽപിടിച്ച് തിരിച്ചുമറിച്ചുംകൊണ്ട് ചോദിച്ചു. "എന്റെ കണ്ണട ഞാൻ കിടപ്പുമുറിയിൽ വെച്ചു. അതിപ്പോൾ പോയി എടുത്തുകൊണ്ടുവരുവാൻ എനിക്കു പ്രയാസം."

എഴുത്തുകൾ തിരികെ വാങ്ങിക്കൊണ്ട് സമരേന്ദ്രൻ ഇങ്ങിനെ പറഞ്ഞു: "എന്താപററിയതെന്നോ? ബീഹാറിലോ മറേറാ ഉള്ള അമ്മാമന്റെ സ്നേഹിതൻ ക്ഷേത്രനാഥബാബുവിനെ അറിയില്ലേ? അദ്ദേഹം മരിച്ചുപോയി ഇവിടെ താമസിക്കുന്ന സംഗതിക്കു അദ്ദേഹം അമ്മാമന്നെഴുതിയിരുന്ന അദ്ദേഹത്തിന്റെ ആ ഒരു പുത്രി ഇന്നുച്ചവണ്ടിക്കു കല്ക്കത്തയിൽ എത്തുമത്രെ. അമ്മാമൻ ഒരു കൊല്ലത്തേക്കു സന്തോഷത്തോടെ വിശ്രമിപ്പാൻ ഇവിടെനിന്നു പോയി. ഇനി ഇപ്പോൾ ഞാനെന്താണ് ചെയ്യേണ്ടത്? അതെങ്ങനെയായാലും അമ്മാമന് ഒരാളെ വല്ലാത്ത കഷ്ടത്തിലാക്കാൻ നല്ലവശം."

"എന്തുകഷ്ടത്തിലാണ് നീ പെട്ടത്?" എന്നു രാമസുന്ദരി ചിരിച്ചുംകൊണ്ടു ചോദിച്ചു. "നിന്റെ അമ്മാമൻ വീട്ടിലുണ്ടായാൽതന്നെ അതുകൊണ്ടു നിനക്കു വല്ല മെച്ചവുമുണ്ടോ? അവൾ വരുന്നു. അതുകൊണ്ടെന്താ? വരട്ടെ. അവർ വന്നോട്ടെ എന്നേർപ്പാടുചെയ്തിരുന്നു. നിനക്കു ചെയ്യാനുള്ളത് അവരെ കൂട്ടിക്കൊണ്ടു വരുവാൻ സ്റ്റേഷനിലേ

ക്ക് ഒന്നു പോവണം. അതുകൂടി ചെയ്വാൻ നിന്നെക്കൊ
ണ്ടാവില്ലേ?”.

“അതു ഞാൻ നടത്താതെ തരമില്ലല്ലോ” എന്നു സ
മരേന്ദ്രൻ തല ചൊറിഞ്ഞുകൊണ്ടു പറഞ്ഞു. “അല്ലാ
തെ എന്താ ചെയ്യുക? ഇപ്പോൾ എനിക്കു പോവാൻ സമ
യമായി. എന്റെ പ്രാഥമികപാഠശാലയിലെ വിദ്യാർത്ഥികളെ
ല്ലാം എന്നെ കാത്തുനില്ക്കയാണെന്നോ! ഞാൻ ചെല്ലുന്നതിന്
ഒരു നിമിഷം വൈകിയാൽ, അവർ ലഹളകൂട്ടി പള്ളിക്കൂ
ടമൊക്കെ കീഴ്മേൽ മറിക്കും”.

“ഓഹോ! അവർക്കു നിങ്ങളെ വളരെ ഇഷ്ടമാണെന്നു
തോന്നുന്നുവല്ലോ” എന്നു രാമസുന്ദരി സന്തോഷത്തോടെ
പറഞ്ഞു.

“എന്നെ കാണാത്തതുകൊണ്ടാണ് വ്യസനിച്ചു കര
യുന്നതെന്നു കരുതാൻ പോവേണ്ട. അവരുടെ ഒക്കെ ല
ഹള കഷ്ടപ്പാടിന്റെ ഫലമാണെന്ന് ഒരുവിധത്തിലും പ
റയുവാൻ പാടില്ല. നിങ്ങളുടെ ആ വിശേഷപ്പെട്ട മരുമ
കന്റെ സൽഗുണങ്ങളെ മനസ്സിലാക്കുവാനുള്ള ബുദ്ധി
ദൈവം അവർക്കിനിയും കൊടുത്തിട്ടില്ല” എന്നു സമരേ
ന്ദ്രൻ ചിരിച്ചുകൊണ്ടു പറഞ്ഞു.

അന്നു സമരേന്ദ്രൻ കോളേജിൽ ജോലി കഴിഞ്ഞ മാ
ത്രയിൽ വീട്ടിലേക്കു മടങ്ങി. മററു ദിവസങ്ങളിൽ വളരെ
അധികം സമയം പുസ്തകപ്പീടികകളിലുള്ള പുതിയതും പ
ഴയതുമായ പുസ്തകങ്ങളെ ശേഖരിച്ച്, കീറിപ്പറിഞ്ഞതും
പൊടിപിടിച്ചതുമായ ഒരുകെട്ടു പുസ്തകങ്ങളും ചുമലി
ലെടുത്ത്, രാമസുന്ദരിയെ സന്തോഷിപ്പിക്കുന്നതിന് ഏ
താണ്ടു വൈകുന്നേരത്തിനടുക്കുമ്പോഴേ വീട്ടിലെത്തൂ. ഇ

ഷക്കുടെ ഇങ്ങിനെ കണ്ടിട്ട് അവർ കുറെശ്ശ ക്ഷമ പഠിക്കുവാൻ തുടങ്ങിയിട്ടുണ്ട്. എങ്കിലും എല്ലാററിനും ഒരതിത്തിയുണ്ടല്ലൊ. ഒരു കൂലിക്കാരന്നു ചുമക്കാവുന്ന ഒരുകെട്ടു കീറിയ മാസികകളും കടലാസ്സുകളും വാങ്ങിവന്ന് അവ തന്റെ കട്ടിലിന്മേൽ സമരേന്ദ്രൻ അടുക്കുന്ന സമയം രാമസുന്ദരി അവരുടെ അവലാതികളെ മറിച്ചുപോയ ജ്യേഷ്ഠത്തിയമ്മയുടേയും ജ്യേഷ്ഠത്തിയുടേയും പേരുകൾ പറഞ്ഞു കരയുക പതിവായിരുന്നു. സമരേന്ദ്രൻ ചെറിയമ്മയുടെ സങ്കടം കണ്ട്, വളരെ വ്യസനത്തോടുകൂടി ആവുന്നത്ര വേഗത്തിൽ അവയെ വിരിപ്പിൽനിന്നു കെട്ടിയെടുത്തു കിടക്കക്കൂടിയിൽ തിരുകുകയും ചെയ്യാറുണ്ടായിരുന്നു.

എന്തായാലും ഇന്നു സ്റ്റേഷനിലേക്കു പോകുന്നതിനെക്കുറിച്ചുള്ള വിചാരംകൊണ്ടു തനിക്കിഷ്ടപ്പെട്ട ഈ തൊഴിലിലേർപ്പെടുന്നതിന്നുകൂടി അയാൾക്ക് ആഗ്രഹമുണ്ടായില്ല. കോളെജിലെ ജോലി കഴിഞ്ഞു ഉടനെ വീട്ടിലേക്കു മടങ്ങി എത്തി, തന്റെ മുറിയിൽ വലിച്ചുവാരിക്കിടക്കുന്ന സാമാനങ്ങളുടെ ഉള്ളിൽനിന്ന് ഒരു സമയവിവരപ്പട്ടിക വളരെ ബുദ്ധിമുട്ടി സമരേന്ദ്രൻ തിരഞ്ഞെടുത്ത് അതിനെ അതി ശ്രദ്ധയോടെ വായിക്കുവാൻ തുടങ്ങി.

രാമസുന്ദരി ഇതിനിടയിൽ ഒരിക്കൽ ആ മുറിയിലെത്തി ഇങ്ങനെ പറഞ്ഞു.—“മുകളിൽ നാലാം ഭാഗത്തുള്ള മുറി അവർക്കായി ഒരുക്കിവെച്ചിട്ടുണ്ട്. അവർ ഇതുവരെ ഒരു ധനികഗൃഹത്തിലാണ് വളർന്നുവന്നിട്ടുള്ളത്. നമ്മുടെ ഈ സാധുഭവനത്തിലുള്ള ഏർപ്പാടുകൾകൊണ്ട് അവർ തൃപ്തിപ്പെട്ടാൽ മതിയായിരുന്നു എന്നൊ എനിക്കു താല്പര്യമുള്ളൂ. എന്റെ ജ്യേഷ്ഠൻ കുറെക്കൂടി സൂക്ഷിച്ചു ചില

വുകഴിച്ചു എങ്കിൽ നമുക്ക് ഇന്ന് ഒരു ബുദ്ധിമുട്ടും നേരിടുമായിരുന്നില്ല. അതിന്നു പകരം, അദ്ദേഹം എപ്പോഴും വർപ്പണങ്ങളുടേയും നീ കീറിയ കടലാസ്സുകളും രാജ്യത്തുള്ള പൊടിമുഴുവനും വാങ്ങിച്ചുകൊണ്ടുമിരുന്നാൽ വല്ല തറവാട്ടിന്നും അഭിവൃദ്ധിക്കു വഴിയുണ്ടോ?"

തന്റെ ചെറിയമ്മയുടെ മനസ്സ് വല്ലസംഗതിവശാലും ക്ഷോഭിച്ചുപോയാൽ അവർ ഒരു മണിക്കൂർ നേരത്തേക്ക് ആ സംഗതിയെ വിട്ടുമാറുകയില്ല എന്നു സമരേന്ദ്രന്നു നല്ല നിശ്ചയമുണ്ടായിരുന്നു. അതിന്നു പ്രതിവിധിയായി ആയാറം വേഗത്തിൽ അതിനെ തടഞ്ഞുകൊണ്ട്—"ചെറിയമ്മെ! എനിക്ക് അമെനിക്കുറിനകത്തു പോണം. എന്തെങ്കിലും തിന്നുവാനുണ്ടോ?" എന്നു ചോദിച്ചു.

"അതിനെ പററി പരിഭ്രമിക്കേണ്ട. ഞാനെന്നാണ് നിനക്കു ഭക്ഷണത്തിന്ന് എന്തെങ്കിലും ഒരുക്കിവെക്കാതിരുന്നിട്ടുള്ളത്? നീ അതു മറക്കാതെ ഭക്ഷിച്ചാൽ മതി. ഞാൻ വന്നത് എന്തിനാണെന്നു മുമ്പെ തീച്ചപ്പെടുത്തട്ടെ. നിന്റെ ആ പൊട്ടിയ റാന്തലെവിടെ? ഞാൻ ഇന്നു അതുകൊണ്ടു കഴിച്ചുകൊള്ളാം. നാളയ്ക്കു ഒരു നല്ല വിളക്കു വാങ്ങുവാൻ ഏർപ്പാടു ചെയ്യാം.

• "ചെറിയമ്മ ആ വലിയ വിളക്കെടുക്കു" എന്നു സമരേന്ദ്രൻ അപേക്ഷിച്ചു. "ഞാൻ എത്ര നല്ലവണ്ണം ആ റാന്തൽകൊണ്ടു കഴിച്ചിരുന്നു! എന്നാൽ നിങ്ങളുടെ ആ നല്ലവിളക്കു വന്നതുമുതല്ക്കു എന്റെ വായന ഇല്ലാതെയായി. എല്ലാ നേരവും എന്റെ കണ്ണും കാലും അനക്കുന്നതിൽ ശ്രമിച്ചുകൊണ്ട് എന്റെ മേശക്കടുത്തിരിക്കേണ്ടതായിവരുന്നു. അല്ലെങ്കിൽ, ഒരിക്കലല്ലെങ്കിൽ മറെറാരിക്കൽ, ഒരു

മുട്ട് — അതോടുകൂടി ആ 'ടാജ് മഹാൾ' കിള്ളി തവിടു പൊടിയാകും." ആയാൾ ആ സമയവിവരപ്പട്ടിക താഴെ വെച്ചു; സ്റ്റേഷനിലേക്ക പോവാൻ ഒരുങ്ങിത്തുടങ്ങി.

സ്റ്റേഷനിലെത്തിയ ഉടനെ വണ്ടിയും വന്നു. താൻ കൂട്ടിക്കൊണ്ടുപോവാൻ വന്ന ആൾ കാഴ്ചയിൽ ഏതുപ്രകാരത്തിലിരിക്കുമെന്ന സമരേന്ദ്രന് ഒരു വിവരവുമുണ്ടായിരുന്നില്ല. ആ തിരക്കിൽ അങ്ങോട്ടുമിങ്ങോട്ടും നോക്കിക്കൊണ്ട് കുറച്ചുനേരം നിന്നശേഷം വണ്ടിയിലെ സ്ത്രീകൾക്കുള്ള മുറി തിരയുവാൻ പോയി.

പെട്ടെന്ന് ആരോ പിന്നിൽനിന്ന് "ഉമേശബാബു, ഉമേശബാബു" എന്നുറക്കെ വിളിക്കുവാൻ തുടങ്ങി. സമരേന്ദ്രൻ തിരിഞ്ഞുനോക്കിയപ്പോൾ, തന്റെ അമ്മാമന്റെ പേർ ഉൽക്കണ്ഠയോടെ വിളിച്ചുകൊണ്ടു നില്ക്കുന്ന മധ്യപ്രായക്കാരനായ ഒരാളെ കണ്ടു. അദ്ദേഹത്തിന്റെ അരികിൽ ഒരു യുവതിയും നിന്നിരുന്നു. രണ്ടു കൂലിക്കാർ കുറെ പെട്ടികളും വിരിപ്പും മററുമുള്ള രണ്ടു വലിയ ചുമടുകളും ചുമന്നുകൊണ്ട് അവരുടെ അരികെ അനങ്ങാതെ ഗൌരവത്തിൽ നില്ക്കുന്ന ഒരു കാഴ്ചയും കണ്ടു.

സമരേന്ദ്രൻ അദ്ദേഹത്തിന്റെ അടുക്കലേക്ക ചെല്ലും വഴിക്ക്, ഇരുപത്താറു വയസ്സായ ഒരു യുവാവു ചെയ്യുംവണ്ണം, ആ തരുണിയുടെ നിറം വളരെ നല്ലതാണെന്നും, അപ്പോൾ വ്യസനഭാവമുള്ളതായി കാണപ്പെട്ടു എങ്കിലും നല്ല വലിയ കണ്ണുകൾ അവൾക്കുണ്ടെന്നും സൂക്ഷ്മമായി മനസ്സിലാക്കി. പൊടിയണിഞ്ഞ പുസ്തകത്തിന്റെ ഏടുകളെ വിട്ടു മററു വല്ലതിലും ഇപ്രകാരമുള്ള സൂക്ഷ്മജ്ഞാനശക്തി അവരുടെ സമരന്നു ചെല്ലുമെന്നു രാമസുന്ദരി ഒരിക്കലും

വിശ്വസിക്കുമായിരുന്നില്ല. എന്നാൽ ഊർമ്മിള താൻ തന്നെ വളർത്തിക്കൊണ്ടുവന്ന ഒരാളായിരുന്നാലും ആ ആളെ പററി എപ്പോഴും പൂർണ്ണമായ ജ്ഞാനമുണ്ടാകേണമെന്നില്ല.

സുരേന്ദ്രൻ അടുത്തുചെന്നു്, ആ മാന്യനോടു "നിങ്ങൾ ഉമേശചന്ദ്രബാബുവിനെയാണൊ നോക്കുന്നതു്?" എന്നു ചോദിച്ചു.

ആ ആൾ ആശ്വാസത്തോടെ സുരേന്ദ്രനെ നോക്കി "അതെ, എന്റെ കുട്ടീ, അതെ. അങ്ങ് അദ്ദേഹത്തിന്റെ മകനാണൊ?" എന്നു ചോദിച്ചു.

"അല്ല, അദ്ദേഹം എന്റെ അമ്മാമനാണു്. അദ്ദേഹം ഇപ്പോൾ കല്ക്കത്തയിലില്ല. ഏകദേശം ഒരുമാസം മുമ്പെ മധുപുരിക്കുപോയി. അതാണു് ഞാൻ വന്നതു്. വരു. എന്തിനാണീ തിരക്കിൽ ഇനിയും ഇങ്ങനെ നില്ക്കുന്നതു്? ഞാൻ ഒരു കുതിരവണ്ടി വരുത്തട്ടെ?".

"അതോടുകൂടി എനിക്കൊരു മൂന്നാംതരം വണ്ടിയും ഏർപ്പാടാക്കു. എന്റെ മകളുടെ ശ്വശുരൻ ജോറാപുക്കൂറിലാണു് താമസിക്കുന്നതു്. ഞാൻ അവിടേക്കുപോകുന്നു" എന്നു പറഞ്ഞു് ആ മാന്യൻ പുറപ്പെട്ടു.

സുരേന്ദ്രൻ രണ്ടുവണ്ടി ഏർപ്പാടുചെയ്തു. രണ്ടും രണ്ടാംതരമായി കണ്ടതുകൊണ്ടു്, ചന്ദ്രമോഹനബാബുവിന്നു സല്ലരസമായില്ല. എന്നാൽ, വേറെ മാർഗ്ഗമൊന്നും കാണായ്കയാൽ, തന്റെ മകളുടെ ശ്വശുരനായി കൊണ്ടു് അയച്ചിട്ടുള്ള സാമാനങ്ങൾകൊണ്ടു നിറഞ്ഞ ചുമടുകെട്ടുകൾ അതിലൊന്നിൽ കയററുവാൻ തുടങ്ങി.

വണ്ടികളിൽ സാമാനങ്ങളെല്ലാം കയററിയതിന്നുശേഷം, ചന്ദ്രമോഹനബാബു ഉൎമ്മിളയുടെ അരികെ എത്തി

ഇപ്രകാരം പറഞ്ഞു "എൻെറകുട്ടീ, ഇനി ഞാനിപ്പോൾ പോകട്ടെ. കൂട്ടരുടെ വിവരങ്ങളറിയിക്കണം. നിന്നെക്കുറിച്ചു ഞാനും അന്വേഷണങ്ങൾ നടത്തിക്കൊള്ളാം."

ചന്ദ്രശേഖരബാബുവിനെ അതിന്നുമാത്രം പരിചയം ഉൎമ്മിളയ്ക്കുണ്ടായിരുന്നില്ല എങ്കിലും, ഇഹലോകത്തിൽ അവശേഷിച്ചവരായ ആ സ്വദേശത്തെ പ്രതിനിധിയും തന്നോടു യാത്രപറയുന്നതായും അവരുടെ ദേവി അന്നതായും അപഹരിച്ചതായും എല്ലാം അവൾക്കു തോന്നി. ചന്ദ്രശേഖരൻെറ വണ്ടി നീങ്ങിയതോടുകൂടി, അവളുടെ കണ്ണുകളിൽ വെള്ളം നിറഞ്ഞൊഴുകുവാൻ തുടങ്ങി. സങ്കേതംകൊണ്ട് ആ വഴിയാധികൻെറ സമീപം ഓടിയെത്തുവാൻ അവളുടെ ഹൃദയം മുന്നോട്ടു കുതിച്ചു. സ്റ്റേഷനിലുള്ള വലിയ തിരക്കിൻെറ ഇടയിൽനിന്നു കരയുന്ന ഉൎമ്മിളയെ കണ്ടിട്ട്, സമരേന്ദ്രനു വളരെ വ്യസനം തോന്നി. വണ്ടിവാതൽ പൊടുന്നനെ ഒരു ശബ്ദത്തോടുകൂടി തുറന്നിട്ട്, "ദയവു ചെയ്തു വണ്ടിയിൽ കയറുക" എന്നു പറഞ്ഞു. ഉൎമ്മിള വണ്ടിയുടെ അകത്തു കയറിയഉടനെ, താനും അതിൽ ചാടിക്കയറി, നാലഞ്ചു യുവാക്കന്മാർ സന്തോഷത്തോടെ നോക്കിക്കൊണ്ടിരിക്കുന്ന മദ്ധ്യേ, ഉൎമ്മിളയുടെ മറുത്തുള്ള കിളിവാതൽ ഉടനടി വലിച്ചടച്ചു. പിന്നെ വാതിലും അടച്ചിട്ട് വണ്ടിക്കാരനോ "വേഗം പോട്ടെ" എന്നു കല്പനകൊടുത്തു.

മൈതാനത്തിലുള്ള പാലം കടന്നപ്പോൾ, തൻെറ കൂട്ടുകാരിയെ സമരേന്ദ്രൻ കടാക്ഷത്തോടെ ഒന്നു നോക്കി. അവൾ അപ്പോഴും വണ്ടിയുടെ ഒരു മൂലയിൽ തലചാരിക്കൊണ്ടു

കരയുകയായിരുന്നു. ആ വക സന്ദർഭങ്ങളിൽ എന്താണ് പ്രവർത്തിക്കേണ്ടത്. എന്നു താൻ പഠിച്ച പുസ്തകങ്ങളിലൊന്നും കണ്ടിട്ടുണ്ടായിരുന്നില്ല; അതിനാൽ വലിയ അസ്വാസ്ഥ്യത്തോടെ സമരേന്ദ്രൻ വീണ്ടും മിണ്ടാതെയിരുന്നു. വണ്ടിവാതിൽ തുറന്നു പുറത്തുചാടി ഓടിരക്ഷപ്രാപിക്കണമെന്നായിട്ടു ഒരു മാത്രനേരം ആയാൾക്കു തോന്നിയില്ലെന്നില്ല. എന്നാൽ ആ നടപടി എടുക്കുന്നതു ഭംഗിയല്ലെന്നു മനസ്സിലാക്കി സമരേന്ദ്രൻ ആ യുവതി കരയുന്നതും നോക്കിക്കൊണ്ടിരുന്നു.

വീട്ടിലെത്തിയഉടനെ, രാമസുന്ദരിവന്നു ഉർമ്മിളയെ വണ്ടിയിൽനിന്നിറക്കി "അകത്തുവരൂ, മോളേ" എന്നുപറഞ്ഞ് അവളെ സാവധാനത്തിൽ കൂട്ടിക്കൊണ്ടുപോയി "നീ സുരസുന്ദരിയുടെ മകളല്ലേ? അതുകൊണ്ടു നീ എനിക്ക് എന്റെ കുട്ടിയെപ്പോലെ തന്നെയാണ്. ഞങ്ങൾ കുട്ടിക്കാലത്ത് ഒരുമിച്ച് എത്ര കളിച്ചിട്ടുള്ളവരാണ്!"

സമരേന്ദ്രൻ മുകളിലെത്തിയപ്പോഴേ വേലക്കാരി ഉറക്കെ ഇങ്ങനെ പറയുന്നതു കേട്ടു. "അമ്മേ! കേട്ടോ, എന്തു സുന്ദരി! അമ്മയ്ക്കു ഇതുപോലെ ഒരു മരുമകളുണ്ടാവട്ടെ!"

സമരേന്ദ്രന് അക്ഷമയധികം തോന്നി, "ചെറിയമ്മേ! എനിക്കു വേഗം ചോറുതരൂ. നിങ്ങൾ എന്നെ പട്ടിണിയിട്ടുകൊല്ലുവാൻ പോകയാണോ?" എന്നു വിളിച്ചു ചോദിച്ചു.

"അല്ലാ, ഈശ്വരാ! ഇതെന്താണ്; നീ പുറത്തുപോവുന്നതിനുമുമ്പു വയർനിറച്ചു ഊൺ കഴിച്ചതല്ലേ? ഇപ്പോൾതന്നെ ഇനിയും ഒരു ഊണിനു മാവകുണ്ടോ?" എന്നു രാമസുന്ദരിയും ചോദിച്ചു.

സമരേന്ദ്രൻ തന്റെ മുറിയിൽ ചെന്നു വായിക്കുവാനിരുന്നു.

രാമസുന്ദരി ഊൎമ്മിളയെ അവൾക്കായി തീൎച്ചപ്പെടുത്തിയിട്ടുള്ള മുറിയിൽകൊണ്ടുപോയി ആക്കി ഇങ്ങനെ പറഞ്ഞു— "ഈ മുറി ഞാൻ നിനക്കുവേണ്ടി ഒരുക്കിയിട്ടുള്ളതാണ്; ഇതിൽ കഴിച്ചുകൂട്ടുകയെ? ഉടുപ്പെല്ലാം മാററി വേഗം കുളിക്കു. ഈശ്വര! കുറച്ചു വഴിയൊ യാത്രചെയ്തിട്ടുള്ളത്? നിനക്കു ചെറുപ്പമാണ്; അതുകൊണ്ട് ഒന്നു അറിയുന്നില്ല. ഞാനാദ്യ ദൎശനത്തിൽ, നേരെ കിടപ്പു നോക്കി പോവുകയായിരുന്നു. നിന്നെ നോക്കുമ്പോൾ ഞാൻ സുരസുന്ദരിയെ കാണുകയാണോ എന്നു തോന്നിപ്പോകുന്നു. ഞാനവരെ ഒടുവിൽ കാണുമ്പോൾ അവൾ നിന്റെ പ്രായമെ ആയിരുന്നുള്ളു. നിന്റെ മുഖം അവരുടെ മുഖം പോലെതന്നെ. അവൾക്ക് എന്തു നിറമായിരുന്നു! നല്ല തങ്കം പോലെ ഇരുന്നു. ആ നിറത്തിൽ ഞാൻ ഒരൊററ ആളെ വേറെ കണ്ടിട്ടില്ല".

സമരേന്ദ്രൻ തന്റെ മുറിയിലിരുന്നു ചെറിയമ്മ പറയുന്നതെല്ലാം ശ്രദ്ധയോടെ കേൾക്കുന്നുണ്ടായിരുന്നു. പറഞ്ഞുവന്ന് അവരെ വിളിച്ചു. ചെറിയമ്മെ, ആരുടെ നിറമാണ് വിശേഷമെന്നു സൌകൎയ്യമായി ഒരവസരംനോക്കി തീൎച്ചപ്പെടുത്തിയാലുംമതി! ഇപ്പോൾ വല്ലതും കഴിക്കുവാൻ കൊടുക്കു. എത്ര വലിയ വഴിയാത്രയാണ് കഴിച്ചുവരുന്നത്!" എന്നു പറഞ്ഞു.

"എന്നെ ശാസിക്കുവാൻ ഒരു ഹേതുവായിട്ടാണ് അവൾ വന്നതെന്നു തോന്നുന്നു? അവൾക്കു വല്ലതും കഴിക്കേണമെന്നു എനിക്കറിഞ്ഞുകൂടെ?" ഇതും പറഞ്ഞുകൊണ്ട് രാമസുന്ദരി അടുക്കളപ്പുറം നോക്കി നടന്നു.



അദ്ധ്യായം ൩.

ജോലിത്തിരക്കുകൊണ്ട് ഉണൎച്ചയും മുഴക്കവുമുള്ള കല്ക്കത്തയിൽ വേലയൊന്നുമില്ലാത്തവൎക്ക് ഉച്ചനേരം കഴിച്ചുകൂട്ടുക എന്നതു വല്ലാത്ത സങ്കടമായൊരവസ്ഥയാണ്. വീട്ടിന്നുള്ളിൽ അനങ്ങാതെയിരുന്നു പുറത്തേക്കു നോക്കിക്കൊണ്ട് ഉച്ച കഴിച്ചുകൂട്ടുവാനുള്ള ഒരു സ്ഥലമല്ല അത്. പുറമെ കാണുവാൻ കല്ലും കമ്മായവും ഇഷ്ടികയുമല്ലാതെ ഒന്നുമില്ല. ദിവസത്തിന്റെ ഈ ഭാഗം രാമസുന്ദരി ഉറക്കത്തിൽ കഴിക്കുക പതിവായിരുന്നു. ശിഷ്യത്തിയും വെപ്പുകാരിയും ഒന്നിച്ചു ഉറക്കെ വിളിച്ചുണൎത്തുന്നതുവരെ അവർ യാതൊരു കാരണവശാലും അവരുടെ പായിൽനിന്നു എഴുന്നേല്ക്കുകയില്ല.

പകൽ സമയം ഒരിക്കലും ഉറങ്ങി ശീലിച്ചിട്ടില്ലാത്ത ഉൎമ്മിളയ്ക്കു ആ സമയത്ത് എന്താണ് വേണ്ടതെന്നു നിശ്ചയമില്ലാതായി. ബീഹാറിൽ വസിച്ചിരുന്നപ്പോൾ ദിവസങ്ങൾ കഴിച്ചുകൂട്ടുവാൻ തന്നെ സഹായിച്ചിരുന്ന ഉപകരണങ്ങളൊന്നും അവൾക്കിവിടെ ഉണ്ടായിരുന്നില്ല. ബദ്ധപ്പാടിൽ പോരേണ്ടതായി വന്നതുകൊണ്ട്, അവളുടെ ഉടുപ്പുകൾ കൂടാതെ അധികമൊന്നും കൊണ്ടുവരുവാൻ അവൾക്കു സാധിച്ചില്ല. രാമസുന്ദരിയുടെ കഥകൾകൊണ്ട് രാവിലെയും വൈകുന്നേരവും അവൾ സന്തോഷത്തോടെ കഴിച്ചുപോന്നു; എന്നാൽ മദ്ധ്യാഹ്നം വിഷമമായ ഒരു ഘട്ടമായിരുന്നു. സമരേന്ദ്രൻ എപ്പോഴും ഒരു കുന്നു പുസ്തകങ്ങളുടെ അട്ടത്തൊരു വശം കൂടിയിരുന്നതുകൊണ്ട്, ആ

വരാം വീട്ടിലുണ്ടായാലും ഇല്ലെങ്കിലും ഉൎമ്മിളയ്ക്കു ഫലം ഒ-
ന്നുപോലെ തന്നെയായിരുന്നു. തന്റെ ജീവകാലം മുഴുവൻ
ഒറ്റയ്ക്കു കഴിച്ചുകൂട്ടിപ്പോന്ന ഒരാൾ ഒരു കൂട്ടുകാരനില്ലാത്ത
തുകൊണ്ടു വ്യസനിക്കുന്ന എന്നുള്ളതു തീൎച്ചയായും യുക്തി
ക്കു ചേൎന്നതല്ല; എന്നാൽ കല്യാണനാളിൽ വന്നതിൽ പി-
ന്നെ മനുഷ്യരായിട്ടുള്ള പേൎക്കു് ഏതുനാളും സ്പൃഹണീയ
മാണെന്നു് ഒരു മട്ടു പരിചയിച്ചറിയുകയാൽ ഉൎമ്മിളയുടെ
ഹൃദയം ഇപ്രകാരം ചഞ്ചലപ്പെടുവാൻ തുടങ്ങി. അവളു-
ടെ പൂൎവ്വസ്ഥിതിയെ അനുകരിക്കുന്നതിനു് അവൾക്കു സാ-
ദ്ധ്യമായി. ഇന്ദുപുരിക്കു തുല്യമായ, തന്റെ മുമ്പില-
ത്തെ വിശേഷപ്പെട്ട ഭവനങ്ങൾ തൊട്ടു തൊട്ടു പണി
തിട്ടുള്ള വിശേഷങ്ങളായ ഈ ചെറിയ ഗൃഹങ്ങൾ അധികം
മനോഹരങ്ങളായി അവൾക്കിപ്പോൾ തോന്നി; എന്തുകൊ-
ണ്ടെന്നാൽ ഈ പ്രാവിൻകൂടുകളിൽ എല്ലാവരും കിട്ടു-
വാൻ ഏറ്റവും കൊതിക്കുന്ന സംസൎഗ്ഗനിധികളിലൊന്നു വിള-
ങ്ങുന്നുണ്ടായിരുന്നു.

നിലാമുറ്റത്തു പോയി അയൽവീട്ടിലുള്ള കല്യാണം
കഴിഞ്ഞ പെൺകുട്ടികളോടു സംസാരിച്ചുകൊണ്ടിരിക്കുന്ന
തും, ഉച്ചതിരിഞ്ഞാൽ തുറന്നു കിടക്കുന്ന ജനാലയിൽക്കൂടി
യുവതികൾ തങ്ങളുടെ തലമുടിയുടെ ഇടയിൽക്കൂടെ കൈ
വിരലുകളിളക്കിക്കൊണ്ടു് അവരെ വേൎപെടുത്തി ശരിയാ
ക്കുന്നതു നോക്കിക്കൊണ്ടിരിക്കുന്നതും ഉൎമ്മിളയുടെ നിത്യ
വേലകളിൽ ഒന്നായിത്തീൎന്നു. ചുറ്റും ധാരാളം ആളുകൾ വ
സിക്കുന്നുണ്ടായിരുന്നു. എന്നാൽ എത്ര കുറച്ചു പേരുടെ പ
രിചയം മാത്രമാണു് അവൾക്കുണ്ടായിരുന്നതു്! മനുഷ്യരുടെ
സാഹചര്യത്തിൽനിന്നു ദിനെ നീങ്ങിക്കൊണ്ടാണു് ക്ഷേത്ര-

നാഥൻ അവരെ വളൎത്തിയിട്ടുള്ളതു്; അതിനാൽ മനുഷ്യ സംസൎഗ്ഗത്തിലുള്ള അവരുടെ ആത്മാൎത്ഥത ഒരിക്കലും ഇട ഞ്ഞിരിക്കുന്നില്ല. ക്ഷാമബാധിതനായ ഒരുവന്നു ഭക്ഷണം കാണുമ്പോൾ ഉണ്ടാകുന്ന വികാരംപോലെ അവർ അതെ ല്ലാം ഒന്നിച്ചു വിഴുങ്ങുവാൻ ആഗ്രഹിച്ചു. അതിന്നും പുറ മെ അവരുടെ ശിശുകാലത്തിൽ കിട്ടിയിട്ടുള്ള പഠിപ്പു് അവ രുടെ മനസ്സിനെ വളരെ ഉണൎത്തിപ്പിച്ചിരുന്നതുകൊണ്ടു, തന്റെ വഴിക്കുണ്ടായ ആ പുതിയ സുഖംപോലെയും അതിന്റെ പൂൎണ്ണസ്വഭാവത്തോടുകൂടി അനുഭവിക്കണമെന്നു് അവൎക്കു കഴി വില്ലാതെയായി; അതിനാൽ തന്റെ ആ അശക്തതാദശ യെ കുറിച്ചു് അവർ പ്രസാദിക്കുക പതിവായിരുന്നു. വിത്തു കൾക്കു, വൎഷത്തിൽ പിളൎക്കാൻ കഴിയാത്ത ഭൂമിയുടെ ആ വരണം അത്യാവശ്യമാണു്; എന്നാൽ വൎഷം അവസാനി ച്ചു് ശരൽകാലത്തിലെ ചൂടുകാററ് അവയുടെ മുളകളെ പുറത്തേക്കു കൊണ്ടുവന്നു കഴിഞ്ഞാൽ പിന്നെ അവ പു റമെ കാണുന്ന പ്രത്യക്ഷലോകത്തിങ്കൽ അവയുടെ തല ഉ യൎത്തിപ്പിടിക്കുന്നു. അതിന്നുശേഷം പഴയ ഇരുട്ടറയുടെ ത ട്ടുമറിയിലെ നിഴൽ ഈ പുതിയ ലോകത്തിലെ പ്രകാശമാ നമായ പ്രഭാതത്തിങ്കലുള്ള വെളിച്ചത്തെ തടയുന്നതായാൽ, അധികാശപ്പെടുന്ന കൃതജ്ഞതപോലും കിട്ടുന്നതിന്നു ത ന്റെ പൂൎവ്വവാസത്തിന്നു ന്യായം പറയുവാൻ സാധിക്കയില്ല. സ്വാതന്ത്ര്യമായ ഒരു സുഖജീവിതത്തിൽ മററുള്ളവരെപ്പോ ലെ ചേരുന്നതിന്നു ഉൽകണ്ഠിച്ചുകൊണ്ടു പാടിയ പക്ഷി കൾ അവരുടെ പാട്ടുകളെ മാത്രം തടയുന്നതെന്താണു്? ന ന്നമായ ഭൂതകാലത്തിലെ നിഴൽ അവരുടെ ഗാത്രത്തി ലും യാത്രയെയും വ്യാപിച്ചു നിരോധിക്കുന്നതുകൊണ്ടോ

ണ്? വിശന്നു വലയുന്ന ഒരാൾക്ക് ഉണ്ണുവാൻ അറിഞ്ഞുകൂടെങ്കിലത്തെ കഥ എന്താണ്?

ഇന്നും രാവിലത്തെ ഭക്ഷണം കഴിഞ്ഞ ഉടനെ രാമസുന്ദരി ബങ്കിംബാബുവിൻെറ ഒരു പുസ്തകവും കയ്യിലാക്കി നിദ്രാസുഖത്തെ അനുഭവിക്കുകയായിരുന്നു. ഈ പുസ്തകം അവളുടെ കൂടെ കൂടിയിട്ടു വളരെ നാളായിരിക്കുന്നു. അവളുടെ മുറിയിൽ വേറെയും രണ്ടു മൂന്നു പുസ്തകങ്ങൾ ഉള്ളതു ശരിതന്നെ; എന്നാൽ അവളുടെ ആവശ്യം നടത്തുന്നതിന് ഇതുപോലെ മറെറാന്നും ഉപകരിച്ചിരുന്നില്ല. ലോകത്തിൽ ഏററവും യോഗ്യനായ വൈദ്യൻെറ കൈവശത്തിൽ പോലും ഇത്ര സുഖകരമായ ഉറക്കമുണ്ടാക്കുവാനുള്ള ഔഷധമുണ്ടായിരുന്നില്ല.

ഉൎമ്മിള അസ്വാസ്ഥ്യത്തോടെ അവരുടെ മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും നടന്നുകൊണ്ടിരിക്കുകയായിരുന്നു. മുറി വളരെ വലിയതായിരുന്നില്ല; സാമാനങ്ങളെല്ലാം, ആഡംബരവിഹീനങ്ങളുമായിരുന്നു. രണ്ടോ മൂന്നോ ചിത്രങ്ങളും ഒരു മേശയും രണ്ടു കസാലകളും ഒരു അഴയും ഒരു മരക്കട്ടിലുമാണ് അവിടെയുണ്ടായിരുന്നത്. ഈ മേശയുടെയും കസാലകളുടെയും ചുററുമുള്ള ആ ഇടുങ്ങിയ സ്ഥലത്തു ചുററിനടക്കുന്നതു രസകരമായ ഒരു തൊഴിലായിരുന്നില്ല; പക്ഷേ, അവൾക്ക് അതിലും ഭേദമായി മറെറാന്നും ചെയ്യുവാനുണ്ടായിരുന്നതുമില്ല. ക്രമവിഹീനങ്ങളും മാറിമാറിക്കൊണ്ടിരുന്നവയുമായ ഒരുകൂട്ടം വിചാരങ്ങൾ അവളുടെ ബുദ്ധിയെ ഭ്രമിപ്പിക്കുവാനാരംഭിച്ചു.

ഒടുവിൽ ആ മുറിയിലെ സ്വല്പസ്ഥലത്തു ചുററിത്തിരിഞ്ഞു മടുത്തതിനാൽ അവൾ പുറത്തുവന്നു. രാമസുന്ദരിയു-

ടെ മുറിവാതുക്കൽ എത്തിയപ്പോൾ, കണ്ണട വെച്ചും കൊണ്ടു് അവർ സുഖമായി ഉറങ്ങുന്നതുകണ്ടു. സോനാളി അവരുടെ അരികെ വീണു കിടക്കുന്ന ആ പുസ്തകത്തിന്മേൽ കയറിയിരുന്നു വിശ്രമിക്കുകയായിരുന്നു. അതിന്റെ പൂച്ചക്കുട്ടികളിൽ ഒന്നു് ഒരു വെളുത്ത പഞ്ഞിപ്പന്തുപോലെ അതിന്റെ വാലിന്റെ പിന്നാലെ ചുററിത്തിരിഞ്ഞുകൊണ്ടും, തള്ളപ്പൂച്ചയുടെ പുറത്തുചാടിവീണു് അതിന്റെ തട്ടു വാങ്ങിക്കൊണ്ടും കളിക്കുന്നുണ്ടായിരുന്നു. ഊൎമ്മിള ശബ്ദം കൂടാതെ അകത്തു കടന്നു ആ പൂച്ചക്കുട്ടിയെ കയ്യിലെടുത്തു പുറത്തേക്കു പോന്നു.

ആ സമയത്തു സമരേന്ദ്രന്റെ മുറി തുറന്നുകിടന്നിരുന്നു. "ആയാളുടെ മുറി തുറന്നുകിടന്നാലെന്താണ്? ആരാണ് അതിനകത്തുള്ള വിലപിടിച്ച നിധി കക്കാൻ വരുവാനുള്ളതു്? നേരെമറിച്ചു, ഞാൻ എന്നെങ്കിലും വല്ല വാതിലും തുറന്നിട്ടിരുന്നാൽ അന്നു രാത്രിയാലും എന്തെങ്കിലും ഒരു പിച്ചളപ്പാത്രം കാണില്ല" എന്നു രാമസുന്ദരി പറയാറുണ്ടായിരുന്നു. അതെങ്ങനെയായാലും സമരേന്ദ്രന്റെ അകം എപ്പോഴും തുറന്നുകിടന്നിരുന്നു. വല്ലവരും വല്ലതും കട്ടുകൊണ്ടുപോയിട്ടുണ്ടോ ഇല്ലയോ എന്നു കണ്ടുപിടിക്കുവാനുള്ള ശക്തി മനുഷ്യബുദ്ധിക്കു് അതീതമായിരുന്നു. പുസ്തകങ്ങളും നോട്ടുപുസ്തകങ്ങളും മാസികകളും മുറി മുഴുവനും പരത്തിയിട്ടിരുന്നു. പുസ്തകപ്പലകകളും അലമാരികളും മേശയും അവയെക്കൊണ്ടു നിറച്ചിരുന്നു. ഇത്ര വളരെ പുസ്തകങ്ങൾ കിടക്കുന്നതു കണ്ടിട്ടു്, ഊൎമ്മിള ആർത്തിയോടെ അവിടെ നോക്കിക്കൊണ്ടുനിന്നു. അവയുടെ വില അവൾക്കു നല്ല നിശ്ചയമുണ്ടായിരുന്നു; എന്തെന്നാൽ അവയുടെ സ്വ

ഹോദരനോടുകൂടി മാത്രമാണ് അവൾ ഇതുവരെ വളൎന്നു പോന്നിട്ടുള്ളത്. പൂച്ചക്കുട്ടി അവളുടെ മടിയിൽ തലയും വെച്ചുകൊണ്ടു ഉറക്കമായി. ഊൎമ്മിള അവിടെത്തന്നെ നിന്നു ഇപ്രകാരം വിചാരിക്കുവാൻ തുടങ്ങി. "ഞാൻ അകത്തുകടന്നു കുറച്ചു പുസ്തകങ്ങളെടുത്താൽ വല്ല വിരോധവുമുണ്ടോ? സമരേന്ദ്രബാബു അവയെ എത്ര ക്രമത്തിൽ സൂക്ഷിച്ചിരിക്കുന്നു! ഇതിൽനിന്നു ഒരെണ്ണമോ വല്ലതും എടുത്തുകൊണ്ടുപോയാൽ കണിശക്കാരനായ അദ്ദേഹം അതൊരിക്കലും കണ്ടുപിടിക്കില്ല".

ഈ വിചാരത്തിൽ അത്രത്തോളം മുങ്ങി നിന്നിരുന്നതുകൊണ്ട്, ആരോ പുറകെ എത്തുന്ന കാലടികളുടെ ശബ്ദം അവൾ കേട്ടതേയില്ല. പെട്ടെന്നു സമരേന്ദ്രൻ പിന്നിൽനിന്നു, "എന്താണ് നോക്കുന്നത്? മുറിയുടെ വൃത്തിയേയും വെടിപ്പിനേയും ആരാധിക്കുകയാണോ?" എന്നു ചോദിച്ചു.

ഊൎമ്മിള പെട്ടെന്നു ഞെട്ടി പിന്നാക്കംമാറി. അവളുടെ മുഖം ചുവന്നു ചെമ്പരത്തിപ്പൂപോലെയായി, കഠിനമായ കുററം ചെയ്തുകൊണ്ടിരിക്കുന്ന കള്ളപ്പുള്ളിയെ കയ്യോടെ പിടിച്ചതുപോലെ അവൾ കാണപ്പെട്ടു. സമരേന്ദ്രന്റെ അഭിപ്രായം സാധാരണ ഒരു നേരമ്പോക്കിന്റെ ഫലം മാത്രമായിരുന്നു എങ്കിലും തക്കതായ ഒരു ഉത്തരം കൊടുക്കുവാൻ തോന്നാതെ അവൾ കുഴങ്ങി. ഒന്നും മിണ്ടാതെ നിന്നു. ഉറക്കത്തിൽനിന്നുണൎന്ന പൂച്ചക്കുട്ടി അവളുടെ കയ്യിൽനിന്നു ചാടി ഓടിപ്പോയി.

ഊൎമ്മിളയുടെ ലജ്ജിച്ച മുഖഭാവം കണ്ടിട്ടു സമരേന്ദ്രനും ഒന്നു വല്ലാതെയായി തന്റെ മുറിയിലേക്കു കടന്നു. ഊൎമ്മിള എന്തിനായിട്ടാണ് അവിടെ നില്ക്കുന്നതെന്നു സമരേ

ന്നു നല്ലവണ്ണം മനസ്സിലായി; എന്നാൽ അവളോടു പ
റയുവാൻ മടിക്കുന്നതെന്തിനാണ്? ആൎക്കെങ്കിലും ലജ്ജി
ക്കുവാൻ അവകാശമുണ്ടെങ്കിൽ അതു സമരേന്ദ്രനാണ്.
എന്തെന്നാൽ ആ മനോഹരമായ മുറി ആരുടേതായിരു
ന്നു! താൻ കൊണ്ടുവന്നിരുന്ന പുസ്തകങ്ങളെല്ലാം അവിടെ വെ
ച്ചിട്ട്, അവൻ ഇപ്രകാരം വിചാരിച്ചു—"ഉഷസ്സിനു ഈ
വീട്ടിൽ വന്നിട്ട് എത്ര വേഗം കുടുങ്ങപ്പെട്ടു! അവരുടെ പ്രാ
യത്തിൽ ഇവിടെ ആരുമില്ല; ഈ വീട്ടിൽ ആകപ്പാടെ
ഞാനും എന്റെ ചെറിയമ്മയും മാത്രമേയുള്ളൂ. ചെറിയ
മ്മയാണെങ്കിൽ ഇപ്പോൾ കിടന്ന് ഉറങ്ങിക്കഴിക്കും, ഞാൻ
കോളെജിലേക്കു പോകും; അതുമല്ല, വീട്ടിലുണ്ടായിരുന്നാൽതന്നെ
എന്റെ വലിയ ശത്രുപോലും എന്നെ ഒരു യുവതിക്ക് ത
ക്കതായ കൂട്ടുകാരനായി കരുതുകയില്ല. ഞാൻ എന്റെ
ഈ മാതിരി കെട്ടിൽനിന്ന കുറച്ചു പുസ്തകങ്ങൾ തിരഞ്ഞെ
ടുത്ത്, അവൾക്കു വായിക്കുവാൻ കൊടുക്കുന്നതു നന്നായിരി
ക്കും. അങ്ങിനെ വായിച്ചുകൊണ്ട് അവൾക്കു കുറച്ചുസമയം
കഴിക്കാം. പക്ഷേ ആ തരത്തിലുള്ള പുസ്തകങ്ങൾ എന്റെ
കൈവശത്തിലുണ്ടെന്ന തോന്നുന്നില്ല."

എളുപ്പത്തിൽ മനസ്സിലാകാവുന്ന ഒരു തരം പുസ്തക
ങ്ങൾ വല്ലതുമുണ്ടോ എന്നു തിരയുവാനായി അവൻ അ
വയെ അങ്ങോട്ടുമിങ്ങോട്ടും മറിച്ചിട്ടു പരിശോധന തുടങ്ങി.

സമരേന്ദ്രൻ മുറിക്കകത്തു പ്രവേശിച്ചു കഴിഞ്ഞു" ഉ
ഷസ്സിനു അവിടെ നിന്ന് ഓടിപ്പോയി. തന്റെ നേരെ അ
നാവശ്യമായി വന്ന ദേഷ്യത്താൽ ഉഷസ്സിനുള്ള കരച്ചിൽവ
ന്നുതുടങ്ങി. അവൾ തന്റെ മുറിയിൽ കടന്നു വാതിൽ അ
ടച്ചു. മുറിയുടെ അകത്തുനിന്ന് അവൾ തന്നത്താൻ ഇങ്ങനെ

പറഞ്ഞുതുടങ്ങി— "അയ്യയ്യോ! ഞാനെന്തൊരു ജന്തുവാണ്? അദ്ദേഹം എന്നെ എന്തു വിഡ്ഢിയാണെന്നു കരുതും? എന്റെ പഴയ ഏകാന്തവാസം തന്നെയാണ് എനിക്കു നല്ലത്, എന്നെ ജനങ്ങളുടെ ഇടയിൽ പെരുമാറുവാൻ കൊള്ളില്ല." തന്റെ മുറിവിട്ടു പോകുന്നതിനു പിന്നെ അവൾക്കു ലേശവും ധൈര്യമില്ലാതായി.

ഏതാണ്ട് ആ സമയത്തു രാമസുന്ദരിയുടെ ഉറക്കം അവസാനിച്ചമട്ടിലായി. അവൾ കോട്ടുവായുമിട്ടുകൊണ്ട് എഴുന്നേറ്റിരുന്ന് കണ്ണുകളൊന്നു തിരുമ്മി കണ്ണടയും പുസ്തകങ്ങളും മറ്റുമെടുക്കുവാൻ തുടങ്ങി. ഉടനെ തന്റെ നോട്ടം സമരേന്ദ്രന്റെ മുറിയുടെനേർക്ക് തിരിഞ്ഞപ്പോൾ അവൾ "ഇതെന്താണ് സമർ? ഇന്നു വളരെ നേരത്തെ വന്നല്ലൊ" എന്നു പറഞ്ഞു.

"ഇന്നെന്റെ ജോലി നേരത്തെ കഴിച്ചു" എന്നു സമരേന്ദ്രൻ മറുപടി പറഞ്ഞുകൊണ്ടു പിന്നെയും പുസ്തകങ്ങൾ വലിച്ചിടുവാൻ തുടങ്ങി.

വളരെ ബുദ്ധിമുട്ടിയശേഷം, ഊർമ്മിളയ്ക്കു വായിക്കുവാൻ തക്കതായ കുറെ പുസ്തകങ്ങൾ ഒന്നിച്ചെടുത്ത് ഒരു ഭാഗത്തായി നീക്കിവെച്ചു. വാതില്ക്കലെത്തി തല പുറത്തേക്കു നീട്ടി നാലുഭാഗവും ഒന്നു നോക്കി. അവിടെ ഊർമ്മിളയുടെ ഒരു ലക്ഷണംപോലും കണ്ടില്ല. ഒരു കള്ളൻപോലെ സാവധാനത്തിൽ അവയെ അവൾക്കു കൊടുത്താൽ മതിയെന്നു തീർച്ചപ്പെടുത്തി. അയാൾ തന്റെ ജോലിയിലേർപ്പെട്ടു.

മദ്ധ്യാഹ്നഭക്ഷണത്തിനുശേഷം ഒരു കെട്ടു പുസ്തകം രാമസുന്ദരിയുടെ അടുക്കൽ നീട്ടിക്കൊണ്ട്, സമരേന്ദ്രൻ പ

ഞ്ഞു—"ചെറിയമ്മെ, ഈ പുസ്തകങ്ങൾ ഊൎമ്മിളയ്ക്കു കൊടുക്കൂ, നിങ്ങൾ ഉച്ചസമയം മുഴുവനും നല്ല ഉറക്കമായിരിക്കുമ്പോൾ, ആ സാധു തനിയെ കഴിച്ചുകൂട്ടണം. ഒരു പക്ഷെ ഇതുകൊണ്ടു കുറച്ചുനേരം കളയാം."

"ആര്, ഊൎമ്മിളയോ? ഞാനിപ്പോൾ അവളെ വിളിക്കാം. എന്താണ് അവളിന്നിയും ഉണരുവാൻ വരാത്തത്? ഊൎമ്മിളെ, ഊൎമ്മിളെ, ഉമെ!"

"നിങ്ങൾ അവരുടെ പേർ ചുരുക്കിക്കഴിഞ്ഞു, അല്ലെ?" എന്നു സമരേന്ദ്രൻ ചിരിച്ചുകൊണ്ടു പറഞ്ഞു.

"എന്തുകൊണ്ടു പാടില്ല? ഇത്രവലിയ പേരെടുത്ത് ആൎക്ക വിളിക്കുവാൻ കഴിയുമൊ?"

"അത്ര വലിയ പേരൊന്നുമല്ല. അത് ഇതിലും ചുരുങ്ങിയതായിരുന്നാൽ, അതിനേയും നിങ്ങൾ ചുരുക്കുവാൻ വിചാരിക്കും."

അവരുടെ പേരിനെ പററി ഈ തൎക്കമെല്ലാം നടന്നിരുന്നപ്പൊ, അവൾ ആ സമയത്തു് അവിടെ എത്തി. സമരേന്ദ്രൻ അവളുടെ നേരെ തിരിഞ്ഞുനിന്ന് "ഇവയിൽ ഏതെങ്കിലും വായിക്കേണ്ടതുണ്ടോ എന്നു നോക്കൂ. കൊള്ളാവുന്നവയുണ്ടെന്നു തോന്നുന്നില്ല." എന്നുപറഞ്ഞു.

ഊൎമ്മിള ആ പുസ്തകങ്ങൾ വേഗത്തിൽ എടുത്തു നോക്കി "ഇവയിൽ അധികവും ഞാൻ വായിക്കാത്തവയാണ്. ഞാനിപ്പോൾതന്നെ ഒന്നു നോക്കട്ടെ" എന്നു മറുപടി പറഞ്ഞു.

"എന്റെ പഴയ പുസ്തകങ്ങൾ വായിച്ചു രസിക്കുവാനായി ഒടുവിൽ ഒരാളെങ്കിലും എത്തിയതു നന്നായി" എന്നു രാമസുന്ദരി ചിരിച്ചുകൊണ്ടു പറഞ്ഞു. "ഞാനവരെ കാ

അവരോ ഇവിടെനിന്നെടുത്തുകൊണ്ടുപോകുവാൻ നില
വിളിക്കയാണ്. എത്ര അറിവില്ലാത്ത ഒരു ചെറിയകു
ട്ടിയാണ് ആ യാത്രക്കു കൂട്ടിനിട്ടുള്ളതെന്നു സമരൻ വി
ചാരിക്കുകയും ചെയ്യും."

അന്നത്തെ മദ്ധ്യാഹ്നം ഉൎമ്മിളയ്ക്കു വളരെ സന്തോ
ഷമായി കഴിഞ്ഞുകൂടി. താനനുഭവിക്കുന്ന ആ ആകാര
ണമായ ആനന്ദത്തിന്റെ ആധിക്യത്താൽ അവളും കൂടക്കൂ
ടെ പൊട്ടിത്തെറിക്കുകയും ചെയ്തു. സാധാരണയായ ചില അ
ഭിപ്രായങ്ങളെ മാറ്റി അറിയിക്കുന്നതു അത്ര വലിയ കാ
ര്യമൊന്നുമല്ല. പിന്നെ അതിനെക്കുറിച്ച് ഇങ്ങനെ
അഭിമാനിക്കുവാൻ എന്താണുള്ളത്? എന്ന അവൾക്കു
തന്നെ സംശയമുണ്ടായി.

പുസ്തകങ്ങളും വായനയും ഉൎമ്മിളയ്ക്ക് അപരിചിത
ങ്ങളായിരുന്നില്ല. ആ വഴിക്കാരംഭിച്ചതായ സമരനോ
ടുള്ള അടുത്ത പരിചയം മനോസുഖത്തെകൊടുത്തു. പ
രിചയമുള്ള വഴിയെ നടക്കുന്നതിന് ഒരാൾക്ക് എളുപ്പം കൂ
ടും; വിശ്വാസത്തോടുകൂടി കാലെടുത്തു മുമ്പോട്ടു പോകു
വാൻ സാധിക്കുകയും ചെയ്യും. സാധാരണമട്ടിൽ കളിയാക്കു
മ്പോൾ ഒരു വാക്കുപോലും ഉച്ചരിക്കുവാൻ കഴിയാതിരുന്ന
ഉൎമ്മിളയ്ക്ക്, തനിക്കിഷ്ടമുള്ള പുസ്തകത്തെപ്പറ്റിയുള്ള വാദ
ത്തിൽ ധാരാളം സംസാരിക്കുന്നതിനു സുസാദ്ധ്യമായിരുന്നു.
അവരുമായി ഈ വക തൎക്കങ്ങളിൽ പങ്കുകൊള്ളുവാൻ, വ
ളരെ നാളായി വായിക്കാതെ വിട്ടിരുന്ന നാടകങ്ങളുടേയും
വിനോദകഥകളുടേയും ഓൎമ്മയെ സമരന്നായി പുതുക്കേണ്ട
തായും വന്നു.

അദ്ധ്യായം ൯

ഒരു ദിവസം സമരേന്ദ്രൻ എഴുത്തുപെട്ടി തുറക്കുവാൻ പോയപ്പോൾ, തപാൽക്കാരൻ കാത്തു നില്ക്കുന്നതു കണ്ടു. "ചില കെട്ടുകൾ ഉണ്ട്. ബാബു" എന്ന് അയാൾ പറഞ്ഞു. ഊർമ്മിളയ്ക്കുള്ള രണ്ടു കെട്ടുകളും മാസികകളും ഒരെഴുത്തും, തനിക്കുള്ള ഒരെഴുത്തും കൊണ്ടു സമരേന്ദ്രൻ മുകളിലേക്ക് വന്ന്, "ഇന്നാ ഊർമ്മിള ജയിച്ചു" എന്നു പറഞ്ഞു.

"ആരെയാണ് ജയിച്ചത്? എന്തിലാണ്?" എന്ന് ഊർമ്മിള അത്ഭുതത്തോടെ ചോദിച്ചു.

"ജയിച്ചില്ലേ? ഇതാ മൂന്നിന്ന് ഒന്നേയുള്ളൂ. നിങ്ങൾക്കു രണ്ടു പാർസലും ഒരു തടിച്ച വലിയ എഴുത്തും; എനിക്കോ സാധാരണ വലിപ്പത്തിൽ ഒരെഴുത്തും!"

ഊർമ്മിള ചിരിച്ചുകൊണ്ട് ആ രണ്ടു മാസികകളും വാങ്ങി പൊട്ടിക്കാനിരുന്നപ്പോൾ, സമരേന്ദ്രൻ നിന്നേടത്തു നിന്നുതന്നെ തനിക്കുള്ള എഴുത്തു പൊളിച്ചു വായിക്കുവാൻ തുടങ്ങി.

സമരേന്ദ്രനിൽനിന്നു പെട്ടെന്നു പൊട്ടിയ ഒരു ചിരികേട്ടു തിരിഞ്ഞു നോക്കിക്കൊണ്ട് ഊർമ്മിള ചോദിച്ചു— "എന്താ കാര്യം? എന്താണിങ്ങനെ ചിരിക്കുന്നത്? ഇത്രത്തോളമുള്ള ഒരു ചിരിക്കു കാരണമാക്കിയ ആ ഭാഗം പിടിച്ച എഴുത്തിലെ വർത്തമാനമെന്താണ്?" ഇപ്പോൾ ഊർമ്മിള കുറച്ചു സംസാരിക്കുവാൻ പഠിച്ചു കഴിഞ്ഞു.

"ഇതാ ഞാൻ മുന്നിലൊന്നുകൊണ്ടു ജയിച്ചില്ല എന്നോ? ഇതിൽ പൂജ്യമാണ് എനിക്കുള്ളത്." എന്നു പറഞ്ഞു

രേന്ദ്രൻ പിന്നയും ചിരിച്ചുകൊണ്ടു പറഞ്ഞു; "എനിക്കിന്ന് ഒരെഴുത്തേ കിട്ടിയുള്ളു; അതും നിങ്ങൾക്കു വേണ്ടിയ ഒന്നാണ്. വേണ്ടില്ല, എൻെറ എഴുത്തു ലഘുവാണെങ്കിലും ഗുണത്തിൽ വളരെ കൂടുതലുണ്ട്. ക്ഷേത്രനാഥബാബുവിൻെറ മരുമകൻ ശിശിരബാബു എഴുതിയിട്ടുള്ളതു കേൾക്ക. 'എൻെറ മാന്യനായ മാതുലൻ ഊർമ്മിളയ്ക്കു മാസംതോറും കൊടുപ്പാനായി വെച്ചിട്ടുള്ള തൊണ്ണൂറുറുപ്പിക അയയ്ക്കുന്നു. നിങ്ങൾ പ്രാപ്തിയും പരിചയവുമുള്ള ഒരാളാണല്ലോ; അതുകൊണ്ട് ഇതിലധികമൊന്നും എഴുതേണ്ടുന്ന ആവശ്യം എനിക്കില്ല. നിങ്ങൾ ഊർമ്മിളയുടെ അച്ഛൻെറ സ്ഥാനത്തു നില്ക്കുന്നു; യാതൊരു ബുദ്ധിമുട്ടിന്നും ഇടവരാതെ അവളെ വേണ്ടവിധത്തിൽ നോക്കി രക്ഷിക്കേണ്ട ഭാരം നിങ്ങൾക്കാണ്.' ഞാൻ ഇത്ര വലിയ നിലയിലുള്ള ഒരാളാണെന്ന ഒരു നിമിഷം പോലും കരുതുകയുണ്ടായില്ല. ശിശിരബാബു ഈ സംഗതി എന്നെ ഒപ്പിച്ചതു നന്നായി. എന്നെ എത്ര ബഹുമാനിക്കേണ്ട ഒരാളാണെന്ന നിങ്ങൾക്കും അറിയുവാൻ ഇടയായല്ലോ. ഇന്നുമുതല്ക്കു എന്നോട് ആ വിധത്തിൽ പെരുമാറുവാൻ നോക്കിക്കൊള്ളു."

"എന്തെല്ലാം വിഡ്ഢിത്തങ്ങളാണീപ്പറയുന്നത്?" എന്ന അക്ഷമയോടെ സമരേന്ദ്രൻെറ വാഗ്ധോരണിയെ തടഞ്ഞുകൊണ്ട് ഊർമ്മിള ചോദിച്ചു. "തീർച്ചയായും അദ്ദേഹം നിങ്ങളെ നിങ്ങളുടെ അമ്മാമനാണെന്ന കരുതിയിരിക്കയാണ്. അല്ലെങ്കിൽ ഈ വിധമൊന്നും എഴുതുകയില്ലായിരുന്നു."

സമരേന്ദ്രന് ആ പരമാർത്ഥം കണ്ടുപിടിക്കുവാൻ വളരെ നേരം വേണ്ടിവന്നില്ല, എന്നാലും, തീരെ വിശ്വസി

ക്കാത്ത മട്ടിൽ തലകുലുക്കിക്കൊണ്ട്, ആയാൾ ഇങ്ങിനെ പറഞ്ഞു:—“വാസ്തവത്തിൽ അങ്ങിനെയല്ല. എന്റെ അമ്മാമന്റെ പേർ ഉമേശചന്ദ്രബാബു എന്നാണെന്ന് അറിഞ്ഞുകൂടാത്തവർ ആരാണ്? അദ്ദേഹം തീർച്ചയായും എനിക്കാണ് എഴുതിയിട്ടുള്ളത്; ഇഷ്ടമുണ്ടെങ്കിൽ ഇനിയങ്ങോട്ട് എന്നെ സമരമാമൻ എന്നു വിളിച്ചോളു. ഞാൻ വിരോധമൊന്നും പറയുന്നില്ല.”

“ശരി, ശരി. നിങ്ങൾ വിരോധമൊന്നും പറഞ്ഞില്ലെങ്കിൽ സകലതുമായി! അങ്ങിനെ അസാധാരണയായിട്ടുള്ളതൊന്നും ചെയ്യുവാൻ ഞാൻ ഒട്ടും വിചാരിക്കുന്നില്ല. ഇതാ, രശീതികളെടുത്തോളു. ഞാനവയിൽ ഒപ്പിട്ടിട്ടുണ്ട്.”

സമരേന്ദ്രൻ രശീതികളും കൊണ്ടു താഴെ പോയി. അല്പം കഴിഞ്ഞപ്പോൾ, ചതുരത്തിലുള്ള ഒരു പൊതിയും കയ്യിലാക്കിക്കൊണ്ടു വന്നു പറഞ്ഞു:—“തപാൽ ശിപായി ഈ ചെറിയ കെട്ട് ഇവിടെ തന്നു; വലിയതു താമസിയാതെ എത്തും. തുറക്കൂ. എന്താണ് വന്നിട്ടുള്ളതെന്നു നോക്കു.”

ഊർമ്മിള ആ കെട്ടുംകൊണ്ടു തന്റെ മുറിയിലേക്കു പോയി. കെട്ടിയിരുന്ന ചരടു സാവധാനത്തിൽ അഴിച്ചുകൊണ്ട് ഇപ്രകാരം വിചാരിക്കുവാൻ തുടങ്ങി, ‘എന്താണിപ്പോൾ വന്നിരിക്കുന്നത്? ഞാൻ വളരെ സാധനങ്ങൾ അയയ്ക്കുവാൻ ചന്ദ്രബാബുവിന് എഴുതിയിരുന്നു. അതിലേതാണ് ഇപ്പോൾ അയച്ചിട്ടുള്ളത്? എന്തായാലും സമരബാബുവിനു കളിയാക്കാനറിയാം. ശിശിരബാബു തെറ്റായെഴുതിപ്പോയിട്ടുള്ളതാണെന്നു സമരബാബുവിനു നല്ലവണ്ണം അറിയാം. എന്നാലും പലതരം വിഡ്ഢിത്തങ്ങൾ പറഞ്ഞുകൊണ്ടിരിക്കും.” പെട്ടെന്ന് എന്തോ ഒരു വിചാരം

ഉള്ളിലുദിച്ചതിനാൽ, അവരുടെ മുഖത്തു ലജ്ജയോടുകൂടിയ ഒരു പുഞ്ചിരി പരക്കുകയും കവിൾത്തടങ്ങളിൽ കുറച്ചു ചുകപ്പുനിറം വ്യാപിക്കുകയും ചെയ്തു. തന്റെ സാന്നിദ്ധ്യത്തിൽതന്നെ അവൾക്കു നാണം തോന്നി, അവർ എഴുന്നേററ് ഒരു കത്തിരിയെടുത്തു ആ പെട്ടിന്മേലുള്ള വക്കച്ചരടു മുറിക്കുവാൻ തുടങ്ങി.

ചരടു മുറിച്ചു കളഞ്ഞ്, കെട്ടഴിച്ച്, ഓരോന്നായി എത്ര തവിട്ടുകടലാസ്സുകളെയാണ് ഊർമ്മിള എടുത്തു നീക്കിയതെന്നു പറയുവാൻ പ്രയാസം. അതിനുശേഷം തുണികൾ കൊണ്ടു പൊതിഞ്ഞിരിക്കുന്നതായി കണ്ടു. അതും കഴിഞ്ഞിട്ട്, പെട്ടിയിലായി. ഒടുവിലത്തെ ആവരണവും അവൾ സാവധാനത്തോടെ നീക്കിയ ഉടനെ, തന്റെ മരിച്ചുപോയ ഭാര്യയുടെ അതിമനോഹരമായ കോമളവദനം അവരുടെ നേത്രങ്ങൾക്കു മുമ്പാകെ പ്രത്യക്ഷപ്പെട്ടു. സുന്ദരിയുടെ ഛായാപടം പിന്നെയും അവരുടെ പുത്രിയുടെ കരത്തിലായി.

ചിത്രത്തെ തന്റെ കിടക്കമേൽ വെച്ചിട്ട് ഊർമ്മിള രാമേശ്വരിയെ അന്വേഷിച്ചു പുറപ്പെട്ടു. അവർ അപ്പോൾ തോട്ടങ്ങളിലും കലവറയിലുമുള്ള ജോലിയിൽ പ്രവേശിച്ചിരിക്കുകയായിരുന്നു. ഊർമ്മിളപോയി അവരെ വിളിച്ച്, "ചെറിയമ്മെ! എന്റെ അമ്മയുടെ ചിത്രം തപാൽ വഴി എത്തിയിട്ടുണ്ട്. അതുകാണണ്ടേ?" എന്നു ചോദിച്ചു.

"നിന്റെ അമ്മയുടെ ഛായയോ? ഇതാ ഞാൻ വരുന്നു, ഓമനേ. ഒരു നിമിഷം നില്ക്കു. ഇതൊന്നു കഴിച്ചാ

ട്ടെ. അല്ലെങ്കിൽ ആകത്തെത്തുന്നതിന്ന മുമ്പ് വെപ്പുകാരി എന്നെ വിളിച്ചുപദ്രവിച്ചു പ്രാണനെടുക്കും".

താനെടുത്തിരുന്ന വേല വേഗത്തിൽ മുഴുവനാക്കി അവർ ഉൎമ്മിളയൊന്നിച്ചു മുകളിലെത്തി ചിത്രമെടുത്തു നോക്കിക്കൊണ്ട് ഇങ്ങിനെ പറഞ്ഞു:— "അയ്യൊ! ഇതവരുടെ ഒന്നാന്തരം ഛായയായിട്ടുണ്ട്! അവർ ഇതുപോലെതന്നെ ഇരുന്നിരുന്നു. ഇതെടുത്തപ്പോൾ അവരൊത്ത വയസ്സായി? അത് ഉൎമ്മിള എങ്ങിനെ അറിയും അല്ലെ? അവരുടെ മരണത്തിന്നല്പം മുമ്പായിരിക്കണമെന്നാണ് ഞാൻ കരുതുന്നത്. ഇരുപത്തിരണ്ടൊ ഇരുപത്തിമൂന്നൊ വയസ്സായപ്പോൾ മരിച്ചുപോയി".

"ആട്ടെ, ചെറിയമ്മെ, നിങ്ങൾ എന്റെ അമ്മയായിട്ട വളരെ പരിചയമായിരുന്നു ഇല്ലെ?"

"അതെ, വളരെ അടുപ്പമായിരുന്നു. എന്റെ അച്ഛന്റെ വീടും അവരുടെ മുത്തച്ഛന്റെയും അടുത്തായിരുന്നു. ഞങ്ങൾ ഒരു വീട്ടിലെ കുട്ടികളെപ്പോലെ വളൎന്നുവന്നു. രമാസുന്ദരിയെന്നും സുന്ദരിയെന്നുമുള്ള ഞങ്ങളുടെ പേരുകൾ ഒരുമിച്ചാണ് ഇട്ടിട്ടുള്ളത്. ആ പ്രദേശത്തെ [illegible]ലെ മദാമ്മമാരുടെ മഠത്തിൽ ഒരു പള്ളിക്കൂടമുണ്ടായിരുന്നു. ഞങ്ങൾ രണ്ടുപേരും ഒരുമിച്ചാണ് അതിൽ പഠിച്ചിട്ടുള്ളതും. ഇതുപോലെ ഞങ്ങൾ പതിമൂന്ന പതിനാലു കൊല്ലം കഴിച്ചു, പിന്നെ, എന്നെ എന്റെ അച്ഛൻ നാട്ടുപുറത്തു ഒരു ഗ്രാമത്തിൽ കൊടുത്തു കല്യാണം കഴിച്ചു കൊടുത്തു. എന്നാൽ നിന്റെ അമ്മ അവരുടെ വിദ്യാഭ്യാസത്തെ പൂൎത്തിയാക്കുന്നതിന്നു പോയി. അതിന്നുശേഷം, കുറെ കാലത്തേക്കു ഞങ്ങൾ തമ്മിൽ കാണുകയൊ കേൾ

ക്കുകയോ ഉണ്ടായിട്ടില്ല. എൻെറ അച്ഛൻെറ വീട്ടിലേക്കു ഞാൻ ഒരു വിധവയായി മടങ്ങിവന്നു. നിൻെറ അമ്മ അപ്പോഴും കല്യാണം കഴിച്ചിട്ടുണ്ടായിരുന്നില്ല. അതിനെ പററി എന്തൊക്കെയോ കേട്ടിരുന്നു. ആയിടയിലാണ് ഞാൻ അവരെ ഒടുക്കം കണ്ടിട്ടുള്ളത്".

അതുവരെ ഒരു ചിത്രം മാത്രമായിരുന്ന തൻെറ അമ്മയെപ്പററി ഊർമ്മിള ഒന്നാമതായി കേട്ടതു് ഇതായിരുന്നു. രാമസുന്ദരി പൂർവ്വചരിത്രകഥനത്തെ പെട്ടെന്നു നിറുത്തി. ഊർമ്മിള വേഗം ചോദിച്ചു:— "എന്താണ് ആ 'എന്തൊക്കെയോ' ചെറിയമ്മെ? എൻെറ അച്ഛനുമായിട്ടുള്ള അമ്മയുടെ വിവാഹബന്ധത്തിനെ കുറിച്ചായിരുന്നു ആ ലഹളയെല്ലാമെന്നു ഞാൻ വിചാരിക്കുന്നു. ആട്ടെ, എന്തായിരുന്നു അദ്ദേഹത്തിൻെറ പേർ?"

"ഈശ്വര! അതുകൂടി നിനക്കറിഞ്ഞുകൂടെ? നിൻെറ അച്ഛൻെറ പേർ അനംഗമോഹനൻ. എത്രയും രൂപലാവണ്യത്തോടുകൂടിയിരുന്ന ആയാൾക്ക് ആ പേർ വളരെ ചേർച്ചയുള്ളതുമായിരുന്നു. ഇത്ര സൌന്ദര്യമുള്ള ഒരു സ്വരൂപം ഞാൻ കണ്ടിട്ടേയില്ല. അതെ, അതുതന്നെയായിരുന്നു ആ ലഹളയെല്ലാം. അല്ലാതെന്താ? ഈ വിവാഹത്തിന് ആരെങ്കിലും സമ്മതിച്ചു എന്നു നീ കരുതുന്നുണ്ടോ? സ്വര ആരു പറഞ്ഞതും കേട്ടില്ല. അവരുടെ അഭിപ്രായം പോലെ വിവാഹം ചെയ്തു. അതിൽ പിന്നീട് അവർ രണ്ടോ മൂന്നോ വർഷം കൂടിയെ ജീവിച്ചിരുന്നുള്ളു എന്നാണ് എനിക്കു തോന്നുന്നത്. മരിക്കുമ്പോൾ നിനക്ക് ഒരു വയസ്സായിട്ടുണ്ടാവും".

ഊർമ്മിള ഇതെല്ലാം ശ്രദ്ധയോടുകൂടി കേൾക്കുകയാ

യിരുന്നു. രാമസുന്ദരിയുടെ സംഭാഷണം തുടരുന്നതിന്നു ഓരോ ചോദ്യവും ഇടവിടാതെ ചോദിച്ചിരുന്നു.

“എന്റെ അമ്മ എന്തുകാരണംകൊണ്ടാണ് മരിച്ചത്?”

രാമസുന്ദരിയുടെ മുഖം ഉടനെ ഒന്നു ഘനത്തു; അവൾ മിണ്ടാതെയായി. കുറെകഴിഞ്ഞ്, വളരെ അനുവലാതിക്കം അപേക്ഷയ്ക്കുശേഷം, അവൾ പറഞ്ഞു:— “എനിക്കറിഞ്ഞുകൂട, എന്റെ ഓമനെ. ആളുകൾ ഓരോ വിധത്തിലൊക്കെ പറയും. എന്നാൽ അതു കേൾക്കുന്നതുകൊണ്ടു നിനക്കു ലാഭമൊന്നുമില്ല.”

കാരണമറിവാനുള്ള ഉൎമ്മിളയുടെ അനുഗ്രഹംപൊന്തി വൎദ്ധിച്ചതായി സുരസുന്ദരി കണ്ടു. ഉൎമ്മിള രാമസുന്ദരിയുടെ കൈരണ്ടും പിടിച്ചുകൊണ്ടു “അല്ലാ, പെറിയമ്മെ! നിങ്ങൾ എന്നോടു മുഴുവനും പറയണം. ഇതെന്തു സമ്പ്രദായമാണ്? എന്റെ അച്ഛന്റെയും അമ്മയുടെയും കഥ ഞാനൊഴികെ എല്ലാവൎക്കും അറിവാൻ വിരോധമില്ല. എനിക്കു മാത്രമാണോ അതറിയുന്നതിനു തടസ്ഥം? മറ്റുള്ളവരെക്കാൾ അധികം അറിയേണ്ടതു ഞാനല്ലേ?” എന്നു ചോദിച്ചു.

രാമസുന്ദരി ഒടുവിൽ പറഞ്ഞു — “അമ്മയേയും അച്ഛനേയും കുറിച്ചുള്ള ആ വക കഥകളൊക്കെ അവരുടെ പുത്രിയോടു ഞാൻ പറയട്ടെ അല്ലെ? അതു നിന്റെ ചെവികൾക്കുള്ളതല്ല. അതൊരു ഭയങ്കരസംഗതിയാണ്”.

ഉൎമ്മിള ഞെട്ടി, രാമസുന്ദരിയുടെ കൈകൾ താനെ വിട്ടു. എന്തു കഠിനസംഭവത്തിന്റെ നിഴലാണ് തന്റെ ശൈശവത്തെ ബാധിച്ചത്? ആ സാദ്ധ്വീമായ കോമളരൂ

പറഞ്ഞ ചുവരിന്മേൽ കെട്ടിയിരിക്കുന്ന ആ ഭയങ്കരമായ കഥയെന്താണ്"?

"അങ്ങിനെയാവട്ടെ, ആ വക വിലയില്ലാത്ത സംഗതികളെല്ലാം കേട്ടിട്ട് ഒന്നും കിട്ടാനില്ല" എന്നു രാമസുന്ദരി പറഞ്ഞു. "നിന്റെ അമ്മയെപ്പോലെയുള്ള ഒരു പെൺകുട്ടി എങ്ങിനെയാണ് ഇങ്ങിനെയുള്ള ഒരു വിവാഹത്തിൽ പെട്ടതെന്ന് എനിക്കറിഞ്ഞുകൂടാ. അവൾക്ക് പുരുഷന്മാരെ കിട്ടുവാൻ വല്ല പ്രയാസമുണ്ടായിരുന്നോ? പഠിപ്പുകൊണ്ടാവട്ടെ, ബുദ്ധികൊണ്ടാവട്ടെ, പണംകൊണ്ടാവട്ടെ ക്ഷേത്രനാഥബാബുവിനെപ്പോലെ എത്ര എത്ര പെരുപ്പക്കാരുണ്ടാവും? അദ്ദേഹം സ്വർണ്ണയെ കിട്ടുവാൻ വേണ്ടി ഉന്നു പിടിച്ച് എന്തെല്ലാം പ്രയത്നിച്ചുവോ! നിന്റെ അച്ഛന്റെ രണ്ടാം വിവാഹം അദ്ദേഹം എത്ര ഭയങ്കരമായ ഒരു സംഭവമാക്കിത്തീർത്തു! അദ്ദേഹത്തിനെ വീട്ടിനകത്തുകൂടി ഇരിക്കുവാൻ ബുദ്ധിമുട്ടു തോന്നിപ്പിച്ചു. 'ആ കൈയ്യപാതകിയെ ഇപ്രാവശ്യമെങ്കിലും ഞാൻ കൊല്ലും' എന്നു ക്ഷേത്രനാഥൻ പറഞ്ഞു. ശേഷം പേർ അദ്ദേഹത്തെ പിടിച്ചുനിറുത്താൻ എന്തു പാടുപെട്ടു! ഒടുവിൽ അദ്ദേഹം പോയിട്ടു നിന്നെ ബലാല്ക്കാരമായി കൊണ്ടുപോകയാണ് ചെയ്തത്. പിന്നെ രണ്ടാഴ്ച്ച പട്ടണത്തിൽ നിന്ന എന്റെ അച്ഛൻ താമസിപ്പിച്ചുതീർന്നശേഷം, നാട്ടിൽ പോവുമ്പോൾ നിന്നെയും കൂട്ടിക്കൊണ്ടുപോയി".

രാമസുന്ദരി അവരുടെ കഥയെല്ലാം അവസാനിപ്പിച്ചു പൂവട്ടിലേക്കുപോയി. ഊർമ്മിള സ്വർണ്ണസുന്ദരിയുടെ ചിത്രവും മടിയിൽ വെച്ചുകൊണ്ടു നിശ്ചലയായിരുന്നു. രാമസുന്ദരിയാൽ വിവരിക്കപ്പെട്ട സംഭവങ്ങൾ ഓരോന്നായി ഉ

ഷ്മിയുടെ കണ്ണുകൾക്കു മുമ്പിൽ ചിത്രങ്ങളെന്നപോലെ കണ്ടുതുടങ്ങി. ഒരു സുരസ്ത്രീയെപ്പോലെ സുന്ദരിയായ ഈ തരുണി അവളുടെ അമ്മ—നിസ്സീമമായ സൌന്ദര്യത്തിന്റെ കലവറയായി, എന്നാൽ കലിയുടെ കളിനിലമായിട്ടുള്ള മനസ്സോടുകൂടിയ ഒരാൾ അവരുടെ അച്ഛൻ; ഈ വിചാരങ്ങൾ അവരുടെ ശരീരമാസകലം വിറകൊള്ളിച്ചു. ക്ഷേത്രനാഥനൊ? താൻ കണ്ടു പരിചയിച്ചിട്ടുള്ള മദ്ധ്യവയസ്കനായ അച്ഛനവർകളോടും ഗൌരവത്തോടുംകൂടിയ ക്ഷേത്രനാഥനെയല്ല അപ്പോൾ കണ്ടത്; ഹൃദയത്തിൽ മുളച്ചുവളർന്നുവന്ന വികാരങ്ങളുടെ അമർച്ചയില്ലാത്ത ശക്തിയോടുകൂടിയതും പ്രായം അധികമാവാത്തതും ആയ ഒരു യുവാവായിട്ടാണ് തോന്നിയത്. അവരുടെ പാപസ്പൃക്കായ ശിശുമരണത്തിൽനിന്ന് അവരെ രക്ഷപ്പെടുത്തിയത് ആ ക്ഷേത്രനാഥനൊ? ക്ഷേത്രനാഥൻ അവളോട് സ്നേഹപൂർവ്വകം ഒരു വാക്കുപോലും ഒരിക്കലും സംസാരിച്ചിട്ടില്ലായിരുന്നു. സ്നേഹമൊ അതുപോലെയുള്ള മാർദ്ദവമേറിയ മറ്റുവല്ല വികാരങ്ങളോ അദ്ദേഹത്തിനുണ്ടെന്ന വിചാരിക്കാൻപോലും അവൾക്കു പ്രയാസം നേരിട്ടു. എന്നാൽ, ഇന്നാകട്ടെ ഉൾത്തിളച്ച് ആ അക്ഷോഭ്യമായ മറയ്ക്കു പിന്നിൽ— ആ ബാഹ്യസ്വഭാവങ്ങൾക്കിടയിൽ— അദ്ദേഹത്തിന്റെ ഹൃദയത്തിൽ— ഒളിഞ്ഞുകിടന്നിരുന്ന ഉദാത്തമായ പ്രേമശക്തി അറിയുന്നതിന്നു സാദ്ധ്യമായി. അവൾ സുരസുന്ദരിയുടെ പുത്രിയായതുകൊണ്ടാണ് ക്ഷേത്രനാഥൻ അദ്ദേഹത്തിന്റെ സ്നേഹിതന്മാരെയും ബന്ധുക്കളെയും തിരസ്കരിച്ച് അവരെ ക്ഷണിച്ചു കൂട്ടിക്കൊണ്ടുപോയത്. തന്റെ അമ്മയുടെ എ

ഒന്നും മാഞ്ഞുപോവാത്ത സ്മരണയാണ് അവളെ ഈ ദിവസങ്ങളെല്ലാം ജീവിതത്തിലുള്ള കഷ്ടപ്പാടുകളിൽനിന്നും ഉപദ്രവങ്ങളിൽനിന്നും രക്ഷിച്ചു പോന്നത്. എന്നാൽ ഇന്നാകട്ടെ, അവൾ വാസ്തവത്തിൽ അമ്മയില്ലാത്തവളായി തീൎന്നിരിക്കുന്നു. അവളുടെ അമ്മ വളരെ മുമ്പുതന്നെ മരിച്ചിരിക്കുന്നു എങ്കിലും യാതൊരാളുടെ സ്നേഹശക്തികൊണ്ട് അമ്മയുടെ അഭാവത്തെ അറിയാതെ കഴിച്ചുവോ ആ ആളും ഇന്നു സ്മൃതിശേഷനായി തീൎന്നിരിക്കുന്നു. തന്റെ ജീവകാലത്തിൽ വന്നുപോയിരുന്ന എല്ലാ ദുഃഖങ്ങളും,— വളരെയെല്ലാം അറിയാതെ പോയിട്ടുണ്ട്, വളരെയെല്ലാം മറന്നും കഴിഞ്ഞു— എന്നാലും അവയെല്ലാം ഒന്നായി പോന്നു തന്റെ ഈ കഷ്ടതമമായ പുതിയ ജീവിതാരംഭത്തിങ്കൽ ഹൃദയത്തോടുമല്ലിടുവാൻ പുറപ്പെട്ടപോലെ ഉൎമ്മിളയ്ക്കു തോന്നി. കൂടിക്കൂടിവരുന്ന ഓരോ അരിഷ്ടങ്ങളുടെ ഭാരംകൊണ്ട് അനങ്ങുവാൻ വയ്യാതെയായി, അവൾ തന്റെ മുറിയിലെ ഏകാന്തതയിൽ ഇരുന്നുപോയി.

ഉടനെ പുറത്തുനിന്നു കാലടികളുടെ ശബ്ദം കേട്ടു, അവൾ തിരിഞ്ഞുനോക്കി. സമരേന്ദ്രൻ തന്റെ മുറിയിൽനിന്നു കലാശാലയിലേക്കു പുറപ്പെട്ട്, അവിടെ നേരിട്ടുവന്നണഞ്ഞായിരുന്നു. ഉൎമ്മിള വേഗം കണ്ണുകൾ തുടച്ച് കട്ടിലിന്മേൽനിന്നു ചാടി എഴുന്നേറ്റു.

അവളുടെ മുറിവാതുക്കൽ എത്തിയപ്പോൾ സമരേന്ദ്രന്റെ നോട്ടം അവളുടെ നേൎക്കു തിരിച്ചു. പിന്നെ സാധാരണമട്ടിൽ "ഞാൻ പോകുംവഴിക്ക് ഉൎമ്മിളയുടെ പുസ്തകപ്പെട്ടിക മേൽപ്പോട്ടാക്കുന്നുണ്ട്. ഭയപ്പെടേണ്ട, ഞാൻ തെററിക്കില്ല" എന്നായാൾ പറഞ്ഞു.

ഊൎമ്മിള ആശ്വാസത്തോടെ ഒന്നു നിശ്വസിച്ചു. സമരബാബു വെറെ ഒന്നും കണ്ടില്ലല്ലൊ?

അഹോ ഭൂതകാലമേ! നിന്റെ ആദ്യന്തവിഹീനതക്കു വൎത്തമാനകാലത്തിലെ ഒരു നിസ്സാരനിമിഷത്തിന്റെ മുമ്പിലും കണ്ണിൽപെട്ടു പരാജയം പ്രാപിച്ചുമായി സമ്മതിക്കേണ്ടിവന്നുവല്ലൊ!

അദ്ധ്യായം ൭

സൂൎയ്യൻ പടിഞ്ഞാട്ടു ചാഞ്ഞുതുടങ്ങിയിട്ടും ഊൎമ്മിളക്കു് അലസതയിട്ടു കിടക്കയിൽനിന്നു് എഴുന്നേല്ക്കുവാൻ സാധിച്ചില്ല. അവളുടെ കയ്യിൽ ഒരു പുസ്തകമുണ്ടായിരുന്നതു ശരിയാണെങ്കിലും അതിൽ അവളെത്രത്തോളം വായിച്ചു എന്നു പറയുവാൻ ഞെരുക്കമായിരുന്നു.

ആ സമയത്തു് വയസ്സുകാരി വാല്യക്കാരി വന്നു് എത്തിനോക്കി, "ചില ആളുകൾ താഴെ വന്നിട്ടുണ്ടു്. അമ്മ വിളിക്കാൻ പറഞ്ഞയച്ചു" എന്നു പറഞ്ഞു.

ഊൎമ്മിള കിടക്കയിൽനിന്നു് ധൃതിപ്പെട്ടെഴുന്നേറ്റു. "ആരാണിപ്പോൾ വന്നിരിക്കുന്നതു്?" അവൾ പലതും ആലോചിച്ചുകൊണ്ടു് വേഗത്തിൽ കാലും മുഖവും കഴുകി ആരാണെന്നറിയുവാനുള്ള കൌതുകത്തോടെ ചുവട്ടിലേക്കു പോയി. അവർ ചെനാമുറിയെ സല്ക്കാരമുറി എന്നാണു് പറഞ്ഞുവരാറുള്ളതു് എങ്കിലും, ഊൎമ്മിള വന്നതുമുതല്ക്കു് ഇതുവരെ അതിലാരും ഇരിക്കുന്നതായി കണ്ടിട്ടില്ല. രാമസുന്ദരിയുടെ സ്നേഹിതരിൽ ആരെങ്കിലും വന്നാൽ, അവരെ രാമസുന്ദരി

അവരുടെ കിടപ്പുമുറിയിലാണ് നായികയും തോഴികളുമായി സ്വീകരിച്ചിരുന്നത്. സുരേന്ദ്രന്റെ സ്നേഹിതസംഘവും ആ വീട്ടിൽ അവിടെ ഇരിക്കുന്നതിനുള്ള തരത്തിൽ പെട്ടവരായിരുന്നില്ല. പുറത്തുനിന്നു പലേ സ്ഥലത്തിലും പലരോടും ആയാളെ വിളിച്ചു വഴിയിൽനിന്നു സംസാരിക്കയോ ഒരുമിച്ചു ലാത്തുവാൻ കൂട്ടിക്കൊണ്ടു പോകയോ ആയിരുന്നു അവരുടെ പതിവ്. ഉമ്മിണിയെ കാണുവാൻ ആരും വന്നിരുന്നില്ല. അതുകൊണ്ട് തന്റെ കൂട്ടുകാരാരെങ്കിലും വന്നാൽ അവരെ എവിടെയാണ് ഇരുത്തേണ്ടതെന്ന് ആലോചിക്കേണ്ട സന്ദർഭം ഉമ്മിണിയ്ക്കു ഉണ്ടായിട്ടുമില്ല.

ഉമ്മിണി ആ മുറിയിൽ പ്രവേശിച്ചപ്പോൾ അവിടെ ആദ്യമായി കണ്ടത് ഏതാണ്ട് പ്രായം ചെന്നതും എന്നാൽ നിലവിട്ടുള്ള വസ്ത്രം ധരിച്ചിട്ടുള്ളതുമായ ഒരു പ്രൗഢയെ ആയിരുന്നു. പൊക്കത്തിലും വണ്ണത്തിലും അവർ അത്രത്തോളം വലുതായിരുന്നതുകൊണ്ട് അവളുടെ അടുത്തുണ്ടായിരുന്ന രാമസുന്ദരി അതികൃശയായി തോന്നിക്കപ്പെട്ടു. അപ്രകാരമായ സ്ത്രീ ഉടുത്തിട്ടുള്ള സാരിയുടെ വക്കത്തു മിന്നിക്കൊണ്ടിരുന്ന സ്വർണ്ണപ്പീലി അതു കാണുന്നവരുടെ കണ്ണുകളെ മഞ്ഞളിപ്പിച്ചിരുന്നു. അവർ ധാരാളം ആഭരണങ്ങളും അണിഞ്ഞിരുന്നു. കാലിന്മേൽ ഇട്ടിരുന്ന മാർദ്ദവമേറിയ തോൽചെരുപ്പുകളുടെ കുറ്റികൾ വളരെ പൊക്കമുള്ളവയായിരുന്നതുകൊണ്ട്, അവയെ ധരിച്ചിരിക്കുന്ന ആളുടെ ഘനമേറിയ ദേഹം താങ്ങുവാൻ കഴിയാതെ ഒടിഞ്ഞുപോകുമല്ലയോ എന്നു കാണികൾക്കു തോന്നിക്കുകയും ചെയ്തിരുന്നു. അവളുടെ ഘനംകൊണ്ട്, ഇരുന്നിരുന്ന കസേരതന്നെ ഒന്നു വളഞ്ഞിട്ടുള്ളതായി കാണപ്പെട്ടു.

ഉമ്മിണിയെ കണ്ടമാത്രയിൽ അവർ അവരുടെ ആഢ്യമുഖത്തിൽ ഒരു പുഞ്ചിരി തൂകിക്കൊണ്ട്, "ഇതാണ് ഉമ്മിണി അല്ലേ? നല്ല സുന്ദരിയായി വളർന്നിട്ടുണ്ട്" എന്നു പറഞ്ഞു.

രാമസുന്ദരി ആംഗ്യംകൊണ്ടറിയിക്കകയാൽ, ഉമ്മിണി അടുത്തുവന്നു പ്രണാമം ചെയ്തിട്ട് സമീപം ഇരുന്നു. "ഇതാണ് മിസ്സസ്സ് മിത്രൻ" എന്ന് ആഗതയായവരെ ഉമ്മിണിക്കു രാമസുന്ദരി പരിചയപ്പെടുത്തിക്കൊടുത്തു. "ഇവർ നിന്റെ വീട്ടിൽ വന്ന ലളിതയുടെ അമ്മയാണ്. ഇത് അവരുടെ മകളാണ്. ലളിതയെ നീ അറിയുമല്ലോ. ഇല്ലേ?"

ഉമ്മിണി തലയാട്ടി സപ്രശ്രയവും ഒന്നു നോക്കി. അവൾ മുറിയിൽ കടന്ന ഉടനെ അവിടെ പല ആളുകളെ കണ്ട കാരണം സംസാരിക്കുവാനുള്ള ശേഷി ഉമ്മിണിയെ തീരെ വിട്ടുപിരിഞ്ഞതായി അവൾക്കു തോന്നി. രാമസുന്ദരിയുടെ വാക്കുകൾ കേട്ട് തല ഉയർത്തിയപ്പോൾ തന്റെ അടുക്കൽതന്നെ ഒരു കസാലമേൽ പതിനേഴു വയസ്സായ ഒരു ബാലിക ഇരിക്കുന്നതു കണ്ടു. അവളുടെ നിറം പ്രകാശമുള്ളതും ഒരുമട്ടു കറുത്തതുമായിരുന്നു. എന്നാൽ മുഖത്തു പൊടിയിട്ടിരുന്നതുകൊണ്ട് നിറത്തെ കുറിച്ചു തീർച്ച പറയുവാൻ നിവൃത്തിയില്ലായിരുന്നു. അഴിച്ചിട്ടിരുന്ന തലമുടിയുടെ മദ്ധ്യത്തിൽ ഇളംപച്ചനിറത്തിലുള്ള ഒരു നാട കെട്ടിയിട്ടുണ്ടായിരുന്നു. അവൾ അതേ നിറത്തിലുള്ള ഒരു സാരിയും ഉടുത്തിരുന്നു. മുഖം ആകപ്പാടെ വലിയ തരക്കേടില്ല. അവൾ അത്യാശ്ചര്യകരമായവിധത്തിൽ ഞെളിപ്പിച്ച് താനാണെന്ന ഇരിക്കുകയായിരുന്നു.

ഉടുത്തിരുന്ന പട്ടുസാരിയുടെ വക്കിലുള്ള പിന്നുകളെ എടു
ക്കലെല്ലാം ശരിയാക്കി വെക്കുന്നതിന്നു വിനിയോഗിച്ചിരുന്ന
അവളുടെ കൈകളുടെ ധൃതിയോടുകൂടിയ ചലനം മാത്രമേ
കാഴ്ചയിൽ അവളിലുണ്ടായിരുന്നുള്ളു. അവളുടെ അപ്പോ
ഴത്തെ മാതിരിയിൽനിന്ന് അവളുടെ വർത്തമാനകാലവും ഭാ
വിയും മുഴുവൻ ആ ഉടുപ്പിന്റെ ആ സമയത്തെ ആഡം
ബരസ്ഥിതിയെ നിലനിർത്തിപ്പോരുന്നതിനെ ആശ്രയിച്ചി
രിക്കുന്നുവൊ എന്നു തോന്നും. മറ്റൊരുമൂലയിൽ ലളിതൻ
സമരേന്ദ്രനുമായി ഓരോ സംഗതികളെക്കുറിച്ചു വലിയ ത
ർക്കങ്ങൾ നടത്തിക്കൊണ്ടിരുന്നിരുന്നു. രാമസുന്ദരി തന്റെ
നാമത്തെ ഉച്ചരിച്ച സമയം, അത്ഭുതത്തോടെ ആ വഴിക്ക്
ഒരു നിമിഷനേരത്തേക്ക് ആയാൾ ഒന്നുനോക്കി. എങ്കി
ലും തന്നോടായി പിന്നെ ആരും ഒന്നും പറഞ്ഞു കേൾക്കാ
ഞ്ഞയാൽ ലളിതൻ വീണ്ടും തർക്കത്തിൽ പ്രവേശിച്ചു. എ
ന്നാൽ ഊർമ്മിളയുടെ സാന്നിദ്ധ്യം ആയാളുടെ ശ്രദ്ധയിൽ
ഒരു ഭാഗത്തെ ആകർഷിച്ചിട്ടുണ്ടെന്ന് അറിയുന്നതിന്നു സമ
രേന്ദ്രന് അധികം സമയം വേണ്ടിവന്നില്ല.

തന്റെ ചെറിയ പുത്രിയെ നോക്കി ഗിരിബാല (മി
സ്സിസ്സ് മിത്രൻ) ഇങ്ങനെ പറഞ്ഞു:—"ലതീ, ഇവിടെ വ
രു. ഊർമ്മിളയായി പരിചയമാകണ്ടെ? ഒന്നും ചെയ്യാതെ
അവിടെ ഇരിക്കുന്നതെന്താണ്?"

ലതി പതുക്കെ ഒന്നു ചിരിച്ചുകൊണ്ടു മുമ്പാകെ വന്നു.
ഉടുപ്പെല്ലാം ശരിപ്പെടുത്തി ഊർമ്മിളയ്ക്ക് അഭിമുഖമായി
ഇരുന്നു.

ഇപ്പോൾ എന്തെങ്കിലും സംസാരിക്കേണ്ടത് അത്യാ
വശ്യമാണെന്ന് ഊർമ്മിള കണ്ടു. അതിനാൽ വളരെ ആ
ലോചിച്ചിട്ട് "എന്താ പേര്" എന്നു ചോദിച്ചു.

"എന്റെ പേർ മന്ദാരകുമാരി എന്നാണ്" എന്ന് അവൾ ഒരിക്കൽക്കൂടി ആ പുഞ്ചിരിതൂകിക്കൊണ്ടു ഉത്തരം പറഞ്ഞു. "മുമ്പ് സ്വപ്നലത എന്നായിരുന്നു; അതാണ് ഇപ്പോഴും എന്നെ എല്ലാവരും ലതി എന്നു വിളിക്കുന്നത്".

കുറച്ചുനേരം മൌനമായിരുന്നതിനുശേഷം "ഏതു പാഠക്കൂടത്തിലാണ് പഠിക്കുന്നത്?" എന്ന് ഊർമ്മിള ചോദിച്ചു.

"ഡയോസിസൻ സ്കൂളിലാണ് ഞാൻ പോകുന്നത്."

ഏററവും കാര്യവും നിലയുമുള്ള ഈ മാന്യയുവതിയോടു പിന്നെ എന്തു വിഷയത്തെ പററിയാണ് സംസാരിക്കേണ്ടത് എന്നറിയാതെ ഊർമ്മിള വീണ്ടും മൌനത്തെ അവലംബിച്ചു. ശിരിബാലയാകട്ടെ രാമസുന്ദരിയോടു സാമാനങ്ങൾക്കെല്ലാം ഇപ്രാവം അങ്ങാടിയിൽ അധികരിച്ചിട്ടുള്ള വിലനിരക്കുകളെ കുറിച്ചു വിസ്തരിക്കുകയായിരുന്നു; ലളിതനും സമരേന്ദ്രനും പഴയ തർക്കത്തിൽതന്നെ ഏർപ്പെട്ടുകൊണ്ടും ഇരുന്നു.

അതു സമയത്ത് ഊർമ്മിളയുടെ പ്രിയപ്പെട്ട പൂച്ചക്കുട്ടി ഓടിവന്ന് അവളുടെ കാലുകളുടെ ഇടയിൽ കിടന്നുരുളുവാൻ തുടങ്ങി. ലതി, അതിര കവിഞ്ഞ സന്തോഷത്താൽ, ചാടി എഴുന്നേററ് ആ പൂച്ചക്കുട്ടിയെ എടുത്തു. എന്നാൽ കുട്ടികൾക്കു സഹജമായുള്ള ആ അക്ഷമയെ ഒട്ടു ഗണിച്ച് ഉടനെ അവളുടെ കസാലയിന്മേൽ വീണ്ടും ചെന്നിരുന്നു. പൂച്ചക്കുട്ടി അവളുടെ കയ്യിൽ തന്നെ ഉണ്ടായിരുന്നു. അതിന്റെ വരവ് ഊർമ്മിളയ്ക്കു വലിയ ആശ്വാസമുണ്ടാക്കി. അവൾക്ക് ആ ഗൌരവക്കാരിയായ വിരുന്നുകാരിയോടു സംസാരിക്കുന്നതിനു മറെറാരു വിഷയം കി

ട്ടി. ലതിയുടെ കയ്യിലിരിക്കുന്ന പൂച്ചക്കുട്ടിയെ നോക്കിക്കൊണ്ട്, "പൂച്ചകളെയും പട്ടികളെയും വലിയ ഇഷ്ടമാണെന്നു തോന്നുന്നു? അല്ലെ?" എന്നു ഊർമ്മിള അവളോടു ചോദിച്ചു.

"അതെ, വളരെ ഇഷ്ടമാണ്" എന്ന് ഇപ്രാവശ്യം ഒന്നു നല്ലവണ്ണം ചിരിച്ചുകൊണ്ടു ലതി ഉത്തരം പറഞ്ഞു. "എനിക്കു നല്ലജാതിയിലുള്ള രണ്ടു പൂച്ചക്കുട്ടികളും ഒരു പട്ടിക്കുട്ടിയും ഉണ്ട്. പൂച്ചക്കുട്ടികൾ രണ്ടും വെളുത്ത നിറമാണ്. പട്ടിക്കുട്ടി നല്ല കറുപ്പാണ്. അതും വെളുത്തതായിരുന്നാൽ കൊള്ളാമായിരുന്നു എന്ന് എനിക്കു നല്ല മോഹമുണ്ടായിരുന്നു. പക്ഷെ, കന്നിക പറയുന്നു 'വിശുദ്ധിതം, വെളുപ്പ്' അത്ര വിശേഷപ്പെട്ട ഒരു നിറമാണോ? കറുപ്പ് കാണുവാൻ അതിലും ഭംഗിയുണ്ട്' എന്ന്. അങ്ങനെ ന്നം ഞാൻ കറുത്തതിനെ എടുത്തു. എൻ്റെ പൂച്ചക്കുട്ടികളുടെ കഴുത്തിൽ ഓരോ ചുവന്ന നാട കെട്ടിച്ചിട്ടുണ്ട്. ഇതിനെ എന്താ ഒന്നും കെട്ടിക്കാത്തത്? കുട്ടെ, ഇതിൻ്റെ പേരെന്താണ്?"

ലതിയുടെ രണ്ടാമത്തെ ചോദ്യംകൊണ്ട് ഊർമ്മിള ആദ്യത്തേതിൻ്റെ ഉത്തരം പറയാതെ കഴിഞ്ഞു. "ഞാൻ ഗോപാലി എന്നാണ് വിളിക്കുന്നത്, അതിൻ്റെ അമ്മയുടെ പേര് സോനാലി എന്നാണ്".

"ഓഹോ, അതാണ് പേര്, അല്ലെ?" എന്നു ലതി അവളുടെ തലമുടി തടവിക്കൊണ്ടു പറഞ്ഞു. "എൻ്റെ രണ്ടിന്നും 'ഭസ്സാ' എന്നും 'സിൽവി' എന്നുമാണ് ഞാൻ പേര് കൊടുത്തിട്ടുള്ളത്. നല്ല പേരുകൾ, അല്ലെ?"

"അതെ, നല്ല പേരുകളാണ്. പട്ടിക്കുട്ടിയുടെ പേരെന്താണ്?"

"ഓ! അതിന്റെ പേര് 'ജെററ്' എന്നാണ്. അതു വളരെ കറുത്തുമിനുന്ന ഒന്നാണ്. അതുകൊണ്ട് അതിനു കന്നിക ആ പേർകൊടുത്തു".

ഈ കന്നിക ആരാണെന്ന് ഊർമ്മിളയ്ക്കു യാതൊരറിവുമുണ്ടായിരുന്നില്ല. എന്നാൽ അവളെക്കുറിച്ചു ലതി വളരെ ആദരവോടുകൂടി പറയുന്നതായി കണ്ടതുകൊണ്ട് അവർ ഏതോ ഒരു ശാസ്ത്രജ്ഞയാണെന്ന് ഊർമ്മിള ഉറച്ചു. അവളെക്കുറിച്ച് ഊർമ്മിള ചിലതു ചോദിക്കുന്നതിന്നു മുമ്പായി, പുറത്തുനിന്ന് ഒരു കാലടിയുടെ ശബ്ദം കേൾക്കുകയും, നിമിഷനേരത്തിനുള്ളിൽ, പത്തുപതിനഞ്ചു വയസ്സായ ഒരു ആൺകുട്ടി മഴ അടിച്ചു കയറുമ്പോലെ ആ മുറിയിൽ എത്തുകയും ചെയ്തു. "ഇനിയും എത്രനേരമാണ് താമസിക്കാൻ ഭാവം? ഞാൻ 'ബയസ്കോപ്പ്' കാണുവാൻ പോകയാണ്; അപ്പുറം, അമ്മയുടെ ഇരുമ്പുപെട്ടി വല്ലവരും കുത്തിത്തുറന്നാൽ അതെന്റെ കുററമാവില്ല".

"നരുവിന്റെ ഭ്രാന്ത് എപ്പോഴും ഒരുപോലെതന്നെ" എന്നു രാമസുന്ദരി ചിരിച്ചുകൊണ്ടു പറഞ്ഞു "എന്താണിത്ര ബദ്ധപ്പാട്? അമ്മയെ കാണാതെ രണ്ടു നിമിഷം കഴിച്ചുകൂട്ടിക്കൂട, അല്ലേ?".

"അല്ല, അതല്ല; എത്രയോ വ്യത്യാസപ്പെട്ട മറെറാരു സംഗതിയാണ്" എന്ന് ആക്ഷേപത്താൽക്ഷോഭിച്ച് തല കുലുക്കിക്കൊണ്ടു നരൻ പറഞ്ഞു. "അങ്ങനെയാണ് ഞാൻ പറഞ്ഞതെന്നു തോന്നും! എന്നെ വീട്ടുകാവലിന്ന് ഏല്പിച്ചുകൊണ്ട് അമ്മ ഇവിടെ വന്നിരിക്കുന്നകാരണം എനിക്കു പുറത്തൊന്നും ഇനി പോവുകയേ വേണ്ട! അമ്മേ, എപ്പോളാണ് എഴുന്നേല്ക്കാൻ പോകുന്നത്?"

"എന്തൊരു കുട്ടിയാണ്! എന്തിനാണ് ഇങ്ങനെ നിലവിളിച്ചു നിന്റെ ഒച്ചയെല്ലാം നാട്ടുമുഴുവൻ കേൾപ്പിക്കുന്നത്?" എന്നു നരേന്ദ്രന്റെ ഈ സമ്പ്രദായത്താൽ മുഷിഞ്ഞുകൊണ്ട് ലളിത ചോദിച്ചു.

തന്റെ മകൻ ഭയപ്പെടുത്തുന്നതു കേട്ട് ക്ഷോഭത്തോടെ പോകുവാൻ എഴുന്നേറ്റുകൊണ്ട്, "എന്നാൽ ഇനിപ്പോൾ പോകട്ടെ" എന്ന് അവന്റെ അമ്മയും പറഞ്ഞു. "നിങ്ങളെല്ലാവരും ഒരു ദിവസം, ഊർമ്മിളയേയും സമരേന്ദ്രനേയും കൂട്ടിക്കൊണ്ട് ഞങ്ങളെ കാണാൻ വരണം. എന്നാണ് വരിക?"

അവരുടെ കൈപിടിച്ചുയർത്തിയിട്ട് രാമസുന്ദരി പറഞ്ഞു:— "തീർച്ചയായിട്ടും ഞങ്ങൾ വരാം. എന്നാൽ ഇപ്പോൾ പോവാൻ ഞാൻ സമ്മതിക്കില്ല. അല്പം നേരവും കൂടി താമസിക്കണം. ഊർമ്മിളേ! കുറച്ചിവിടെ ഇവരൊന്നിച്ചിരിക്ക. ഞാൻ വേഗം വരാം."

"എന്തിനാണ് ഈ ബുദ്ധിമുട്ടെല്ലാം?" എന്ന് ഒന്നുരണ്ടൊഴികഴിവുകളും തടസ്ഥങ്ങളും പറഞ്ഞു തന്റെ മര്യാദ കാണിച്ചുകൊണ്ട് ഗിരിബാല പിന്നെയും ഇരുന്നു. നരൻ അങ്ങോട്ടുമിങ്ങോട്ടും അസ്വാസ്ഥ്യത്തോടെ നടന്നുതുടങ്ങി.

"അമ്മേ, ഇതെന്താണ്? പിന്നെയും ഇരുന്നുവല്ലോ? നമ്മെ വലിയ ക്ഷമകേടോടെ കാത്തുനില്ക്കുന്നു" എന്നിങ്ങനെ ലളിതനും സമരേന്ദ്രനുമായുള്ള തർക്കം ഒരുവിധം അവശേഷിപ്പിച്ച് ഒടുവിൽ അമ്മയുടെ അരികെ വന്നിരുന്നുകൊണ്ടു പറഞ്ഞു.

"ഞാനെന്തു ചെയ്യും, ഒന്നു പറയൂ?" എന്നു ഗിരിബാല

ചിരിച്ചുകൊണ്ടു ചോദിച്ചു. "അവരെന്നെ പോവാൻ അനുവദിക്കുന്നില്ല. ഊർമ്മിളെ, ഇതെന്റെ രണ്ടാമത്തെ മകൻ ലളിതനാണ്. ലളിതനെ ഊർമ്മിള കണ്ടിട്ടുണ്ടാവും. ക്ഷേത്രനാഥബാബു ഉണ്ടായിരുന്നപ്പോൾ, ഒരിക്കൽ നിങ്ങളുടെ വീട്ടിൽ വന്നിട്ടുണ്ട്."

ലളിതന്റെ ഉപചാരത്തെ ആദരപൂർവ്വം അംഗീകരിച്ച്, തലതാഴ്ത്തിക്കൊണ്ട്, ഊർമ്മിള പറഞ്ഞു, "ഉവ്വ്, ഇദ്ദേഹം ഞങ്ങളുടെ വീട്ടിൽ വന്നിരുന്നു".

"ഞാൻ അവിടെ അധികം താമസിച്ചില്ല. പോരേണ്ടതായ ധൃതിയുണ്ടായിരുന്നു" എന്നു പറഞ്ഞുകൊണ്ട്, ലളിതൻ ഒരു കസാല വലിച്ച് ഊർമ്മിളയുടെ അടുത്തിട്ട് അവിടെ ഇരുന്നു. "കല്ക്കത്ത അത്ര പിടിച്ചതായി തോന്നുന്നില്ല, ഉവ്വോ?"

"അതല്ല, ഒട്ടും അസഹ്യത ഉണ്ടായില്ല. ഞാൻ അവിടെ ആയിരുന്നപ്പോൾ ആരേയും കണ്ടിരുന്നില്ല. ഇവിടെ ആളുകളുടെ ഇടയിൽ പെരുമാറുന്നതിൽ അധികം സന്തോഷമുണ്ട്."

"അതു വാസ്തവംതന്നെ. മററുള്ളവരുടെ സംവാസം അത്യാവശ്യമാണ്. സംശയമില്ല. എടയ്ക്കു പുറത്തു പോവാറുണ്ടോ? അതോ സമയം മുഴുവനും വീട്ടിൽതന്നെ കഴിച്ചുകൂട്ടുകയാണോ?"

"ഞാനെവിടെക്കാണ് പോകുന്നത്?" ലളിതന്റെ അകൃത്രിമമായ സമ്പ്രദായത്തിലുള്ള സംഭാഷണത്താൽ ഊർമ്മിളയ്ക്കുണ്ടായിരുന്ന സങ്കോചമെല്ലാം തീർന്നു. "ഞാൻ വീട്ടിൽതന്നെ, വായനയാൽ രസമായി കഴിച്ചുകൂട്ടുകയാണ്."

"എന്തു തരത്തിലുള്ള പുസ്തകങ്ങളാണ് അധികം ഇ

ണ്ടോ? ഞങ്ങളുടെ വീട്ടിൽ ഒരുവിധം നല്ല കുറെപുസ്തകങ്ങൾ ശേഖരിച്ചിട്ടുണ്ട്. അവയെ ഇപ്പോൾ ആരും അധികം ഉപയോഗിക്കാറില്ല. അതു നിങ്ങൾക്കു ഉപകരിക്കുന്നതാകയാൽ, അതിന്റെ ഉപയോഗം നിർവ്വഹിച്ചു എന്നു കരുതാം."

സമരേന്ദ്രൻ സമീപത്തുതന്നെ നിന്നിരുന്നു; അവരുടെ സംഭാഷണം കേൾക്കുകയും ചെയ്തിരുന്നു. ഈ സ്വല്പസമയത്തിനുള്ളിൽ ഊർമ്മിളയ്ക്കു ലളിതനോടുള്ള പരിചയം ഇത്ര അടുത്തനിലയിൽ കണ്ടതിനാൽ, അയാൾ ആശ്ചര്യപ്പെട്ടു. ഈ വീട്ടിൽ വന്നിട്ട് ആദ്യമായി ഒരിക്കലെങ്കിലും ഊർമ്മിള അയാളോടു മിണ്ടുകപോലും ചെയ്തിട്ടില്ല. ഊർമ്മിളയെ സഹായിക്കുന്നതിൽ ലളിതനുണ്ടായ അത്യുത്സാഹം അയാൾക്ക് ഒട്ടും പിടിച്ചിട്ടില്ല. അതിനാൽ അവിടെ വിട്ട്, നരേന്ദ്രനുമായി, ഒടുവിൽ നടന്ന മത്സരപ്പന്തുകളിയെപ്പറ്റി സംസാരിക്കുവാൻ തുടങ്ങി.

രാമസുന്ദരി വിരുന്നുകാർക്കുള്ള ചായയും പലഹാരങ്ങളുംകൊണ്ടു മുറിയിൽ പ്രവേശിച്ചു; ഇവർ ഈ മോദപൂരിതമായ സൽക്കാരക്രിയയെ സംബന്ധിച്ച് അനേകം ഒഴികഴിവുകളും തടസ്ഥങ്ങളും ആവർത്തിച്ചശേഷം, അതിനെ സ്വീകരിക്കുവാൻ ഒരുങ്ങി ഇരുന്നു. നരനു തിന്നുവാൻ കൊടുത്തവയെ വേഗത്തിൽ തീർത്ത് പാത്രം ഒഴിച്ചു വെടിപ്പാക്കി വെച്ചു. എന്നാൽ മന്ദാകുമാരി, സരോജലതി, എന്തെങ്കിലും കഴിച്ചുവോ എന്നതു കണ്ടുപിടിപ്പാൻ വിഷമമായിരുന്നു. ലളിതനും ഗിരിബാലയും അല്പമെല്ലാം എടുത്തുശേഷം എഴുന്നേറ്റു. എല്ലാവരുംകൂടി അതിഥികളെ യാത്ര അയയ്ക്കുവാൻവേണ്ടി ഉമ്മറത്തു വാതുക്കൽ വന്നുനിന്നു. നരൻ മുമ്പെകൂടി വണ്ടിയിൽ കയറി. തങ്ങളേയും വന്നു

കാണുന്നതിന്ന രാമസുന്ദരിയോടു വീണ്ടും വീണ്ടും ആവശ്യ
പ്പെട്ടുകൊണ്ട്, ഗിരിബാല മകനെ അനുഗമിച്ചു. ഗിരി
ബാല വണ്ടിയിൽ കയറിയ ഉടനെ സമരേന്ദ്രൻ അമ്മയെ
തൊഴുതു തിരിഞ്ഞു. വീട്ടിനകത്തെക്കു പോന്നു. ലളിതൻ
വണ്ടിയുടെ അകത്തു കയറുന്നതിന്നു മുമ്പായി, അതിന്റെ
ചവിട്ടിന്മേൽ ഒരു കാലു നിൎത്തിക്കൊണ്ട് ഉൎമ്മിളയോടിട്ട് സാ
ഹിത്യവിഷയസംബന്ധമായി ഒരു ചെറിയ തൎക്കം നടത്തി.
ഒടുവിൽ വേണ്ട മൎയ്യാദയോടുകൂടെ ഉൎമ്മിളയോടു യാത്ര
പറഞ്ഞു. എന്നാൽ അവനും വണ്ടിയിന്മേൽ കയറി ഇരുന്ന
ഉടനെ, പുറത്തേക്കു തലനീട്ടിക്കൊണ്ട്, "ഉൎമ്മിളയുടെ ക
ഴുത്തിലേക്ക് ഒരു മാല വാങ്ങിക്കണം. ചുകപ്പു വളരെ ന
ല്ലതാണ്, അല്ലെങ്കിൽ നീലയും ചീത്തയല്ല. അതും കാ
ണാൻ നല്ലകൗതുകമുണ്ട്" എന്നു പറഞ്ഞു.

വണ്ടി നീങ്ങി ദൃഷ്ടിമാൎഗ്ഗത്തെ അതിക്രമിച്ചപ്പോൾ,
"ആ പ്രായത്തിൽ അവർ കെട്ടിയിരിക്കുന്ന വേഷം നോ
ക്കൂ! അവരുടെ മക്കളുടെ കല്യാണം കഴിച്ചിട്ടില്ല, അതു
കൊണ്ട് അവൎക്ക് ഇങ്ങനെയൊക്കെ ആവാം; ഇല്ലെങ്കിൽ
ഇപ്പോഴത്തെ അവർ പഴഞ്ഞാ പാത്രങ്ങളോ കുട്ടികളുടെ മു
ത്തശ്ശിയാകുമായിരുന്ന ചുമതലയത്, അവൎക്ക് എന്നെ
ക്കാൾ അഞ്ചാറു വയസ്സു കൂടുതലുണ്ട്" എന്നു രാമസുന്ദരി
പുച്ഛരസത്തോടെ പറഞ്ഞു.

രാമസുന്ദരി മുകളിലേക്കു പോകുമ്പോൾ, ഉൎമ്മിള
അതു മുറിയുടെ വാതിലടച്ച്, അവരെ അനുഗമിച്ചു. മുകളിൽ
എത്തിയപ്പോൾ, സമരേന്ദ്രൻ കയ്യിൽ ഒരു ചൂരലുമായി പു
റത്തേക്കു പോകുവാൻ പുറപ്പെട്ടു നില്ക്കുന്നതായി അവർ ക
ണ്ടു. "അപ്പോൾ ഞാൻ ഉൎമ്മിളയുടെ പുസ്തകശാലയി

ലെ കാൎയ്യദൎശിയുടെ സ്ഥാനം രാജികൊടുക്കേണ്ടി വരുമായി, അല്ലേ?" എന്നു സമരേന്ദ്രൻ ചിരിച്ചുകൊണ്ടു ഊൎമ്മിളയോടു പറഞ്ഞു.

ഊൎമ്മിള അല്പം പരിഭ്രമത്തോടു കൂടെ "എന്തിനു" എന്നു ചോദിച്ചു.

"അധികം യോഗ്യനായ ഒരാൾ ആ സ്ഥാനത്തേക്കു വരുമ്പോൾ, മാനഭംഗം നേരിടാതിരിപ്പാൻ താൻതന്നെ ഒഴിയുന്നതല്ലേ യുക്തം? അല്ലെങ്കിൽ പിരിച്ചു കളയും" എന്നു പറഞ്ഞുകൊണ്ടു സമരേന്ദ്രൻ താഴെ ഇറങ്ങിപ്പോയി.

ഊൎമ്മിള അവിടെ തന്നെ കുറച്ചു നേരം നിന്നു. സമരേന്ദ്രൻ എന്തിനു വേണ്ടിയാണു് മുഷിഞ്ഞുപോയതെന്നു അവൾക്കു ശരിയായി മനസ്സിലായില്ല. ഇതിൽ എന്താണു് ആയാൾക്കു ദേഷ്യപ്പെടുവാനുള്ളതു? എന്നാൽ കോപിച്ചിട്ടുണ്ടെന്നുള്ളതിനു സംശയമില്ല. "ആവശ്യമില്ലാതെ കോപിക്കുകയാണെങ്കിൽ ആയിക്കൊള്ളട്ടെ. അതിനു് എനിക്കെന്താ?" എന്നു ഊൎമ്മിള ആലോചിപ്പാൻ ശ്രമിച്ചു; പക്ഷെ, അതുകൊണ്ടു യാതൊന്നുമില്ലെന്നു സമ്മതിക്കുവാൻ അവളുടെ ഹൃദയം ഒരുക്കമായിരുന്നില്ല. അവളുടെ ശ്രമങ്ങൾകൊണ്ടൊന്നും നീക്കുവാനോ വിവരിക്കുവാനോ കഴിയാത്ത ഒരു ശല്യം ഊൎമ്മിളയുടെ ഉള്ളിൽ എവിടെയോ തറച്ചിട്ടുണ്ടായിരുന്നു. എന്നാൽ ആ വേദനയോടു കൂടി തന്നെ സന്തോഷത്തിന്റെ ഒരു ലാഞ്ഛനയും ഉള്ളതായി കാണപ്പെട്ടു.

ഊൎമ്മിള ആലോചിച്ചാലോചിച്ചു കഴിഞ്ഞു; ഒടുവിൽ, രാമസുന്ദരിയെ അന്വേഷിച്ചു പോയി. രാമസുന്ദരിയുടെ മുറിയുടെ നേരെ മുമ്പിലായി ഒരു നിലാമുറ്റമുണ്ടാ-

യിരുന്നു. അവിടെ കുറെ ഒഴിഞ്ഞ മണ്ണെണ്ണത്തകരപ്പാത്രങ്ങളിലും പൂച്ചട്ടികളിലും രണ്ടോ മൂന്നോ വലിയ തൊട്ടികളിലും മണ്ണും മറവും നിറച്ച് ഒരു ചെറിയ തോട്ടമുണ്ടാക്കിയിട്ടുണ്ടായിരുന്നു. ഈ തോട്ടത്തെ ശുശ്രൂഷിക്കലായിരുന്നു അവളുടെ അനദ്ധ്യായസമയങ്ങളിലെ ജോലി. അവൾ മററു പണികൾ കഴിഞ്ഞാൽ ഉടനെ ഒരു ചെറിയ പാത്രത്തിൽ വെള്ളവുമായി ഇവിടെ വന്ന് ചെടികളുടെ പരിശോധന നടത്തുക പതിവായിരുന്നു. അവളുടെ അദ്ധ്വാനങ്ങൾക്ക് അവ മതിയായ പ്രതിഫലം കൊടുക്കുകയും ചെയ്തിരുന്നു. എന്തെന്നാൽ, നാലുഭാഗത്തും കാണുന്ന ആ അനവധി കെട്ടിടങ്ങൾക്കിടയിൽ, ആകാശത്തിലെ ചില വർണ്ണങ്ങളെ അവ ഇവിടെ പ്രതിബിംബിപ്പിച്ചിരുന്നു. രാത്രിസമയങ്ങളിൽ മതിൽ ചാടിക്കയറിവന്ന് പൂക്കൾ കട്ടുകൊണ്ടു ഓടിപ്പോകുന്ന അയൽപക്കത്തുകാരായ വികൃതിക്കുട്ടികളെ ചീത്തപറയുന്നതും ഈ തോട്ടത്തിന്റെ ഉടമസ്ഥയുടെ നിലയിൽ അവൾക്ക് ഒരു നിത്യജോലിയായിത്തീർന്നിട്ടുണ്ട്.

ഊർമ്മിളയും രണ്ടോ മൂന്നോ തൊട്ടികളും പെട്ടികളും കൊണ്ടുവന്ന് ഇതിന്റെ ഒരു മൂലയ്ക്കൽ സ്ഥാനം പിടിച്ചിട്ടുണ്ടായിരുന്നു. തൊട്ടികളിൽ പനിനീർപിച്ചകച്ചെടികളും പെട്ടികളിൽ മുല്ലയും തിങ്ങിനിന്നു കൂടുകെട്ടിയിട്ടുണ്ടായിരുന്നു. രാമസുന്ദരിയോടൊന്നിച്ച് അവളും തന്റെ ഭാഗം പരിശോധിക്കുവാൻ ദിവസവും പോവുക പതിവായിരുന്നു. പൂച്ചക്കുട്ടികളുടെ ജോലി പകൽ മുഴുവനും അവളുടെ കാലുകൾക്കിടയിൽ കിടന്നോടുകയായിരുന്നതുകൊണ്ട്, അവയും ആ സമയത്ത് ആ നിലാമുററത്ത് ഹാജർ

കൊടുക്കാറുണ്ടായിരുന്നു. ഈ കുറച്ചു പൂക്കളുടേയും ചെടി
കളുടേയും ഇടയിൽ ചുററിത്തിരിയുന്നതിൽ ഊർമ്മിളയ്ക്കു
ണ്ടായിരുന്ന സന്തോഷം പ്രകൃതീദേവിയുടെ നിവാസസ്ഥാ
നമായ ആ പുണ്യാരണ്യത്തിൽ വസിച്ചിരുന്ന മുനികന്യക
യുടേതിനേക്കാൾ ഒട്ടും കുറവായിരുന്നില്ല.

അന്ന്, നിലാമുററത്ത് എത്തിയ ഉടനെ, രാമസുന്ദ
രി "ഇതു നോക്കൂ ഉമേ! ഈ മുല്ലമൊട്ടുകൾ ക്രമമായി ആ
വലയത്തിന്റെ താഴികക്കുടംപോലെ എത്ര ഭംഗിയിൽ നി
ല്ക്കുന്നു. മൂന്നു റോസ്പൂക്കളുമുണ്ട്. എന്നാൽ ഇതുകൊ
ണ്ടെന്താ ഫലം? രാത്രി കഴിയും മുമ്പേ, ആ അങ്ങേതിലെ
വികൃതിക്കുട്ടികൾ വന്ന് എല്ലാം കട്ടുകൊണ്ടുപോയി തീ
രും" എന്നു ഉറക്കെ പറഞ്ഞു.

"ഉം ഉം, അതു കൊണ്ടുപോവാൻ ഞാൻ സമ്മ
തിക്കും! അതൊക്കെ എന്റെ പൂക്കളാണ്. അവരുടെ ആ
വശ്യത്തിനുവേണ്ടിയല്ല ഞാൻ ഈ ബുദ്ധിമുട്ടെല്ലാം കഴി
ച്ചു വളർത്തിക്കൊണ്ടു വരുന്നത്!" എന്നു പറഞ്ഞുകൊണ്ട്,
ഊർമ്മിള ആ മൂന്നു പൂക്കളെ കുറെ ഇലകളോടുംകൂടി 'കൊ
ത്തായി' ഒടിച്ചെടുത്തു. മുല്ലപ്പൂക്കൾ നാളെയോടുകൂടി മുറി
ച്ചെടുക്കുവാനായി ഒരു പേനക്കത്തിക്കുവേണ്ടി അവൾ
അകത്തേക്ക് ഓടി. എന്നാൽ അവിടെ കത്തിയൊ
ന്നും കാണായ്കയാൽ, സുരേന്ദ്രന്റെ മുറിയുടെ വാതുക്കൽ
വന്ന് അകത്തേക്ക് എത്തിച്ചു നോക്കി. മേശപ്പുറത്തു കൂ
ട്ടിയിരിക്കുന്ന അനവധി സാമാനങ്ങളുടെ കൂട്ടത്തിൽ ഒരു
കത്തിയും ഉണ്ടായിരിക്കുന്നതു വിചാരമുള്ള സംഗതിയല്ല
ല്ലോ. അധികം താമസിയാതെ, ഒരു വലിയ പേനക്കത്തി

കത്രികയെടുത്തുകൊണ്ട് ഉൎമ്മിള രാമസുന്ദരിയുടെ സമീപത്തു തിരിച്ചെത്തി.

"ഇവ ഞാൻ മുറിച്ചെടുത്തു. എവിടെയാണ് ഇവ വെയ്ക്കുവാൻ പോകുന്നത്?" എന്നു, ഉൎമ്മിള പൂക്കളെ കലയോടുകൂടി മുറിച്ചെടുത്തതു കണ്ടപ്പോൾ രാമസുന്ദരി ചോദിച്ചു. "ആ ചുവന്ന റോസപ്പൂവും ആ തലമുടിയിൽ ചൂടൂ. കറുത്ത മുടിയിൽ ചുകപ്പു നല്ലവണ്ണം പ്രകാശിക്കും. മറ്റേതു ഒരു പൂപ്പാത്രത്തിലാക്കി വെക്കണം. താഴെയുള്ള സല്ക്കാരമുറിയിൽ ഒരു പൂപ്പാത്രം ഇരിക്കുന്നുണ്ട്. അവിടെ കൊല്ലത്തിൽ ഒരിക്കൽപോലും ഒരാൾ ചെല്ലാറില്ല. അതുകൊണ്ട് അതു് അവിടെ വെച്ചാലും ഇല്ലെങ്കിലും ഫലം ഒന്നുതന്നെയാണ്."

ഉൎമ്മിള പൂക്കളുംകൊണ്ട് അവരുടെ മുറിയിൽചെന്ന തന്റെ ആ വിലപിടിച്ച പൂക്കൾ എവിടെയാണ് വെക്കേണ്ടതെന്നുള്ള ആലോചനയാൽ കുറെ കുഴങ്ങി. ക്ഷേത്രനാഥന്റെ ഗൃഹത്തിൽ നിന്ന് അവളുടെ സ്വന്തം ആവശ്യത്തിനു വേണ്ടി ഉണ്ടായിരുന്ന എല്ലാ സാധനങ്ങളും ചന്ദ്രമോഹനബാബു ഉൎമ്മിളയ്ക്കു അയച്ചുകൊടുത്തിരുന്നു. ആ കൂട്ടത്തിൽ [illegible]ച്ചിട്ടുള്ള [illegible] രണ്ടു ജോടു പൂപ്പാത്രങ്ങളുമു[illegible]ന്നു. ഇരിമ്പുകൊണ്ടുള്ള ഒരു പെരിയ [illegible] ഒരു മൂ[illegible] ഈ പുതുമയുള്ള സാമാനങ്ങളുടെ ഇടയിൽ അവ [illegible] കിടക്കുന്നതു കണ്ടു, അവൾ അവയെ പുറത്തെടു[illegible]. അന്ന് അവൾ പെട്ടി തുറന്ന് അവയെ [illegible]ടുത്തു. ഒരു അലമാരയുടെ ഇടയിൽ കുറെ [illegible] പരിശോധിച്ചു നോക്കിയ ശേഷം, മാർബിൾ കൊണ്ടു[illegible] ജോടി പുറത്തു വെച്ച് മറ്റെ ജോടി[illegible]

ട്ടിയിൽ തന്നെ വെച്ചു, അതിന്റെ മൂടി 'പട' എന്നടച്ചു പൂട്ടി, അവിടെനിന്നെഴുന്നേറ്റു. ആ പൂക്കളെ അവരുടെ മനോരഥംപോലെ ക്രമപ്പെടുത്തുന്നതിന്നു ഒരു മണിക്കൂറു സമയം വേണ്ടിവന്നു. പിന്നെ എവിടെയാണ് അതുകൾ വെക്കേണ്ടത് എന്നായി. അങ്ങോട്ടുമിങ്ങോട്ടും അലഞ്ഞുകൊണ്ടു കുറെ നടന്നശേഷം, അവൾ പെട്ടെന്നു സമരേന്ദ്രന്റെ മുറിയിൽ കടന്ന് ശങ്കകൂടാതെ ആ രണ്ടു പൂപ്പാത്രങ്ങളും അവിടെയുള്ള മേശപ്പുറത്തുവെച്ചു. ആ പ്രവൃത്തി കഴിഞ്ഞ മാത്രയിൽ, താൻ ചെയ്തത് ശരിയോ തെറ്റോ എന്ന ഒരു ശങ്ക അവരുടെ മനസ്സിലുദിച്ചു. അവൾ അതിനു മുമ്പു താമസിച്ചിരുന്ന സ്ഥലത്ത് ലോകമര്യാദയെ പറ്റി എപ്പോഴും അത്ര ചിന്തിക്കേണ്ടുന്ന ആവശ്യമുണ്ടായിരുന്നില്ല. എന്തുകൊണ്ടെന്നാൽ, അവിടെ ആ മദ്ധ്യവയസ്കനായ ക്ഷേത്രനാഥനൊഴിച്ച് മറ്റാരോടും അവൾക്കിടപെടുവാൻ തരവുമില്ലായിരുന്നു. ഇവിടെയാകട്ടെ, അവൾ വലിയ ബുദ്ധിമുട്ടിലായിട്ടുണ്ട്. ഇവിടെ, ഏതാണ് ശരിയായ മാർഗ്ഗം ഏതാണ് അല്ലാത്തത് എന്ന് അവൾ എങ്ങിനെയാണ് അറിയുന്നത്? രാമസുന്ദരിയുടെ കലവറയിൽ മര്യാദവിട്ട പ്രവൃത്തികൾ ചെയ്യുന്നവർക്ക് വന്നുചേരുന്ന അസാധാരണങ്ങളായ ആപത്തുകളെ കുറിച്ചുള്ള കഥകൾക്ക ക്ഷാമമൊന്നുമുണ്ടായിരുന്നില്ല. ഉർമ്മിള അവയെ പറ്റി കേൾക്കുകയും പലതും അവൾക്കു ഓർമ്മ വരികയും ചെയ്തു. അവൾ ആ മേശയുടെ അടുക്കെ സംശയിച്ചുകൊണ്ട് വളരെ നേരം നിന്നശേഷം, പൂക്കളെ അവിടെ വെച്ചിട്ട് ഒടുവിൽ പുറത്തുപോന്നു. പുറത്തു കടന്നു നോക്കിയപ്പോൾ, സമരേന്ദ്രന്റെ മേശപ്പുറത്തു കുന്നുകൂടിക്കിടക്കുന്ന ചുവറു

കൾക്കു മുകളിലായി ആ പുസ്തകങ്ങൾ തല ഉയർത്തിപ്പി
ടിച്ചു് നില്ക്കുന്നതായി അവർ കണ്ടു. അവർ പിന്നെയും ആ
മുറിയിൽ പ്രവേശിച്ചു് മേശപ്പുറത്തുള്ള പൊടിയെല്ലാം
തുടച്ചു് സാമാനങ്ങൾ ഒതുക്കി വൃത്തിയായി വെച്ചു. വള
രെ നാളായിട്ടു കൂടിക്കിടക്കുന്ന പൊടിയോടുകൂടിയ സമീപ
മുള്ള പുസ്തകപ്പലകയും അവരുടെ കരുണയെ ആവശ്യ
പ്പെടുന്നതായി കണ്ടിട്ടു് അതിനേയും തീരെ ഉപേക്ഷിക്കു
വാൻ അവർക്കു കഴിഞ്ഞില്ല. ഊർമ്മിള ആ ജോലിയെല്ലാം
നിർവ്വഹിച്ചശേഷം, ആ അകത്തുണ്ടായിരുന്ന മാറാലയും
പൊടിയുംപാറി ശ്വാസത്തെ അററിക്കുന്നതായ ഒരു കോല
ത്തോടുകൂടി അവിടം വിട്ടു പുറത്തു കടന്നു കയ്യും മുഖവും
വെടിപ്പായി കഴുകി അല്പം വിശ്രമിക്കുവാൻ ഇരുന്നു. അ
പ്പോൾ തെരുവുകളിലെ വിളക്കെല്ലാം കൊളുത്തികഴിഞ്ഞി
രിക്കുന്നു.

അധികം താമസിയാതെ, സമരേന്ദ്രന്റെ കാലടിശ
ബ്ദം കോണിപ്പടിയിന്മേൽ അവർ കേട്ടു. ആ സമയത്തു
ഭയവും ലജ്ജയും ശങ്കയുംകൂടിയ ഒരു വിചാരം ഉള്ളിൽ ക
യറുകയാൽ, ഊർമ്മിളയുടെ ഹൃദയം തുടിക്കുവാൻ തുടങ്ങി.
സമരേന്ദ്രൻ മുറിയിൽ കടന്നാൽ എന്തു വിചാരിക്കും?

• “ചെറിയമ്മെ, നിങ്ങൾ ഇന്നെന്റെ മുറി നന്നാക്കി
എന്നു തോന്നുന്നു?” എന്നു സമരേന്ദ്രൻ അകത്തു പ്രവേ
ശിച്ചു ഉടനെ വിളിച്ചു പറഞ്ഞു.

“ശരിയാണു്; നിന്റെ മുറി വെടിപ്പാക്കുന്ന ആ കൂലി
യില്ലാത്ത വേലയ്ക്കൊരുങ്ങാൻ എനിക്കു വേറെ ജോലിയൊ
ന്നുമില്ലല്ലൊ! എന്തൊ കളഞ്ഞിരിക്കാം. എന്താതു്?” എ
ന്നു രാമസുന്ദരി അടുക്കളപ്പുരയിൽനിന്നു ഉത്തരം പറഞ്ഞു.

ആ അവസരത്തിൽ ആ രണ്ടു പുഷ്പപാത്രങ്ങളും അവയിൽ വെച്ചിരിക്കുന്ന പൂക്കളും സമരേന്ദ്രന്റെ നോട്ടത്തിനു ലക്ഷ്യമായി. “ഇല്ല, ഒന്നും പോയിട്ടില്ല. നിങ്ങളുടെ വല്ലതും പോയോ എന്നു മാത്രമാണ് ഞാൻ വിചാരിച്ചത്” എന്നു സമരേന്ദ്രൻ പ്രീതിയോടെ പറഞ്ഞു.

തന്റെ മുറി വൃത്തിയാക്കിവെച്ചു ആളെ അറിയുവാൻ സമരേന്ദ്രന് അധികനേരം വേണ്ടിവന്നില്ല. ആ ഭവനത്തിൽ താമസിച്ചുപോരുന്ന രണ്ടു ചെറുപ്പക്കാരിൽ ഒരാൾ, ഏകദേശം അപ്രത്യക്ഷമെന്ന മട്ടിലുള്ള തെറ്റായ ധാരണയെ നീക്കുന്നതും കൌതുകത്തോടുകൂടി സഹിതിചെയ്യുന്നതുമായ ആ രണ്ടു ദൂതന്മാരെ അയച്ചു വിവരം മറ്റ ആരുംക മനസ്സിലാവാതിരുന്നാലും, ആയാളുടെ ദുരഭിമാനം നിശ്ശേഷം നശിക്കുകയും താൻതന്നെ ആദ്യമായി ചെയ്ത തെറ്റിനെ ഓർത്തു ലജ്ജിക്കുകയും ചെയ്തു.

ഊർമ്മിളയുടെ മുറിക്കു സമീപം ചെന്ന് സമരേന്ദ്രൻ അവരോട് ഇങ്ങനെ പറഞ്ഞു:— “വളരെ വന്ദനം. ഇന്ന് ഈ ചെയ്ത പ്രവൃത്തി ഒരുവിധം അസാധ്യമായിട്ടുള്ളതാണ് എന്നു പറയാം. എന്നാൽ ഒരു സൂക്ഷ്മദൃഷ്ടിക്കാരന് ‘കരിങ്കുവളപ്പൂക്കൾ’* വച്ചിരുന്ന സ്ഥലം കാണിച്ചുകൊടുത്താലുള്ള അപകടം എന്താണെന്നറിയാമല്ലോ”.

* ഈ പുഷ്പത്തിനു ചന്ദ്രശാലയെ ഉദ്ദേശിക്കുന്നു എന്നു വിശേഷമുണ്ട്. ഇതിനാൽ ഇതു ചേരുന്നതായ കളം, എന്നതും ചന്ദ്രകാന്തമായ ഒരു കല്ലിൽ മാത്രം ഉള്ളതായ ഒരു രേഖ കാട്ടിക്കൊടുത്താൽ, അതിനെ മുഴുവൻ അറിയുന്നതാണ്. ഒരാളുടെ ശോഭിക്കുന്ന പരിചയത്തിന്റെ നിലയെക്കുറിച്ച് “ഏതുതരം” കാണിക്കുന്നതായ സ്ഥിതിയെ സൂചിപ്പിക്കുന്നതിന് പ്രസ്തുതപുസ്തകത്തിലെ ‘പൂക്കളുടെ’ പ്രയോഗം ഒരു പഴമൊഴിയായി തീർന്നിട്ടുണ്ട്. ‘ഇതിന്റെ ഉള്ളറ അറിഞ്ഞാൽ ഇതുകൊണ്ടു ഫലമില്ല’ എന്ന മലയാളത്തിലെ പഴഞ്ചൊല്ലിന്റെ സാരവും ഇതുതന്നെയാണ്.

സ്വാഭാവികമായ സ്വരത്തിലുള്ള ഈ വാക്കുകൾ കേട്ടപ്പോൾ, ഊൎമ്മിളയുടെ മനസ്സിൽനിന്ന് എന്തോ വലുതായ ഒരു ഭാരം എറക്കിയതുപോലെ ആശ്വാസത്തോടെ അവൾ ചിരിച്ചുകൊണ്ട് ആ അപകടത്തെക്കുറിച്ച് എനിക്കു ലേശം ഭയമില്ല" എന്നു പറഞ്ഞു.

സമരേന്ദ്രൻ പിന്നെ ഒരു വാക്കുപോലും ഉച്ചരിക്കാതെ ചിരിക്കുവാൻ തുടങ്ങി. എന്നാൽ ആ ചിരിതന്നെ വളരെയെല്ലാം പറഞ്ഞുകൊടുത്തു.

ആ സമയത്ത് ചുവടെനിന്ന് ആരോ "ബാബൂ, ബാബൂ" എന്നുറക്കെ വിളിച്ചു. സമരേന്ദ്രൻ താഴത്തേക്കു പോയി ഒരു കെട്ടു പുസ്തകവുംകൊണ്ട് ഉടനെ മടങ്ങിയെത്തി. "ഇത് ഊൎമ്മിളയ്ക്കുള്ളതാണ്. ലളിതബാബു അയച്ചതാണ്" എന്നു പറഞ്ഞ് ആ കെട്ട് ഊൎമ്മിളയുടെ അടുക്കലേക്കു നീക്കിവെച്ചുകൊടുത്തു.

ഊൎമ്മിള അതെടുത്തു നിവൎത്തിനോക്കാതെ ഒരു ഭാഗത്തേക്കു നീക്കിവെച്ചതു കണ്ടിട്ട്, "അതു തുറന്നുനോക്കുവാൻ വിചാരിക്കുന്നില്ലേ?" എന്നു സമരേന്ദ്രൻ ചോദിച്ചു.

"എനിക്കു വായിക്കുവാൻ ഇപ്പോൾ വളരെ പുസ്തകങ്ങൾ ഉണ്ട്. അതെല്ലാം മുമ്പെ കഴിക്കട്ടെ" എന്നു വലിയ അനാസ്ഥയോടെ ഊൎമ്മിള ഉത്തരം പറഞ്ഞു.

സമരേന്ദ്രൻ പിന്നെ ഒന്നും പറയാതെ അവിടെനിന്നു പോയി. ഊൎമ്മിളയും സമരേന്ദ്രനുമായി അപ്പോൾ അവിടെ നടത്തിയ ഈ ചെറിയ സമരത്തിന്റെ ഫലമായി അവർ രണ്ടുപേരും തമ്മിൽ അന്യോന്യമുള്ള പെരുമാററത്തിൽ വളരെ കരുതലുള്ളവരായിരുന്നു.

അദ്ധ്യായം ൭

അനദ്ധ്യായദിവസങ്ങളിൽ ആൎക്കുംതന്നെ ഭക്ഷണത്തിന്ന ബദ്ധപ്പാടുള്ളതായി കാണില്ല. അവരവരുടെ കളിയും ഉല്ലാസം കഴിക്കുവാൻ പോകുന്നതിന്ന് ഓരോരുത്തരേയും പ്രത്യേകം വളരെ ശ്രമിക്കേണ്ടതായി വരുന്നു. അതു ഹേതുവായിട്ട് അന്ന ഗിരിബാലയുടെ മദ്ധ്യാഹ്നവിശ്രമത്തിന്നുള്ള സമയം ഏകദേശം ഒന്നരമണികഴിഞ്ഞിട്ടേ ആരംഭിച്ചുള്ളു. വിസ്താരമേറിയ ആ കിടപ്പുമുറിയുടെ ഒരു മൂലയ്ക്കൽ അവളുടെ ഒടുവിലത്തെ പുത്രനായ നരൻ തകരം കൊണ്ട് ഒരു മുങ്ങിക്കപ്പൽ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. അടുത്തമുറികളിലൊന്നിൽനിന്ന ലതിയുടെ നേൎത്തതെങ്കിലും ഉച്ചത്തിലുള്ള സ്വരവും കേൾക്കുന്നുണ്ട്. ലതിയുടെ പള്ളിക്കൂടത്തിൽ ഒരു നാടകാഭിനയത്തിന്ന ഭാവമുണ്ടത്രെ. അതിനാലുള്ള ജോലിത്തിരക്കുകാരണം ശ്വസിക്കുവാൻ പോലും ലതിക്ക സമയം കിട്ടിയിരുന്നില്ല. ലളിതൻ ഭക്ഷണത്തിന്നുശേഷം ലാത്തുവാനായി ഒന്നു പുറത്തേക്കിറങ്ങിയിരിക്കുന്നു. ആയാളുടെ അച്ഛൻ കല്ക്കത്തയിൽ താമസിച്ചിരുന്നില്ല. തന്റെ കുടുംബക്കാരോട് ഒന്നിച്ചു വസിക്കുന്നതിന്ന് അദ്ദേഹത്തിന്ന കൊല്ലത്തിൽ ഏറിയതു മൂന്നുമാസമേ അവസരം ലഭിച്ചിരുന്നുള്ളു.

"[illegible], എന്റെ [illegible] ഞാൻ ചുവട്ടിൽവെച്ചു പോന്ന ആ ചെല്ലപ്പെട്ടി ഒന്നെടുത്തു കൊണ്ടുവന്ന് അമ്മയ്ക്കു തരു. ഈ തടികാരണം എനിക്ക് എപ്പോഴും കോണി ഇറങ്ങുവാനും കയറുവാനും വയ്യാ. പോകുന്നതിന്ന മുമ്പ്

ആ വിശറിയും ഒന്നു തിരിച്ചുവെയ്ക്കൂ" എന്നു ഗിരിബാല കിടപ്പുമുറിയിൽ കടന്നു കട്ടിലിന്മേൽ ഇരുന്നു് കിതച്ചുകൊണ്ടു് മകനോടു പറഞ്ഞു.

"ഞാൻ പണി എടുത്തുകൊണ്ടിരിക്കുമ്പോൾ എന്നെ ബുദ്ധിമുട്ടിക്കാതെ അമ്മയ്ക്കു് ഒന്നും തന്നെ നടത്തിക്കൂടാ; എല്ലാം ഞാൻ ചെയ്യണമൊ? ലതി അവളുടെ മുറിയിൽ വെറുതെ ഇരിക്കുന്നുണ്ടു്. അതെടുത്തുകൊണ്ടുവരാൻ ലതിയോടു പറയൂ" എന്നു നരൻ വലിയ മുഷിച്ചിലോടുകൂടി പറഞ്ഞു.

"നീ ഇതു ഉപദേശിച്ചു തരികയൊന്നും വേണ്ട. ഞാൻപറഞ്ഞതു ചെയ്യൂ. ലതി വെറുതെ ഇരിക്കുകയാണൊ അല്ലയൊ എന്നു് അന്വേഷിക്കേണ്ടുന്ന കാര്യം നിനക്കില്ല" എന്നു ഗിരിബാല ശാസിച്ചു.

നരൻ ദേഷ്യപ്പെട്ടു് ഒരു മൺകലത്തിന്റെ 'പള്ള' പോലെ മുഖവും വീർപ്പിച്ചുകൊണ്ടു് അവിടെനിന്നു പോയി. നാലഞ്ചു നിമിഷങ്ങൾക്കുള്ളിൽ ജർമ്മൻവെള്ളികൊണ്ടുണ്ടാക്കിയ ഒരു ചെല്ലവുമെടുത്തു് മേശപ്പുറത്തു കൊണ്ടുവന്നിട്ടു പോയി; പോകുംവഴിക്കു മുറിയുടെ വാതൽ ഉറക്കെ വലിച്ചടയ്ക്കാതെയുമിരുന്നില്ല. "നരാ" എന്നു ഗിരിബാല ദേഷ്യത്തോടെ ഉച്ചത്തിൽ വിളിച്ചു. എന്നാൽ അതിന്നു് നരേന്ദ്രനിൽനിന്നു് ഉത്തരമൊന്നും ഉണ്ടായില്ല.

രണ്ടു മൂന്നു വെററിലയും അതിനൊത്ത പുകയിലയും ചിലവാക്കിയ ശേഷം, ഗിരിബാല തലയാട്ടിക്കൊണ്ടു് ഉറക്കത്തിന്നുള്ള വട്ടമായി. അപ്പോൾ ഒരു ശിഷ്യത്തിവന്നു്, "ആനന്ദബാബു വന്നിട്ടുണ്ടു്. അമ്മയെ കാണുവാനായി താഴെ കാത്തിരിക്കുന്നു" എന്നറിയിച്ചു.

അല്പം അസഹ്യതയോടുകൂടെ ഗിരിബാല എഴുന്നേററിരുന്നു. പിന്നെ, എന്തോ വിചാരത്താൽ സന്തോഷം നടിച്ചുകൊണ്ട്, ഇങ്ങിനെ പറഞ്ഞു "ഞാനിതാ വരുന്നു. പോയി, ബാബുവിനോടു കസാല കൊടുത്ത് ഇരിക്കുവാൻ പറയൂ." ശിഷ്യത്തി പോയ ഉടനെ ഗിരിബാല ഉറക്കമെല്ലാം ഉപേക്ഷിച്ച് ചുവട്ടിലേക്കിറങ്ങി.

ആനന്ദബാബു പൊക്കം കുറഞ്ഞു തടിച്ചു ഒരാളായിരുന്നു. അദ്ദേഹത്തിന്റെ നിറം ഇരുണ്ടതായിരുന്നു. ശരി, ആളു കറുത്തതാണെന്നുതന്നെ പറയാമായിരുന്നു. അദ്ദേഹത്തെ എപ്പോഴും പ്രസന്നതയോടുകൂടെയാണ് കണ്ടിരുന്നത്. യാതൊരു കാരണവും അദ്ദേഹത്തിനു ക്ഷോഭത്തെ ഉണ്ടാക്കുവാൻ മതിയായിരുന്നില്ല. കച്ചവടസംബന്ധമായുള്ള തന്റെ ഉദ്യോഗസ്ഥലത്തെ ജോലികൾക്കിടയിൽ കിട്ടുന്ന ചുരുങ്ങിയ വിശ്രമസമയത്തെ അദ്ദേഹം സ്നേഹിതന്മാരുടെ ഗുണത്തിനു വേണ്ടി പരോപകാരപ്രദങ്ങളായ ശ്രമങ്ങളിൽ വിനിയോഗിക്കുകയാണ് ചെയ്തിരുന്നത്. അദ്ദേഹത്തിന്റെ പരിചിതന്മാരിൽ ഒരാൾക്കും, അവരുടെ സങ്കടങ്ങളുണ്ടായിട്ടുള്ള അദ്ദേഹത്തിന്റെ അനുഗ്രഹത്തിൽനിന്നു പൂർണ്ണമോചനം ലഭിച്ചിരുന്നില്ല. ഈ കാരണം കൊണ്ടുതന്നെ ജനങ്ങളിൽ ബുദ്ധിയും ആലോചനയും ഉള്ളവർക്ക് അദ്ദേഹത്തെ വലിയ ബഹുമാനവും, നന്മതിന്മകളുടെ ഗുണദോഷമറിയാത്ത അസ്ഥിരബുദ്ധികളായ യുവലോകത്തിനു വിരോധവുമായിരുന്നു.

ആനന്ദനെ വേണ്ടതുപോലെ സല്ക്കരിച്ചിരുത്തിയ ശേഷം, ഗിരിബാല പറഞ്ഞു: "ആളെ അയച്ചാല്ക്കൂടി ഇയ്യിടെയായിട്ട് നിങ്ങളെ കാണാൻ പ്രയാസമായിരിക്കുന്നു. ഞാൻ ജീവിച്ചിരിക്കുന്നുണ്ടോ, അതോ മരിച്ചു പോയോ എന്നെങ്കിലും അന്വേഷിക്കാൻ എന്തു വിരോധമാണുണ്ടായിരുന്നത്?"

"ആരുടെ ന്യൂനമാണ് വലിയത്, നമ്മൾ തമ്മിൽ കാണുന്നതിനു സാധിക്കാതിരുന്നാൽ ആരുടെ ന്യൂനമാണ് വലിയത് എന്നു ഞാൻ ചോദിച്ചോട്ടെ. എന്നെ കൂടാതെ എല്ലാവർക്കും; എന്നാൽ എനിക്കോ എല്ലാവരെയും കൂടാതെ കഴിയുകയില്ല. എനിക്കു ഉള്ളതോ ഉറങ്ങുവാൻകൂടി സമയം കിട്ടാതെയുള്ള ജോലിയാകുന്നു. ഞാൻ പറയുന്നതു ശരിയല്ലയെന്ന് എന്റെ ഭാര്യയോട്, ഇനി നിങ്ങളന്യോന്യം കാണുമ്പോൾ ചോദിക്കൂ" എന്ന് ആനന്ദബാബു ചിരിച്ചുകൊണ്ടു മറുപടി പറഞ്ഞു.

"നിങ്ങളുടെ ഭാര്യയും വീട്ടിൽ മററുള്ളവർക്കും സുഖം തന്നെയല്ലേ?"

"അതെ, ചെറിയകുട്ടിമാത്രം ജലദോഷവും ചുമയുമായി കിടപ്പിലാണ്".

"ഇപ്പോൾ എല്ലാദിക്കിലെയും കഥ അങ്ങിനെതന്നെ. നല്ല കറുപ്പുകാലമായിട്ട് ഒരു ചുമ വന്നുകൂടിയിരിക്കുന്നു. എന്നാൽ ആ കുട്ടികളാണെങ്കിൽ ഞാൻ പറഞ്ഞതൊന്നും കേൾക്കില്ല. പിന്നെ എങ്ങിനെയാണവന്നു ഭേദമാകുക? ഒരു ദിവസമെങ്കിലും അവൻ കുളിക്കാതെ ഇ

മിക്കില്ല. രാത്രി ആരുമറിയാതെ അവൻ പോയി നിലാമുററത്തു കിടന്നുറങ്ങും. ഇതിനെല്ലാററിനും പുറമെ, ഇന്നലെ ഒരു പന്തുകളി കാണാനോ എന്തു വിഡ്ഢിത്തത്തിനോ പോയി, അടിമുതൽ മുടിവരെ നനഞ്ഞൊലിച്ചു വന്നിരിക്കുന്നു".

"ആട്ടെ, ഞാൻ പോകുന്നതിനു മുമ്പെ വന്നകാര്യം നടന്നോട്ടെ. ഞാൻ നല്ല വർത്തമാനം വല്ലതും കൊണ്ടുവന്നാൽ എനിക്കു നല്ല ദക്ഷിണ തരില്ലേ? ഒരു ബ്രാഹ്മണന്റെ മകൻ ജാതിന് എത്ര ആർത്തിയുള്ളവനായിരിക്കുമെന്നറിയരുതേ?"

"നല്ല വർത്തമാനം മുമ്പെ കേൾക്കട്ടെ. എന്നിട്ട് ബ്രാഹ്മണപുത്രനുള്ള ദക്ഷിണയെ പററി ആലോചിക്കാം" എന്നു ഗിരിബാല ചിരിച്ചുകൊണ്ടു പറഞ്ഞു.

"വളരെ നല്ലത്. ഇതുതന്നെ നല്ലവർത്തമാനമല്ലെങ്കിൽ, ഇതിന്റെ മുൻഗാമി ആയിരിക്കും; നിശ്ചയം. നിങ്ങളുടെ മകന് ഒരു സുന്ദരിയായ ഭാര്യ അവരുടെ അമ്പതിനായിരം ഉറുപ്പികയോടുംകൂടി വരുന്നതായാൽ നിങ്ങൾക്കു സന്തോഷമാകുമോ?"

ഗിരിബാലയുടെ മുഖത്തു പ്രസാദമൊന്നുകൂടി. എന്നാൽ അതു വാങ്മൂലം പ്രത്യക്ഷപ്പെടുത്താതെ ഇങ്ങനെ പറഞ്ഞു: "എന്റെ മകന് രാജ്യത്തിൽ പകുതിയുംകൊണ്ട് ഒരു രാജകുമാരിയെ ഇത്ര വേഗം കിട്ടുവാനുള്ള വഴിയൊന്നും ഞാൻ കാണുന്നില്ല".

"എന്തിനാണ് അത് ഇനിയും ഒളിച്ചുവെക്കുന്നത്?" എന്നു ആനന്ദബാബു ചിരിച്ചുകൊണ്ടു ചോദിച്ചു. "ഇതു

ബ്രാഹ്മണപുത്രന്റെ കണ്ണിൽ മണ്ണിടാൻ അത്ര എളുപ്പമല്ല. ക്ഷേത്രനാഥബാബുവിന്റെ മരണപത്രത്തെ പറ്റി നിങ്ങൾക്കൊന്നും അറിഞ്ഞുകൂടാ എന്നാണൊ ഞാൻ വിശ്വസിക്കേണ്ടത്? കാര്യത്തിന്റെ കിടപ്പെല്ലാം, ചന്ദ്രമോഹനബാബുവിന്റെ എഴുത്തു വന്നതിൽനിന്ന് ഇന്നേ ശരിയായി എനിക്കറിയുവാൻ കഴിഞ്ഞുള്ളു. അദ്ദേഹം എന്റെ ഒരു പഴയ സ്നേഹിതനാണ്; അതുകൊണ്ട് വിവരം എന്നെ അറിയിക്കുവാൻ അദ്ദേഹത്തിന്ന മടിയൊന്നുമുണ്ടായില്ല. നിങ്ങളുടെ മരുമകൾക്ക് സൌന്ദര്യമുണ്ടോ ഇല്ലയൊ എന്നതിനാണെങ്കിൽ, അതു നിങ്ങൾതന്നെ കണ്ടിട്ടുള്ളതാണല്ലൊ?

"ഓഹൊ, നിങ്ങൾ ഊർമ്മിളയെ കുറിച്ചാണൊ പറയുന്നത്? വാസ്തവം, ഞാൻ അവളെ കാണാൻ പോയിരുന്നു. ക്ഷേത്രനാഥബാബുവിന്റെ ഏകപുത്രി, ഞങ്ങളുടെ സ്വന്തം വീട്ടിലെ ഒരു കുട്ടിയെപ്പോലെയാണ്. അതാണ് ഞാൻ അവളെ കാണാൻ പോയത്. ഉടനെതന്നെ അവളെ എന്റെ മരുമകളാക്കുവാനാണെന്ന നിങ്ങൾ ഊഹിച്ചിരിക്കാം. ഈ കാലത്ത് അവരവരുടെ മക്കളെയും മരുമക്കളെയും അച്ഛനമ്മമാർ തിരഞ്ഞെടുക്കുന്നതായിരിക്കുമൊ സമ്പ്രദായം? ഓരോരുത്തനും അവനവന്റെ ഹിതംപോലെ വേണ്ട ഏർപ്പാടുകൾ ചെയ്യുന്നു. ഊർമ്മിളയെ എന്റെ മരുമകളായി ഞാൻ തിരഞ്ഞെടുത്താൽ അത്, അവർ സമ്മതിക്കുമൊ? അല്ലെങ്കിൽ, അവളെ കല്യാണം കഴിക്കുവാൻ ലളിതനു സമ്മതമാകുമൊ? ഞാൻ ആലോചിക്കുകമാത്രം ചെയ്യുന്നു; എന്നാൽ വിവാഹത്തിന്റെ

ചൊള്ളംപോലുമുണ്ടായിട്ടില്ല" എന്നു ഗിരിബാല ഒന്നും അറിയാതെ പറഞ്ഞു.

"എന്നാൽ നിങ്ങൾക്ക് ഒന്നും നിശ്ചയമില്ലാത്തതിനാൽ എല്ലാസംഗതിയും പറയട്ടെ" എന്ന് ആനന്ദബാബു കുറച്ചു ഗൌരവത്തോടെ പറഞ്ഞു. "ഞാൻ വിചാരിച്ചത് അതിനെ പററി നിങ്ങൾക്കെങ്കിലും അറിയാമെന്നായിരുന്നു. അതുകൊണ്ടാണ് ഞാൻ ദക്ഷിണയുടെ കാൎയ്യം ആദ്യമായി ക്ഷണിച്ചത്. ക്ഷേത്രനാഥബാബു അദ്ദേഹത്തിന്റെ മരണപത്രപ്രകാരം, ഊൎമ്മിള സുബോധനേയൊ ലളിതനേയൊ കല്യാണം കഴിക്കുന്നപക്ഷം, അവൾക്കായി അമ്പതിനായിരം ഉറുപ്പികയും ഇരുപത്തയ്യായിരം ഉറുപ്പിക വിലപിടിക്കുന്ന വീടും കൊടുത്തിട്ടുണ്ട്. അവർ മററുവല്ലവരേയും വിവാഹം ചെയ്യുന്നതായാൽ അവൎക്ക് ഒരു പൈസപോലും കിട്ടുന്നതല്ല. എന്നാൽ അവർ കല്യാണം കഴിക്കാതെ ഇരിക്കുകയാണെങ്കിൽ, മാസം തോറും ഇരുനൂറുറുപ്പികവീതം കിട്ടും. അവർ പടിയുമ്മറത്തു കാത്തുനില്ക്കുന്നു; അതുകൊണ്ടു ഒരു കട്ടിയെ കൂട്ടികൊണ്ടു വരേണ്ടുന്ന ഭാരം മാത്രമാണ് നിങ്ങൾക്കു ശേഷിച്ചിരിക്കുന്നത എന്നാണ് ഞാൻ പറയുന്നതിന്റെ സാരം. ലളിതനായാലും സുബോധനായാലും നിങ്ങൾക്കു ഒരുപോലെ തന്നെ. അവർ അതിൽ ആരെ വിവാഹം ചെയ്താലും, നിങ്ങളുടെ മരുമകളാകുമല്ലൊ. അവരിലാരായാലും ഈ ബ്രാഹ്മണപുത്രൻ വയറുനിറയെ ഫലഹാരം തിന്നുംകൊള്ളാം".

ഗിരിബാല മരണപത്രത്തെപ്പററി എന്തൊ ചിലത് ഇതിനു മുമ്പു കേട്ടിരുന്നു; എന്നാൽ അതിനെ കുറിച്ചു വ

വരമായി ഒന്നും അറിഞ്ഞിരുന്നില്ല. ഊർമ്മിളയെ തന്റെ കുടുംബത്തിലെ ഒരു അംഗമായി ചേർന്ന സംഗതി, ഈ വക കാരണങ്ങളൊന്നും കൂടാതെതന്നെ, അവരുടെ പാലവ്യമായ ആലോചനയിൽ എത്തിയിരുന്നു; എന്നാൽ മരണപത്രത്തിന്റെ വ്യവസ്ഥകൾ വിവരമായറിയുവാൻ ഇടയായ ആ സമയത്ത്, അതു സാധിക്കുവാനുള്ള മാർഗ്ഗങ്ങളിൽ ചിലത് അടയുകയും ചിലത് ഒന്നുകൂടി വെട്ടിത്തെളിയിക്കേണ്ടതായിവരികയും ചെയ്തു. തന്റെ ഭർത്താവിന്റെ ആദ്യഭാര്യയിലുള്ള പുത്രൻ സുബോധൻ, തന്റെ സ്വന്തം പുത്രന്റെ വായിൽനിന്ന് വിലപിടിച്ചു ആ വസ്തു കരസ്ഥമാക്കിയേക്കാമെന്നുള്ള വിചാരംതന്നെ അവരുടെ കോപത്തെ ജനിപ്പിച്ചു. ആ വിഡ്ഢിക്കുട്ടി ഇവരിൽ ആരെയാണ് തിരഞ്ഞെടുക്കുന്നതെന്ന വല്ല നിശ്ചയമുണ്ടോ? അവരുടെ സുന്ദരനായ ലളിതന്റെ അടുത്തുനില്ക്കുവാൻപോലും സുബോധന സാധിക്കയില്ലെന്നുള്ളതു ശരിതന്നെ; എന്നാലും ലോകത്തിൽ വിഡ്ഢികൾക്ക് ക്ഷാമമില്ലല്ലോ. അനശ്വരമായ കൃഷിസ്ഥലങ്ങളുടെ മഹിമകളെ തള്ളിക്കളഞ്ഞു കല്യാണത്തിൽ വരുന്നതിന് സുബോധന് ഒരിക്കലും ഇഷ്ടമുണ്ടായിരുന്നില്ല; എന്നാൽ ആയാളുടെ ഗുണകാംക്ഷികൾ ഈ വർത്തമാനമെല്ലാം ആയാളെ അറിയിക്കാതെ അടങ്ങിയിരിക്കുമോ? ഇതൊക്കെ കേട്ടിട്ട് ആയാൾ മിണ്ടാതെയിരിക്കുമെന്ന വിചാരിക്കുവാൻപോലും ഗിരിബാലക്കു സാധിച്ചില്ല.

ഗിരിബാല കീഴ്പ്പോട്ടു നോക്കി മുഖവും വീർപ്പിച്ച് ഇരിക്കുന്നതു കണ്ടിട്ട്, ആനന്ദബാബു ഇപ്രകാരം പറഞ്ഞു: "നിങ്ങൾ വിചാരസമുദ്രത്തിന്റെ ഇരുപതടി താഴ്ചയിലാണ്

മുങ്ങിക്കിടക്കുന്നതെന്നു തോന്നുന്നു? ഇതു നിങ്ങളുടെ കാൎയ്യമായിരുന്നു എങ്കിൽ, വിവാഹസംബന്ധമായുള്ള ഒരുക്കങ്ങളെല്ലാം ഇതിനു മുമ്പെ നടത്തിത്തുടങ്ങിയേനെ. ശുഭകാൎയ്യങ്ങളിൽ ശീഘ്രഗതി വേണം, അല്ലെങ്കിൽ പിന്നീടു പശ്ചാത്തപിക്കേണ്ടിവരും. പ്രത്യേകിച്ചും ഈ സംഗതിയിൽ കുട്ടികൾ രണ്ടും മുതിൎന്നു കഴിഞ്ഞു. എപ്പോഴാണ്, ഏതു വഴിക്കാണ് നമ്മുടെ വിചാരങ്ങൾ തിരിയുന്നതെന്നു തീൎച്ചപ്പെടുത്താമോ? ഈ പ്രായത്തിൽ സാധാരണ ജനങ്ങൾ മുൻകരുതലോടുകൂടിയല്ല, ക്ഷണികവിചാരത്തിന്മേൽ മാത്രം അടിസ്ഥാനപ്പെട്ടിട്ടായിരിക്കും പ്രവൎത്തിക്കുക. നിങ്ങളുടെ ബുദ്ധിശക്തിയെപ്പറ്റിയോ സ്വഭാവത്തെപ്പറ്റിയോ വേറെ ഒന്നും പറവാനില്ല. എന്നാൽ പതിനെട്ടു പത്തൊമ്പതു വയസ്സായ ഒരു പെൺകുട്ടിക്ക് ഇതു മനസ്സിലാക്കുവാൻ വേണ്ട വിവേചനശക്തിയുണ്ടാകുമോ? ക്ഷേത്രനാഥബാബു, താൻ മരിക്കുന്നതിനു മുമ്പായിട്ടുതന്നെ കാൎയ്യങ്ങളൊക്കെ ഒരു ക്രമത്തിൽ വരുത്തിവെക്കുവാൻ ശ്രമിച്ചു; എന്നാൽ ഒരാൾ തന്റെ കൃത്യങ്ങളെ സമാപിക്കുവാൻ ഭാഗ്യമില്ലെങ്കിൽ ശേഷമുള്ളവരെന്തു ചെയ്യും? ഇനിയും താമസിക്കുന്ന പക്ഷം, നിങ്ങൾക്ക് ഒടുവിൽ പശ്ചാത്താപത്തിനിടവരാതിരിക്കട്ടെ എന്നു ഞാൻ എന്റെ ഭാൎയ്യയോട് ഇന്നലെ പറഞ്ഞതേയുള്ളൂ. എന്റെ ഭാൎയ്യ ഇടയ്ക്കിടയ്ക്ക് ഉമേശബാബുവിന്റെ വീട്ടിൽ പോവാറുണ്ട്, മനസ്സിലായില്ലെ? 'പറയുന്നതു ശരിയാണ്. ഊൎമ്മിളയെ അധികം നാൾ അവിടെ താമസിപ്പിക്കുന്നതു നല്ലതല്ല' എന്നു ഭാൎയ്യ പറഞ്ഞു".

ഈ വാക്കുകളിൽ സൂചിപ്പിച്ച അർത്ഥം മനസ്സിലാക്കുന്നതിനു ഗിരിബാലയ്ക്കു വിഷമമുണ്ടായില്ല. സംഭാഷണവിഷയം മാററുവാനായി അവർ ഇങ്ങനെ പറഞ്ഞു. "അങ്ങോട്ടൊന്നു വരണമെന്നു ഞാൻ ദിവസവും വിചാരിക്കാറുണ്ട്. നിങ്ങളുടെ ഓപ്പയെ കണ്ടിട്ടു വളരെ നാളായി. എന്റെ ജോലിത്തിരക്കിനിടയിൽ വല്ലതും ഒഴിവുസമയം കിട്ടിയാൽതന്നെ, എനിക്കു വയസ്സായില്ലേ? ഈ ജോലിയെല്ലാം എടുത്താൽ ഉച്ചയ്ക്ക് അല്പം കിടക്കാതിരുന്നാൽ വളരെ നാൾ ജീവിച്ചിരിക്കില്ല."

"ശരിയാണ്. അതങ്ങനെയാണല്ലോ" എന്ന് ആനന്ദബാബു സഹതാപത്തിൽ മുഴുകിക്കൊണ്ടു പറഞ്ഞു: "വേണ്ടില്ല, ഒരു മരുമകളെ കൊണ്ടുവരൂ. പിന്നെ എല്ലാം അവർ നോക്കിക്കൊള്ളും. നിങ്ങൾക്ക് അലട്ടൊന്നും കൂടാതെ വേണ്ടടത്തോളംനേരം വിശ്രമിക്കയുംചെയ്യാം. ഒരാൾക്ക് എന്നും വേല എടുത്തുകൊണ്ടിരിക്കാൻ സാധിക്കുമോ? നിങ്ങൾക്ക് അടുത്തൂൺ പററാനല്ലേ കാലം അടുത്താവും."

ഗിരിബാല അതിഥിയെ കോണിച്ചുവട്ടോളം അനുഗമിച്ചിട്ടു പിരിഞ്ഞു. പിന്നെ, ഇരുവശത്തേക്കും ഉരുണ്ടുകൊണ്ട് ആ കോണിപ്പടികൾ കയറുവാൻ തുടങ്ങി.

മുകളിൽ എത്തിയ ഉടനെ മകനും മകളുംകൂടി തമ്മിൽതല്ലുന്ന ബഹള അവരുടെ ആലോചനാഗതിയെ നിരോധിച്ചു.

"നോക്കിക്കോളൂ. ഞാൻ പറയുന്നു. എന്റെ പെട്ടിയിൽനിന്ന് ഒന്നും എടുക്കരുത്. നിനക്കു വലിയ കുറു

ണ്ട്. എൻെറ സാമാനങ്ങളം എടുക്കാൻ നിനക്കധികാര മില്ല. തിരികെ വെക്കു” എന്നു ലതി ഉച്ചത്തിൽ പറഞ്ഞു.

“എനിക്കധികാരമൊന്നുമില്ല!” എന്നു നരൻ അവളുടെ വാക്കുകളെത്തന്നെ എടുത്തു പറഞ്ഞു. “ഒരു വലിയ ഭരണിയായി തീൎന്നിട്ടുണ്ട്! നിയമത്തിൽ ഒരു ഒന്നാന്തരം പണ്ഡിതൻ! തല്ക്കാലം എനിക്ക് ഈ കത്തിയും ഈ രണ്ടു ഉളികളും ആവശ്യമുണ്ട്. അതു ഞാനെടുക്കുന്നു. ചേട്ടൻ ഉച്ചക്കു വരുമ്പോൾ എനിക്കു വല്ല അധികാരവും ഉണ്ടോ ഇല്ലയോ എന്നു തീൎച്ചപ്പെടുത്താം.”

അപ്പോഴേക്കു, “അതൊന്നും എടുക്കരുത്. അമ്മേ, വന്നു നോക്കു, നരൻ എന്തിനാണ് എൻെറ സാധനങ്ങളം എടുക്കുന്നത്?” എന്നു കണ്ണുനീരിൽ മുങ്ങിക്കൊണ്ടു ലതി വിളിച്ചുപറഞ്ഞു.

മുകളിലെത്തിയപ്പോൾ ഗിരിബാല ഉറക്കെ പറഞ്ഞു: “നരു, ലതിയോടു പിന്നെയും കലഹിക്കുവാൻ തുടങ്ങിയോ? ലതീ, നിത്യം നിൻെറ ഭാഗം ഇങ്ങിനെയാണ് പറിക്കുന്നതല്ലേ? നിൻെറ അനുജനുമായി തമ്മിൽ തല്ലാനോ?”

“കിളുക്കുട്ടി, ഈണക്കമുണ്ടല്ലോ?” എന്നു ലതിയെ പരിഹസിച്ചുകൊണ്ടു നരൻ പറഞ്ഞു. “നീ സകലത്തിനും കരച്ചൽകൊണ്ടു ജയിക്കയാണ്. ഇതാ കിടക്കുന്നു, നിൻെറ പീത്തസാമാനങ്ങളം. എനിക്കു വേണ്ട.” നരൻ കത്തിയും ഉളികളും താഴെ എറിഞ്ഞു മുറിയിൽനിന്ന് ഓടിപ്പോയി.

വഴിക്കു പിടിച്ചു നിൎത്തിക്കൊണ്ടു, ഗിരിബാല നരനോട് ഇങ്ങനെ ചോദിച്ചു: “എന്താ ചെയ്യുന്നത്? ഒരു നിമിഷംപോലും സമാധാനമായി വീട്ടിലിരിക്കാനയയ്ക്കാതെകണ്ടു

നീ ഇത്ര നാനാവിധം കാട്ടുകയോ! നിനക്ക് എന്താണ് വേണ്ടത് എന്നുവെച്ചാൽ അതെല്ലാം നിന്റെ പുറന്നാളിന്നു നാം ഞാൻ വാങ്ങിത്തരാമെന്നു പറഞ്ഞില്ലേ? എന്നാലെങ്കിലും, നിന്റെ പെങ്ങളുടെ സാമാനങ്ങളെല്ലാം ഉടനെ തന്നെ വലിച്ചുകളഞ്ഞതിന്നു പകരം നിനക്കു നാലു ദിവസത്തേക്കു ക്ഷമിക്കാൻ പാടില്ലേ?"

നരൻ മുഖവും വീർപ്പിച്ചുകൊണ്ടു കുറച്ചുനേരം നിന്നിട്ടു "ഞാൻ ലതിയുടെ ഒരു സാധനവും എടുത്തില്ല. ലതി വെറുതെ കരയുകയാണെങ്കിൽ, ഞാനെന്തു ചെയ്യും?" എന്നു ചോദിച്ചു. "ആകട്ടെ, ഇനി അവളുടെ മുറിയിലേക്കു പോവണ്ട, എന്നാൽ പിന്നെ അവൾ കരയില്ല. ഇപ്പോൾ നിന്റെ മുറിയിലേക്കുതന്നെ പോ. നീ നിന്റെ പാഠങ്ങളും തീരെ തൊടേണ്ട എന്നു വെച്ചിരിക്കുകയാണ്."

നരൻ കുറച്ചു നേരത്തേക്ക് ഒന്നും മിണ്ടാതെ നിന്ന ശേഷം, "അമ്മേ! എന്റെ പുറന്നാളിന്ന് ഇക്കുറി എന്റെ ചങ്ങാതിമാരെ ക്ഷണിക്കില്ലേ? എന്തായാലും എന്റെ ഒരുമിച്ചു പഠിക്കുന്ന ചില സ്നേഹിതന്മാരെയെങ്കിലും വിളിക്കണം" എന്നു പറഞ്ഞു.

"അതെല്ലാം ഞാൻ ശരിയാക്കിക്കൊള്ളാം." എന്നു ഗിരിബാല ചിരിച്ചുകൊണ്ട് ഉത്തരം പറഞ്ഞു. "നീ നല്ല കുട്ടിയായിരിക്ക്. എന്തിനാണ് ക്ഷണിക്കേണ്ടത്? രാത്രി ഉണ്ണാനോ, ഉച്ചയ്ക്കു ചായയ്ക്കോ?"

"അല്ലല്ല, ഊണല്ല. ചായയ്ക്കായാൽ ഒന്നും തിന്നാനുണ്ടാവില്ല, അപ്പോൾ ഒരു നേരംപോക്കിന്നും വഴിയില്ല. വൈകുന്നേരത്തെ [illegible]ാണ് അധികം നല്ലത്" എന്നു നരൻ കണ്ണു[illegible] തല കുലുക്കിക്കൊണ്ടു പറഞ്ഞു.

"എന്താ, ഉച്ചയ്ക്ക് ക്ഷണിക്കുന്നതിലെന്താണ് ദോഷം?" എന്നു ഗിരിബാല എന്തോ ആലോചിച്ചുകൊണ്ടു പറഞ്ഞു. "എന്തുകൊണ്ട് ഒന്നും തിന്നാനുണ്ടാവില്ല? ഞാൻ നിങ്ങൾക്കു ചായ മാത്രമായിട്ടു തരില്ല. നെയ്യപ്പം ഉപ്പുമാവ് ഇതെല്ലാം ഉണ്ടാക്കാം. രാത്രി നിനക്കു നിന്റെ ചങ്ങാതിമാരെയും കൂട്ടിക്കൊണ്ടു 'ബയസ്കോപ്പി'നും പോവാം. എന്തു പറയുന്നു?"

'ബയസ്കോപ്പി'ലുള്ള ഭ്രമംകൊണ്ട്, ഒരു സംഗതി ഒഴിവാക്കാമെങ്കിൽ, ആ വിധമെല്ലാം ആകാമെന്നു നരൻ സമ്മതിച്ചു. "ലതിയുടെ ചങ്ങാതിമാരെ ക്ഷണിക്കാൻ ഞാൻ സമ്മതിക്കില്ല. അവർ എന്തു കണ്ടാലും 'ഇളിച്ചു' തുടങ്ങും. അവർ ഇവിടെയുണ്ടെങ്കിൽ ഞങ്ങൾക്ക് ഒരു നേരമ്പോക്കിന്നും തരമില്ല. ലതിയുടെ പിറന്നാളിന്ന് ഞാൻ എന്റെ ചങ്ങാതിമാരെ വിളിച്ചില്ലല്ലോ, ഉവ്വോ?"

"ശരി, ലതിയുടെ ചങ്ങാതിമാരെ വിളിക്കുന്നില്ല. എന്നാൽ മുതിർന്നവരിൽ ചിലരെ ക്ഷണിക്കുന്നതിന്നു നിനക്ക് വിരോധമൊന്നുമുണ്ടാവില്ലല്ലോ? കന്യകാ, ഊർമ്മിള—" എന്നു ഗിരിബാല ചിരിച്ചുകൊണ്ടു പറഞ്ഞു.

"ആരാ ഊർമ്മിള?"

"അന്നു ഉമേശബാബുവിന്റെ സ്ഥലത്തു വെച്ച് നീ കണ്ടില്ലേ, ആ പെൺകുട്ടി."

"ആരെയാണ് ഇഷ്ടമെന്നു വെച്ചാൽ അവരെ വിളിച്ചോളൂ. ഞാനവരെയൊന്നും അറിയുകയുംകൂടിയില്ല" എന്നു പറഞ്ഞുകൊണ്ട് നരൻ ചുവട്ടിലേക്കു ഓടിപ്പോയി.

ലളിതൻ മുകളിലേക്കു വരുന്നുണ്ടായിരുന്നതിനാൽ, ഇവരുടെ സംഭാഷണത്തിന്റെ അവസാനഭാഗം കേട്ടു

"നരന്ന് ഇത്ര വിരോധമാണെങ്കിൽ, പെൺകുട്ടികളൊന്നും പറയണ്ട എന്നു വെച്ചാൽ എന്താ ദോഷം, അമ്മെ? അവൻെറ പുറന്നാൾ അവൻെറ ഇഷ്ടംപോലെ ആയിക്കോട്ടെ" എന്നു ലളിതൻ പറഞ്ഞു.

"അല്ല, അവനൊന്ന നാഗരീകത്വമുണ്ടോ എന്നു നോക്കു. ക്രുട്ടത്തിൽ പെരുമാറാൻ പഠിപ്പിക്കാതിരുന്നാൽ പററില്ല. എല്ലാവരുമായിട്ട് എടപഴകാൻ ഇപ്പിടന്നങ്ങോട്ട് അവൻ പഠിക്കണം. അവൻെറ സമ്പ്രദായം മുഴുമെ 'കാടത്തര'മായി തീൎന്നിട്ടുണ്ട്. പിന്നീട്, അവൻ വലുതാവുമ്പോൾ ജനങ്ങളോട് മൎയ്യാദയായി രണ്ടു വാക്കു സംസാരിക്കുവാൻ അവനെക്കൊണ്ട് ആവില്ല. അതിനും പുറമെ, അവൻ തീരെ വിരോധിച്ചവരെ ആരെയും ഞാൻ ക്ഷണിക്കുന്നില്ല. കന്ന്യക, ചിപ്പി, ഊൎമ്മിള, ശോഭന, ഇങ്ങനെ രണ്ടു മൂന്നു പേരോടു മാത്രമെ പറയുന്നുള്ളു."

ലളിതൻ പെട്ടെന്നൊന്നു ചിരിച്ചു. മുഖം തിരിച്ചു. ഗിരിബാലയും ചിരിച്ചു, എന്നിട്ട് "എന്താണ് സംഗതി? എന്തിനാ ചിരിക്കുന്നത്? ചിരിക്കാനെന്താണുള്ളത്?" എന്നു ചോദിച്ചു.

"എന്താ, എനിക്കു രസം തോന്നി; അതുകൊണ്ടു ഞാൻ ചിരിച്ചു. ആട്ടെ, എന്നാണ് നരൻെറ പുറന്നാൾ? മററന്നാളൊ, അതൊ അതിൻെറ പിറെറ ദിവസമൊ?

അദ്ധ്യായം ൰.

ഊൎമ്മിള അവരുടെ മൂന്നു ദിവസത്തെ പഴക്കമുള്ള സ്നേഹിതയായ സുകുമാരിക്കു വളരെ നേരമായിട്ട് കെഴു

ന്നെഴുതിക്കൊണ്ടിരിക്കുകയായിരുന്നു. സുകുമാരിയുടെ ഭൎ
ത്തൃഗൃഹം കല്യാണത്തിനുപോയിരുന്നു എങ്കിലും ഒരു ബ്രാഹ്മ
ണക്കാരന്റെ വീട്ടിൽ പോകുന്നതിന് അഗ്രഹം അവ
ളെ അനുവദിച്ചിരുന്നില്ല. അതിനാൽ അവൾക്ക് എഴുത്തു
കൾ എഴുതി തൃപ്തിപ്പെടേണ്ടിവന്നു. അവരുടെ കൂട്ടുകാ
രിയെ എഴുത്തിന്റെ അവസാനത്തിൽ ഇങ്ങനെ എഴുതി
യിട്ടുണ്ടായിരുന്നു. "ഒരുകാര്യം; ഇപ്പോൾ അങ്ങോട്ടു
വരുന്നതിന് അവർ എന്നെ അനുവദിക്കുന്നില്ലെങ്കിലും,
നിങ്ങളുടെ കല്യാണത്തിന് തീർച്ചയായും ഞാൻ വരാതിരി
ക്കുകയില്ല. ഇല്ലെങ്കിൽ ഒരു നാളെ എന്റെ ദേഹം പ
റഞ്ഞു വരുത്തിക്കൊള്ളാം. അതുവരെ ഞാൻ എന്റെ ഉ
ത്സാഹത്തെ വിശ്വസിക്കുന്നുണ്ട്. ഊണ് കഴിക്കാതെയും
പകുതി സമയത്തിലധികം കിടന്നുറങ്ങാതെ പോകാതെ
യും ഇരുന്നാൽ, ഒരു സൂത്രം കൊണ്ട് എനിക്ക് ഈ കാര്യം
പറ്റിക്കാം."

അസംബന്ധങ്ങളായുള്ള ആലോചനകളിലെ ഗൗരവശൂന്യ
തയെ പറ്റി ഉപദേശിച്ചുകൊണ്ടു ഉമ്മിണി എഴുത്തവസാ
നിപ്പിച്ചു ലക്കോട്ടിലാക്കുന്ന സമയം, ശാരദാദേവി അ
റയിൽ വന്ന്, "പതിനായിട്ട് ഒരുപാടു ഉറക്കമൊ
ന്ന് ഇന്ന നമുക്ക് സാധിക്കുകയില്ല. മിസ്സ് ഗൗരിബാല
വീടകം നമ്മളെ ഭാഗ്യം ക്ഷണിച്ചിരിക്കുന്നു; അതു
കൊണ്ട് എനിക്ക് ഇപ്പോൾതന്നെ കലവറപ്പണിയെല്ലാം
കഴിക്കണം."

"ഇന്ന് അവരുടെ വീട്ടിലെന്താ വിശേഷം, ചെറിയ
മ്മെ?" "അവൾ അതിനെപ്പറ്റി വല്ലതും എഴുതിയിട്ടുണ്ടെ
ന്ന വിചാരിക്കാമെങ്കിലോ? അവിടെ വല്ലതുമുണ്ടായിരിക്കാം;

അല്ലെങ്കിൽ ഇല്ലായിരിക്കാം. അവർ പലപ്പോഴും കാരണ മൊന്നും കൂടാതെതന്നെ നമ്മളെ വിളിക്കാറുണ്ട്. ഞാൻ സമരന്റെ അടുത്തുതന്നെപോയി പറയട്ടെ; ഇല്ലെങ്കിൽ ആ സമയംനോക്കി അയാൾ പുറത്തുപോവും. പിന്നെ അ യാൾക്കുവേണ്ടി ഞാൻ ഇവിടെക്കിടന്നു നിലവിളിച്ചു കാ ലോകം കാക്കുകയും".

രാമസ്വാമി പോയശേഷം ഉമ്മിണി എഴുന്ന ചക്കാ ട്ടിലാക്കി പാലംവച്ചിട്ട്, പിന്നെയും അവിടെത്തന്നെയിരു ന്ന് പല സംഗതികളും കുറിച്ച് ആലോചിക്കുവാൻ തുടങ്ങി. എത്രയെല്ലാം ദിവസം അവിടെ കഴിക്കാം? വന്നിട്ടുള്ളവർ വല്ലതും എന്നെപ്പറ്റി പറയുമോ? അവരും ഉമ്മിണിയുടെ കയ്യാൽ എന്തെല്ലാം സംഭവിക്കും? ഇതു പോലെ എന്തെല്ലാം ദൗർഭാഗ്യങ്ങളാണ് അവളുടെ ഉള്ളിൽ ഉദയം ചെയ്തത്?

സമരന്റെ കോളേജ് വിട്ടപ്പോൾ ഉടനെ, "ചെറിയ മ്മേ, അധികം താമസിക്കാതെ എത്രത്തോളം പോവാൻ വൈകുന്നുവോ അത്രത്തോളം മടങ്ങിവരുവാനും വൈകും. എനിക്ക് അധികം താമസിക്കുവാൻ തരമില്ല; അതുകൊ ണ്ട് നിങ്ങളുടെ വർത്തമാനമെല്ലാം വേഗം പറയണം എ ന്നു പറഞ്ഞു.

"എന്റെ ഈശ്വര! എന്തു ബദ്ധപ്പാടാണെന്നാണ് നാട്യം! എന്തു ജോലിയാണ് ആയാൾക്കുള്ളതെന്ന് എനി ക്കറിഞ്ഞുകൂട. എന്നാലും എവിടെയെങ്കിലും പോകുന്ന കാ ര്യം പറയേണ്ട താമസം, വല്ല കുതിരപ്പുറത്തും പറന്നെ ത്തുകയാണെന്ന തോന്നും. ഉടനെ ചെരിപ്പും, കുട; ചെറു കാലി കൂട്ടാന്റെ കഷണമെല്ലാം ഇപ്പോൾ നടക്കുമ്പോഴും.

ന്നീ പോയി തലമുടിയെല്ലാം നേരെയാക്കി ഉടുപ്പുമാററി നില്ക്കൂ. ഞാനിതാ വരികയായി".

മുകളിൽ പോയപ്പോഠം സമരേന്ദ്രനെ കണ്ടിട്ട്, ഉമ പറഞ്ഞു:— "എന്തിനാണ് ഞങ്ങളെ ഇങ്ങനെ ധൃതിപ്പെടുത്തുന്നത്? മണി നാലായിട്ടേ ഉള്ളൂ. നമ്മഠം ഇപ്പോഠം പോകുന്നതാണെങ്കിൽ, വെറുതെ കാത്തിരിക്കാൻ മാത്രമല്ലേ?"

"നിങ്ങഠം രണ്ടുപേരും ഉടുപ്പുകഠം മാറി കഴിയുമ്പോഴയ്ക്കും മണി ആറാവും. വല്ലേടത്തേക്കും പുറപ്പെടുമ്പോഠം നിങ്ങളുടെ തരക്കാർ എത്ര വേഗത്തിലാണ് തയ്യാറാവുന്നതെന്ന എനിക്കു കുറച്ചു പരിചയമൊക്കെയുണ്ട്".

"ആകട്ടെ, ആരാണ് മുമ്പെ തയ്യാറാവുക എന്നു നമുക്കു നോക്കാം" എന്നു ഊർമ്മിള പറഞ്ഞു വേഗത്തിൽ അവളുടെ മുറിയിൽപോയി തലമുടി പിന്നുവാൻ തുടങ്ങി. അതു കഴിഞ്ഞ ഉടനെ പെട്ടിതുറന്ന് അതിൽ ആദ്യംകണ്ട സാരിയും കുപ്പായവുമെടുത്തിട്ട് പുറത്തേക്കു കടന്നപ്പോഠം സമരേന്ദ്രൻ ഒരു കണ്ണാടിയുടെ മുമ്പിൽനിന്ന് തലമുടി വാർന്നുവെക്കുന്നതേയുണ്ടായിരുന്നുള്ളൂ. വാതലിന്മേലുള്ള വട്ടകണ്ണി ഉറക്കെ വലിച്ചിട്ടുണ്ടാക്കിയ ശബ്ദംകൊണ്ട് ഊർമ്മിള സമരേന്ദ്രന്റെ ശ്രദ്ധയെ ആകർഷിച്ചു. "ഇക്കുറി ആരാണ് ജയിച്ചത്" എന്നു ചോദിച്ചു.

സമരേന്ദ്രൻ പെട്ടെന്നു തിരിഞ്ഞുനോക്കി. "ഞാനല്ല, എന്നു ഞാൻ കാണുന്നു" എന്നു പറഞ്ഞു. "ഞാൻ ഒന്നും ചെയ്യാതെ നില്ക്കുകയായിരുന്നു. അതു കുറ്റമെങ്കിൽ നിങ്ങഠം ജയിച്ചു; എന്നാലൊ, ഒന്നു പറയാതെ കഴിയില്ല, ജയിച്ചതു ചതിച്ചാണ്".

"ഞാനെങ്ങിനെയാണ് ചതിച്ചത്?" എന്നു ഊൎമ്മിള അത്ഭുതപ്പെട്ടുകൊണ്ടു ചോദിച്ചു.

സമരേന്ദ്രൻ എന്തോ പറയുവാൻ ഭാവിച്ചിട്ടു നിറുത്തി. പിന്നെ ഇപ്രകാരം പറഞ്ഞു:— "വളരെ നല്ലത്, അതു മററാരും മനസ്സിലാക്കിത്തരില്ലെങ്കിൽ, അപ്പോൾ ഞാൻ തീൎച്ചയായും പറഞ്ഞുതരാം".

രാമസുന്ദരി ജോലിയെല്ലാം ഒതുക്കിയശേഷം, സാവധാനത്തിൽ മുകളിലേക്കു വരുന്നുണ്ടായിരുന്നു. ഊൎമ്മിള സംസാരിച്ചു നില്ക്കുന്നതു കണ്ടിട്ട് അവർ ഒച്ചകൂട്ടിക്കൊണ്ടു പറഞ്ഞു:— "എന്താണിത്, എന്താണ് അവിടെത്തന്നെ സംസാരിച്ചുകൊണ്ടു നില്ക്കുന്നത്? വേഗം ഉടുപ്പു മാററൂ! സമരൻ ഇപ്പോൾ വിളിച്ചു വീടെല്ലാം മുഴക്കിത്തുടങ്ങും. എന്നല്ല, തെററെല്ലാം ഈ കിഴവിത്തള്ളയുടെ തലയ്ക്കു കൊണ്ടുവന്നിടുകയും ചെയ്യും".

ഊൎമ്മിള അവരുടെ അടുക്കലേക്കു ചെന്നുകൊണ്ട് "ഞാൻ ഉടുപ്പെല്ലാം മാററി, ചെറിയമ്മേ!" എന്നു പറഞ്ഞു.

"ഹേ, കൊള്ളാം ഈ ഉടുപ്പിലാണോ നീ അവരുടെ വീട്ടിലേക്കു പോകുവാൻ കരുതുന്നത്?- പോര, പോര, അശേഷം പററില്ല. നീ എത്ര ചെറിയ കുട്ടിയാണ്? ഇപ്പോൾതന്നെ വെള്ളത്തുണി ഉടുത്തു തുടങ്ങിയോ? പോയി അതു മാററി വരൂ.

ഊൎമ്മിള കുഴങ്ങി. "ചെറിയമ്മേ, ഞാൻ ചായത്തുണികൾ ഉടുത്തു ശീലിച്ചിട്ടില്ല." എന്നു പറഞ്ഞു. "എന്റെ ഉടുപ്പുകളെല്ലാം വെളുത്തതാണ്. നിറംമാറിയ ഉടുപ്പിടുവാൻ എനിക്കു നാണമാവും".

"ഓമനേ, എന്തു ഭംഗിയാണ്! നിറംമാറിയ ഉടുപ്പിട്ടുകാണുവാൻ നാണമാകുന്നു! നിന്റെ അമ്മയുടെ പ്രായമായിട്ടുള്ളവർക്കും, നിറങ്ങളുടെ ശോഭകൊണ്ട് അപ്രദേശം മുഴുവനും പ്രകാശിക്കുന്നതു നോക്കിക്കൊള്ളൂ! ഒരുമിച്ച് എന്റെ മുറിയിലേക്ക് വരൂ; നിനക്ക് എത്രത്തോളം നാണമാകുമെന്നു ഞാനൊന്നു നോക്കട്ടെ. ആ തലമുടി എന്തിനാണ് ഇത്ര വലിച്ചു ചുററിയിരിക്കുന്നത്? പിന്നിലേയ്ക്ക് അല്പംകൂടി ഇറക്കിവയ്ക്കൂ. ഞാൻ നിന്നെ ഈ മാതിരി കൂട്ടിക്കൊണ്ടുപോയാൽ മററുള്ളവർ എന്തു പറയും?".

രാമസുന്ദരിയുടെ ആജ്ഞയെ അനുസരിച്ച്, ഉർമ്മിള അവളുടെ മുറിയിൽപോയി, തന്റെ ഉടുപ്പിലും മററുമുള്ള ഓരോന്നായി അററകുററങ്ങളെ ശരിപ്പെടുത്തുന്നതിനു നിർബന്ധിക്കപ്പെട്ടു. സമചിത്തതയോടുകൂടിയ ശ്രമത്തിൽ അവർ ബന്ധപ്പെട്ട് ഉടുപ്പുമാറി എന്നല്ലാതെ അത് ഒട്ടും വേണ്ടപോലെ ആയിരുന്നില്ല. അതിനു പുറമെ, പ്രായംവന്ന ബാലികമാർക്ക് നിറംപകർന്ന വസ്ത്രങ്ങൾ ഉചിതമാണെന്ന് രാമസുന്ദരിക്ക് വലിയ നിർബന്ധവുമുണ്ട്. അതുകൊണ്ട് ഉർമ്മിളയുടെ വെള്ളവസ്ത്രം ധാരണംതന്നെ വലിക്കുവാൻ പാടില്ലാതായി. ഉർമ്മിളയുടെ കേശഭംഗം കണ്ടിട്ട് സമരേന്ദ്രൻ ഒന്നു പൊട്ടിച്ചിരിച്ചു; പിന്നെ രണ്ടാമതും തന്റെ തലമുടി ശരിപ്പെടുത്തുന്നതിൽ ശ്രമിച്ചുതുടങ്ങി. രാമസുന്ദരിയാകട്ടെ, ഉർമ്മിളയെ തന്റെ മുറിയിലേക്ക് കൂട്ടിക്കൊണ്ടുപോയി. അവളുടെ ശഠിക്കുന്നതു വകവെച്ച് ഉർമ്മിളയുടെ മുടി പിന്നിൽ ചുററിവെച്ചു. പിന്നെ അവരും പെട്ടിതുറന്ന്, തന്റെ ചെറുപ്പത്തിൽ ശേഖരിച്ചിട്ടുള്ള വിലയായ സാരികളെല്ലാം വലിച്ചുതിരിച്ചുവിട്ട് അതിൽ

നിന്ന് ഒരു ചുകന്ന 'ഢാക്കാ' സാരിയെടുത്ത് ഉത്തരീയമായി ഉടുപ്പിച്ചശേഷം, അവളുടെ തലമുടിയിന്മേൽ പുഷ്പങ്ങളും പുരികങ്ങളുടെ നടുവിലായി ഒരു കുങ്കുമപ്പൊട്ടു തൊടുവിക്കുകയും കഴുത്തിൽ ഒരു മാല ഇടുവിക്കുകയും ചെയ്തു. അവൾ ഒരു കണ്ണാടിയുടെ മുമ്പിലായിരുന്നു നിന്നിരുന്നത്.

"ഇപ്പോൾ എങ്ങിനെ ഇരിക്കുന്നു എന്ന് നോക്കു. എനിക്കു വയസ്സായതുകൊണ്ടെന്താണ്? മറ്റുള്ളവരെ ചമയിക്കുന്നതിലുള്ള സാമർത്ഥ്യം പോയിട്ടില്ല. നിന്റെ അമ്മയ്ക്ക് അവരെ ചമയിക്കുന്നതിന് എന്നെയല്ലാതെ വേറെ ആരെയും ബോധിച്ചിരുന്നില്ല. നീ അവരുടെ മകളായിരുന്നിട്ട് ഈ വെള്ളവസ്ത്രത്തിനോട് ഇത്ര പ്രിയം വന്നത് എങ്ങിനെയാണെന്ന് ഞാൻ ഒന്ന് ചോദിച്ചുകൊള്ളട്ടെ. നിനക്കറിയാമെങ്കിൽ, എത്ര നല്ല ഉടുപ്പാണ്. അപ്പോ ഒന്നു നോക്കിയാൽ എന്താ ഭേദം! എന്നാലും, നിനക്കു മറ്റുകുട്ടികൾ നടന്നവരുടെ മാതിരി എപ്പോഴും കണ്ണിനു കുളുർമ്മയുള്ള കുപ്പായവും വെള്ളസ്സാരിയുമേ വേണ്ടൂ".

ഈ ഉടുപ്പു തനിക്ക് അധികം ചേർച്ചയുണ്ടെന്നുള്ള സംഗതി സമ്മതിക്കാതിരിപ്പാൻ ഉമ്മിണിക്കു കഴിഞ്ഞില്ല. വസ്ത്രധാരണവിഷയത്തിൽ അവൾ അത്രശ്രദ്ധയുള്ളവളല്ല. എന്നാൽ, ഇതുവരെ അവൾ വളർന്നുവന്ന ദിക്കിൽ, പ്രായം വന്ന സ്ത്രീകളാരും ഉണ്ടായിരുന്നില്ല. അതുകൊണ്ട് ഇങ്ങനെയുള്ള അനുഭവം അവൾക്ക് ഇതാദ്യത്തേതായിരുന്നു. സ്നാനംകൊണ്ടു ചുകന്ന തന്റെ ഭംഗിയുള്ള മുഖത്തിന്റെ പ്രതിബിംബം കണ്ണാടിയിൽ കണ്ടപ്പോൾ, അവളുടെ മനസ്സിൽ സന്തോഷവും ലജ്ജയും ഒരുമിച്ച് ഓളം മറിയുവാൻ തുടങ്ങി. ഉടനെതന്നെ ഒരു വിചാരം അവളെ ഉപ

ദ്രവിക്കുവാൻ എത്തി. "ഈ വേഷത്തിൽ പുറത്തു പോയി സമരബാബുവിന്റെ മുഖത്ത് എങ്ങനെ നോക്കും? എന്നെ കണ്ടാൽ ചിരിക്കാതിരിക്കയില്ലെന്നു തീർച്ചയാണ്." എന്നാൽ രാമസുന്ദരിയോട് ഊർമ്മിള തന്റെ സ്വമേധയായി ഇപ്രകാരമാണ് ചോദിച്ചത്— "ചെറിയമ്മേ, ഒരു കുതിരവണ്ടി വിളിച്ചുകൊണ്ടുവരുവാൻ പറയട്ടെ?"

"ഓ, അങ്ങനെതന്നെ. നമുക്ക് ഇനി അധികം താമസിക്കാതെ പോണം." ഊർമ്മിള ആ മുറിവിട്ടു പുറത്തു കടന്നു. ഒരു വണ്ടി വിളിക്കുന്നതിന്നു സമരേന്ദ്രനോടാണ് അവൾക്കു പറയുവാനുള്ളത്. അവൾ ഈവിധം ആധം ഖേദത്തോടുകൂടി സമരേന്ദ്രന്റെ അടുക്കലേക്കു വരുമ്പോഴും തന്നെ അവളുടെ തല ലജ്ജയാൽ കുനിച്ചുപിടിച്ചിരുന്നു. എന്നാലും അവൾക്കു പുറത്തുവരാതെ കഴിയില്ലല്ലോ. ശത്രു വീട്ടിന്നുള്ളിൽ ഉള്ളപ്പോൾ, ഒരാൾക്ക് ആയാളിൽനിന്ന് ഒളിഞ്ഞുനില്പാൻ എത്ര നേരത്തേക്കു സാധിക്കും?

ഊർമ്മിള വാതലിന്നനേരെ ഒരിക്കൽകൂടി ചെന്നുനിന്ന്, "ചെറിയമ്മ ഒരു വണ്ടി വിളിച്ചുകൊണ്ടുവരുവാൻ പറഞ്ഞു" എന്നു പറഞ്ഞു.

സമരേന്ദ്രൻ ഒരു ആംഗ്ലേയ മാസികയുടെ ഏടുകളെ മറിച്ചുകൊണ്ട് ആയാളുടെ മുറിയുടെ മദ്ധ്യത്തിൽ ഇരിക്കുകയായിരുന്നു. ഊർമ്മിളയുടെ സ്വരംകേട്ട മാത്രയ്ക്ക് ആയാൾ, "ശരി, ഞാനിതാ പോകുന്നു എന്നു പറഞ്ഞു. പിന്നെ എഴുന്നേററ് ഉമ്മറപ്പടി കടന്നിട്ട് പെട്ടെന്നവിടെ നിന്നു.

ഊർമ്മിളയുടെ നെററിമുഴുവൻ വിയർത്തുകൊണ്ടു നനഞ്ഞു. അവളുടെ മുറിയിലേക്കു ഓടിപ്പോവാൻ ആശമുഴുത്തു. അവളുടെ ദൃഷ്ടി നിലത്തോടു പതിച്ചിട്ടായിരുന്നു നി

ലമാണെങ്കിലും, സമരേന്ദ്രന്റെ നോട്ടം അവളുടെ മോഹനാസ്യ കമലം തറയ്ക്കുന്നതായി അവൾക്കു തോന്നി. ഊർമ്മിളയുടെ ഹൃദയത്തിലെ ഭയം തിളച്ചു തുളുമ്പുവാൻ തുടങ്ങി.

ഒന്നുരണ്ടു നിമിഷനേരത്തേക്ക്, രണ്ടുപേരും ഒന്നും മിണ്ടാതെ നിന്നു. പിന്നെ, സമരേന്ദ്രൻ പെട്ടെന്ന് "ചെറിയമ്മ ഉടുപ്പെല്ലാം മാറിക്കഴിഞ്ഞോ?" എന്നു ചോദിച്ചു.

ഊർമ്മിള തല അല്പം പൊക്കി ഒന്നു നോക്കി. എന്നാൽ, അവളുടെ നേത്രങ്ങൾ സമരേന്ദ്രന്റേതിനോടിടഞ്ഞപ്പോൾ, അവൾ വീണ്ടും തലതാഴ്ത്തിക്കൊണ്ട് "ഉവ്വ്" എന്നുമാത്രം പറഞ്ഞു.

സമരേന്ദ്രൻ ഒരു വണ്ടി വിളിക്കുവാൻ പോയി.

ഊർമ്മിള അവളുടെ മുറിയിൽപോയി കട്ടിലിന്മേൽ ഇരുന്നു. നേരെയുള്ള ചുമരിലായിരുന്ന കണ്ണാടിയിൽ തന്റെ ഛായ പതിഞ്ഞപ്പോൾ, മുഖം പുതുതായി വിടർന്ന ഒരു പനിനീർ പുഷ്പംപോലെ വികസിച്ചിരിക്കുന്നതായി കണ്ടു. അത്രത്തോളം അവിടെ നടന്നിട്ടുണ്ട്. എന്നാൽ അതെന്താണ്? ഏകാന്തഭാഗത്തിങ്കൽ ഇത്രമാത്രം തെളിയുന്നതിനുള്ള ശക്തി കാട്ടുവാൻ വാക്കുകളെക്കാൾ മൗനഭാഷയ്ക്കു സാധ്യമോ? അയൽ വക്കത്തുള്ള നിലാമുറ്റത്തുനിന്നു പുഷ്പങ്ങളുടെ വാസന കാറ്റിൽക്കൂടെ വന്നണഞ്ഞിരുന്നു; അതിൽ ലയിച്ചതുപോലെ അവൾ അവിടെത്തന്നെ ഇരുന്നു.

സമരേന്ദ്രൻ താഴെപ്പോയിട്ട് വാതുക്കൽ കുറെനേരം സ്തബ്ധനായി നിന്നു. ആ പൂക്കളുടെ വാസന അവിടേയും ചെന്നിട്ടുണ്ടോ ഇല്ലയോ എന്നാർക്കറിയാം? അതെങ്ങനെയായാലും അയാൾ പെട്ടെന്നു നിവർന്നു നിന്നു. പിന്നെ തി

ഴ്ന്ന സ്വരത്തിൽ "ഞാനെന്തു കഴുതയാണ്?" എന്നു തന്നെത്താൻ പറഞ്ഞുകൊണ്ട് വാതിൽ നില്ക്കുന്ന സ്ഥലത്തേക്കു ദ്രുതഗതിയോടെ പോവുകയും ചെയ്തു.

ഗിരിബാലയുടെ സല്ക്കാരമുറി വിരുന്നുകാരെക്കൊണ്ടു ക്രമേണ നിറഞ്ഞുതുടങ്ങി. പൂത്തൊട്ടികളാൽ ചുററപ്പെട്ട വാതിലിനു നേരെയുള്ള ഏറായത്ത് ഗിരിബാലയും ലതിയും നരനും അതിഥികളോട് സ്വാഗതം പറയുന്നതിനായി നിന്നിരുന്നു. നരൻ ഒരു വെള്ളത്തുണിയും ഒരു പഞ്ചാബിക്കുപ്പായവും ധരിച്ചിട്ടുണ്ടായിരുന്നു; അവൻെറ നെററിത്തടത്തിൽ ഒരു ചന്ദനക്കുറിയും മുഖത്തു നീരസഭാവവും പ്രകാശിച്ചിരുന്നു. അവൻെറ അമ്മ, അതുവരെ വന്നെത്തിയ അതിഥികളിൽ പ്രായംചെന്നവരോട് വേണ്ടുന്നായ പ്രണാമത്തെയും മററു മര്യാദകളെയും കാണിക്കുന്നതിന്നായി അവനെ അവിടെ പിടിച്ചു നിർത്തിയിരിക്കുകയായിരുന്നു. ലതിയുടെ തലമുടി കെട്ടിയിട്ടുള്ള ഞൊറിനാട ഒന്നു പിടിച്ചു വലിച്ച് അവളെ ഒന്നുസാരം കരയിക്കുവാൻ കഴിഞ്ഞിരുന്നു എങ്കിൽ, അവനു സമാധാനമാകുമായിരുന്നു. പനിനീർപ്പുഷ്പങ്ങളും ചെറുനാരങ്ങയും നിറച്ചിട്ടുള്ള ഒരു പൂക്കൊട്ട കയ്യിലെടുത്ത് സ്വാസ്ത്രീയമായ പുഞ്ചിരിയോടുകൂടി ലതിയും നിന്നിരുന്നു. വന്നുചേരുന്ന അതിഥികൾക്ക് അത്യാദരവോടെ ഓരോ പൂച്ചെണ്ടു നീട്ടിക്കൊടുത്ത് അവർ സ്വയമേവ പരിതൃപ്തി അനുഭവിക്കുകയായിരുന്നു.

ഉമ്മിണിയും കൂട്ടരും വണ്ടിയിൽ നിന്നിറങ്ങിയ ഉടനെ, അവരെ താൻ അതിയായി മാനിക്കുന്നുണ്ടെന്നു ഗിരിബാല വേണ്ടവിധം കാണിച്ചശേഷം, അവരെ അകത്തേക്കു കൂട്ടിക്കൊണ്ടുപോകുവാൻ ഏർപ്പാട് ചെയ്തു. ലതി, ഉമ്മിണിയുടെ മാറത്ത് ഒരു പതക്കമായി കുത്തിയിടുന്ന പൂ

ശിഖിരമൽ—അഥവാ, ബ്ലൂപ്പിനൽ—ഒരു പുതുപ്പണ് തിരുകിക്കൊടുത്തു, ഇതു വളരെ ഭംഗിയായിട്ടുണ്ട്" എന്നു പറഞ്ഞു.

ഊർമ്മിള വല്ലാതെ ലജ്ജിച്ച്, ഉത്തരമൊന്നും പറഞ്ഞില്ല. ഗിരിബാല അവരെ വിരുന്നുമുറിയിൽ കൂട്ടിക്കൊണ്ടുപോയി, അവിടെ കൂടിയിരുന്ന അനാവധി ആളുകളെ പരിചയപ്പെടുത്തിക്കൊടുക്കേണ്ടുന്ന തന്റെ മുറയെ നിർവ്വഹിച്ചിട്ട് പിന്നെയും അവിടം വിട്ടുപോയി.

ഊർമ്മിള ഇരുന്നിരുന്ന സോഫയിന്മേൽ വേറെ ഒരു യുവതിയുംകൂടി ഇരിക്കുന്നുണ്ടായിരുന്നു. അവളുടെ ഇരുനിറം പ്രകാശമുള്ളതും, ദേഹം മെലിഞ്ഞതുമായിരുന്നു. ഏതോ ആകർഷണീയമായ ഒരു സൌന്ദര്യം അവളെ നോക്കുന്നതിന്ന ഏതാളെയും പ്രേരിപ്പിക്കുകയും ചെയ്തിരുന്നു

ഊർമ്മിള ഒന്നും മിണ്ടാതെ ഇരിക്കുന്നതു കണ്ടിട്ട്, "കല്ക്കത്തയ്ക്കുവന്നിട്ട് അധികകാലമായില്ലെന്നു തോന്നുന്നു?" എന്ന് അവർ പറഞ്ഞു. "ഇവിടത്തെ ലഹളയൊന്നും അത്ര പിടിക്കില്ല. എന്നാൽ അതു ക്രമേണ പരിചയമായി തീർന്നുകൊള്ളും".

വളരെ നേരത്തെ അനദ്ധ്യായത്തിന്നുശേഷം, ഊർമ്മിള വീണ്ടും വായ് തുറന്നു; വണ്ടിയിൽ കയറിയതു മുതല്ക്ക് വഴിക്കെല്ലാം അവരം മിണ്ടാതെയിരിക്കുകയായിരുന്നു. അവരോടു പരിചയപ്പെടുന്നതിന് എളുപ്പത്തിലുള്ള മാർഗ്ഗം ഏതാണെന്നു ദീപ്തി ഒരു നോട്ടത്താൽ മനസ്സിലാക്കിയതുപോലെ കാണപ്പെട്ടു. അല്പം കഴിഞ്ഞപ്പോഴേക്കും ദീപ്തിയുമായി തനിക്കു ജനനം മുതൽക്കേ പരിചയമുള്ളതുപോലെ ആ

ത്ര സ്വാതന്ത്ര്യത്തോടെ സംസാരിക്കുന്നതിൽ ഉൎമ്മിളക്കു തന്നെ അതിശയമായ അത്ഭുതം തോന്നി.

ലളിതൻ വളരെ വിനയത്തോടുകൂടി ആ മുറിയിൽ പ്രവേശിച്ചു, താൻ വൈകിയതിന്നു മാപ്പപേക്ഷിച്ചുകൊണ്ടു ഉൎമ്മിളയുടെ അടുത്തായി ഒരു കസാല വലിച്ചിട്ടുകൊണ്ട് അവിടെ ഇരുന്നു.

അയാൾ ലിപ്പിയുടെ നേരെ തിരിഞ്ഞ് ഇങ്ങനെ പറഞ്ഞു:— "കാരണവൻ വലിയ തെരക്കക്കാരനാണല്ലോ. വീട്ടിൽ വന്നാൽക്കൂടി കാണുവാൻ കഴിയില്ല. കഴിഞ്ഞ ശനിയാഴ്ച ഞാൻ നിങ്ങളുടെ വീട്ടിൽ വന്നിരുന്നു, രണ്ടു മൂന്നു മണിക്കൂറോളം താമസിക്കുകയും ചെയ്തു; എന്നാൽ കാണുകയാവട്ടെ നിങ്ങളെപ്പറ്റി എന്തെങ്കിലും കേൾക്കുകയാവട്ടെ ചെയ്തില്ല. നിങ്ങളുടെ വീട്ടിൽ വന്നാലും നിങ്ങളെ പ്രത്യേകം കാണണമെന്നു താല്പൎയ്യപ്പെടുവാൻ വിശേഷിച്ചു കാരണമൊന്നും ഉണ്ടായിട്ടു പറയുന്നതല്ല."

ലിപ്പി ഒന്നു നിവൎന്നിരുന്ന് "ശരിയാണ്, കഴിഞ്ഞ ശനിയാഴ്ച ഉച്ചയ്ക്കു ഞാൻ വീട്ടിലുണ്ടായിരുന്നില്ല" എന്നുത്തരം പറഞ്ഞു.

ഉൎമ്മിളയുമായി എന്തെങ്കിലും സംസാരിച്ചുകൊണ്ടിരിക്കുന്നതിന്നു ലളിതൻ വളരെയെല്ലാം ശ്രമിച്ചുനോക്കിയെങ്കിലും, ആ ശ്രമം വിഫലമായി കണ്ടതിനാൽ, വേറെ എന്തോ കാരണം പറഞ്ഞ് അവിടെ നിന്നുപോയി. ഉൎമ്മിളയ്ക്കാകട്ടെ, അയാളോടതിൽ എന്തെങ്കിലും മറുപടി പറയുന്നതിന്നല്ലാതെ, സംസാരിക്കുന്നതിന്നുള്ള ശക്തിതന്നെ തീരെ ഇല്ലാത്ത മട്ടിലാണ് കണ്ടത്.

ലളിതൻ പോയി ഊർമ്മിള വീണ്ടും തനിച്ചായപ്പോൾ, ദീപ്തി ചോദിച്ചു, "വല്ല അബദ്ധവും പററിയെങ്കിലോ എന്നു വളരെ ഭയപ്പെട്ടിരിക്കയാണ്, അല്ലേ? അതായിരിക്കുമോ എപ്പോഴും കതകടച്ചുകൂടി ഇരിക്കുന്നത്?"

"അല്ലേ, എന്താത്?" എന്ന് ഊർമ്മിള ചിരിച്ചുകൊണ്ടു ചോദിച്ചു. "എനിക്കു സംസാരിക്കത്തക്കതായി ഒന്നും വിചാരിക്കുവാൻ സാധിക്കുന്നില്ലെങ്കിൽ, പിന്നെ എന്തിനെയാണ് വല്ലതും പറയുന്നത്? അതുകെട്ടെ, ആരാണ് ആ പെൺകുട്ടി?"

"ആ ചുകന്ന ഉടുപ്പിട്ടുള്ളതോ? അതു കന്യകയല്ലേയാണ്, അവരുടെ അടുത്തിരിക്കുന്നത് അവരുടെ അമ്മയുമാണ്."

ഇതായിരിക്കുമോ ലതിയുടെ മാതൃകാദേവി, കന്യക? ഊർമ്മിള അവരെ സൂക്ഷ്മമായി ഒന്നു പരിശോധിച്ചു. ആ തരുണിയുടെ ആകൃതിയും പ്രകൃതിയും ശബ്ദവും സംസാരവും നടപടിയും എല്ലാം ചൊടിയും ധൃതിയുമുള്ളതായി കാണപ്പെട്ടു. ലതി അവരെ കണ്ടപ്പോഴേയ്ക്കു, പൂക്കൊട്ട താഴെ വെച്ചു മുറിയിൽ വന്ന്, അവരുടെ അരികെ ചെന്നിരുന്നു. അതേ സമയത്തുതന്നെ നരന്റെ ചങ്ങാതിമാരുടെ ഒരു പട വന്നു കയറി. നരൻ, മാസ്കും ഇറന്നിട്ടതായി കണ്ടതിനാൽ, കൊട്ടയിലുള്ള പൂക്കളെല്ലാമെടുത്ത് കുപ്പായക്കുടുക്കുകളിടുവാനുള്ള ദ്വാരങ്ങളിലൊക്കെ തിറച്ചിട്ട് അവരെയും കൂട്ടിക്കൊണ്ട് അടുത്ത മുറിയിൽ 'ചക്കിണിയും ചുളും' കളിക്കുവാൻ പോയി. ലതി കന്യകയുമായി ചെന്ന സന്തോഷത്തിൽ ലയിച്ചിരിക്കുകയായിരുന്നതിനാൽ,

കണ്ടിട്ടുണ്ടെങ്കിൽ തന്നെ, നമൾ കാട്ടിക്കൂട്ടിയതിനെ അത്ര ശ്രദ്ധിച്ചില്ല.

ഊർമ്മിള ദീപ്തിയോട് സംസാരിച്ചുകൊണ്ടിരിക്കുന്നതിന്നിടയിൽ, ലളിതൻ സമരേന്ദ്രനെ കന്യകക്കു പരിചയപ്പെടുത്തിക്കൊടുക്കുന്നതുകണ്ടു. അപ്പോഴും ലതി കന്യകയെ തൊട്ടുനിന്നുകൊണ്ട്, ആ അടുപ്പത്തിന്ന് ഒരു വ്യത്യാസവും വരുത്താതെ അവരോടൊപ്പം ചിരിക്കുന്നുണ്ടായിരുന്നു.

ഊർമ്മിളയുടെ നോട്ടം ആ വഴിവിട്ടു പിന്തിരിക്കുന്നതിന്ന് ഭാവമില്ലാത്ത നിലയിൽ കണ്ടിട്ട്, ദീപ്തി പറഞ്ഞു:- "കന്യകയുടെ ഭർത്താവാൽ മറ്റും ഞങ്ങളും മങ്ങിയതായി ഞാൻ കാണുന്നല്ലോ. അവരുടെ മനോഹരങ്ങളായ യൗവനങ്ങളൊന്നും ഗ്രഹിക്കപ്പെടാതെ ഞാൻ മാത്രമേ ലക്ഷ്യപ്പെട്ടിട്ടുള്ളു എന്നുണ്ടോ?"

"ഇല്ല, ഞാനും മുഴുവനും മനസ്സിലാക്കിയിട്ടില്ല. എന്തു സംസാരിയാണ് അവർ എന്ന് അറിയപ്പെട്ട നോക്കിക്കൊണ്ടിരിക്കയായിരുന്നു. അവരുടെ കാഴ്ചകൊണ്ട് മയങ്ങുകയാണോ ഞാനൊന്നും കണ്ടില്ല" എന്നു ഊർമ്മിള അക്ഷമയോടെ പറഞ്ഞു. കന്യകയുടെ ആകർഷണശക്തിയിലുള്ള അല്പതയെ കുറിച്ച് ദീപ്തിയുടെ അഭിപ്രായത്തോട് യോജിക്കുന്നതായി കണ്ടിട്ട്, അവൾക്ക് വലിയ ആശ്വാസം തോന്നി.

കേവലം ഉച്ചയ്ക്കുള്ള ഒരു ചായസല്ക്കാരത്തിന്റെ പേർ പറഞ്ഞിട്ടാണ് അവരെ ക്ഷണിച്ചതെങ്കിലും, അതിഥികളെല്ലാം പിരിഞ്ഞപ്പോൾ നേരം ഒൻപതു മണി ആയിരുന്നു. യാത്രപറയുന്ന അവസരത്തിൽ, ദീപ്തി

ഊൎമ്മിളയുടെ കൈ പിടിച്ചുകൊണ്ട് "ഞാൻ ഒരു ദിവസം
അവിടെ വന്നു കണ്ടുകൊള്ളാം. അതിന്നുശേഷം എന്നെ
കാണാനും ഒരു കുറി വരണം" എന്നു പറഞ്ഞു. ഊൎമ്മിള
അതിന്നു വലിയ സന്തോഷത്തോടെ സമ്മതിച്ചു. ഈ മൂ
ന്നു മണിക്കൂറിന്നിടയ്ക്കു അവൾ ലീലയോട് എത്രത്തോ
ളം സ്നേഹം ഉണ്ടായിട്ടുണ്ടെന്ന് ഊൎമ്മിളയ്ക്കുതന്നെ നിശ്ചയ
മുണ്ടായിരുന്നില്ല.

സമരേന്ദ്രൻ വണ്ടിയിൽ കയറിയിട്ട്, "ഇതാ, മണി
പത്തായി; ഇതിന്നായിരിക്കുമൊ വീട്ടിലേക്കു വേഗം മടങ്ങു
ക എന്നു നിങ്ങൾ പറയാറ്?" എന്നു ചോദിച്ചു.

"അതു ശരിതന്നെ. നിനക്കു മടങ്ങുവാൻ വലിയ ധൃ
തി കണ്ടു! ഉറച്ചിരുന്നുകൊണ്ട് മതിയാകുന്നതുവരെ സം
സാരിക്കുന്നതു ഞാൻ കണ്ടിരിക്കുന്നു. ഞാൻ എഴുന്നേറ്റ
തിൽ പിന്നെയേ നീ എഴുന്നേറ്റുള്ളു" എന്നു രാമസുന്ദരി
പറഞ്ഞു.

ഊൎമ്മിളയ്ക്കു പെട്ടെന്ന് മനസ്സിന്ന് അസ്വാസ്ഥ്യം തു
ടങ്ങി—എന്തിനാണെന്നാൎക്കറിയാം—വണ്ടിയുടെ മൂലയിൽ
തലയും ചാരി അവൾ മിണ്ടാതെയിരുന്നു. ലീല അവൾ
ക്ക് എന്തോ ഒരു സാധനം കൊടുക്കുവാൻ നീട്ടുന്നഭാവം കാ
ട്ടിയശേഷം ഉടനെ കൈമടക്കിയതായി അവൾക്കുതോന്നി.

ലളിതൻ, രാത്രി കിടക്കുവാൻ പോകുന്നതിന്നു മുമ്പാ
യി "അമ്മെ, ഇന്നത്തെ സല്ക്കാരം നന്നായി, ഇല്ലേ? നമ
ന്റെ സ്നേഹിതന്മാർ വന്നതും, എന്റെ ചൊകിട് അട
യാറായി" എന്നു പറഞ്ഞു.

"ഇത്ര വളരെ ആളുകളെ ഒന്നിച്ച് ഒരേ സമയത്തു
ക്ഷണിച്ചു വരുത്തുമ്പോൾ ഒച്ചയൊന്നും കൂടാതെ കഴിയു

മൊ? ഒരാളോടെങ്കിലും കുറച്ചുനേരം ഒന്നു സംസാരിക്കാൻ പോലും എനിക്കു സാധിച്ചില്ല. ഊൎമ്മിളയോടു കുറച്ചു വൎത്തമാനം പറയണമെന്നു ഞാൻ വിചാരിച്ചു. പരമാൎത്ഥം പറയുകയാണെങ്കിൽ അവരും നമ്മളുടെ കൂട്ടത്തിൽ ഒരാളാണ്. എന്നാൽ അതിന്നു സൌകൎയ്യമുണ്ടായോ?”

“നോക്കു, അമ്മ അമ്മാമന്റെ മരണപത്രത്തിനെ പറ്റി ഊൎമ്മിള കേട്ടിട്ടുണ്ടോ?” എന്നു ലളിതൻ പെട്ടെന്നു ചോദിച്ചു.

“എന്താ നീ ഇങ്ങനെ ചോദിക്കുന്നത്? മരണപത്രത്തിനെ കുറിച്ചു നിനക്ക് എവിടെ നിന്ന് അറിവുകിട്ടി?”

“ഞാനൊരു വക്കീലാണ്, അതുകൊണ്ടു ഈ വക വിഷയങ്ങളെ പറ്റി എന്നെ അറിയിക്കാതെ കഴിയില്ല” എന്നു ലളിതൻ ചിരിച്ചുകൊണ്ട് ഉത്തരം പറഞ്ഞു.

“അവൾക്കറിഞ്ഞുകൂട എന്നാണ് ഞാൻ വിചാരിക്കുന്നത്. ഉണ്ടെങ്കിൽ അതുകൊണ്ടു പലതും അസൌകൎയ്യത്തിന്നു വഴിയുണ്ട്. ഇക്കാലത്ത് ആരെങ്കിലും മറ്റുള്ളവരുടെ സൌഭാഗ്യം കണ്ടു സഹിക്കുമോ? ആട്ടെ, നമുക്കു കാണാം.”

അദ്ധ്യായം ൧൦.

ക്ഷേത്രനാഥന്റെ മരണപത്രത്തിന്റെ സംഗതി രഹസ്യമായി പിന്നെ അധികകാലം നിന്നില്ല. അതിന്നെ പറ്റിയുള്ള വിവരങ്ങളെല്ലാം എല്ലായിടത്തും എല്ലാവരും ഏകകാലത്തിൽതന്നെ അറിഞ്ഞതായി കാണപ്പെട്ടു. അ

ഇതുവരെക്കും അനുഭവിച്ച് അപ്പോൾ വിട്ടുപോന്ന ഏകാന്തവാസത്തിന്റെ ഒരു ചെറിയ അംശം ലഹളയും ബഹളവും സർവ്വദാ നിറഞ്ഞുകൊണ്ടിരിക്കുന്ന കല്ക്കത്തയിലും ഊർമ്മിളയെ ചുററപ്പെട്ടിട്ടുള്ളതായി അവൾക്കു തോന്നി. നാലുപുറത്തുകൂടി അസംഖ്യം ജനങ്ങൾ വന്നുംപോയുമിരുന്നാലും, ഇതുവരെയ്ക്കും അവൾക്കു തണലായി തീർന്നിട്ടുള്ള ആ മുറിയുടെ കോണിൽ, ബാഹ്യലോകം അതിന്റെ ദൃഷ്ടികളെ പതിപ്പിച്ചിരുന്നില്ല. ഇപ്പോൾ ആകട്ടെ, അവിടെയും ആ സ്വല്പമായുണ്ടായിരുന്ന സ്വൈരവാസത്തിനു ഭംഗം നേരിട്ടിരിക്കുന്നു. അവൾ എപ്പോൾ, എങ്ങനെ, ഇപ്രകാരം പ്രസിദ്ധയായി തീർന്നു. എന്നാലോചിക്കുവാൻപോലും അവൾക്കു സമയം കിട്ടുന്നില്ല. അവൾക്കു സിദ്ധിച്ചിരിക്കുന്ന ലോകപ്രീതിയുടെ സമ്പർക്കത്തിൽനിന്നു മോചനം ലഭിക്കുവാനുള്ള ശ്രമങ്ങൾ അവൾ തുടങ്ങിയിരിക്കുകയാകുന്നു. പുതുതായ ഉണർച്ചയിൽപെട്ടിട്ടുള്ള തന്റെ മനോഗതിയെ വ്യക്തമായറിയുന്നതിനു തനിക്കു തനിമയെ കഴിച്ചുകൂട്ടുവാൻ അത്യാവശ്യമായി തീർന്ന ആ അവസരത്തിൽ, ലോകം വിവിധസമ്പ്രദായങ്ങളിലുള്ള പല ജനങ്ങളേയും കൊണ്ടുവന്ന് അവളുടെ ശ്രദ്ധയെ മുഴുവനും ബലാൽ ആകർഷിക്കുവാൻ ഒരുമ്പെട്ടതിനാൽ, തന്റെ മനോഗതിയെ അനുഗമിക്കുന്നതിന്ന് അവസരം കിട്ടാതെ ബുദ്ധിമുട്ടി. എന്നാൽ നാം മനസ്സെന്നു പറയപ്പെടുന്നതിന്റെ; [illegible] അത്ര എളുപ്പത്തിൽ തള്ളിനീക്കാവുന്ന ഒന്നല്ല. എപ്പോളാണ്, ഏതു വിസ്താരം കുറഞ്ഞ വഴികളിൽ കൂടെയാണ് അതിന്റെ വേലയെ അപ്രത്യക്ഷമായ വിധത്തിൽ അതു നിർവ്വഹിച്ചതെന്നു ശരിയായിട്ടു പറയുവാൻ

അസാദ്ധ്യമായി. അവളുടെ രക്ഷിതാവായിരുന്ന ക്ഷേത്ര
നാഥനേയും അദ്ദേഹത്തിന്റെ ഹിതത്തേയും അനുസരിച്ച്
അവർ മേലിൽ നിർവ്വഹിക്കേണ്ട കൃത്യത്തെ അറിയിക്കുന്ന
തിൽ ജാഗരൂകരായി വന്നിരുന്ന ചില മാന്യരുടെ വിശദമാ
യുള്ള പ്രസംഗത്തിന്റെ ചില ഭാഗം അവർ ഗ്രഹിച്ചില്ലെ
ന്ന് ഊർമ്മിള മനസ്സിലാക്കാതെയിരുന്നില്ല; അവരുടെ ശ്രദ്ധ
മരിച്ചവരെ നിരാകരിച്ചുകൊണ്ടു ജീവിച്ചിരിക്കുന്നവരിൽ
പതിഞ്ഞു. ഊർമ്മിളയുടെ പുതിയ പരിചയക്കാരിൽ ഒരാ
ളല്ലെങ്കിൽ മറെറാരാൾ മിക്ക ദിവസവും ഉച്ചയ്ക്ക് അവരെ
ക്ഷണിക്കുക പതിവായി തീർന്നു. എന്നാൽ അവിടെയെ
ല്ലാം വർത്തമാനത്തിനുള്ള വിഷയം ഒന്നുതന്നെയായിരുന്നു.
അതായത്, ക്ഷേത്രനാഥന്റെ മരണപത്രം. അത്തരത്തിൽ
ഒരു മരണപത്രം എഴുതുന്നതു ശരിയോ തെറേറാ? ഊർമ്മി
ളയുടെ സ്വാതന്ത്ര്യാഭിലാഷങ്ങളെ എത്രത്തോളം അദ്ദേഹം
വിലവെക്കേണ്ടതായിരുന്നു, ഇങ്ങനെ ഒരവസരത്തിൽ അ
വർ അവരുടെ അഭിപ്രായത്തെ എത്രത്തോളം ആലോച
നയോടുകൂടി ഉപയോഗിക്കണം, ഈവക സംഗതികളെ
കുറിച്ചുള്ള വാഗ്വാദങ്ങളെ ധാരാളമായി കേട്ടു വിഷമിച്ചു
ഊർമ്മിള, തനിക്കു സ്വന്തമായ ഒരഭിപ്രായത്തെ ആലോ
ചിച്ചുറക്കുന്നതിന് അവൾക്കുള്ള സ്വല്പമായ ശക്തിയുംകൂടി
നശിച്ചു പോകുമോ എന്നു ചിലപ്പോൾ ശങ്കിക്കാറുണ്ടായി
രുന്നു. വിരുന്നിനു ശേഷം ഗൃഹസ്ഥരോടു യാത്രയും പറ
ഞ്ഞു രാത്രി വീട്ടിലെത്തിയാൽ, തലയിൽ ഓളംതല്ലി മറി
ക്കുന്ന ഒരു കൊടുങ്കാററിന്റെ അനുഭവം അവൾക്കുണ്ടാവുക
പതിവായി തീർന്നു. ആളുകൊണ്ടു ശൂന്യലോകത്തിങ്കൽനി
ന്ന് അതിനെ തട്ടിനീക്കി ഒരു മാറ്റമുണ്ടാക്കി അവിടെ മ

റെറാജ ദൂതന്റെ പ്രവേശനം എളുപ്പമല്ലായിരുന്നു. ഒരു സമയം, ഊർമ്മിള മുകളിലേക്കു പോകുമ്പോൾ, സമരേന്ദ്രനെ കണ്ടേക്കാം, ആ ഇടുങ്ങിയ കോണിപ്പടികളിന്മേൽവെച്ച് ആയാളുടെ കൈ അവളുടെമേൽ തൊട്ടു എന്നും വരാം. ഊർമ്മിള അവളുടെ മുറിയിൽ കടന്നാൽ, സകല വാഗ്വാദങ്ങളും വർത്തമാനങ്ങളും അവരുടെ മനസ്സിൽനിന്നു മാഞ്ഞുപോകും; ആ യുവഹൃദയമാകുന്ന വീണയിൽനിന്ന് ആനന്ദമായി പ്രവഹിച്ചിരുന്ന സ്വരമാധുര്യത്തിനിടയിൽ ആലോചനകൾക്കോ യുക്തിയുക്തമായ വാഗ്വാദത്തിനോ സ്ഥലമുണ്ടായിരുന്നില്ല. അവരുടെ വശീകൃതങ്ങളായ യുവനേത്രങ്ങൾക്കു കാണുവാൻ കഴിഞ്ഞിരുന്ന ലോകത്തിന്റെ മനോഹരതയും പൂർണ്ണാലോചനയും ഗൗരവതയുമെത്തിയിട്ടുള്ള ഒരാൾക്കു കാണുന്നതിനു കഴിവുള്ളതല്ലായിരുന്നു. മനോനിയമനംകൊണ്ടു തന്റെ മനസ്സിന്റെ ദൌർബ്ബല്യത്തെ പരിഹരിപ്പാനായി സമരേന്ദ്രൻ എത്രത്തോളം അകന്നു നിന്നുവോ, ഊർമ്മിളയെ കാണാതെ കഴിച്ചുവോ, അത്രത്തോളം ആയാളുടെ മനസ്സിനുള്ള അസ്വാസ്ഥ്യവും വർദ്ധിച്ചുവന്നു. മുമ്പു പത്തു പ്രാവശ്യം അവളെ കണ്ടിരുന്ന സമയത്തിനിടയ്ക്ക് ഇപ്പോൾ ഒരിക്കൽ മാത്രമാണ് കാണുന്നത്; എന്നാൽ ആ ഒരു കാഴ്ചയ്ക്കു വേണ്ടി ആയാളുടെ ഹൃദയം പത്തു തവണ കണ്ടിരുന്ന കാലത്തുണ്ടാകാത്തവിധത്തിൽ കൂടുതലായ ആശയോടും ഉൽക്കണ്ഠയോടും ധൃതിപ്പെടുവാൻ തുടങ്ങി. മുകളിൽ പോകുന്ന അവസരങ്ങളിലെല്ലാം താൻ ഊർമ്മിളയുടെ മുറിയിലേക്കു തിരിഞ്ഞു നോക്കാതെയിരിപ്പാൻ ശ്രമിച്ചു, എന്നാൽ ആയാളുടെ ശ്രവണങ്ങൾ ആ രണ്ടിന്ദ്രിയങ്ങളുടേയും ധർമ്മങ്ങളെ നടത്തുവാൻ

ഉടനെ പുറപ്പെട്ടു; ആ മുറിക്കകത്തുണ്ടാവുന്ന, ഒരു താക്കോൽവളയത്തിന്റേയോ വളകളുടെ കിലുക്കത്തിന്റേയോ, ഏറ്റു നിസ്സാരമായ ശബ്ദവും തന്റെ ശ്രദ്ധയ്ക്കു വിഷയമാകാതെയിരുന്നിട്ടില്ല. ആയാളുടെ മനോവികാരങ്ങളുടെ ഊക്കേറിയ ഒഴുക്കിനെ ആത്മസംയമനംകൊണ്ടു മാർഗ്ഗത്തെ തിരിച്ചുവിട്ട് എത്രത്തോളം നിരോധിക്കുവാൻ സാഹസപ്പെട്ടുവോ, ആ നദി വിസ്താരം കുറഞ്ഞ അതിന്റെ വഴിയിൽക്കൂടെ അത്രത്തോളം ശക്തിയിൽ ഒഴുകുവാനും തുടങ്ങി. വിരുദ്ധഭാഗങ്ങളിലേക്ക് ഇപ്രകാരം അനഭ്യാസം കൂടാതെ വലിക്കപ്പെട്ട കാരണം സമരേന്ദ്രന്റെ പതിവായുള്ള ഉത്സാഹം ആയാളെ വിട്ടുപോകുന്നതായി കാണപ്പെട്ടു. പാഠശാലയിൽ ആയിടയായിട്ടു ശിഷ്യന്മാരെ ശാസിക്കുന്നതിന്ന് എപ്പോഴും നിർബ്ബന്ധിതനായി. വീട്ടിലും രമസുന്ദരിയുടെ ക്ഷണത്തിൽ ക്ഷുഭിതനായി അവരുടെ മുഖത്തുനോക്കി അവയ്ക്കുള്ള ഉത്തരവും കൊടുത്തു തുടങ്ങി. സമരേന്ദ്രന്റെ നിത്യജീവിതം "സ്നേഹിതന്മാരാൽ" ഉപദ്രവമായി തീർന്നു. അവരുടെ രഹസ്യമായ സഹതാപത്തിൽനിന്നും പരസ്യമായ പരിഹാസത്തിൽനിന്നും ശകാരത്തിൽനിന്നും രക്ഷപ്പെടുവാൻ ഒരു മാർഗ്ഗവും ഇല്ലാതായി. ഹാസ്യത്തിനുള്ളിൽ വാസ്തവം ഒളിഞ്ഞു കിടക്കുന്ന ദിക്കിൽ ആത്മരക്ഷയ്ക്കുള്ള വഴി നോക്കാൻ ഭയപ്പെടുന്നു; അല്ലെങ്കിൽ, തത്സമയത്തെ ക്ഷോഭം, തന്നെത്തന്നെ അതിലേക്ക് അധികം നയിക്കുന്നതായി കാണാം. അതേ കാരണവശാൽത്തന്നെ തന്റെ സ്നേഹിതന്മാരുടെ കൂട്ടത്തിൽനിന്ന് ഒഴിഞ്ഞു നില്പാൻ നിവൃത്തിയില്ലാതേയുമായി. അതിനാൽ അവരോടൊന്നിച്ച് അവരുടെ വിഷമയങ്ങളായ ബാണങ്ങൾക്കു മാർ

കാണിച്ചു കൊടുത്തു്, പുറമെ പുഞ്ചിരി തൂകിക്കൊണ്ടു് ആ
യാറംക്ക പെരുമാറേണ്ടതായും വന്നു. വീട്ടിലാകട്ടെ, തനി
ക്കു ഭയത്തിന്നുള്ള കാരണമുണ്ടായിരുന്നു. പുറത്തൊ ക്രൂര
തരങ്ങളായ ആക്രമണങ്ങളും. ഇങ്ങനെ അകത്തും പുറത്തും ഒരു
പോലെ കിട്ടിയ അടിയുടെ ഫലമായി ആയാളുടെ ക്ഷമ
യെല്ലാം അസ്തമിക്കേണ്ടു ഘട്ടത്തിലെത്തി. ആയാളുടെ
പൌരുഷം ആ അപജയത്തെ അത്ര ക്ഷണത്തിൽ സമ്മ
തിക്കുവാൻ ഒരുങ്ങിയില്ല. എന്നാൽ ശത്രുപക്ഷത്തിലും ശ
ക്തി കുറഞ്ഞിരുന്നില്ല. അപ്രകാരം ആയാളെക്കൊണ്ടു
പ്രവൎത്തിപ്പിക്കേണ്ടതിന്നുള്ള അതിന്റെ നിശ്ചയം അധി
കം ദൃഢതരവുമായി.

വീട്ടിലുള്ള മററു ജനങ്ങറം തന്നിൽനിന്നു് അകന്നു
നില്ക്കുന്നതിന്നു ശ്രമിക്കുന്നതായി മനസ്സിലാക്കുവാൻ ഉൎമ്മി
ളയ്ക്കു് അധികതാമസം വേണ്ടിവന്നില്ല. സമരേന്ദ്രൻ ഈ
കാലങ്ങളിൽ അവരോടു കഴിയുന്നതും ഒഴിഞ്ഞുനില്ക്കുന്നു
എന്നുള്ള അവസ്ഥ അവരുടെ മനസ്സിൽ കൃതജ്ഞതയെ
ജനിപ്പിച്ചു. എന്നാൽ അടുത്ത നിമിഷത്തിൽ ആ കൃത
ജ്ഞത തന്റെ ആത്മാഭിമാനത്തിന്നു ഏററതായ ക്ഷത
ത്തിന്റെ ഉരുക്കിൽപെട്ടു് ഒഴുകിപ്പോയി. അവർ തമ്മിൽ
വേർപിരിയണമെന്നുള്ളതു വാസ്തവംതന്നെ. എന്നാൽ
അതു് ഇത്ര എളുപ്പത്തിലല്ലോ? ലോകംമുഴുവനും, സുഖവും,
ധനവും, വസ്ത്രങ്ങളും, ഐശ്വൎയ്യവും ഒരു ഭാഗത്തു നില്ക്ക
ട്ടെ—നാശം പൂൎണ്ണതയോടുകൂടി മറുഭാഗത്തു നില്ക്കട്ടെ, എ
ന്നാലും ഉൎമ്മിളയ്ക്കു അതിൽനിന്നു പിൻമാറുന്നതു് അത്ര
സുസാദ്ധ്യമായിരുന്നില്ല. ചുററുപാടുമുള്ള സംഗതികറം അ
വളെ എത്രതന്നെ നീക്കിക്കൊണ്ടുപോയാലും, അവ

ധുരതരമായ ആ നാശത്തെ, തന്റെ വ്യസനത്താൽ കേഴുന്നതായ ഹൃദയത്തോടുകൂടെ അനുഭവിക്കുവാൻ ഒരുക്കമായിരുന്നു. എന്നാൽ സമരേന്ദ്രന്റെ ആ നിൎദ്ദയമായ മുഖഭാവത്തിലും തുറിച്ചു നോട്ടത്തിലും കരുണയുടെ ലാഞ്ഛനപോലും കണ്ടിരുന്നില്ല.

സമരേന്ദ്രനെ സൂക്ഷിക്കേണ്ടതിന്നു് ഉൎമ്മിളയ്ക്കു കൂടക്കൂടെ ഉപദേശവും കിട്ടിക്കൊണ്ടിരുന്നു. ഈ ജോലി മുഖ്യമായി ഗിരിബാല തന്നെയാണു് നിൎവ്വഹിച്ചിരുന്നതു്. അവർ ഇടയ്ക്കിടയ്ക്കു് ഉൎമ്മിളയെ തന്റെ ഗൃഹത്തിലേക്കു ക്ഷണിച്ചുപോകയും, വിളിച്ചിട്ടോ അല്ലാതെയോ അവളെ കാണുവാൻ വരികയും ചെയ്തിരുന്നു. രാമസുന്ദരി അവളെ സല്ക്കരിക്കുവാൻ അധികസമയം എടുക്കാറുമായി. ഗിരിബാല തന്റെ ഗൃഹത്തിൽ വന്നാൽ, രാമസുന്ദരി മൎയ്യാദയ്ക്കുവേണ്ടി ഒഴിക്കുവാൻ നിവൃത്തിയില്ലാത്ത ചില ഉപചാരവാക്കുകൾ പറഞ്ഞിട്ടു് അവിടം വിട്ടുപോകും. എന്നാൽ ഈ നടപടി ഗിരിബാലയുടെ ഉദ്ദേശത്തിന്നു് സൌകൎയ്യമായിത്തീൎന്നതുകൊണ്ടു്, അവൾക്കു് അതുകൊണ്ടു് ഒട്ടും അലൌകികം തോന്നിയില്ല. ലൌകികവിഷയങ്ങളിലുള്ള പരിചയക്കുറവിനാൽ ഉൎമ്മിള എന്തെല്ലാം അബദ്ധങ്ങൾ പറ്റിച്ചേക്കാമെന്നു ഗിരിബാല എപ്പോഴും ഭയപ്പെടുന്നതായി നടിച്ചു അവൾ ഉൎമ്മിളയോടു സദാപ്പോഴും ഇപ്രകാരം ഉപദേശിച്ചിരുന്നു:— "ഇപ്പോഴത്തെ ചെറുപ്പക്കാർ എന്തു തരക്കാരാണെന്നു്, എന്റെ കുട്ടീ, നിനക്കറിഞ്ഞുകൂട. ഞാൻ ആ വകക്കാരെ വളരെ കണ്ടിട്ടുണ്ടു്. അതാണു് ഞാൻ നിന്നെപ്പറ്റി ഭയപ്പെടുന്നതു്. നിനക്കു് ഈ കാലങ്ങളിൽ അവരായിട്ടു വളരെ ഇടപെഴകേണ്ടിവരും, അ

തുകൊണ്ടാണു് ഞാൻ നിന്നോടു സൂക്ഷിച്ചിരിക്കുവാൻ പറയുന്നതു്. ജനങ്ങൾ ഒരു പെൺകുട്ടിയെ കുറിച്ചു് ഒട്ടും ദയവില്ലാതെ അഭിപ്രായപ്പെടുമെന്നു നിനക്കറിഞ്ഞുകൂടെ?''.

ഇപ്പോഴത്തെ ചെറുപ്പക്കാരായിട്ടു പെരുമാറുവാൻ ഊൎമ്മിളക്കു് ഇടവന്നിട്ടുള്ളതു് സമരേന്ദ്രനോടും ലളിതനോടും മാത്രമാണു്; അതിനാൽ അവൾക്കു് ആ സൂചനയുടെ അൎത്ഥവും നല്ലവണ്ണം മനസ്സിലായി. തന്റെ സ്വഭാവം വല്ല അപവാദത്തിനും കാരണമാക്കിയേക്കുമോ എന്നു് അവൾ കൂടക്കൂടെ ഭയപ്പെടുവാൻ തുടങ്ങി. തന്റെ ഓരോരോ പ്രവൃത്തികളേയും സൂക്ഷിച്ചു പരിശോധിക്കുവാൻ ആരംഭിച്ചു; അവയിൽ അപമൎയ്യാദയായോ അന്യായമായോ ഒന്നും ഇല്ലെന്നു കണ്ടപ്പോൾ, അവളുടെ ഭയം അതിലധികം വൎദ്ധിച്ചു. സമരേന്ദ്രനെ കണ്ടുമുട്ടിയാൽ അനാസ്ഥ ഭാവിപ്പാനുള്ള തന്റെ ശ്രമത്തിൽ അവളുടെ മുഖം ശോണതയെ പ്രാപിച്ചു. ആയാളുടെ കയ്യിൽ എന്തെങ്കിലും കൊടുക്കുവാൻ പോയാൽ, സമാധാനപ്പെടുന്നതിനു പ്രത്യേകം ശ്രമിക്കുമ്പോൾ ആ സാധനം നിലത്തു വീഴത്തക്കവിധത്തിൽ കൈകൾ വിറച്ചുതുടങ്ങി. അവർ തമ്മിൽ മുമ്പുണ്ടായിരുന്ന അകൃത്രിമമായ ബന്ധം നശിച്ചു. വേറെ തരം ഉണ്ടാകുന്നതിനുള്ള സന്ദൎഭവും ഇല്ലാതായി.

ഒരു ദിവസം സമരേന്ദ്രൻ പാഠശാലയിൽനിന്നു മടങ്ങി എത്തി, ഉമ്മറത്തു വാതൽപ്പടിമേൽ കാൽവെച്ചപ്പോൾ, ഊൎമ്മിള പൂമുഖത്തു ലളിതനുമായി സംസാരിച്ചുകൊണ്ടിരിക്കുന്നതും ലതി പൂച്ചക്കുട്ടികളെ കളിപ്പിച്ചുകൊണ്ടു് ഒരു കോണിൽ അവൾ പുറം തിരിഞ്ഞിരിക്കുന്നതും

കണ്ടു. സമരേന്ദ്രൻ, ആ മുറിയിൽ കടന്ന് ലളിതനെ കഴുത്തിൽ പിടിച്ചു തള്ളി ആ വീട്ടിൽനിന്നു പുറത്താക്കുവാൻ ആഗ്രഹിച്ചു; എന്നാൽ അതിന്നു പകരം, തിരികെ പുറത്തുപോയി, തെരുവുകളിലെല്ലാം തനിയേ ഒമ്പതുമണിവരെ നടന്ന് ക്ഷീണിച്ചു മടങ്ങി എത്തി.

വളരെ പരിഭ്രമത്തോടെ കാത്തിരുന്ന രാമസുന്ദരി, "ഈ രാത്രി ഇത്ര വൈകുന്നതുവരെയും എവിടെയായിരുന്നു?" എന്നു ക്ഷമയില്ലാതെ സമരേന്ദ്രനോടു ചോദിച്ചു.

"തെരുവിൽ" എന്നു സമരേന്ദ്രൻ മുഖംമുറിച്ച് ഉത്തരം പറഞ്ഞു.

"ഇത്ര വളരെ വൈകുന്നതുവരെ തെരുവിൽ എന്താണ് ചെയ്തിരുന്നത്? വീട്ടിലേക്കു വരാൻ പാടില്ലേ?" എന്നു രാമസുന്ദരി വീണ്ടും ചോദിച്ചു.

"ഒരാൾക്കു വീട്ടിൽ മടങ്ങിവരാൻ തോന്നാത്തവിധത്തിൽ അവിടത്തെ സ്ഥിതി അങ്ങനെ ആയിട്ടുണ്ട്" എന്നായിരുന്നു അതിന്നു സമരേന്ദ്രൻ ഘനസ്വരത്തിൽ ഉത്തരം പറഞ്ഞത്.

രാമസുന്ദരി ശകാരിക്കുവാൻ തുടങ്ങി; എന്നാൽ അതിനെ ലേശംപോലും ഗൌനിക്കാതെ സമരേന്ദ്രൻ സ്വന്തം മുറിയിലേക്കു പോയി. ഊർമ്മിള അടുത്തുണ്ടായിരുന്നതിനാൽ, സമരേന്ദ്രന്റെ ഈ അഭിപ്രായത്തിൽ അന്തർഭവിച്ചിരുന്ന ഭാവത്തെ നല്ലവണ്ണം മനസ്സിലാക്കി. അത് അവളിൽ വല്ലാത്ത അസുഖത്തെ ജനിപ്പിച്ചു. എന്തെന്നാൽ സമരേന്ദ്രൻ വീട്ടിലേക്കു വന്നിട്ട് അകത്തു കടക്കുവാൻ ഭാവിച്ചതും, അതു ചെയ്യാതെ വീണ്ടും പുറത്തേക്കു തന്നെ പോയതും അവൾ കാണാതെയിരുന്നില്ല.

രാമസുന്ദരിക്കു കാൎയ്യസ്ഥിതി അറിയുവാൻ വിഷമമുണ്ടായില്ല. അവൾക്കു ഊൎമ്മിളയോടു ഉള്ളിൽ കോപം തോന്നിത്തുടങ്ങി. മറ്റൊരാളുടെ ഈ പുത്രിയെ തന്റേതാക്കുവാനുള്ള ആഗ്രഹം ആദ്യംമുതല്ക്കേ അവൾക്കുണ്ടായിരുന്നിരിക്കാം. ആ ആശയുടെ നിവൃത്തിക്കുള്ള ഭംഗവും അതോടുകൂടി അവളുടെ പ്രിയപ്പെട്ട സമരന്റെ മനസ്സിന്നു വന്നുകൂടിയ ഇച്ഛാഭംഗവും തമ്മിലുള്ള ബന്ധം അവൾ അറിഞ്ഞിരുന്നു. രാമസുന്ദരി ഏതെങ്കിലും തന്റെ സ്വാൎത്ഥമായും സ്വകാൎയ്യമായുമുള്ള ആവശ്യത്തിനുവേണ്ടി ഊൎമ്മിളയുടെ കൃത്യനിൎവ്വഹണത്തിനുള്ള മാൎഗ്ഗങ്ങളിൽനിന്ന് അവരെ നിരോധിക്കുന്നതായി അവരുടെ വല്ല ഗുണകാംക്ഷികളും, കൊച്ചമ്മയും ഗിരിബാല തന്നെയും, പറഞ്ഞുനടന്നിരിക്കാം; അതു കേൾക്കുന്നതു രാമസുന്ദരിക്കു സന്തോഷപ്രദമാകുവാൻ തരമില്ലല്ലോ. രാമസുന്ദരിയുടെ ജീവിതത്തിലെ പ്രശാന്തതയ്ക്കു ഭംഗം വരുത്തുന്നതായ ആ ബാധയുടെ ആരംഭത്തിന് ഊൎമ്മിള ഉത്തരവാദിയായിരുന്നു; അതു ഹേതുവായിട്ട് അപ്പോഴപ്പോഴായി അവൾക്കു പലേ മുള്ളുവാക്കുകളും കേൾക്കേണ്ടതായി വന്നു. ആ കഷ്ടാവസ്ഥയിൽ അവരോട് അല്പമെങ്കിലും സഹതപിക്കുവാൻ അവൾക്കു സ്നേഹിതരും ഉണ്ടായിരുന്നില്ല. എന്നാൽ തന്റെ മനോവേദനയെ പറ്റി ആലോചിച്ചുകൊണ്ട് ഒരു മൂലയിൽ ഇരുന്നു കഴിപ്പാനും ഊൎമ്മിളയ്ക്കു് അപ്പോൾ സാധിച്ചിരുന്നില്ല. എന്തുകൊണ്ടെന്നാൽ അവൾക്കു കൂടക്കൂടെ ഓരോ കല്പനകൾ കിട്ടിക്കൊണ്ടിരുന്നു. വല്ല കാരണവും പറഞ്ഞ് അവയെ നിരസിക്കുന്നതിനോ തീരെ ഉപേക്ഷിക്കുന്നതിനോ ഉള്ള മനശ്ശക്തി ഊൎമ്മിളയ്ക്കു്, ഉണ്ടായിരുന്നില്ല.

ഉപ്പുവെള്ളം കൊണ്ടുവന്നിരുന്നു താൻതന്നെ കു
ത്തിയ [illegible], ഒരു [illegible] ഓ
[illegible] [illegible] അടുപ്പമെല്ലാം വിട്ടുകള
ഞ്ഞു. അവർ അവരുടെ [illegible] വിട്ടി
ട്ടില്ല, എന്നാൽ അവർ ഒരു [illegible] മാത്രം ഇറ്റലി
[illegible] [illegible] [illegible] വിട്ടുകളവാനുള്ള അവരു
ടെ ശ്രമങ്ങൾ കണ്ടിട്ട്, [illegible] തന്റെ [illegible]
റിച്ച് അവരോടു [illegible] [illegible]. [illegible]
[illegible] [illegible] [illegible] സുഖമോ
[illegible] ഉണ്ടായിരുന്നില്ല; എന്നാൽ ഇപ്പോൾ [illegible]
[illegible] [illegible] [illegible] [illegible] കഴി
ഞ്ഞു. [illegible] മനുഷ്യരോടു [illegible]
[illegible] [illegible] [illegible] [illegible]
[illegible] [illegible] [illegible] [illegible]
[illegible] [illegible] [illegible] [illegible]
[illegible] സമ്പാദിപ്പാൻ കഴിയുകയെന്നറിയുവാൻ സാധിച്ചില്ല;
എന്നാൽ [illegible] കാരണങ്ങളാൽ [illegible]
[illegible] [illegible] നിവൃത്തിയായതും [illegible] കഴിഞ്ഞി
ല്ല.

ഈ [illegible] അവന്റെ [illegible] ലീ
പ്പിയുടെ [illegible] മാത്രം അവർക്ക് [illegible]
നം ലഭിച്ചു. അതിനിടയിൽ [illegible] [illegible]
[illegible] [illegible] [illegible] [illegible] ഒരു
[illegible] [illegible] [illegible] ചെയ്തു. എ
ന്നാൽ ലീപ്പിയെ കാണുവാൻ [illegible] സ
[illegible] എന്നതിനാൽ, ലീപ്പിയുടെ
[illegible] [illegible] വിട്ടുകാരനെ [illegible] [illegible]

ന്മാരായിരുന്നു. അതിനാൽ ഇരു രണ്ടു തരക്കാൎക്കും ത
മ്മിൽ കാണുന്നതിന്നു വളരെ ബുദ്ധിമുട്ടുകൾ നേരിടേണ്ടി
വന്നു. ലീപ്പിക്കു യാതൊരു ക്രൂരപ്രവൃത്തിക്കും കൂടാതെ പുറത്തേക്കും
പോകാവുന്ന ദിക്കുകളിൽ ഊൎമ്മിളയുടെ ഗതി തടയപ്പെട്ടു.
ലീപ്പി ആവശ്യപ്പെടാതെ അവളെ കാണുവാൻ പോകുന്ന
തിന്നു ഊൎമ്മിളയ്ക്കു കഴിഞ്ഞില്ല. എന്തെന്നാൽ, അവളുടെ
ഹൃദയത്തിന്നു മുറിവേല്പിച്ചതായ ഒരു സന്ദൎഭത്തിനുശേ
ഷം, അന്തരത്തിൽ രണ്ടാമത്തും ഒരു നില വരുന്നതിൽനിന്നു
അവർ എപ്പോഴും ഭയപ്പെട്ടുകൊണ്ടിരുന്നു. അവൾ ലീപ്പിയു
ടെ ഗൃഹത്തിൽ കൂടക്കൂടെ പോയ്ക്കൊണ്ടിരുന്നാൽ, ലീപ്പി
അവളെ നിന്ദിക്കയോ അപമാനിക്കയോ ചെയ്യുകില്ലേ?
പിന്നെ അവർ എങ്ങനെ അവരുടെ തലപൊക്കി നടക്കും?
അവരുടെ ഹൃദയം ഒരു സംഗതിയിൽ സ്നേഹംമൂലം മുറി
പ്പെട്ടുപോയതുകൊണ്ട്, ഇപ്പോൾ അവൾക്കു വീണ്ടും സ
ഹിക്കുവാൻ ധൈൎയ്യമില്ലാതെയായി.

ലീപ്പിയിലുണ്ടായിരുന്ന ഒരു സ്വാതന്ത്ര്യവും വിശ്വാസ
വും ആശ്രയത്തെ അനുഭവിച്ചിരുന്ന ഊൎമ്മിളയുടെ മന
സ്സിനെ ബലമാക്കിച്ചു. അതുപോലെ ഒരു ഭാഗ്യവതി
ക്കു മക്കളായിരുന്നു എങ്കിൽ, ഈ ജീവിതദുഃഖങ്ങളിൽനി
ന്ന് അവളെ രക്ഷിക്കുമായിരുന്നു എന്നായിരുന്നു ഊൎമ്മിളയു
ടെ വിചാരം. ലീപ്പിക്കു ഒരു തെററുപറയുവാൻ നിവൃത്തി
യില്ലാത്ത മററുള്ളവൾ തോന്നത്തക്കവിധത്തിൽ അതു
സഹജമായ സത്യത്തോടും വിശ്വാസത്തോടും അവൾ വ
ൎത്തിച്ചുകൊണ്ടിരുന്നു. ഇവരോടു തന്റെ ഹൃദയം തുറന്നു
കാണിപ്പാൻ ഊൎമ്മിള പലപ്പോഴും ആഗ്രഹിച്ചു. ആ അവ
സരങ്ങളിൽ അവൾ ആ രീതിയെ അനുസരിച്ചു സ്വയമേവ

നിശ്ചയിച്ചതായ കാര്യത്തെ അനുസരിക്കുന്നതിനു അ
വരെല്ലാംകൂടി തന്റെ ഭയത്തെയും പരിഭ്രമത്തെയും ന
ശിപ്പിക്കില്ലേ? അവൾക്കു തന്നത്താൻ ഈ സംഗതിയെക്കു
റിച്ചു പിന്നെയും ആലോചിച്ച് അസഹ്യപ്പെട്ടു പ്രവർത്തിക്കു
ന്നതിനുള്ള ശക്തിയുണ്ടായിരുന്നില്ല. സങ്കടം അവളുടെ
ധൈര്യത്തെ തടുത്തു നിർത്തി. ലജ്ജയും അതിനെ സഹായി
ക്കുവാൻ എത്തി. തന്റെ നേരെ ഒരു നോക്കുകപോലും
ചെയ്യാത്ത ഒരാൾക്കു വേണ്ടി തന്റെ മനസ്സു മുഴുവനും വേ
ദനപ്പെടുന്നു എന്ന് അവൾ മററാരോടെങ്കിലും എങ്ങിനെയാ
ണ് പറയുന്നത്? തനിക്കു പററിയ അത്ര ക്രൂരതരമായ ഒരു
അപമാനത്തിന്റെ കഥ ഒരാൾക്കു തന്റെ വായ്കൊണ്ടു
തന്നെ പറയുവാൻ സാധിക്കുമോ? എന്തെന്നാൽ, ആവ
ശ്യപ്പെടാത്ത പ്രേമം ഉത്ഭവിച്ചതായ അപരാധം, സ്ത്രീയു
ടെ ഭാഗത്താണെങ്കിൽ, ജനങ്ങൾ ക്ഷമിക്കുകയില്ല. ലീച്ചി
ക്കും ഈ തരത്തിൽ ബുദ്ധിമുട്ടുള്ളതായ ഒരു വഴിയിൽ കൂടി
കടന്നു സഞ്ചരിക്കേണ്ടതായി വന്നിട്ടുണ്ട് എന്നു മററു ചി
ലരിൽ നിന്ന് ഊഹിച്ചു കേട്ടിട്ടുണ്ടായിരുന്നു; എന്നാൽ ലീ
ച്ചി ആ സംഗതിയെ പററി യാതൊന്നും പറയാതിരുന്നതു
കൊണ്ട്, അവൾക്ക് അതൊന്നും ചോദിക്കുവാൻ തര
മില്ലാതായി. ഒരുദിവസം രാവിലെ അവർക്കു ലീച്ചിയുടെ
മുറിയിലിരിക്കുമ്പോൾ "ലീച്ചി, നിങ്ങൾ ഉടനെ കല്യാണം
കഴിക്കുവാൻ പോകുന്നു എന്നു കേട്ടുവല്ലോ- അതു വാസ്തവ
മോ?" എന്നു ചോദിച്ചു.

"എന്നാൽ സഖിയെ അതറിയിക്കുന്ന ആൾക്ക് ആ
സംഗതി എന്നെക്കാൾ അറിയാം" എന്നു ലീച്ചി ചിരിച്ചു
കൊണ്ടു ഉത്തരം പറഞ്ഞു. "എന്തുകൊണ്ടെന്നാൽ ഉട

ന്നെ കല്യാണം കഴിക്കേണ്ട ഒരു സന്ദർഭം എനിക്കു നേരിടു
വാൻ ഒരു വഴിയും ഞാൻ കാണുന്നില്ല."

"ആകട്ടെ, ഉടനെയല്ലെങ്കിൽ വൈകിയിട്ടെങ്കിലു
മോ? സ്നേഹിതന്മാരൊ ഇല്ലയോ എന്ന് എന്നോടു പറയി
ല്ലേ?" എന്ന് ഊർമ്മിള വീണ്ടും ചോദിച്ചു.

"അങ്ങനെ വരുമായിരിക്കാം" എന്നു ലിസ്സി മുഖത്തിൽ
ഉദാസം പറഞ്ഞു.

ലിസ്സിയുടെ അച്ഛനമ്മമാർ, അവളെ തിരഞ്ഞെടുക്കുന്നാ
ളുടെ വരന് വിവാഹം ചെയ്തു കൊടുക്കുന്നതു വിരോ
ധമാണെന്ന് ഊർമ്മിള കേട്ടിട്ടുണ്ടായിരുന്നു. എന്നാൽ,
ലിസ്സി ആ സംഗതിയെ ഇങ്ങനെ മുഖത്തിൽ ഔദാസീ
ന്യപ്പെടുത്തിയതിനാൽ, വീണ്ടും അതിനെപ്പറ്റി ചോദ്യം ചെ
യ്യാൻ ധൈര്യമില്ലാതെയായി. ആ വിഷയത്തെ കുറിച്ച്
അറിയുവാൻ അവളുടെ ഹൃദയം ഊർമ്മിളയെ പ്രേരിപ്പിച്ചി
ട്ട്, ഒടുവിൽ ചിരിച്ചുകൊണ്ട് ഇങ്ങനെ ചോദിച്ചു. "വേണ്ടില്ല,
നിങ്ങൾക്കു ശരിയാണെന്നു തോന്നുന്നതിനെ നിങ്ങൾ എ
പ്പോഴും പ്രവർത്തിക്കും, ഇല്ലേ? നിങ്ങൾക്കു വല്ല തെറ്റും പ
റ്റിയേക്കാമെന്നു ഭയം തോന്നാറില്ലേ?"

"എന്റെ മാമനെ, തെറ്റിനെ ഭയപ്പെട്ടു വാതുക്കൽ
കാത്തുനിന്നു സമയം കളയുവാനായിട്ട് എനിക്കു കാലം
പോരാ. എനിക്കു ശരിയാണെന്നു തോന്നുന്നതിനെ ഞാൻ
പ്രവൃത്തികൊണ്ടു പരീക്ഷിക്കും. അതിൽ വല്ല തെറ്റുമു
ണ്ടെങ്കിൽ, അതുകൊണ്ട് എന്തു ദോഷമാണുള്ളത്? ഒരാ
ളുടെ തെറ്റിനെ ശരിപ്പെടുത്താനുള്ള അവസരം ആ തെറ്റി
ന്റെ വേഗത്തിൽ വന്നു ചേരുന്നു. തെറ്റിനെ ഭയന്നുകൊ
ണ്ടു ഞാൻ അനങ്ങാതെ ഇരിക്കുകയാണെങ്കിൽ, എങ്ങനെ

യാണ് അതിനൊരു നിവൃത്തിയുണ്ടാവുന്നതെന്നു ഞാൻ ചോദിച്ചോട്ടെ?"

ഊർമ്മിളയുടെ മോഹത്താൽ വരളുന്ന ഹൃദയം അതിന്റെ ശമനത്തിനു വേണ്ടതായ ജലത്തിന്റെ ചാലിനെ അറിയുന്നതായി കാണപ്പെട്ടു. എന്നാലും അവൾ പിന്നെയും ഇപ്രകാരം ചോദിച്ചു: "എന്നാൽ ആ തെറ്റിൽനിന്നു മോചിക്കുവാൻ ഒരു മാർഗ്ഗമില്ലാത്ത ഒന്നാണെങ്കിലോ?"

"പുറമെ അങ്ങനെ തോന്നിയിരുന്നാലും, അകത്തു (ഹൃദയത്തിൽ) അതിനുള്ള വഴി എപ്പോഴും തുറന്നിട്ടിട്ടുണ്ടാവും. അതിനും പുറമെ, വാസ്തവത്തിൽ നിവർത്തിക്കപ്പെടുവാൻ തരമില്ലാത്ത അബദ്ധമായിരുന്നാലും, തന്റെ ആത്മാലോചനയിൽ ഒരിക്കലും അതിനെ അപ്രകാരം എടുക്കേയില്ലെന്നാണ് എന്റെ വിശ്വാസം. ദൈവം നമുക്കു രക്ഷപ്രാപിക്കുവാൻ ഇത്രത്തോളം ഒരു മാർഗ്ഗം ഉണ്ടാക്കിയിട്ടുണ്ട്".

അവൾ ആ ദിവസം അതിനെപ്പറ്റി അധികമൊന്നും പറഞ്ഞില്ല. ദീപ്തിയുടെ വാക്കുകൾ ഊർമ്മിളയുടെ മനസ്സിൽ സംഗീതം മുഴങ്ങിക്കൊണ്ടിരുന്നു. അതുപോലെതന്നെ, അവരും ഒരു അമ്പലം കെട്ടി പണിതീർത്തില്ലയോ? എന്നാൽ അവർക്ക്", ബലി നൽകാനുള്ള ദേവത മുഖം തിരിച്ചു കഴിഞ്ഞു. നേരെ മറിച്ച്, മായാദേവത ഇരുകരങ്ങളെയും നീട്ടിക്കൊണ്ടുനിന്നു പൂജകനെ ബലാൽക്കാരമായി ആകർഷിച്ചടുപ്പിക്കുന്നതായി കാണപ്പെടുകയും ചെയ്യുന്നു.

ഊർമ്മിളയെ ആ ഗൃഹത്തിൽനിന്നു നീക്കി തന്റെ അടുക്കൽ താമസിപ്പിക്കുന്നതു അധികം ഗുണകരമായിരിക്ക

മെന്നു ഗിരിബാല തീൎച്ചപ്പെടുത്തി. രാമസുന്ദരിയാകട്ടെ, ഉൎമ്മിളയോടു തല്ക്കാലം രസക്ഷയത്തിലാകയാൽ, അവരെ പോകുവാൻ ഉടനെ സമ്മതിക്കുകയും ചെയ്യും. അനേകം കാരണങ്ങളാൽ രാമസുന്ദരിയുടെ ഗൃഹത്തിലുള്ള നില ഉൎമ്മിളയ്ക്കുവളരെ സുഖകരമല്ലായ്കയാൽ അവളും പോരുന്നതിന്നു, പക്ഷെ വിസമ്മതിക്കുകയില്ല. ഉമേശബാബുവും ചന്ദ്രമോഹനബാബുവും നേൎവ്വഴിക്കു തിരിയുന്നതിന്നു് എത്രകാലം പിടിക്കും? ഒന്നാമതു്, അവർ തന്റേടമില്ലാത്ത പുരുഷവൎഗ്ഗത്തിൽ പെട്ടവരാണു്; അതിലും വിശേഷിച്ചു്, അവർ ആപ്പോഴും അവിടെ ഇല്ലതാനും. സ്വമേധയാൽ വരേണ്ടുന്നതിന്നു മുമ്പെ പ്രേരകമാകുന്ന സ്വാൎത്ഥബലംകൊണ്ടു് ഉൎമ്മിളയെ ബന്ധിച്ചു് കാൎയ്യങ്ങൾ [illegible] വരിക്കുന്നതായാൽ, പിന്നെ സം[illegible] വരന്റെ സംഗതിയിൽ പരിഭ്രമിക്കുവാൻ അധികം കാരണമൊന്നുമില്ല. അവർ അവരുടെ കൃത്യം നിൎവ്വഹിക്കുന്നപക്ഷം, അവരുടെ പുത്രനും ആയാളുടെ കുറയെ നിരസിക്കുന്നതല്ല എന്നു ഗിരിബാലക്കു നല്ല ഉറപ്പുണ്ടായിരുന്നു.

ഗിരിബാല ഒരു ദിവസം ഉൎമ്മിളയെ കാണുവാൻ ചെന്നു. അന്നു് അവരുടെ ഭാവത്തിൽ പതിവിലധികം ഗൌരവമുണ്ടായിരുന്നു. അവർ ഉൎമ്മിളയുടെ പുറത്തു കൊട്ടിക്കൊണ്ടു പറഞ്ഞു: "എന്റെ കുട്ടീ, ക്ഷേത്രനാഥബാബു ഞങ്ങളുടെ വീട്ടിലൊരാളായിരുന്നു. അദ്ദേഹത്തിന്റെ മകളായ നീയും ഞങ്ങളുടെ വീട്ടിലെ ഒരുവളാണു്. മറെറാരു ദിക്കിലേക്കല്ല. ആരുടെ വാഴ്ച്ചയിൽ നിന്നു നിവൃത്തിയുണ്ടാവുന്നതു നല്ലതെന്നു് അദ്ദേഹം കരുതിയോ അവർ അവരുടെ മുറ ചെയ്യുന്നില്ല. എന്നാൽ പിന്നെ, നിന്നെ

ണോമക്കുണ്ണു ഞങ്ങളോടു്. നിന്റെ നിത്യദുഃഖിതയായി
നീ ഇതുവരെയും കണ്ടിട്ടില്ല. പിന്നെ എന്തിനാണു് വല്ല
വരുടെയും വീട്ടിൽ താമസിച്ചു്, അവരുടെ കഠിനവാക്കുകളെ
ല്ലാം സഹിക്കുന്നതു്? നിന്നെ അവരുടെ കൂട്ടത്തിൽ നിന്നു
പോന്നു കളയുന്നവരുടെ വീട്ടിലേക്കു നീ വരില്ലേ? ഞാൻ
ഇതു വിട്ടുപോകുന്നതോടു കൂടി വിവരമൊക്കെ അവർ പറയുന്ന
തൊന്നും എന്റെ മനസ്സിലാകുന്നില്ലേ?"

ഊൎമ്മിളയുടെ ഹൃദയം തുടിക്കുവാൻ തുടങ്ങി. ഈ വീ
ടു വിടുകയോ? ഇവിടെയുള്ള ഓരോന്നും എല്ലാസുഖ
ങ്ങളൊക്കെ അവളുടെ ഓൎമ്മയിലുള്ളതായിരുന്നു. [illegible]
ക്കുളിൽ, ഇരുട്ടിനിടയിൽ [illegible], ഊൎമ്മി
ളയുടെ ചിത്തത്തിനു വെളിച്ചം കൊടുക്കുന്ന ആ ര
ത്നവും ഇവിടെയുള്ള അന്ധകാരത്തിൽ അല്പകാലം പ്രകാ
ശിച്ചുകൊണ്ടിരുന്നു. ഇവിടെ അനുഭവിച്ച വ്യസനത്തിൽ
നിന്നു രക്ഷപ്പെടുവാനുള്ള ശ്രമത്തിൽ സകല സുഖവും ധൈ
ൎയ്യവും വിട്ടൊഴിഞ്ഞു്, എന്തു ഭയങ്കരമായ ഏകാന്തതയിലാ
ണു് വീഴുവാൻ പോകുന്നതു്? സമാധാനം പോലും
ഇല്ലാതെയായി.

ഗിരിജാ, ഊൎമ്മിള നിശബ്ദയായിരിക്കുന്നതു ക
ണ്ടിട്ടു്, സംശയത്തിനുള്ള കാരണമറിഞ്ഞു് ഇങ്ങനെ
പറഞ്ഞു: "അതുകൊണ്ടു, ബദ്ധപ്പെടുവാൻ ആവശ്യമൊന്നുമി
ല്ല. ഞാൻ ഇനിയും പറയുന്നു രണ്ടു ദിവസം ആ
ലോചിക്കട്ടെ. പിന്നെ അങ്ങനെ തന്നെ ചെയ്തുകൊൾക."
ഇതിനു ഊൎമ്മിളയുടെ ഉത്തരംകൂടി കേൾക്കുവാൻ നി
ല്ക്കാതെ ഗിരിജാ അവിടം വിട്ടു.

അദ്ധ്യായം ൧൧.

സമരേന്ദ്രൻ പാഠശാലയ്ക്കു പോകുവാൻ ബദ്ധപ്പെട്ട് ഊൺ കഴിക്കുകയായിരുന്നു. അപ്പോൾ രാമസുന്ദരി, ചൂടുള്ള ചോറ് ആറുവാൻ വേണ്ടി, അടുക്കൽ വീശിക്കൊണ്ടു നിന്നിരുന്നു.

പല വർത്തമാനങ്ങളും പറഞ്ഞുകൊണ്ടിരുന്നതിന്റെ മദ്ധ്യേ അവർ പെട്ടെന്നു ഇങ്ങനെ പറഞ്ഞു: "കേൾക്കണ്ടേ, ഊർമ്മിളയെ കുറച്ചുദിവസത്തേക്ക് അവരുടെ വീട്ടിൽ താമസിക്കാൻ കൊണ്ടുപോകേണ്ടതിന്ന് അവർ ആഗ്രഹിക്കുന്നു എന്ന് മിസ്സസ്സ് ഗിരിബാല എനിക്കൊരു എഴുത്തയച്ചിരിക്കുന്നു. അവർ നിന്റെ അമ്മാമന്നും ചന്ദ്രമോഹനബാബുവിന്നും എഴുതിയിട്ടുണ്ടത്രേ; എല്ലാ ഏർപ്പാടും ചെയ്തുകഴിഞ്ഞു. ഊർമ്മിളയ്ക്കും സമ്മതക്കേടുണ്ടായിരിക്കില്ല. അവർ ഇപ്പോൾ എന്റെ അഭിപ്രായത്തിന്നു കാത്തുനില്ക്കുകമാത്രമാണ് അവരുടെ എഴുത്തിന്റെ സമ്പ്രദായം കണ്ടിട്ടു ദേഷ്യംകൊണ്ട് എന്റെ അസ്ഥികൂടി ദഹിക്കുന്നു. ഞാനാരാണ്, അല്ലേ? എന്തിനാണ് അവർ ഇതൊക്കെ എനിക്കെഴുതുന്നത്? ക്ഷേത്രനാഥബാബു മരണപത്രംകൊണ്ട് അവളെ അവരുടെ കയ്യിൽ വിട്ടുപോയിരിക്കുന്നു. ഇന്നല്ലെങ്കിൽ നാളെ അവർ അവളെ കൊണ്ടുപോകും. പിന്നെ എന്തിനാണ് അവർ ഈ വക സൂത്രങ്ങളെല്ലാം എടുക്കുന്നത്?"

സമരേന്ദ്രൻ വലിയ അസഹ്യതയോടെ "ചെറിയമ്മെ," എന്നു വിളിച്ചു, "നിങ്ങൾക്ക് എഴുതുന്നതിന്ന് അവർക്ക് ആവശ്യമുണ്ടോ ഇല്ലയോ, ആ വക വർത്തമാനമെല്ലാം

എന്നോടു പറയുന്നതിനു നിങ്ങൾക്കു് യാതൊരാവശ്യവുമില്ല" എന്നു പറഞ്ഞു.

"അതു ശരിയാണ്", എന്റെ കുട്ടീ! ഇങ്ങനെ മററുള്ളവരുടെ കാര്യത്തിൽ നിന്നെ അസഹ്യതപ്പെടുത്തിട്ട് എന്താണാവശ്യം? അവൾ അവളുടെ ഇഷ്ടംപോലെ പോവുകയും പ്രവർത്തിക്കുകയും ചെയ്യട്ടെ. മാമ്പഴം തിന്നാതെ എഴുന്നേല്ക്കുകയായോ?"

അതു സമയത്തു് ഊൎമ്മിള എന്തോ കാര്യമായി താഴെ വരികയും സമരേന്ദ്രൻ അവിടെ ഉറക്കെ പറഞ്ഞിരുന്നതെല്ലാം കേൾക്കുകയും ചെയ്തു. ഊൎമ്മിളയുടെ അധരങ്ങൾ വിറയ്ക്കുവാൻ തുടങ്ങി; യാതൊരാവശ്യവുമില്ല! അവൾ താമസിച്ചാലും പോയാലും യാതൊന്നുമില്ല! അവളുടെ അഭാവത്തിങ്കൽ ആരുടെ മനസ്സിലും ഒരു വ്യസനത്തിന്റെ ലാഞ്ഛനപോലുമില്ല! സമരേന്ദ്രൻ എഴുന്നേല്ക്കുന്ന അനക്കം കേട്ടിട്ട് ഊൎമ്മിള ക്ഷണത്തിൽ മുകളിലേക്കു പോയി.

അന്നു സമരേന്ദ്രൻ കോണിയിറങ്ങിപ്പോകുമ്പോൾ തല തിരിച്ചു പിടിച്ചില്ല. ആയാൾ ഉറച്ചു നിന്നു്, ഊൎമ്മിളയെ നല്ലവണ്ണം ഒന്നു നോക്കി. തന്റെ ഹൃദയത്തിൽ തങ്ങിക്കിടക്കുന്ന വേദന മുഴുവനും ആ നോട്ടത്തിൽ ചാടി പുറത്തുവരുന്നതായി കണ്ടു. ആ അസഹ്യതരമായ നോട്ടം ഊൎമ്മിളയുടെ നോട്ടത്തെ അയസ്കാന്തമെന്നപോലെ ആകർഷിച്ചു നിർത്തി. യാതൊരു വിധത്തിലും തന്റെ മുഖം തിരിക്കുന്നതിനു അവൾക്കു സാധിച്ചില്ല. സമരേന്ദ്രൻ താഴെ പോയശേഷം, കുറേ നേരത്തേക്കു് ഊൎമ്മിള മരംപോലെ ഇരുന്നിട്ട്, പെട്ടെന്നു പൊട്ടിക്കരഞ്ഞു് സ്വസുന്ദരിയുടെ

ചിത്രം കയ്യിൽ പിടിച്ചുകൊണ്ട്, "അമ്മെ, എന്തുകൊണ്ട് എന്നെ ഒരുമിച്ചു കൊണ്ടുപോയില്ല?" എന്നു പറഞ്ഞു.

അതേ ദിവസം തന്നെ, ഊൎമ്മിള ഗിരിബാലയുടെ ~~ഏകാന്തവാസമുള്ള~~ ഗൃഹത്തിൽ പോകുവാനും താമസിക്കുവാനും ഒരുക്കമാണെന്നും അതിനാൽ അവരുടെ സൌകൎയ്യംപോലെ എപ്പോളെങ്കിലും കൂട്ടിക്കൊണ്ടു പോവാൻ വിരോധമില്ലെന്നും മറുപടി അയച്ചു. കൂട്ടിക്കൊണ്ടു ചെല്ലുവാൻ പിറേറദിവസം ഉച്ചയ്ക്കു ശേഷം വരുന്നതാണെന്നു പറയുവാൻ ഗിരിബാല തവണക്കാരനെ അയച്ചു. അവളുടെ സാമാനങ്ങളിൽ ചിലത് അന്ന് ആയാളെ ഏല്പിച്ചാൽ ഒരു വണ്ടിയിൽ കയററി കൊണ്ടുവരുമെന്നും അറിയിച്ചിരുന്നു. ഊൎമ്മിള രാമസുന്ദരിയുടെ അടുക്കൽ ചെന്ന് എല്ലാം പറഞ്ഞപ്പോൾ, അവർ, ഗൌരവത്തോടെ, "നിന്റെ സൌകൎയ്യംപോലെ ചെയ്തുകൊൾക" എന്നുത്തരം പറഞ്ഞു. ഊൎമ്മിള തന്റെ സാമാനങ്ങൾ അടുക്കയും ചെയ്തു.

പിറേറന്നാൾ, അതിരാവിലെമുതല്ക്ക്, ഗിരിബാലയുടെ ആളുകൾ ആ ഗൃഹത്തിൽ വന്നുംപോയുമിരുന്ന് ഊൎമ്മിളയുടെ യാത്രയെക്കുറിച്ച് എല്ലാവരെയും ഓൎമ്മപ്പെടുത്തിക്കൊണ്ടിരുന്നു. സമരേന്ദ്രൻ തന്റെ മുറിയുടെ വാതൽ അടച്ചുനിന്നു തഴുതിട്ട് അതിൽ ഇരുന്നിരുന്നു. ആരോ ചോദിച്ചതിനുത്തരമായി, സാമാനങ്ങൾ നീക്കുന്ന ശബ്ദം ആയാളുടെ ജോലിയെ തടസ്ഥപ്പെടുത്തുന്നു എന്നു രാമസുന്ദരി പറഞ്ഞു.

സമരേന്ദ്രനോടു സമാധാനമായി യാത്രപറയുവാൻ ഏതെങ്കിലും സമ്പ്രദായം അന്വേഷിക്കേണമെന്നാലോചിച്ചാലോചിച്ച്, ഊൎമ്മിള, രാത്രിമുഴുവനും ഉറങ്ങാതെതന്നെ

കഴിച്ചുകൂട്ടി. ആയാളിൽ കണ്ട ഹൃദയശൂന്യമായ ഔദാസീന്യംമൂലം, സമരേന്ദ്രന്റെ മുമ്പാകെ അവളുടെ മനസ്സിനെ ഇപ്പോൾ വിട്ടുകളഞ്ഞാൽ, പിന്നെ അവൾക്കു മരണമല്ലാതെ മറ്റൊരു ശരണവുമില്ലെന്നു ധരിച്ചു. ഒടുവിൽ തനിക്കവശേഷിച്ചതായ സമ്പത്തിനെ—ആ സ്വല്പമായ ആത്മാഭിമാനത്തെ—യെങ്കിലും വിട്ടുകളയാതെ പോകുവാൻ സാധിച്ചെങ്കിൽ, വീണ്ടും ജീവിക്കാമായിരുന്നു; ഈ ജീവിതശേഷത്തിൽ പിന്നെ എന്തുവന്നാലും അതിനെപ്പററി വിചാരപ്പെടുവാൻ ആവശ്യമില്ലല്ലോ.

സമരേന്ദ്രൻ പാഠശാലയിൽനിന്നു മടങ്ങി എത്തുന്നതിനുമുമ്പായി രതി വണ്ടിയുംകൊണ്ടു വന്നാലൊ? ആ രാവിലെതന്നെ യാത്രപറയുന്നതാണ് നല്ലത് എന്നുറച്ചു. സമരേന്ദ്രൻ പുറത്തുവരുന്ന ശബ്ദം കേട്ട ഉടനെ, അവൾ, തന്റെ മുറിവിട്ടു വാതുക്കൽ എത്തി, "ഞാൻ ഇന്നുച്ചയ്ക്കു പോകുന്നു" എന്നു പറഞ്ഞു.

"ഇന്നു പോകയാണല്ലെ?" എന്നു സമരേന്ദ്രൻ മന്ദഹസിച്ചുകൊണ്ടു ചോദിച്ചു, "നല്ലത്", നമസ്കാരം."

പാഠശാലയിലെ വിദ്യാർത്ഥികളിൽ അതിധീരന്മാരായ ചിലർകൂടി അന്നു സമരേന്ദ്രനെ ക്ഷോഭിപ്പിക്കുന്നതിൽ ഭയപ്പെട്ടു. മറെറാരവസരത്തിലും ആയാളെ അവർ ആവിധം കണ്ടിട്ടില്ലായിരുന്നു.

"നമ്മുടെ ആശാൻ സാഹേബ്ബിന്റെ ചോരയെല്ലാം ഒരു ഓന്ത് കുടിച്ചുകളഞ്ഞോ?" എന്നു ഒരു വിദ്യാർത്ഥി മറെറാരു ചങ്ങാതിയോടു സ്വകാര്യത്തിൽ ചോദിച്ചു. "അദ്ദേഹത്തിന്റെ കണ്ണുകളിലൊഴിച്ച് മററങ്ങും ഒരു തുള്ളി രക്തംപോലും കാണാനില്ല."

"അല്ലെങ്കിൽ, പലവിധത്തിലുള്ള പനികളില്ലേ? ഈ നാട്ടിൽ വിളപ്പുപനി എത്തിച്ചേർന്നിരിക്കാം. അദ്ദേഹത്തിനെയാണ് അതു് ആദ്യം പിടിപെട്ടതെന്നും വരാം" എന്നു ഫണ്ടാതി മറുപടി പറഞ്ഞു.

"അതെ, അദ്ദേഹത്തിനെ പിടിപെട്ടിട്ടുണ്ടെന്നുള്ളതു തീർച്ചയാണ്; പക്ഷെ വിളപ്പുപനിയല്ല—എന്നാൽ നല്ല പനിനീർപ്പിച്ചകംപോലെ ചുകന്ന ഒന്നാണെന്നേയുള്ളൂ" എന്നു്, പിന്നിലെ ബെഞ്ചിലിരുന്നുകൊണ്ടു്, എല്ലാം അറിയുന്ന ഒരു കുട്ടി പറഞ്ഞു.

പാഠശാലയിലെ ജോലി കഴിഞ്ഞു്, സമരേന്ദ്രൻ വളരെ നേരം വായനശാലയിൽ കഴിച്ചുകൂട്ടി. തന്റെ കണ്ണിന്റെ മുമ്പിൽവെച്ചുള്ള ഉർമ്മിളയുടെ യാത്രയിൽ അയാൾ ഒട്ടും താല്പര്യപ്പെട്ടില്ല. എന്നാൽ അവിടെയുള്ള 'ലൈബ്രേറിയ'ന്റെ അമിതഭാഷണംകൊണ്ടു ബുദ്ധിമുട്ടിയിട്ടു് അയാൾ പുറത്തുപോയി, തോട്ടത്തിൽ മരത്തണലിൽ ഇട്ടിരുന്ന ബെഞ്ചിന്മേൽ ഒരു പുസ്തകവും നിവർത്തിപ്പിടിച്ചുകൊണ്ടിരുന്നു.

ഉടനെ ആരോ പിന്നിൽക്കൂടെ വന്നു് അയാളുടെ ചുമലിന്മേൽ ഒന്നുതട്ടി; ഒരു ഇംഗ്ലീഷുകാരന്റെ സ്വരത്തിൽ, ഉറന്നിക്കൊണ്ടു ചോദിച്ചു— "ഹെ, പ്രൊഫസർ, എന്താ ഇയ്യിടെയായിട്ടു് അധികം നിങ്ങളെ കാണാൻ കിട്ടാത്തതു് എന്താ സുഖക്കേടു്? ഞാൻ ഈ കേൾക്കുന്നതെല്ലാം വാസ്തവമോ?

"ഒ! രാജീവനോ," എന്നു പുസ്തകം താഴ്ത്തിക്കൊണ്ടു സമരേന്ദ്രനും പറഞ്ഞു.

രാജീവമുഖോപാദ്ധ്യായൻ ഒരു കാലത്തു സമരേന്ദ്രന്റെ സഹപാഠിയായിരുന്നു. ഈയിടയായിട്ട് അവർ അന്യോന്യം അധികം കാണാറില്ല. രാജീവൻ ശീമയിൽനിന്നു മടങ്ങിവന്ന ഏതു അടുത്ത കാലത്തിന്നശേഷം നാട്ടുകാരായ ഈ 'കാപ്പിരി'കളോട് ഇടപെഴകുന്നതിന്ന് അത്ര ഉത്സുകമായിരുന്നില്ല. അന്ന് എന്തോ ഒരു നേരംപോക്കിനുവേണ്ടി, ആയാൾ സമരേന്ദ്രന്റെ അടുത്തിരുന്നു, ഒരു 'സിഗാർ' എടുത്തു കൊളുത്തിയിട്ട് ഇപ്രകാരം പറഞ്ഞു—"അതെ, ഇതു രാജീവൻതന്നെ. ആയാളെ കണ്ട സന്തോഷംകൊണ്ടു നിങ്ങൾ മതിമറന്നില്ലെന്നതും തീർച്ചതന്നെ. ആട്ടെ, ഒരൊററ വാക്കിൽ ഉത്തരം പറയൂ. നിങ്ങൾ തെറവുകാരനോ, അല്ലയോ?".

സമരേന്ദ്രൻ തന്റെ പുസ്തകം വീണ്ടും ഉയർത്തിപ്പിടിച്ചുകൊണ്ടു പറഞ്ഞു: "ഇതെന്ത് അസംബന്ധമാണ് പറയുന്നത്?"

രാജീവൻ ഉറക്കെ ചിരിച്ചുകൊണ്ട്, "അസംബന്ധമാണ്, അല്ലേ, സംശയമില്ല? അത്യന്തം പരമാർത്ഥമായിട്ടുള്ളതാണ്, നല്ലവണ്ണം വിശ്വസിക്കാവുന്ന വഴിക്കു കേട്ടതാണ്" എന്നു പറഞ്ഞു.

"നിങ്ങളും നിങ്ങളുടെ വിശ്വാസയോഗ്യമായ വഴിയും ഒരുപോലെതന്നെ. നിങ്ങളുടെ വാക്കുകൾ എനിക്കു പ്രത്യേകം സുഖം തരുന്നില്ല. അതുകൊണ്ട്, വേറെ ഒന്നും സംസാരിക്കുവാനില്ലെങ്കിൽ, നിങ്ങൾ മിണ്ടാതിരിക്കുന്നതുകൊണ്ടു വലിയ നഷ്ടം ഒന്നും വരാനില്ല."

"എന്റെ ഇഷ്ടാ!, എന്തിനു ദേഷ്യപ്പെടുന്നു?" എന്നു രാജീവൻ ഒന്നുകൂടി പൊട്ടിച്ചിരിച്ചുകൊണ്ടു ചോദിച്ചു:

"ആ ചെറിയ പെണ്ണ് നിങ്ങളെ തോല്പിച്ചുവൊ? അവരും അന്തരത്തിലുള്ളവളാണെന്ന ഞാൻ, വാസ്തവത്തിൽ, കേട്ടു."

"നാണയ:" എന്ന കോപിഷ്ഠനായ ഒരു പുലിയെപ്പോലെ സമരേന്ദ്രൻ അലറി. "ഒരു മാന്യന്റെ പുത്രിയുടെ പേർ നിങ്ങളുടെ വായ്കൊണ്ടു പറയരുത്. അതുതന്നെ അവളുടെ തറവാട്ടിന്ന് അപമാനകരമാണ്".

"നോക്ക, ഇതത്ര പാററിയില്ല, ഞാൻ പറയാം, ഉനരമ്പാക്കിന്നും ഒരതിരുണ്ട്" എന്ന രാജീവൻ, തല്ക്കാലം പരിഭ്രമിച്ചെങ്കിലും, പിന്നീട പൂർവ്വസ്ഥിതിയെ പ്രാപിച്ചു പറഞ്ഞു: "എനിക്കിഷ്ടമുള്ളത ഞാൻ പറയും. അതുകൊണ്ടു നിങ്ങൾക്കെന്താ? ആരാന്റെ സാധനം തട്ടാൻ നോക്കിയിട്ടു തട്ടുകൊണ്ടിട്ട് എന്റെ അടുത്താണൊ ഊററം കാട്ടികാൻ വരുന്നത്?"

സമരേന്ദ്രൻ, പെട്ടെന്ന ജ്വലിച്ചതായ ഒരു തീജ്വാലപോലെ, ചാടിയെഴുനേററ് രാജീവനെ ബെഞ്ചിന്മേൽനിന്ന തട്ടിത്താഴെ ഇട്ട്, അതിന്റെ ഇരുമ്പുകാലുകളിൽ ഒന്നിന്മേൽ ആയാളുടെ തലപിടിച്ച് അഞ്ചാറു മുട്ടിയിട്ട് ചുഴലിക്കാററിന്റെ സമം അവിടം വിട്ടുപോയി. രാജീവൻ സ്വബുദ്ധിയിലെത്തി അവിടെനിന്നെഴുനേററപ്പോഴം, മററാരും കാണായ്കയാൽ, സമരേന്ദ്രന്റെ കയ്യിൽനിന്ന വീണു കിടന്നിരുന്ന പുസ്തകത്തിന്മേൽ അഞ്ചാറ് ഇടി ഇടിച്ചിട്ട്, അതെടുത്ത് അടുത്തുള്ള വെള്ളത്തിലേക്ക ഒരേറ്റ് കൊടുത്തു. പിന്നെ സമരേന്ദ്രനേയും ആയാളുടെ പതിന്നാലു തലമുറമീതെവരെയുള്ള കാരണവന്മാരേയും തനിക്ക തോന്നിയമട്ടെല്ലാം ഇംഗ്ലീഷിലും ബംഗാളിയിലും ആയി ശകാര

ച്ചശേഷം, കുപ്പായത്തിലെ പൊടിയെല്ലാം തട്ടിക്കളഞ്ഞു പോവുകയും ചെയ്തു.

സമരേന്ദ്രന്റെ കാൎയ്യങ്ങളിലും ശ്രദ്ധാലുക്കളായിരുന്ന ആയാളുടെ ചില ശിഷ്യന്മാർ കുറച്ചു ദൂരെനിന്നു സംഭവങ്ങളെ സൂക്ഷിച്ചു നോക്കുന്നുണ്ടായിരുന്നു.

“കണ്ടുവൊ, ആ അടി എത്ര ഒന്നാന്തരമായി? ഒരൊററ അടിക്കു താഴെ വീഴ്ത്തിക്കളഞ്ഞു! എന്റെ ഈശ്വരാ! നല്ല കയ്യാങ്കളി ശീലിച്ച കൈ.” എന്നു അതിലൊരാൾ വലിയ കേമമായി സ്തുതിച്ചുകൊണ്ടു പറഞ്ഞു.

“എന്ത്! രണ്ടു കൊല്ലമായിട്ടു നല്ല ആശാന്റെ അടുക്കൽ നിത്യം പയററുന്നുണ്ട്;” എന്നു മറെറാരു കൂട്ടി പറഞ്ഞു.

“അതങ്ങനെയായിരിക്കാം, എന്നാൽ ഇതൊക്കെ എന്തിനാണെന്നാണ് ഞാൻ ആലോചിക്കുന്നത്.” എന്നു കാൎയ്യത്തിന്റെ വാസ്തവമറിയുവാൻ ആഗ്രഹിക്കുന്ന വേറെ ഒരാൾ പറഞ്ഞു. “ഒന്നാമതു, ക്ലാസ്സിൽ വന്നിട്ട് ഒരു അജ്ഞനെപ്പോലെ ‘സലജ്ജോഹം’ നടിച്ചുകൊണ്ട് ഇരിക്കുന്നുണ്ട്. പിന്നെ തോട്ടത്തിൽ വന്നു ഒരു ചണ്ഡപൌരുഷം നടത്തുന്നു. ഇതിന്റെ പിന്നിൽ ഏതാണ്ടുണ്ട്. വരട്ടെ, നമുക്കു ചില അന്വേഷണങ്ങൾ നടത്തണം.” എന്നു പറഞ്ഞ് അവർ പോയി.

രാജീവന് അങ്ങൊരു തട്ടു കൊടുത്തപ്പോൾ, സമരേന്ദ്രന്റെ മനസ്സിലുണ്ടായിരുന്ന ഭാരം കുറച്ചു കുറഞ്ഞതായി ആയാൾക്കു തോന്നി. അതിനാൽ കുറച്ചു ബലപ്പെട്ടു നടന്ന്, വീട്ടിനടുത്തെത്തിയപ്പോൾ, ലതി വണ്ടിയിൽനിന്ന് ആ പടികൾ ഇറങ്ങുന്നതു കണ്ടു; എന്നാൽ അവിടെ നി

ന്നു വീണ്ടും മാടിപ്പോകുന്നതിന്, പിന്നെ ആയാൾക്ക് അനുഗ്രഹമെ ഉണ്ടായില്ല. സാവധാനത്തിൽ തന്റെ മുറിയിലേക്കു പോയി, മേശയുടെ അരികെ ഒരു കസാല വലിച്ചിട്ട് അതിന്മേൽ ഇരുന്നു.

ഊർമ്മിളയുടെ സാമാനങ്ങളെല്ലാം അയച്ചുകഴിഞ്ഞു-മതിയെ കണ്ടപ്പോൾ, "കുറച്ചിരിക്ക. ഞാൻ ചെറിയമ്മയെ കണ്ടു പറഞ്ഞിട്ടു വരാം" എന്ന് ഊർമ്മിള പറഞ്ഞു.

രാമസുന്ദരി താഴെ ആയിരുന്നു. അവരുടെ സമീപത്തേക്കു പോകുംവഴിക്ക്, ഊർമ്മിള സമരേന്ദ്രന്റെ മുറിവാതിൽ തുറന്നു കിടക്കുന്നതു കണ്ടു; ആയാൾ അതിനകത്തുണ്ടെന്നറിയുന്നതിനും അധിക താമസമുണ്ടായില്ല.
വൾ കോണിപ്പടിയുടെ മുകളിൽ അല്പ
ഷം, ഇറങ്ങി പ്പോകയും ചെയ്തു.

രാമസുന്ദരി അപ്പോൾ ജോലി
കയായിരുന്നു; എന്നാൽ ഊർമ്മിള
പ്പോൾ അവർ ഊർമ്മിളയുടെ തല
ന്റെ രാമനേ! ഇതാ എന്റെ അ
യായാലും സുഖമായിരിക്കട്ടെ!"

അവൾക്ക് അത്ര വ്യസന
ത്തിൽ, അവർ സുഖമായിരിക്കവ
ർമ്മിളയുടെ നേത്രങ്ങളിൽ കണ്ണീ

സമരേന്ദ്രൻ ആ വീട്ടിൽ ഉ
ണ് ആയാളോട് ഒന്നും പറയാതെ
എന്നാൽ എന്തെങ്കിലും പറയുവാൻ
രാവിലെയാണ് യാത്ര പറഞ്ഞതിനു
ടെ ആയാൾ ഉത്തരം പറഞ്ഞത്.

"ഊർമ്മിളച്ചേച്ചീ, ഇനിയും എത്ര സമയമുണ്ടാവും?" എന്നു രതി ഇരുന്നു മുഷിഞ്ഞിട്ട് ഊർമ്മിളയുടെ മുറിയിൽ നിന്നു വിളിച്ചു ചോദിച്ചു.

"ഒരു നിമിഷംകൂടി താമസിക്കൂ. ഞാനിതാ വരികയായി."

പിന്നെ, ആലോചനയ്ക്ക് ഇടകൊടുക്കാതെ, അവൾ വേഗത്തിൽ നടന്നു സമരേന്ദ്രന്റെ മുറിയിൽ പ്രവേശിച്ചു. ആയാൾ അവളെ അത്ഭുതത്തോടെ നോക്കിയപ്പോൾ, ഊർമ്മിള ആയാളുടെ കാല്ക്കൽ മുട്ടുകുത്തി നമസ്കരിച്ചു. അനുസരണയില്ലാത്ത അവളുടെ കണ്ണുകളിൽനിന്ന്
ശ്രുജലം സമരേന്ദ്രന്റെ പാദങ്ങളിൽ പതിച്ചു.
ൻ വല്ലാതെ പരിഭ്രമിച്ചുകൊണ്ട്, ചാടി
നാൽ എന്തെങ്കിലും പറയുവാൻ ആലോ
ി ഊർമ്മിള ആ മുറി വിട്ട് ഓടിക്കള
ത്തിൽ ലതികയോടൊന്നിച്ചു വണ്ടി
ഷത്തിനുള്ളിൽ വണ്ടി സമരേന്ദ്ര
ന്നു മറയുകയും ചെയ്തു.
ടെ അടുക്കലേക്കു മടങ്ങി വന്ന്,
നാരോന്നായി വളരെ പുസ്തകങ്ങ
റുമിച്ചു ശേഷം, കട്ടിലുണ്ടായിരു
ആ മുറിയുടെ ഒരു മൂലയിലേക്കു
കീഴ്പ്പോട്ടു നോക്കിക്കൊണ്ട്, ആ
ച്ച്, അതേ നിലയിൽ ഇരുന്നു.
ന്നിട്ട് ഊർമ്മിളയോടു പറഞ്ഞു:
ിന്തുവോ, എന്റെ മുറിക്കു തൊട്ടു
ി."

"അതയോ?" എന്നു ഊൎമ്മിള എങ്ങനെയോ ചോദിച്ചു. അവളുടെ ദേഹം ആസകലം അപ്പോഴും കുടുകുടെ വിറച്ചിരുന്നു.

ലതി അനദ്ധ്യായമില്ലാതെ സംസാരിക്കുവാൻ തുടങ്ങി. അതിനിടയിൽ ഒരിക്കൽ പെട്ടെന്ന്, "ഊൎമ്മിളച്ചേച്ചി, നിങ്ങൾ പോരുന്നതിനു മുമ്പായി സമരബാബുവിനെ നമസ്കരിച്ചു എന്നെനിക്കു തോന്നിയല്ലോ. അതു ശരിയാണോ? അദ്ദേഹത്തിനു നിങ്ങളെക്കാൾ അത്ര അധികം പ്രായമായിട്ടില്ലല്ലോ? പിന്നെ എന്തിനാണ് നമസ്കരിച്ചത്?"

"അദ്ദേഹത്തിനു വളരെ പ്രായം കൂടും" എന്നു ഊൎമ്മിള മറുപടി പറഞ്ഞു.

"ഇതു കുറച്ചു പ്രായം കൂടുതലുള്ളതുകൊണ്ടു വലിയ വ്യത്യാസമൊന്നുമില്ല. ഒരുദിവസം കന്യകയുടെ ജ്യേഷ്ഠനെ ഞാൻ നമസ്കരിച്ചതുകൊണ്ട് അവരും ചിരിച്ചുതുള്ളുവാൻ തുടങ്ങി. എന്നിട്ട്, "വിഡ്ഢിക്കുട്ടി, അവിടെനിന്നു പോവും. ഒരു കുട്ടി മറ്റൊരു കുട്ടിയെ നമസ്കരിക്കാറുണ്ടോ? എന്നുപറഞ്ഞു കളിയാക്കി വണ്ടി വീട്ടിലെത്തി.



അദ്ധ്യായം ൫൩.

പുതിയ ഗൃഹത്തിൽ കാൽ വെച്ചമാത്രയിൽ, [illegible]
ഉല്ലസിതാവുന്നൊരു പുതിയ ലോകത്തിൽ പ്ര[illegible]. ഊൎമ്മി
ളക്കു തോന്നി. ഗിരിബാല ഹൃദയപൂൎവ്വമായ [illegible] ചിരയോടെ
കൂടി അവളെ സ്വീകരിച്ചു. ലളിത [illegible] സ്വാഗതത്തോടു
[illegible] ഊൎമ്മിളയെ സ

ന്തോഷിപ്പിക്കുവാനുള്ള വാക്കുകളേയും പ്രവൃത്തികളേയും ആലോചിക്കുവാനല്ലാതെ സമയമുണ്ടായില്ല. ലതി തേങ്കട്ടയുടെ മാതിരി, എല്ലാനേരവും അവളിൽ പററിക്കൂടി. ഈ പുതിയ ആഗന്തുകയുടെ വരവിൽ ലേശവും ഇളക്കംകൂടാതെ നരൻ മാത്രമേയുണ്ടായിരുന്നുള്ളു; ആ കുട്ടി തന്റെ തകരംകൊണ്ടുള്ള മുഖക്കുപ്പിയിന്റെ ജോലിത്തിരക്കിൽ പെട്ടിരിക്കയായിരുന്നു.

സ്വാഗതപ്രസംഗത്തിന്റെ ധോരണി അവസാനിപ്പിച്ചിട്ട് ഗിരിബാല പറഞ്ഞു, "സാമാനങ്ങളെല്ലാം നിന്റെ മുറിയിൽ വെപ്പിച്ചിട്ടുണ്ട്. അതെല്ലാം ഇഷ്ടംപോലെ ഒതുക്കിവെച്ചുകൊൾക. ഈ വീടു സ്വന്തമാണെന്നു കരുതുന്നതിന്നും, എന്തെങ്കിലും അസൌകര്യമുണ്ടെങ്കിൽ പറയുന്നതിന്നും മടിക്കരുത്. എന്തസൌകര്യമുണ്ടെങ്കിലും ഞാൻ ഉടനെ അതൊക്കെ നീക്കിക്കൊള്ളാം".

"ഞാൻ കേവലനായ ഒരാളാണെങ്കിലും എന്നെക്കൊണ്ടു വല്ലതും ഉപയോഗമുണ്ടായേക്കാം" എന്നു ലളിതൻ, തന്റെ അമ്മ ഒരു ഭാഗത്തേക്ക് അല്പം നീങ്ങി നിന്നപ്പോൾ മുമ്പോട്ടടുത്തുകൊണ്ടു പറഞ്ഞു.

"ഇല്ല, എന്റെ ഊർമ്മിളച്ചേച്ചീ, ജ്യേഷ്ഠൻ പറയുന്നതു കേൾക്കുന്നില്ലേ? ജ്യേഷ്ഠന്റെ വാഗ്ദത്തങ്ങളെല്ലാം വെറും വാക്കുകളാണ്, വാസ്തവത്തിൽ ഒന്നും പ്രവൃത്തിക്കുകയില്ല. 'സിൽവി'ക്കും 'സ്റ്റോ'വിന്നും കുറെ നാട വാങ്ങിക്കൊണ്ടു വരണമെന്നു ഞാൻ, എത്ര പ്രാവശ്യമാണെന്നൊരു കണക്കില്ല, അനേകായിരം തവണ പറഞ്ഞു. ഇതുവരെയായി ഒരിക്കലെങ്കിലും കൊണ്ടുവന്നു തന്നിട്ടില്ല.

ണ്ടുന്നാലോ, കൊണ്ടുവരാമെന്നു ദിവസവും പറയുകയും ചെയ്യും".

സ്വന്തം സഹോദരിമാരോടും അന്യസോദരിമാരോടും സഹോദരന്മാരുടെ പെരുമാററത്തിന്നു വളരെ വ്യത്യാസമുണ്ടെന്നു ലതി ഇതുവരെയും മനസ്സിലാക്കിയിട്ടില്ല. ഈ സംഗതിയിൽ കന്യക അവൾക്കു ഉപദേശമൊന്നും കൊടുത്തിരുന്നതുമില്ല.

അനുജത്തിയുടെ അഭിപ്രായം കേട്ടിട്ടു ചിരിച്ചുകൊണ്ടു ലളിതൻ പറഞ്ഞു: "ആട്ടെ, നോക്കിക്കൊള്ളൂ; ഞാൻ അതു നാളെ ശരിയ്ക്കു കൊണ്ടുവന്നു തന്നേക്കാം. ഇതാ ഊർമ്മിള സാക്ഷിയുണ്ടു്".

ഊർമ്മിള അതിഥിയായി നിശ്ചയിക്കപ്പെട്ട മുറിയിൽ പോയി സാമാനങ്ങൾ ഒതുക്കിവെക്കുവാൻ വേണ്ട ഏർപ്പാടു ചെയ്യുമ്പോൾ, ലതി അവളെ നീക്കിനിർത്തി ഊർമ്മിളയ്ക്കുവേണ്ടി ആ വേലയെല്ലാം താൻതന്നെ ചെയ്യുവാനാരംഭിച്ചു. ലതി ജോലി ചെയ്യുന്ന സമയം മുഴുവനും തന്റെ കുട്ടിക്കാലത്തെ ചരിത്രം ആദ്യംമുതല്ക്കവസാനംവരെ ഉരുവിട്ടുകൊണ്ടിരുന്നു. ആ കഥയിൽ വിശേഷവിധിയായി ഒന്നും ഉണ്ടായിരുന്നില്ലെങ്കിലും, ലതിയുടെ മുഖഭാവം കണ്ടാൽ, ഊർമ്മിളയെ അത്ഭുതപ്പെടുത്തുവാൻ വളരെ താല്പര്യമുള്ളതു പോലെ തോന്നിയിരുന്നു. ഊർമ്മിള അതിശയപ്പെടുന്നതായി കാണായ്കയാൽ, അല്പം ഇച്ഛാഭംഗത്തിൽപെട്ടു എന്നിരുന്നാലും, ലതി തന്റെ ഉദ്യമത്തിൽനിന്നു പിൻവാങ്ങിയില്ല.

അവളുടെ പല തരത്തിലുള്ള ഉടുപ്പുകളേയും അവയുടെ പേരുകളേയും ഒന്നൊഴിയാതെ വിവരിക്കുവാൻ തുടങ്ങി.

സഖികളുടെ സംഭാഷണം, സ്വഭാവം എന്നിവയെ കുറിച്ചും അവളുടെ പ്രത്യേക സ്നേഹത്തിനു പാത്രങ്ങളായ തരുണികളെ കുറിച്ചും പറഞ്ഞു കഴിയുന്നതുവരെ, ഉൎമ്മിള്ള അവയെ കേട്ടുകൊണ്ട് ഇരിക്കേണ്ടതായി വന്നു. ലതി അവളുടെ മുറിയിലേക്ക് ഓടിപ്പോയി, പല ഫോട്ടോകളും കയ്യെഴുത്തു ചിത്രപുസ്തകങ്ങളും എടുത്തുകൊണ്ടു വന്ന് ഉൎമ്മിളയോടു നോക്കുന്നതിനു നിൎബ്ബന്ധിച്ചു.

ഒടുവിൽ, ജോലി മുഴുവനും അവസാനിച്ചപ്പോൾ മറെറാന്നും പറയുവാനില്ലാതായതിനാൽ, ലതിക്ക്, താനേ പോകേണ്ടതായി വന്നു. പോകുംവഴിക്ക ലതി പറഞ്ഞു—"ഉൎമ്മിളച്ചേച്ചി, ഇന്നു ഞാൻ ഒരുമിച്ച് ഉറങ്ങാൻ വരാം. എന്താ, വിരോധമുണ്ടോ?"

ലതി പോയ ഉടനെ, ഉൎമ്മിള വേഗത്തിൽ വാതലടച്ചു. അവൾക്കു കുറച്ചു തനിയെ ഇരിക്കുവാനുള്ള ആഗ്രഹം അത്ര കലശലായിട്ടുണ്ടായിരുന്നു. വാതിലടച്ചശേഷം അവൾ ചെന്നു കട്ടിലിന്മേൽ കിടന്നു.

അവൾ വണ്ടിയിലിരുന്നപ്പോഴും സമരേന്ദ്രന്റെ ഗൃഹത്തോട് എന്നെന്നേക്കും യാത്ര പറഞ്ഞിട്ടില്ലെന്നും അതിനുള്ള വഴിയല്ല്യ ആയിട്ടുള്ളു എന്നും അവൾക്കു തോന്നിയിരുന്നു. ആ മാറ്റം അവളെ വാസ്തവത്തിൽ വളരെ ദൂരെ കൊണ്ടുപോയി എന്നിരുന്നാലും, ആ വഴിയെത്തന്നെ തിരിച്ചു പോകുന്നതും അസാദ്ധ്യമല്ലായിരുന്നു! എത്ര ആളുകളെ ആണ് ഇതിലെതന്നെ പോകുന്നതായി അവൾ കണ്ടത്? എന്നാൽ അവരിലാരെങ്കിലും മുഖഭാവംകൊണ്ട് ആ ഗൃഹത്തിനു വിശേഷിച്ചുള്ള വിവരങ്ങളെ പറയുവാൻ അവൾക്കു പാടില്ലായിരുന്നു. അവൾ അപ്പോൾ ചെറുപ്പ

ങ്ങിരുന്ന വഴിയുടെ എതിരായി പോയിരുന്നാലും ആ പ്രസന്നമുഖത്തോടുകൂടിതന്നെ യാത്ര ചെയ്യുമായിരുന്നു. ലോകത്തിലൊക്കെപ്പാടെ ആ വഴിയെ മാത്രം പ്രകാശനം ചെയ്യുന്നതായ ഊർമ്മിളയുടെ മനസ്സിലേക്കെത്ത്, താൻതന്നെ ആതിരെ എന്നൊന്നും തെററിക്കുന്നതായി തോന്നി.

“നോക്കൂ, ഊർമ്മിളക്കുട്ടീ” എന്നു ലതി പറഞ്ഞു. “അമ്മയും ലളിതനും അതാ ആ ജനാലയ്ക്കൽ നില്ക്കുന്നതു കണ്ടോ”? ഊർമ്മിള പുറത്തേക്കു നോക്കി. പെട്ടന്നു, വങ്ങി വാതലിന്നു മുമ്പെ വന്നുനില്ക്കുന്നതായി കണ്ടു. വഴിയെ പരിഭ്രമവും വ്യാകുലവും പിന്തുടർന്നു.

ഊർമ്മിളയുടെ ആലോചനകൾക്കു ലതി ഭംഗം വരുത്തി. “ഊർമ്മിളക്കുട്ടീ” എന്നു ലതി വാതുക്കൽ മുട്ടിക്കൊണ്ടു വിളിച്ചു. “അമ്മ ഉണ്ണുവാൻ കൂട്ടിക്കൊണ്ടു ചെല്ലുന്നതിന്നു് എന്നെ പറഞ്ഞയച്ചിരിക്കുന്നു.”

ഊർമ്മിള ക്ഷണത്തിന്നു് തന്നെ ഉടനെ, ലളിതൻ തന്റെ പലക ഊർമ്മിളയുടെ അടുക്കലേക്കു നീക്കിയിട്ടു് അതിന്മേലിരുന്നു. ശിഷ്യൻ, ചോറും കറികളും എടുത്തുകൊണ്ടു വന്നു്, പതിവുപോലെ, ലളിതന്നു് ഒന്നാമതായി വിളമ്പിയശേഷം, അവനെ ഇംഗ്ലീഷും ഹിന്ദിയുംകൂടിയ ഒരു മിശ്രഭാഷയിൽ കഠിനമായി അധിക്ഷേപിച്ചു; എന്നു മാത്രമല്ല, തന്റെ പിഞ്ഞാണത്തിൽ വിളമ്പിയ സാമാനങ്ങളെ തന്റെ കൈകൊണ്ടുതന്നെ ഊർമ്മിളയുടെ പിഞ്ഞാണത്തിലേക്കു ചരിഞ്ഞു കൊടുക്കുകയും ചെയ്തു. മൂന്നു ദിവസംകൊണ്ടു് അവൾ കഴിപ്പാൻ കഴിയാത്ത വിധത്തിൽ അതു് അത്രയ്ക്കുണ്ടായിരുന്നതാണ്. ഗിരിബാല ഈ തരത്തിലൊന്നും വളരെ ശീലിച്ചിട്ടില്ല; എങ്കിലും, ലളി

തന്റെ ഉപദ്രവത്താൽ അവൾക്കു, കൂടക്കൂടെ സഹായാധിക്യ
ം കാണിച്ചുകൊണ്ടാണെന്നതിലും, ഞാനിനി ആചരിക്കേ
ണ്ടി വന്നു. ലതിയുടെ ആഗ്രഹം എപ്പോഴും തന്റെ ഗൃഹ
വും കന്യകയുടേതിനെപ്പോലെ ആംഗ്ലേയ പരിഷ്കാരരീതി
യിൽ വൃത്തിയാക്കി വെച്ചിരിക്കണമെന്നും, എല്ലാവരും
ഏററവും കണിശത്തോടെ പെരുമാറണമെന്നുമായിരുന്നു.
ലതി വളരെ കാലമായി ആഗ്രഹിച്ചുപോന്ന ഈ വിചാര
ത്തെ അവളുടെ ജ്യേഷ്ഠൻ നിറവേററിവരുന്നതിൽ അവൾ
വളരെ സന്തോഷിച്ചു. ഞാനാകട്ടെ ആംഗ്ലേയ പരിഷ്കാര
ത്തിന് അല്പംപോലും തെററുപററാത്ത അവളുടെ
നടപടികളെ കാണുന്നതിന് ഊർമ്മിളയെ കിട്ടിയതുകൊ
ണ്ട് അവളുടെ ഭാവം ഒരു കുട്ടിയുടെ കയ്യിലുള്ള തകരപ്പീ
പ്പിപോലെ "തെററും" ഉച്ചത്തിലുമായി തീർന്നു. അവളുടെ
വെള്ളിത്തവിയും മുള്ളുംകൊണ്ടുള്ള ഉപയോഗത്തിൽ പതി
ഞ്ഞ ശ്രദ്ധ കാരണം വിശേഷിച്ചൊന്നും ലഭിച്ചതുമില്ല.
അനേകവിചാരങ്ങളാൽ, ഒരു വലയിൽ എന്നപോലെ വീ
ണ്ടും വീണ്ടും പിണഞ്ഞു കിടന്ന ഊർമ്മിള, തന്റെ പുതിയ
ബന്ധുക്കളോടു ഏതാണ്ടു പരിചയമായതുപോലെ കാണ
പ്പെട്ടു. ധാരാളമായി സംസാരിക്കുന്നതിന്റെ മദ്ധ്യത്തിൽ,
അതിൽ മിക്കതും തന്നോടായി പറയുമ്പോൾ, എന്തെങ്കി
ലും അങ്ങോട്ടും പറയാതിരിക്കുന്നതിനു അവൾക്കു കഴി
ഞ്ഞില്ല. ആ ഭവനത്തിലുള്ള എല്ലാവരും ഒരുപോലെ, ത
ന്നെ സന്തോഷിപ്പിക്കുന്നതിനുള്ള ശ്രമങ്ങളിൽ സമയം മുഴു
വനും ചിലവഴിക്കുന്നതായി കണ്ടപ്പോൾ, ഊർമ്മിളയ്ക്കു ക
റെ ഒക്കെ സന്തോഷിക്കാതിരിപ്പാനും സാധിച്ചില്ല. പ്രേമ
ത്തിന്റെ ഭാവം അവളുടെ ഹൃദയത്തിൽ അങ്ങനെ ഒരു

ത്ര്യണം ഉണ്ടാക്കിത്തീർത്തുകൊണ്ട് അവൾ തന്നെ എപ്പോഴും കുറച്ചെങ്കിലും സ്നേഹം ലഭിക്കുമോ എന്നന്വേഷിക്കുകയാണെന്നും തോന്നി. അവരുടെ അത്യാദരവോടുകൂടിയ സല്ക്കാരങ്ങൾക്കിടയിൽ വേരൂന്നിക്കിടക്കുന്ന ഔദാസ്യമായ ആശ്ചര്യം ഊർമ്മിളയ്ക്കു മറയ്ക്കുവാൻ കഴിഞ്ഞില്ലെങ്കിലും, തന്റെ അസ്വസ്ഥമായ ഹൃദയം അതിന്റെ ദൃഷ്ടി ആ വഴിക്കു തിരിയുമ്പോൾ മനഃപൂർവ്വം അടച്ചുപിടിച്ചു. ഭക്ഷണശേഷം ഗിരിബാല ഊർമ്മിളയുടെ മുറിയിൽ പോയി അവളുടെ വിരിപ്പും മറ്റു സാമാനങ്ങളും ശരിപ്പെടുത്തിയിട്ടുണ്ടോ എന്നു നോക്കി, തനിയെ കിടന്നുറങ്ങുവാൻ ഭയമുണ്ടോ ഇല്ലയോ എന്നു പിന്നെയും പിന്നെയും ചോദിച്ചുകൊണ്ട് അവിടം വിട്ടു. ലതിക്ക് ഊർമ്മിളയോടുകൂടി കിടന്നുറങ്ങുന്നതിനു വളരെ താല്പര്യമുണ്ടായിരുന്നു എങ്കിലും, ഊർമ്മിളയ്ക്കു ഉറക്കത്തിന്നു തടസ്ഥമാകുമെന്നു പറഞ്ഞ് അവളെ ഗിരിബാല തന്റെ ഒരുമിച്ചു കൂട്ടികൊണ്ടുപോയി.

ഊർമ്മിളയ്ക്കു ദിവസങ്ങൾ പൊയ്ക്കൊണ്ടിരുന്നു. ഗിരിബാല, ഊർമ്മിളയ്ക്കുവേണ്ടി സ്നേഹംകൊണ്ടു കെട്ടുന്ന ആ പൂട്ടുകൂട്ടിന്റെ നിർമ്മാണത്തിൽ അവരുടെ പുത്രനും പുത്രിയും മറ്റു ബന്ധുക്കളും സ്നേഹിതന്മാരും അവരെ തങ്ങളാലാവുംവണ്ണം സഹായിച്ചിരുന്നു. ക്ഷേത്രനാഥൻ ജീവിച്ചിരുന്ന കാലത്ത്, അദ്ദേഹം ഊർമ്മിളയോട് സ്നേഹമൊന്നും ഭാവിച്ചിട്ടില്ല; അദ്ദേഹത്തിന്നൊഴികെ മറ്റാർക്കും അവളോടടുക്കുവാനുള്ള സന്ദർഭം ഉണ്ടായിട്ടുമില്ല; എന്നാൽ അദ്ദേഹം മരിച്ചപ്പോൾ, ഈ ലോകത്തിൽ അവൾക്കു സ്നേഹരൂപത്തിൽ ക്രമാതീതമായ ഐശ്വര്യദാനം ചെയ്തുപോയിരുന്നു. ഈ അനാഥയായ ബാലികയുടെ നേരെ അദ്ദേ

ഹത്തിന്നു തോന്നിയിട്ടുള്ള അതിരററ ദയയുടെ നന്ദി ത്തി അറിഞ്ഞപ്പോൾ, അദ്ദേഹത്തിന്റെ അനേകം സ്നേഹിതന്മാർ അവരുടെ സ്തുതിശബ്ദംകൊണ്ടു സ്വൎഗ്ഗത്തെപോലും ഉണൎത്തി. എന്നാൽ ഉൎമ്മിളയുടെ മനസ്സിൽ തന്റെ ദയാലുവായ രക്ഷിതാവിന്റെ നേൎക്ക് കലഹത്തിന്നുള്ള ആഗ്രഹം ജനിക്കുകയും അതു വളൎന്നു ക്രമേണ വൎദ്ധനയെ പ്രാപിക്കുകയും ചെയ്തു. മറെറല്ലാവരേയും പിന്നിലാക്കി, ആവശ്യമുണ്ടെങ്കിൽ കാൽച്ചുവട്ടിലാക്കി, തന്റെ ജീവിതകാലം മുഴുവനും സ്വാതന്ത്ര്യത്തോടുകൂടി നടന്നിരുന്ന അദ്ദേഹം ഇന്ന് ഉൎമ്മിളയുടെ ഐശ്വൎയ്യഭാരത്താൽ അമൎത്തിക്കളഞ്ഞിട്ടാണ് തന്റെ നല്ല പേർ ലോകത്തിൽ നിലനിൎത്തിയത്; എന്നാൽ അതിന്നുവേണ്ടി അദ്ദേഹത്തിന്റെ പാലകത്വത്തിന്നായി അവളുടെ കൃതജ്ഞതയെ സമൎപ്പിക്കുവാൻ അവൾക്കു കഴിയുന്നതല്ല. എന്നാലും അത്ര വലിയ വിലകൊടുത്തു വാങ്ങിയ ആ സ്നേഹത്തെ അനുഭവിക്കാതിരിപ്പാൻ അവൾക്കു സാധിക്കുകയുമില്ല.

ഓരോ സമയത്തും, എന്തെങ്കിലും സന്തോഷപ്രദമായ ആലോചനത്തിന്നുശേഷം, അതിനെ ആലോചിച്ചു രസിക്കുവാൻവേണ്ടി അവളുടെ ഏകാന്തമായ മുറിയിലേക്കു മടങ്ങുകയും, ആ അവസരങ്ങളിലെല്ലാം അവൾ തന്റെ മനസ്സിനെ പരിശോധിച്ചറിയുവാൻ ശ്രമിക്കുകയും പതിവായിരുന്നു. അടച്ചിട്ടിരിക്കുന്ന അവളുടെ ഹൃദയത്തിൽ രാവും പകലും അടിച്ചുകയറുവാൻ തുനിയുന്ന സന്തോഷക്കൊടുങ്കാററിന്റെ ശ്രമങ്ങൾക്കു അതിലേക്കുള്ള പ്രവേശനത്തിൽ അല്പമെങ്കിലും ജയഫലം സിദ്ധിച്ചുവോ? അവൾ തന്റെ വികാരത്തിന്റെ ആഴം അളന്നപ്പോൾ

ആനന്ദത്തിന്റെ ഒരു ലേശമാത്രംപോലും അവിടെ കണ്ടില്ല.
തന്നെ നശിപ്പിക്കുവാനെന്നപോലെ ഉദ്ദീപിച്ചുകൊണ്ടിരു
ന്ന അസഹ്യമായ വേദനയ്ക്ക് എന്തു സംഭവിച്ചു? ആ കണ്ണുനീ
രാകുന്ന ഉറവിന്റെ ഉത്ഭവത്തിൽ ഒരു കല്ലു കൊണ്ടുപോ
യി ഇട്ടടച്ചതാരാണ്? വ്രണം തീരെ ഉണങ്ങിയിട്ടില്ല എന്ന്
അവൾ അറിഞ്ഞിരുന്നു; എന്നാൽ ആ കഠിനമായ വേദ
നയുടെ അനുഭവം എവിടെ പോയി?

അവൾ സുരേന്ദ്രന്റെയോ രാമസുന്ദരിയുടെയോ വ
ർത്തമാനമൊന്നും പിന്നെ കേട്ടിരുന്നില്ല. താൻ ആ ലോ
കത്തിൽനിന്നു തീരെ വിട്ടുപോന്നതായി ഊർമ്മിളയ്ക്കു തോ
ന്നി. ഈ വീട്ടിൽ ആരും രാമസുന്ദരിയുടെയോ സുരേന്ദ്ര
ന്റെയോ നാമംപോലും ഉച്ചരിച്ചിരുന്നില്ല; മറുവീട്ടുകാരും
ആ ഗ്രാമവാസികളുടെ വിരോധാഭിപ്രായത്തെ മാനിച്ചും
പോന്നു. ഊർമ്മിളയ്ക്കു ഇടപെട്ടവരായിരുന്ന ഗിരിബാല
യുടെ സ്നേഹിതരിൽ മിക്കവരും സുരേന്ദ്രനെ അറിയാത്ത
വരായിരുന്നതിനാൽ, അവരുടെ ഗൃഹങ്ങളിൽ ആയാളെ ക
ണ്ടെത്തുന്നതു് അവൾക്ക് അസാദ്ധ്യമായിരുന്നു. അതിനു യാ
തൊരു കഴിവുമില്ലെന്നു ഊർമ്മിള അറിഞ്ഞു; എന്നാലും അ
സാദ്ധ്യത്തെ സുസാദ്ധ്യമായി തിരിഞ്ഞു കാണുന്നതിന്ന് അ
വൾ കൊതിച്ചിരുന്നു. ഊർമ്മിള, തന്റെ ശൈശവജീവിത
ത്തിൽനിന്നു—ആ ഏകാന്തവും സ്നേഹിതാഭാവത്തോടുകൂടി
യതുമായ ജീവിതത്തിൽനിന്നു,—വേർപെട്ടു ഈ ജനബാഹു
ല്യത്തോടുകൂടിയ കുടുംബത്തിൽ എത്തി. അവൾ വന്നെ
ത്തിയ ദിവസത്തിൽ വളരെ കണ്ണുനീർ പൊഴിച്ചു; അവരു
ടെ ആഹ്ലാദജനകമാകുന്ന പ്രകാരം എന്തോ ഒരു പുതുമയു
ടെ ശുഷ്കാവസ്ഥയെ മാറ്റി, തെളിവുള്ളതും പ്രകാശമേറി

ഷ്ടമായി തീൎന്നു. അവൾ, ഒരു ചെടിയിന്മേൽനിന്നു വീ
ണ ഒരു പുഷ്പമെന്നപോലെ കാണപ്പെട്ടു; ദേഹത്തിൽ വല്ല
വ്രണമൊ ഉള്ളിൽ സ്നേഹത്തിന്റെ സ്മൃതിയൊ ഒന്നും ഉ
ണ്ടായിരുന്നില്ല. എന്നാലിതെന്താണു് ?

വേർപാടിനാൽ ഉൎമ്മിളയ്ക്കുണ്ടായ ദുഃഖത്തിന്റെ
ലാഘവത്തെപ്പോലും അവരുടെ ബാഹ്യചേഷ്ടകളെക്കൊണ്ടു്
ഗിരിബാലയ്ക്കാ ലളിതന്നൊ കണ്ടുപിടിക്കുവാൻ അവസരം
അനുവദിച്ചില്ല; അവൾ തന്നെ സമാധാനിക്കുകയും വീണ്ടും
വ്യസനിക്കുകയും ചെയ്തു. ഗിരിബാലയുടെ സംഭാഷണങ്ങ
ളിലും പെരുമാററത്തിലും ഭാവിയിൽ ഉൎമ്മിളയ്ക്കുള്ള ഗൃഹം
ഇതുതന്നെയാണെന്നും അവളുടെ സംബന്ധികൾ, വാക്കു്
മൂലം മാത്രമല്ല, പരമാൎത്ഥത്തിലും അവരാണെന്നും ഉദിച്ചു
കണ്ടു തുടങ്ങി; എന്നല്ല, ആത്മക്രമേണ വൎദ്ധിതപ്രായമാക
യും ചെയ്തു. അവരുടെ ജ്യേഷ്ഠപുത്രൻ—ഭൎത്താവിന്റെ പു
ത്രൻ—വന്നു വല്ല തകരാറും ഉണ്ടാക്കുന്നതിനു മുമ്പായി,
മററൊരു വിധത്തിൽ ഒരു ശങ്കപോലും എടുക്കാതെ
ഒരു ഉൎമ്മിളയെ തന്റെ പുത്രനിൽ ആകൎഷിക്കണമെന്നു
ഗിരിബാല ഉള്ളിലുറച്ചു. എന്നാലും മുൻകരുതലുകളിൽ
ഒന്നിനും കുറവുവരുത്തരുതെന്നു കരുതി, ഉൎമ്മിളയെ സംരക്ഷ
ണത്തോടുകൂടിയ എല്ലാ ബന്ധത്തിൽനിന്നും തടഞ്ഞുനിൎത്തി; എ
ന്നുമാത്രമല്ല, കാരണമുണ്ടായിട്ടോ ഇല്ലാതെയോ തന്റെ
ഭൎത്താവിന്റെ മകൻ സ്വയംബോധന പഴയ പരിഷ്കാരത്തിലുള്ള ഒരു
പെൺകുട്ടിയെ വിവാഹം ചെയ്യാനുള്ള ആഗ്രഹം ഉൎമ്മി
ളയെ അറിയിക്കുകയും ചെയ്തു.

ലളിതനും, ഉൎമ്മിളയോടു തനിക്കുള്ള അടുപ്പത്തെ
വൎദ്ധിപ്പിക്കുന്നതിനും സന്തോഷപ്രദമാക്കി തീൎക്കുന്നതിനും

ള്ള ഉദ്യാനത്തിൽ ബദ്ധശ്രദ്ധനായിത്തീൎന്നു. ചിലപ്പോൾ ആയാൾ കോടതി വിട്ടു വന്നാൽ, ഊൎമ്മിളയുടെ അടുക്കൽ ചെന്നു സംസാരിച്ചുകൊണ്ടിരിക്കും. മററവസരം അവരുടെ അടുത്തു ചെന്നു ആ പ്രേമസല്ലാപത്തെ തടസ്ഥപ്പെടുത്താതിരിപ്പാൻ, ഗിരിബാല ആ വഴിക്കും ശ്രമിച്ചിരുന്നു. ഒരു മട്ടു് ലതിയും ആ സ്ഥിതി മനസ്സിലാക്കി; അതിനാൽ തന്റെ ജ്യേഷ്ഠൻ ഊൎമ്മിളയുടെ സമീപത്തേക്കു ചെല്ലുന്നതു കാണുമ്പോൾ, അവളുടെ പിന്നിട്ടിരിക്കുന്ന തലമുടിയും ആട്ടിക്കൊണ്ടു അവിടെനിന്നു ഓടിപ്പോകും. അവളുടെ ഹൃദയത്തിൽ, കനികയെ തന്റെ ജ്യേഷ്ഠത്തിയമ്മയായി കാണുന്നതിനു ഒരു കാലത്തു് അവൾ ആഗ്രഹിച്ചിരുന്നു എന്നതു വാസ്തവം തന്നെ; എന്നാൽ ആ സ്ഥാനത്തു ഊൎമ്മിളയായാലും അവൾക്കു വിരോധമൊന്നുമുണ്ടായിരുന്നില്ല. തന്റെ ഗൃഹത്തിൽ യാതൊരാളുടെ സാന്നിദ്ധ്യംകൊണ്ടു അവൾക്കു സദാ ഒരു ദേവതയുടെ നിലയിൽ കൈക്കൂപ്പി നില്ക്കേണ്ടതായി വരുന്നുവോ, അവരോടു കൂടിയുള്ള സഹവാസം അത്ര സൌകൎയ്യപ്രദമല്ലെന്നു അവൾക്കു മനസ്സിലായി. ഊൎമ്മിള കനികയെക്കാൾ ചീത്തയോ? നേരെ മറിച്ചു്, തന്റെ ബുദ്ധിയുടേയും പഠിപ്പിന്റേയും വൈഭവം അപ്പോഴപ്പോഴായി ഊൎമ്മിളയ്ക്കു് അനുഭവപ്പെടുത്തിക്കൊണ്ടു സ്വയമേവ കൃതാൎത്ഥതയെ നേടാമല്ലോ.

ലളിതന്റെ ആലാപനങ്ങൾ വളരെ വിജയകരമായി എന്നു പറഞ്ഞുകൂടാ. ആയാളെ കാണുമ്പോൾ ഊൎമ്മിള ഓടിപ്പോയിരുന്നില്ല; ആയാളുടെ അഭിപ്രായങ്ങൾക്കു അവൾ ഉത്തരം പറയാതെ ഇരുന്നിട്ടുമില്ല. എന്നാൽ അവളുടെ ഹൃദയം മറച്ചിരുന്ന ആവരണം നീക്കുന്നതി

ന്നു അവൾക്കു അന്വേഷം മനസ്സുണ്ടായിരുന്നില്ല. ലളിതൻ പൊതുവേയുള്ള വൎത്തമാനങ്ങളെ വിട്ടു സ്വകാര്യം വിഷയങ്ങളിലേക്കു പ്രവേശിക്കുമ്പോൾ, അവയുടെ മുന്നോട്ടുള്ള ഗതിക്കു വിഷമതരങ്ങളായ വിഘ്നങ്ങളെ എഴുന്നള്ളിച്ചുകൊണ്ടു അവൾ പെട്ടെന്നു ഗൌരവത്തെയും മുൻകരുതലിനെയും ആശ്രയിക്കുന്നതായി കണ്ടിരുന്നു. ആ വക തടസ്ഥങ്ങൾ എളുപ്പത്തിൽ പരിഹരിക്കാവുന്നവയല്ലായിരുന്നതാനും. ഊൎമ്മിള അപ്പോഴും മുമ്പിലത്തെ പ്രസന്നതയോടുകൂടിത്തന്നെ സംസാരിച്ചിരുന്നു എങ്കിലും, ആ മാൎഗ്ഗത്തിന്നു പ്രവേശനദ്വാരമില്ലെന്നു മനസ്സിലാക്കുവാൻ അധികം താമസം വേണ്ടിവന്നില്ല. സമരേന്ദ്രന്റെ സാന്നിദ്ധ്യത്തിൽ ഒരു വാക്കിന്റെ സ്ഥാനത്ത് അഞ്ചു വാക്കുകൾ പറയുമ്പോഴും മുഖം ചുവന്നിരുന്ന അവൾക്ക് ഇപ്പോൾ ധാരാളമായി സംസാരിക്കുവാൻ ഒരു തടവുമുണ്ടായിരുന്നില്ല. ആ ശോണവൎണ്ണത്തിന്റെ ഛായപോലും ഇപ്പോൾ അവളിൽ കണ്ടിരുന്നതുമില്ല. അവളുടെ ഹൃദയത്തെ സ്പർശിക്കുന്നതിന്നു ഒരു കഴിവും ഉണ്ടായില്ല; അവിടെയുള്ള വൎണ്ണങ്ങളെപ്പറ്റി യാതൊരു അറിവും കിട്ടുവാൻ മാൎഗ്ഗമില്ലാതെയുമായി. ഏതോ ഒരു ഗൌരവം ഊൎമ്മിളയുടെ മുഖഭാവത്തിലും പെരുമാറ്റത്തിലും സംഭാഷണങ്ങളിലും പ്രകാശിക്കുന്നതായി മാത്രം കണ്ടിരുന്നു.

അവൻ ആയിടയായി ദീപ്തിയെ കണ്ടിരുന്നില്ല. അവളുടെ ഉദ്യാനത്തിൽനിന്നു ഉപദ്രവകരമായ ഭാവിയെ ചിന്തിച്ചു, മാന്യരുടെ ഇടയിലുള്ള യുവതികളുടെ അമ്മമാരിൽ പലരും അത്യന്തം അസഹ്യപ്പെടുവാൻ തുടങ്ങി. എന്നാൽ സാധാരണസമ്പ്രദായത്തിൽ ദീപ്തിയെ

ശിക്ഷിക്കുന്നതു എളുപ്പമായിരുന്നില്ല; എന്തുകൊണ്ടെന്നാൽ, അവളിൽ സഹജമായുണ്ടായിരുന്ന ധൈൎയ്യം ഒരു കവചമെന്നപോലെ അവളെ സകല ഉപദ്രവങ്ങളിൽനിന്നും രക്ഷിച്ചിരുന്നു. അവളെ ധാരാളമായി ദ്വേഷിച്ചു പറയുന്നതു കൂടാതെ അവൎക്കു എതിരായി എന്തെങ്കിലും പ്രവൃത്തിക്കുന്നതിന്നു ഒരു വഴിയുമുണ്ടായിരുന്നില്ല. തന്റെ വീട്ടിലുള്ളവരാരും ലിപ്പിയോടു പെരുമാറുന്നതു് അവൎക്കിഷ്ടമില്ലെന്നു ഗിരിബാല ഊൎമ്മിളയെ ധരിപ്പിച്ചിരുന്നതുകൊണ്ടു ആ സംഗതിയെപ്പറ്റി നിൎബ്ബന്ധിക്കുന്നതിൽ ഊൎമ്മിളയ്ക്കു കൂസലുണ്ടായി. എന്നാൽ, ലിപ്പിയുടെ ജീവിതത്തിൽ തന്റേതിനോടു എവിടെയോ സാദൃശ്യമുണ്ടെന്നു അവൾക്കു തോന്നിയതു മുതല്ക്കു, ഊൎമ്മിളയുടെ വിചാരങ്ങൾ ആ വഴിക്കു മാത്രമേ തിരിഞ്ഞുള്ളൂ.

ഐശ്വൎയ്യത്തെയും സ്നേഹിതന്മാരെയും, എന്നുവേണ്ട, സകല ലൌകികചിന്തകളെയും കളഞ്ഞു വിട്ട് വിസ്താരമേറിയ ആ അജ്ഞാതസമുദ്രത്തെ കടക്കുന്നതിന്നു അവരുടെ രണ്ടു പേരുടെയും ഹൃദയം അതിയായി ആഗ്രഹിച്ചിരുന്നു. എന്നാൽ ലിപ്പിയുടെ മാൎഗ്ഗം പ്രേമത്താൽ പ്രകാശിതവും, ഊൎമ്മിളയുടേതു് അതിൽനിന്നൊന്നു ഭിന്നമായതിനാൽ മരണമൊഴികെ മറെറാരു ശരണവും ഇല്ലാത്തതുമായിരുന്നു.

ഗ്രീഷ്മൎത്തുവിന്റെ അവസാനഘട്ടം അടുത്തതോടുകൂടി ലോകം മുഴുവനും അതിദുസ്സഹമായ ഉഷ്ണത്താൽ മോഹാലസ്യത്തിൽ പെട്ടു കിടക്കുന്നതുപോലെ കാണപ്പെട്ടു. വഴിയുടെ എതിർഭാഗത്തായി ഇടിഞ്ഞു പൊളിഞ്ഞു കിടക്കുന്ന ഒരു വീട്ടിന്റെ വളപ്പിൽ രണ്ടു കാഞ്ഞിരവൃക്ഷങ്ങൾ അവയുടെ കത്തിക്കരിഞ്ഞ തല ഉയൎത്തി, ആകാശത്തു വല്ല മുലയി

ളും മഴക്കാറു കൂട്ടുന്നതെവിടെ എന്നു നോക്കിക്കൊണ്ടു നില്ക്കുന്നുണ്ടായിരുന്നു. ഊൎമ്മിള കയ്യിൽ ഒരു നോട്ടുപുസ്തകവുമായി എന്തൊ എഴുതുവാൻ പുറപ്പെടുന്നതുപോലെ ഇരുന്നിരുന്നു; എന്നാൽ അവളുടെ അന്തൎല്ലോകത്തിൽ വസിച്ചിരുന്ന വിചാരങ്ങളെ ശേഖരിച്ചു പ്രത്യക്ഷപ്പെടുത്തുന്നതിനുള്ള ശക്തി ബാഹ്യലോകത്തിലുള്ള ഭാഷയ്ക്കുണ്ടായിരുന്നില്ല. അവൾ മുഷിഞ്ഞു, ഏടുകളിൽ എഴുതിയിട്ടുള്ളവയെല്ലാം ഒരൊന്നായി അമൎത്തി വെട്ടിപ്പോയിരുന്നതുകൊണ്ടു ഭാഷയോടു സാപേക്ഷം തോന്നിയ നീരസത്തെ നല്ലവണ്ണം പ്രകാശിപ്പിച്ചിരുന്നു. ആ സമയത്തു ലതിക ബദ്ധപ്പാടോടും സന്തോഷത്തോടും കൂടി ഓടിവന്നു ഇപ്രകാരം ധാരമുറിയാതെ വാഗ്വർഷം ചെയ്തു. "നോക്കു, ഊൎമ്മിളച്ചേച്ചി! ഇന്നു കന്നികയുടെ ചെറിയമ്മയുടെ മകളുടെ കല്യാണമാണു. അവരുടെ ദിനകരാരത്തിയായ ആ കരുണ ജ്യേഷ്ഠത്തിയെ ഓൎക്കുന്നില്ലേ? ആ! അതുതന്നെ. നമ്മളെല്ലാവരും പോകുന്നുണ്ടെന്നാണു അമ്മ പറഞ്ഞതു. എത്ര നന്നായി! എന്റെ പുതിയ കാശിപ്പട്ടുകൊണ്ടുള്ള സാരി ഇന്നലെ എത്തിയിട്ടേയുള്ളു. ആ വലിയ മഞ്ഞപ്പൂത്തരയോടു കൂടിയതു! ഏതാണു ഊൎമ്മിളച്ചേച്ചി ഉടുക്കാൻ പോകുന്നതു?"

ഊൎമ്മിള പുസ്തകം അടച്ചുവെച്ചു വസ്ത്രങ്ങളുടെ വിവരണത്തിൽ ഏൎപ്പെട്ടു. ആ വഴിയെ പോയിരുന്ന നരൻ അവരുടെ സംഭാഷണം കേട്ടിട്ടു ആയാളുടെ അമ്മയുടെ അടുത്തു ചെന്നു പറഞ്ഞു—"ഞാൻ എന്റെ ജീവകാലത്തിനിടയ്ക്കു പെൺകുട്ടികളെപ്പോലെ ഇത്ര വിഡ്ഢികളായിട്ടു ആരെയും കണ്ടിട്ടില്ല. അവർ ഞെറിവെച്ച കുപ്പായങ്ങളെയും സാരികളെയും കുറിച്ചല്ലാതെ ഒന്നും സംസാരിക്കാ

നില്ല. ഞാൻ എന്റെ ക്ലാസ്സിൽനിന്ന് അടിക്കുപ്പായത്തെയൊ മേൽക്കുപ്പായത്തെയൊ പററി രണ്ടു ദിവസം അട്ടഹസിച്ചു പറഞ്ഞാൽ മതി; മററു കുട്ടികൾ എന്റെ 'ഫെഷി' പിടിച്ചു കൂടലുകാട്ടും."

ഉച്ച തിരിഞ്ഞപ്പോൾ, മഴക്കാറുകൊണ്ട് ദിക്കെല്ലാം ഇരുണ്ടു. കാര്യത്തിന്റെ കിടപ്പു കണ്ടപ്പോൾ ലതികക്കു കരച്ചൽ വരുവാൻ തുടങ്ങി. ഗിരിബാല അവളോടിങ്ങനെ സമാധാനം പറഞ്ഞു, "കാറുണ്ടെങ്കിലെന്താണ്? നമുക്കു കൂട വണ്ടിയിൽ പോയിവരാമല്ലൊ. അവരുടെ വീടു വലിയതാണ്. നമുക്കു ഒട്ടും നനയാതെ മുകളിൽപോയി നില്ക്കാം, പിന്നെ എന്തിനാണിത്ര വ്യസനിക്കുന്നത്?"

എന്നാൽ ലതിയുടെ വ്യസനം ഇതുകൊണ്ടുപോയില്ല. അവളെ കല്യാണത്തിനു പോകുന്ന കാര്യത്തിൽ തടവുകയില്ലായിരിക്കാം. ചളിയിലും മണ്ണിലും ഇറങ്ങി നടന്ന് കാശ്മീർപ്പട്ടുകൊണ്ടുള്ള ആ സാരി കേടുവന്നാലൊ? ആ വ്യസനത്തിനു ഒരു വിലയുമില്ലെന്നൊ? അവൾക്കു അതു കാരണം വലിയ കഷ്ടതം തോന്നി; അതേ സമയത്തു തന്നെ അവളുടെ അമ്മയുടെ സ്ഥിതിയും അപ്രകാരമായിത്തീർന്നു. ഒരു ധനികഗൃഹത്തിലെ വിവാഹത്തിനു പോകുമ്പോൾ അവസ്ഥക്കു തക്കവണ്ണമുള്ള വസ്ത്രം ധരിക്കണം. ഓരോ സന്ദർഭത്തിലും ഒരാൾക്ക് എത്രത്തോളം വസ്ത്രം ധരിക്കാം? രാവിലെ ഏതു നിറത്തിലുള്ളതാണ് ഉപയോഗിക്കേണ്ടത്? രാത്രിയിലൊ? ഏതുപ്രായം മുതല്ക്കാണ് ഒരു പെൺകുട്ടി അവളുടെ വസ്ത്രാഞ്ചലം ശിരസ്സുമൂടിയിടേണ്ടത്? ഇങ്ങനെ പല സംഗതികളെയും കുറിച്ചു അവൾക്ക് പരിജ്ഞാനമുണ്ടായിരുന്നു. ഉഷശ്രീയുടെ വസ്ത്രധാരണത്തി

ന്റെ ഭാഗ്യവതിത്വവും അവരം കരസ്ഥമാക്കു. ഒരു നിമിഷനേരത്തേക്ക ഉൎമ്മിളയുടെ മനസ്സിൽ അസൂയയുടെ ഒരു പ്രബലമായ വികാരമുണ്ടായി; എന്നാൽ അടുത്ത നിമിഷത്തിൽ അതു ആശംസയായി തിരിഞ്ഞു. വേണ്ടില്ല, അതാണ് നല്ലത്. അവരം ഏറ്റെടുത്തുകൊണ്ടിരുന്ന കിരുശലങ്ങളോട്ടുകൂടിത്തന്നെ ഇനിയും പെരുമാറിക്കൊള്ളട്ടെ; അല്ലെങ്കിൽ പരകായപ്രവേശനോപാധികളായ അനവധി നേത്രങ്ങളുടെ നോട്ടങ്ങളാലും ഉത്സാഹിപ്പിക്കപ്പെടുന്നവയായ അനേകം ചോദ്യങ്ങളാലും അവളുടെ ജീവിതം അസഹ്യതരമാക്കിത്തീൎക്കാം.

ലതിയുടെ അത്യുത്സാഹത്തിൻെറ ഫലമായി ഉൎമ്മിളയ്ക്കും ലതിയ്ക്കും വധൂവരന്മാരുടെ വളരെ അടുത്തു് ഇരിക്കുവാൻ സാധിച്ചു. ലതി ഉൎമ്മിളയെ തൊട്ടുകൊണ്ടു് പറഞ്ഞു—"ഉൎമ്മിളച്ചേച്ചി, ദീപ്തിച്ചേച്ചി അതാ അവിടെ ഇരിക്കുന്നുണ്ട്, നോക്കു; അവർ ആരെയാണ് കല്യാണം കഴിക്കാൻ പോകുന്നതെന്നറിയാമോ? ആ തൂണിൻെറ അടുത്തായി നില്ക്കുന്ന ഒരു ചെറുപ്പക്കാരനെ കണ്ടോ? ആ! ആ മെലിഞ്ഞുനീണ്ട ആളല്ല, കണ്ണട വെച്ചു നല്ല കറുപ്പായിട്ട് ഒരാളില്ലേ? അയാളെയാണ്. അയ്യേ, ചേച്ചി! നിങ്ങൾക്ക് അയാളെ സുന്ദരനെന്നു തോന്നുന്നുണ്ടോ! കനികയുടെ ജ്യേഷ്ഠൻ അതിലും എത്ര നല്ല ആളാണ്? എന്തായാലും ദീപ്തിക്ക അയാളെയാണ് ബോധിച്ചത്."

ദീപ്തിയുടെ ഭാവിഭർത്താവിനെ നോക്കിയ ശേഷം ഉൎമ്മിളയുടെ നേത്രങ്ങൾ മറ്റാരെയോ തിരയുന്ന മാതിരി കുറെനേരത്തേക്ക് ആ മുറിയിലെല്ലാം ഒരു സഞ്ചാരം കഴിച്ചു. എന്നാൽ അയാളെ കണ്ടെത്തിയില്ല! കാൎമ്മേഘങ്ങൾ ക്രമേണ മുഖത്തിൽ വന്നുകൂടി. വിവാഹക്രിയ അവസാനിച്ചു

ഴപ്പോഠം അതിഥികളെല്ലാം ഭക്ഷണം കഴിഞ്ഞു പന്തലിൽ ഒരുമിച്ചിരിപ്പാറായി. ശ്രമംകൊണ്ടു തമ്മിൽ തിക്കിത്തിരക്കി തുടങ്ങി. ഗിരിബാല, തന്റെ കഴിവും സാമർത്ഥ്യംകൊണ്ട്, പങ്ങാതിമാരെയെല്ലാം തള്ളിനീക്കി മുമ്പത്തെ പന്തിയിൽ ചാടിവീണു. ലതി വീട്ടിൽ വിട്ടാൽ വല്ലതും പേരിനു മാത്രം കഴിക്കുകയേ പതിവുള്ളു. അതനുസരിച്ച് അവളുടെ ഭക്ഷണം ഇരിക്കപ്പോഴേക്കുതന്നെ കഴിഞ്ഞു; അതിനു ശേഷം ഊർമ്മിളയോട് അവിടെ കൂടിയിരിക്കുന്ന സ്ത്രീകളുടെ ഉടുപ്പുകളെപ്പറ്റി വിവരിക്കുവാൻ തുടങ്ങി.

ലതിയും ഊർമ്മിളയും എഴുന്നേറ്റ്, വന്നുചേരുമിരിക്കുന്നവരെ നോക്കിക്കൊണ്ടുനിന്നു. പെട്ടെന്നു ലതി ഊർമ്മിളയെ പതുക്കെ ഒന്നു പിച്ചിക്കൊണ്ടു "നോക്കൂ, അതു സമരബാബു അല്ലേ?" എന്നു ചോദിച്ചു.

ഊർമ്മിള ഞെട്ടി, പുറത്തേക്കൊന്നു നോക്കി. അതെ, അദ്ദേഹംതന്നെ! ഒന്നു രണ്ടു ആളുകളോടുകൂടെ സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു, ഒരു ക്ഷണം വന്നപ്പോൾ ആ വിവരം അവരെ അറിയിക്കേണ്ടതിനെ മറ്റൊരാൾ ആവശ്യമായിരുന്നോ?

സമരേന്ദ്രൻ അപ്പോഴേക്കും അവളുടെ മുമ്പിൽ എത്തിയതിനാൽ ഭയപ്പാടോടെ ഊർമ്മിളയെ കാണാതിരിപ്പാൻ നിവൃത്തിയില്ലാതായി. എന്തോ ഒരു തരം ഭയം അവളുടെ ഹൃദയത്തെ മഥിക്കുവാൻ എത്തിയതായി ഊർമ്മിളയ്ക്കു തോന്നി. സമരേന്ദ്രൻ സംസാരിക്കുമോ? ഒന്നു നോക്കുമോ? അതോ, ഒരു അപരിചിതനെപ്പോലെ അവളിൽനിന്നു എടുത്തുകളഞ്ഞിരിക്കുമോ? ഈ സന്ദേഹങ്ങളെല്ലാം ലതി ചിരിച്ചുകൊണ്ട് മുമ്പാകെ പറഞ്ഞവസാനിപ്പിച്ചു. "സമരബാബു!

നിങ്ങൾ വല്ലാതെ നനഞ്ഞു, ഇല്ലെ?" സമരേന്ദ്രൻ അപ്പോൾ അവരെ കണ്ടുവെന്ന ആശ്ചര്യമായി വ്യക്തപ്പെടുത്തി. ആയാളുടെ നിരസമായ നോട്ടം ആ സമയത്തു പ്രകാശിച്ചിരുന്ന പുഞ്ചിരി മറച്ചുവെച്ചതുപോലെ കാണപ്പെട്ടു. "ഉവ്വ്", വളരെ; നിങ്ങൾ നനഞ്ഞില്ല, അല്ലെ" എന്നു സമരേന്ദ്രൻ പറഞ്ഞു. ഇതുവരെ ആയാളിൽ കളിയാടിയിരുന്ന പുഞ്ചിരി ഉടനെ വിട്ടുപോയി; അസഹ്യമായ ആ നോട്ടം മാത്രം ശേഷിച്ചു; ആ ഭാവംകൊണ്ട് ഊർമ്മിളയുടെ ഹൃദയനാഡിയെ വരട്ടിയ ശേഷം നമസ്കാരം പറഞ്ഞു അവിടെ നിന്നു പോയി.

ഗിരിബാല, തിരക്കിന്റെ നടുവിൽപെട്ടു മുമ്പോട്ടു കടക്കുവാൻ നിവൃത്തിയില്ലാതായിട്ടു ദൂരത്തുനിന്നു വിളിച്ചു പറഞ്ഞു — "രതീ, വരു. വണ്ടിവന്നു. കതിര 'ബഗളി' എടുക്കണം. വേഗമാകട്ടെ!"

രതിയും ഊർമ്മിളയും വേഗം പോയി വണ്ടിയിൽ കയറി. അവർ വണ്ടിയിൽനിന്നു പുറത്തേക്കിറങ്ങുവാൻ എഴുന്നേററപ്പോൾ ഗിരിബാല വിസ്മയത്തോടെ ചോദിച്ചു — "എന്താ ഇതിന്റെ അർത്ഥം? ഊർമ്മിളേ നീ ഉറങ്ങുകയായിരുന്നോ? മഴകൊണ്ടു നിന്റെ ഉടുപ്പെല്ലാം നനഞ്ഞത് കാണുന്നില്ലെ? കാറുകണ്ടാൽ മഴ ഇനിയും കലശലായി പെയ്യുവാൻതന്നെയാണ് വട്ടമെന്നുതോന്നും. എന്റെ കുട്ടികൾ എന്നെ വല്ലാതെ ഉപദ്രവിക്കുന്നു. അവക്കു ഊണു വേഗം കഴിച്ചു വന്നുകൂടെ? അതിനു ഭാവമില്ല. അവർ അവിടെ എത്ര നേരമെങ്കിലും ഇരുന്നോളും. നമുക്കു കുറച്ചു ഇളളികൾ മാത്രമെ കൊടുക്കേണ്ടിവന്നുള്ളു- എന്നാൽ അവർ വീട്ടിലെത്തുമ്പോഴേക്കു നല്ല കളിതന്നെ ക

ഗിച്ചുകം. പോവു, ഉമ്മിളേ! ഉപ്പുമാറാ, ഇക്കളികളിൽ
വല്ല മീനവും പിടിക്കും."

ഉമ്മിളു അവളുടെ മുറിയിൽ പോയി. വാതി-
ലടച്ചിട്ട്, ആ ഈറൻവസ്ത്രത്തോടുകൂടി നിലത്തുകിടന്നു
നിശ്ശബ്ദമായി കരയുവാൻ തുടങ്ങി. അതുവരെക്കും അ-
വൾ ആരാഞ്ഞുകൊണ്ടിരുന്ന ആ വേദന വീണ്ടും എ-
ത്തി അവളുടെ ഹൃദയത്തിന്റെ പ്രവേശനദ്വാരത്തിൽ
നില്ക്കുന്നു. ആനന്ദത്താലും ബാധിരത്താലും കൊരുത്തുണ്ടാക്കപ്പെ-
ട്ട ഒരു മറശ്ശീല അതുവരെ അതിനെ മൂടിക്കൊണ്ടു തൂ-
ങ്ങിക്കിടന്നിരുന്നു. എന്നാൽ ഇന്നു കിട്ടിയ ഒരു വലിയ
അടി കാരണം ആ കീറിപ്പൊളിഞ്ഞു തീരെ ഉപയോഗ-
മില്ലാതായി. രണ്ടു സ്നേഹിതരുടെ പൊട്ടിച്ചിരിയും വീണ്ടും മഴ-
വന്നു നീങ്ങിപ്പോവുകയും ചെയ്തു. ആകാശത്തുള്ള നിശ്ശ-
ബ്ദതയ്ക്കും നിശ്ചലതയ്ക്കും പെട്ടെന്നു ഒരുടവു തട്ടി; കഠി-
നമായ ആരവത്തോടുകൂടി മഴ താഴെ എത്തി. ജനാലക-
ളുടെ തടസ്ഥത്തെ വകവെക്കാതെ മഴ മുറിക്കകത്ത് അടിച്ചു-
കയറി. അവളുടെ നീണ്ട തലമുടിക്കു മുത്തുകൊണ്ട് ഒരു
വല കെട്ടിയിട്ടുകൊണ്ടു കവിൾത്തടങ്ങളിൽക്കൂടെ ഒഴുകുക-
യും പിന്നെ കണ്ണുനീരിനോടു ചേർന്നു താഴെ വീഴുകയും
ചെയ്തു. കാററടിച്ചു മുറിയിലുള്ള സാമാനങ്ങളെല്ലാം 'കല-
കല' ശബ്ദത്തോടെ അങ്ങുമിങ്ങും പറന്നുവീഴുന്നുണ്ടായിരു-
ന്നു. ഉമ്മിളു എഴുന്നേററില്ല. ആ നിശ്ശബ്ദമായ ശിലാതല-
ത്തെ ആലിംഗനം ചെയ്തുകൊണ്ട് അതിൽനിന്നുതന്നെ സ-
മാധാനത്തെ എടുക്കുന്നുവോ എന്നു തോന്നിച്ചു. മനുഷ്യ-
രിൽനിന്ന് അവൾക്ക് ഇനി ഒന്നും ആവശ്യപ്പെടുവാനോ
കിട്ടുവാനോ ഉണ്ടായിരുന്നില്ല.

ആ സമയത്തു ലളിതനും നരനും തിരിച്ചെത്തി. ലളിതൻ ആയാളുടെ മുറിയിലേക്കോടി. അതുഹേതുവായിട്ടു തങ്ങളുടെ അമ്മയുടെ നീരസാഭിപ്രായങ്ങളെപ്പററി ആലോചിക്കുവാനായിട്ടു നരൻ മാത്രം ശേഷിച്ചു.

ലളിതൻ, വിശേഷവസ്ത്രങ്ങൾ ധരിച്ചിട്ടുള്ള ഊർമ്മിളയെ തനിയെ കാണുന്നതിനും അവളുടെ ശ്രോത്രങ്ങളിൽ പ്രേമഗീതങ്ങൾ പാടുന്നതിനും താൽപര്യപ്പെട്ടു. എന്നാൽ ഊർമ്മിള എവിടെയായിരുന്നു? ലളിതൻ തന്റെ നനഞ്ഞ ഉടുപ്പെല്ലാം മാററി, ജനാലയ്ക്കടുത്ത് ഒരു കസാല വലിച്ചിട്ട്, അതിന്മേലിരുന്നു പാടുവാൻതുടങ്ങി. പാട്ടിന്റെ സാരം ഇതായിരുന്നു. "ഭദ്രമാസത്തിലുള്ള ഈ കഠിനവർഷത്തിൽ എന്റെ വസതി ശൂന്യമായി."

ലളിതന്റെ സ്വരം മധുരമായിരുന്നു. ആയാൾ ഹിന്ദുസ്ഥാനി പാട്ടുകൾ ഒരു ഗുരുനാഥന്റെ അടുക്കൽ ഉപേക്ഷകൂടാതെ കുറച്ചു കാലം അഭ്യസിച്ചിട്ടുണ്ടായിരുന്നു. ആയാളുടെ ഗാനം ഊർമ്മിളയുടെ അകത്തിന്റെ അടച്ചു കിടന്നിരുന്ന വാതൽ ഭേദിച്ചു, ആ മുറിയിൽ പ്രവേശിച്ചു അവിടം മുഴങ്ങി. ആ രാത്രിയിലെ മഴയും അതോടു ചേർന്നു പാടുവാൻ ആരംഭിച്ചു "എന്റെ വസതി ശൂന്യമായി, എന്റെ വസതി ശൂന്യമായി."

ഊർമ്മിള എഴുന്നേററിരുന്നു. അയ്യോ, ദൈവമേ! അവൾ ഇനിയും ഇതു സഹിക്കുന്നതെന്തിനാണ്? അവളുടെ ഹൃദയം തകർന്നുകഴിഞ്ഞു, എന്തിനാണ് അവളിനിയും ജീവിച്ചിരിക്കുന്നത്? വിധിയുടെ പാദം അവളുടെ ഹൃദയത്തെ വെണ്ണീറാക്കിക്കഴിഞ്ഞു; ഒരിക്കൽകൂടി കരുണകാണിക്കണേ!! ഭാരിച്ച ശരീരം പരിതാപത്തിൽ എരിഞ്ഞു

പോയി; എന്നാൽ പിന്നെ ഒരു ഇടിവെട്ട് അതിന്റെ തലയിൽ പതിക്കട്ടെ! ആ കൊടുങ്കാറ്റിൽ ആ വെണ്ണീറും പറന്നു പോകട്ടെ! നിയതിയുടെ ഈ ക്രൂരത്വത്തിനിടയിൽ ഈ ബാലികയായ സതി ഒരു ശിലാപ്രതിമപോലെ ഇരുന്ന് സംഹാരരുദ്രന്റെ നേത്രാഗ്നിയോട് "ഒന്നു കടാക്ഷിക്കണേ! ഒരിക്കൽ മാത്രം മതി; എനിക്കു മറെറാരപേക്ഷയില്ല." എന്ന് ഹൃദയപൂൎവ്വം പ്രാൎത്ഥിച്ചു.

ലളിതൻ രാത്രി വളരെ നേരം ഇതേപാട്ടുതന്നെ പിന്നെയും പിന്നെയും പാടിക്കൊണ്ടിരുന്നശേഷം, ഒടുവിൽ നിന്നു വെളിച്ചമില്ലാത്ത ഉൎമ്മിളയുടെ മുറിയുടെ നേൎക്കുനോക്കിക്കൊണ്ടു ലളിതൻ താഴ്ന്നസ്വരത്തിൽ പറഞ്ഞു—"പ്രേമഗീതം പാടിക്കഴിഞ്ഞു. വേണ്ടിടത്തിൽ എത്തിയോ ഇല്ലയോ എന്നു അറിയാം."

ഒട്ടും താമസിയാതെ എല്ലാ മുറികളിലെയും വിളക്കുകൾ കെട്ടു. പുറത്തു പെയ്തുകൊണ്ടിരുന്ന മഴ അപ്പോഴും തോൎന്നിട്ടുണ്ടായിരുന്നില്ല; അത് ഒരേ മട്ടിൽ അടിച്ചുമാറുന്നുണ്ടായിരുന്നു. ഭൂമിയിലുള്ള ദീപം ആകാശത്തിനുള്ളിൽ ശേഖരിച്ചു വെക്കുന്നതിനു കാൎമേഘങ്ങളെ ഏല്പിച്ചു; അതു കാരണം, നിറഞ്ഞൊഴുകുന്ന കണ്ണുനീർപ്പുഴകളാൽ ആകാശം, വളരെ നേരത്തേക്ക് ഉൎമ്മിളയുടെ മുഖമായിരുന്ന ചന്ദ്രികയെ തൃപ്തിയാകുവോളം വെള്ളംകൊണ്ടു മുക്കി.

മഴയുടെ ഗാനസ്വരം എല്ലാ വീട്ടിലുമുള്ള എല്ലാവരുടെയും കണ്ണുകളെ നിദ്രയിൽ ലയിപ്പിച്ചു. ഒരു ഇരുട്ടുമുറിയിൽ മാത്രം രണ്ടു കണ്ണുകൾ ആ ഘോരാന്ധകാരത്തിന്റെ വഴി നോക്കിക്കൊണ്ടിരുന്നിരുന്നു. മഴയുടെ ഗീതം ഉൎമ്മിളയുടെ ഹൃദയത്തിൽ "എന്റെ വസതി ശൂന്യമായി, എന്റെ വസതി ശൂന്യമായി." എന്ന ആ പല്ലവിയെ തന്നെ ആവൎത്തിച്ചു പാടിയിരുന്നു.

—:o:—

അദ്ധ്യായം ൧൬

ഈ ഗൃഹത്തിലും ദിവസങ്ങൾ മുൻഗതിപോലെ പോയിക്കൊണ്ടിരുന്നു. കുറെ ദിവസത്തേക്കു, രാമസുന്ദരി അവരുടെ ഗുണകാംക്ഷികളിൽ ഒരാളുടെ നന്മയ്ക്കുവേണ്ടി കഠിനവാക്കുകൾ കൂടക്കൂടെ ഉപയോഗിക്കാറുണ്ടായിരുന്നു. എന്നാൽ അവർ ആ വേഗം വിട്ടു വളരെ കാലമായി പരിചയിച്ചുപോന്ന വീട്ടുജോലിയിൽതന്നെ വ്യാപൃതയായി. വെപ്പുകാരി ഒന്നു രണ്ടു ദിവസത്തേക്കു ഇങ്ങനെ പറഞ്ഞു:— "ഹന്ത! അമ്മെ, ആ കുട്ടി വന്നിട്ടു ഈ വീടെല്ലാം പ്രകാശിപ്പിച്ചു. ഇവിടെ എല്ലാ ദിക്കിലും ആ ചുവന്ന കാലടികൊണ്ടു എങ്ങനെ നടന്നിരുന്നു! അവരെപോലെ ഒരാളില്ലാത്ത വീടു വീടാണെന്നു തോന്നുമോ? ഇക്കുറി ഒരു മരുമകളെ കൊണ്ടുവരു, എത്ര നാളാണു അമ്മ ഇങ്ങനെ തനിയെ കഴിച്ചുകൂട്ടുക?" എന്നാൽ ഒരു മരുമകളെപ്പററിയുള്ള സംസാരം വന്നപ്പോൾ, രാമസുന്ദരിക്കു, ഈ രസകരമായ ഒരു വിഷയത്തെപ്പററി വിവരിക്കുവാൻ ആ വെപ്പുകാരിക്കു വീണ്ടും ധൈര്യമുണ്ടാകാത്തവിധം മുഖത്തു ഒരു ഗൌരവം നടിച്ചു.

നിലാമുററത്തു ഒരു മൂലയിൽ പൂത്തൊട്ടിയിലുണ്ടായിരുന്ന ഊർമ്മിളയുടെ പിച്ചകച്ചെടി ഉപേക്ഷയും അശ്രദ്ധയും കാരണം വെയിലിൽ വാടി നശിച്ചു. അയൽവീട്ടിലുള്ള വികൃതിക്കുട്ടികൾ രാത്രി വന്നു അവളുടെ പനീർച്ചെടികളും കടയോടുകൂടെ പുഴക്കിക്കൊണ്ടുംപോയി. അവളുടെ പൂച്ചക്കുട്ടികൾ കുറെ ദിവസത്തേക്കു കലശലായി കരഞ്ഞുകൊണ്ടു

അവർ വിട്ടുപോയ മുറിയിൽ കിടന്നിരുന്ന കട്ടിലിനടിയിലെ
ചന്ത് ഓടിപ്പോയിക്കൊണ്ടിരുന്നു; എന്നാൽ അവയുടെ നി
ലവിളിയ്ക്കു ഉത്തരമൊന്നും കിട്ടാതായപ്പോൾ അവയും മ
റെറാരു പുതിയ സ്ഥാനത്തെ ആശ്രയിപ്പാൻ അന്വേഷി
ച്ചു പോയി.

മുകളിലേക്കും മുമ്പട്ടിലേക്കും പോകുന്നവഴിക്ക് ഒരാളുടെ
ദൃഷ്ടി ഒന്നാമതായി പതിയുന്നത് ഉമ്മറത്തുള്ള ഇടനാഴി
കയറുന്ന വാതിലോടുകൂടിയ മുറിയിലേക്കാണ്. അതിന്നകം
ഒഴിഞ്ഞു വായും പിളർന്നു കിടന്നിരുന്നു. ആരും അതിനക
ത്തു പോയിരുന്നില്ല; ഒരു വെളിച്ചവും അവിടെ ആരും ക
ത്തിച്ചിരുന്നില്ല. അതു നശിയ്ക്കുന്ന ഒരു ശ്മശാന
ത്തെപോലെ കിടന്നിരുന്നു. ഒരു ദിവസം, സന്ധ്യക്ക്, പു
റത്തേക്കിൽ പോകുംവഴിക്കു, വാതൽ ഉറക്കെ വലിച്ചടച്ചു
ഓടാമ്പലിട്ടു; ആരും പിന്നെ ആ വാതൽ തുറന്നതുമില്ല.

ഉമ്മറിലു [illegible] ഇവർ രണ്ടു പേരും [illegible]
ളായിരുന്നു. ഇപ്പോൾ ഉമ്മറിലു പോയി; അപ്പോൾ
ഇവർ രണ്ടു പേരും ശേഷിച്ചു; എന്നാൽ [illegible]
[illegible] അതിലിരുന്ന ആരാമത്തി
ന്റെ [illegible], അതിൽ ഒരാളുടെ മനസ്സിലും,
[illegible] വല്ലുവല്ലും പതിഞ്ഞു കിടന്നിരുന്നു; എന്നി
നാൽ ആത്മാവിന്റെ [illegible] സ്വന്തം [illegible]
കത്തിന്റെ-മാത്രമല്ല, ഭൂമിയുടെ മുഴുവനും ആകുന്ന വലിയ
[illegible] തോന്നി.

ഇന്നലെയാകുന്നില് വന്നിട്ടു അവന്റെ മാതാവിന്റെ [illegible]
[illegible] ആത്മാവിനെ അറിയിപ്പാൻ [illegible]
ല്ല. [illegible]

പ്രയത്നങ്ങളെക്കൊണ്ട് എങ്ങനെയോ ആയാളെ ഈ പുരുഷപ്രാപ്തിയിലെത്തിച്ചു. ബാല്യത്തിൽ ആയാൾക്കു ചങ്ങാതിമാരൊന്നും ഉണ്ടായിരുന്നില്ല; എന്നാൽ പുസ്തകങ്ങളുടെ സഹവാസത്തിൽ ആ സന്തോഷരഹിതങ്ങളായ ദിവസങ്ങളെ വല്ലവണ്ണവും നയിച്ചു പോന്നു. പിന്നെ, പുരുഷത്വത്തിൽ പ്രവേശിച്ചു കല്ക്കത്തയിൽ എത്തിയപ്പോൾ, ചങ്ങാതിമാരില്ലാത്ത ന്യൂനത തീൎന്നു; ഉള്ളിൽനിന്നുയരുന്നതായ മറെറാരാഗ്രഹം ആയാളെ അസ്വസ്ഥനാക്കുവാൻ തുടങ്ങി. എന്നാൽ, ഈ ആഗ്രഹിക്കുന്ന നിധി എളുപ്പത്തിൽ കിട്ടുവാൻ കഴിയുന്ന ഒന്നല്ലായിരുന്നു. നവ്യത്തിന്റെ അന്വേഷണത്തിൽ, ഈ മാനുഷസമുദ്രത്തിൽ ആയാൾ മനസ്സോടെ മുങ്ങുന്നതായാൽ തന്നെ, ആയാൾക്കു അതിനുള്ള ശക്തിയില്ലായിരുന്നു. ചങ്ങാതിമാരാൽ കൂടാത്ത തന്റെ ശൈശവജീവിതം പുരുഷന്മാരോടുള്ള സഹവാസത്തിനു സമരേന്ദ്രനെ അപ്രാപ്തനാക്കി തീൎത്തു.

തന്റെ ജീവിതത്തിൽ ആദ്യമായി വന്ന ചേൎന്ന ദുഃഖപ്പെടുത്തുന്നതായ ഒരു അടി കിട്ടുമ്പോൾ, ഒരാൾക്ക് ആ യുദ്ധത്തിനുള്ള ആശയും ധൃതിയും വൎദ്ധിക്കുന്നു; എന്നാൽ മറെറാരാൾ കാൎയ്യങ്ങൾ അവയുടെ ഗതിപോലെ നടക്കട്ടെ എന്നു വിട്ടുകൊടുക്കുന്നു. ആയാളുടെ ആവശ്യം എത്രതന്നെ അധികമായിരുന്നാലും സമരേന്ദ്രൻ പിന്തിരിഞ്ഞു എന്നു ആയാൾക്കു ബോധ്യമുണ്ടായിരുന്നു. ആളു തന്റെ പ്രയത്നങ്ങൾകൊണ്ട് അതിനോടെതിർക്കുവാനുള്ള ശക്തി ആയാൾക്കുണ്ടായിരുന്നില്ല. ദൈവം തന്നതായ വെളിച്ചവും കാറ്റുംപോലെ അത് ഒരുപക്ഷേ, എളുപ്പ

ത്തിൽ കിട്ടിയേക്കാം; ഇല്ലെങ്കിൽ അതു ലഭിക്കുന്നതിന്നു വേറെ മാൎഗ്ഗമൊട്ടില്ല താനും. ആയാൾ മുറിയുടെ മൂലയിലേക്കു തിരികെ വന്നു് ഇപ്രകാരം വിചാരിച്ചു:— "ഞാൻ വാതൽ തുറന്നിട്ടിട്ടുണ്ടു്. അടക്കുവാനുള്ള മാൎഗ്ഗത്തെ ഞാൻ അടയ്ക്കുകയില്ല. എന്നാൽ അതു തിരഞ്ഞു കണ്ടുപിടിക്കുവാനുള്ള ശക്തി എനിക്കില്ല."

ആ യുവചാമ്പേയൻ ഗൂഢമായി സ്നേഹപൂൎണ്ണങ്ങളായ നോട്ടങ്ങളോടുകൂടി പതുക്കെ നടന്നു തന്റെ ഹൃദയകവാടത്തിന്നടുത്തുവന്നു നിന്നപ്പോൾ സമരേന്ദ്രനു ആ സമയത്തു കാണുവാൻ കഴിഞ്ഞില്ല. ആയാളുടെ ഹൃദയമാകുന്ന നദി നിറഞ്ഞു തീരമേറ്റി നിന്നപ്പോഴും ആയാൾ മഴയ്ക്കാഗ്രഹിച്ചുകൊണ്ടു മേല്പോട്ടു നോക്കിയിരിക്കുകയായിരുന്നു.

അതു് എങ്ങനെയായാലും മുകളിൽനിന്നു ഉണ്ടായതു് ധാരാസമ്പാതമല്ല. അതൊരു അശനിപാതം മാത്രമായിരുന്നു. ആ ശബ്ദം കൊണ്ടു് സമരേന്ദ്രന്റെ ബുദ്ധി തിരിച്ചെത്തി, ആ കഠിനമായ വെളിച്ചത്തിൽ തന്റെ ഹൃദയാന്തർഭാഗത്തെ തന്നെ സമരേന്ദ്രനു കാണുവാൻ സാധിച്ചു. ആ അപരിമേയപ്രഭമായ മുഹൂൎത്തത്തിൽ തന്റെ ഇഷ്ടപ്രദമായ പ്രേമനോട്ടത്തെ ആദ്യമായി ആരോടു കൈമാറിയോ അവൾ, ഉടനെതന്നെ അവളുടെ നേത്രങ്ങൾക്കു നേരെ ഒരു നിമിഷത്തിനുള്ളിൽ തനിക്കുള്ള എല്ലാ മോഹങ്ങളേയും ആശങ്കകളെയും എത്തുവാൻ കഴിയാത്തവിധത്തിൽ ഒരു ആവരണത്തെ വലിച്ചിട്ടു. അതുനിമിത്തം തന്നെ സമരേന്ദ്രനു ചോദിക്കുവാനും എത്തുവാനും ഉണ്ടായിരുന്ന ഒരു അവസാനസ്ഥാനത്തു ആയാളെ കൊണ്ടാക്കുകയും ചെയ്തു. ഇ

[illegible] ചോദ്യം ചെയ്യണമെന്നുണ്ടെന്ന് ആലോചിക്കുവാൻ
പോലും അയാൾക്ക് ആഗ്രഹമുണ്ടായിരുന്നില്ല.

[illegible] ഉൽക്കണ്ഠയെക്കുറിച്ചുള്ള വിചാരങ്ങളെ
പറ്റി [illegible], എന്താണെന്നു തന്നെ മനസ്സിലായി
ട്ടില്ല. എന്നാൽ ഇപ്പോഴാം അവൾക്ക് അതു വ്യക്തമായി
അറിവായി. [illegible] സൂക്ഷ്മങ്ങളായ വഴികളെ [illegible]
ന്റെ പുറമേയുള്ള [illegible] എത്രത്തോളം കഠിനമായും വ്യ
സനകരമായും തീർന്നതെന്ന് അവൾ കാണുവാൻ ഇട
[illegible] മറ്റൊരു [illegible] ഓർത്തുകൊണ്ട്, ആയാളു
ടെ അകത്തുള്ള [illegible] എത്രത്തോളം [illegible]
[illegible] അവൾ ധരിക്കാറായി.

വളരെ [illegible] അവർ പറഞ്ഞു:—"സ
ഖേ, പോവുക. നമുക്കു കുറച്ചു ദിവസം [illegible]
ന്റെ അടുക്കൽ പോയി താമസിക്കാം. ഇവിടെ [illegible]
തന്നെ ഇങ്ങനെ എപ്പോഴും താമസിച്ചിട്ട് എനിക്കൊട്ടും
സുഖമില്ല."

[illegible], എനിക്കിപ്പോൾ പോവാൻ [illegible]
[illegible] പാഠശാലയ്ക്കു ഒഴിവില്ല. അതിനുപുറമെ, [illegible]
[illegible] ഒരു കളികളെ 'ഇന്റർമീഡിയേറ്റ്' പരീക്ഷ
ക്കു അടിസ്ഥാനമായിട്ടും വേണം. [illegible], അമ്മയെ
[illegible] മനസ്സിൽ [illegible] വാങ്ങിക്കാ
[illegible], എനിക്ക് അവരെ വിട്ടു പോകുവാൻ തര
മില്ല."

"[illegible]" എന്ന് [illegible] [illegible]
[illegible] "[illegible]
[illegible]"

എന്തിന്? ഇതിന്നു എന്താവശ്യമാണുള്ളത്? പാഠശാലയിലെ ശമ്പളംകൊണ്ടു മതിയാക്കാതിരിപ്പാൻ; നിനക്കു പത്തു പന്ത്രണ്ടു കുട്ടികളെ വീട്ടിൽ പുലർത്താനുണ്ടോ?—അതാണ് ഇത്ര മെലിഞ്ഞു വരുന്നത്. എങ്ങിനെയാണ് ഈ വേലയെല്ലാം താങ്ങുക? നീ വീട്ടിലേക്കും നേരത്തെ വരുന്നില്ല. അവരുടെ വീട് എവിടെയാണ്?"

"വളരെ വഴി ദൂരത്താണ്,—തുലിപുരത്ത്."

"വേണ്ടാ, എന്റെ കുട്ടി" എന്നു രാമസുന്ദരി അക്ഷമയോടെ പറഞ്ഞു. "അധികം പണം സമ്പാദിക്കാനായിട്ട് ഒരു കുതിരയെപ്പോലെ ഇങ്ങനെ അടിമപ്പെടരുത്. നിനക്കു എന്നെമാത്രമേ പോറ്റേണ്ടതുള്ളു. എനിക്കു കുറച്ചുകൊണ്ടു തൃപ്തിയുമാണ്. ജോലിവിടൂ."

"ചെറിയമ്മേ! ഈ ലോകത്തിൽ പണംകൊണ്ടു ഭക്ഷണത്തിന്നല്ലാതെ വേറെ അനേകം ഉപയോഗമുണ്ട്; എനിക്കതിന്നാവശ്യമില്ലെങ്കിൽ, പിന്നെ എന്തിനാണ് ഞാൻ വേലയെടുക്കുന്നത്? നിങ്ങൾ എന്നെക്കുറിച്ചു അനാവശ്യമായി പരിഭ്രമിക്കുന്നു. എനിക്കു യാതൊരു സുഖക്കേടും ഇല്ല.

തൎക്കംകൊണ്ടു ഫലമില്ലെന്നു കണ്ടിട്ടു രാമസുന്ദരി പോയി. സമരേന്ദ്രൻ ആയാളുടെ മുറിയിൽ കടന്നു മേശക്കൂട്ടത്തിരുന്നു. ആയാൾക്കു ജോലി വർദ്ധിച്ചിരുന്നു എങ്കിലും, വേലയെടുക്കുന്നതിൽ മനസ്സിരിക്കുവാൻ ക്രമേണ വിഷമവുമായി. എപ്പോഴെങ്കിലും ആയാൾ അവിടെ വന്നിരുന്നാൽ ആയാളുടെ പാഠങ്ങളിൽ ആരുടേയോ അപ്രാപ്യമായ മുഖത്തിന്റെ സ്വപ്നം പുനരാവൎത്തിച്ചിരുന്നു; തന്റെ ദൃഷ്ടിയിൽനിന്നു ലോകം മുഴുവനും മറച്ചുകൊണ്ടു വ്യ

സനഗ്രസ്തങ്ങളായ ആയതദീർഘമായ നേത്രങ്ങളുടെ ഛായ ആ
യാളുടെ മുമ്പിൽ ഉദിച്ചിരുന്നു. ഊർമ്മിള ഈ ഗൃഹത്തിൽ താമ
സിച്ചിരുന്നപ്പോൾ, അവൾ കുറച്ചു സ്ഥലങ്ങളുമാത്രമേ പെരു
മാറിയിരുന്നുള്ളൂ. എന്നാൽ, അവൾ പോയിക്കഴിഞ്ഞ
പ്പോൾ, അവൾ കൈവശപ്പെടുത്താത്ത ഒരു ദിക്കും അവി
ടെ കണ്ടില്ല.

ഊർമ്മിള സമരേന്ദ്രനെ ഏതുവിധത്തിലാണ് കരുതി
യിട്ടുള്ളതെന്നു ആയാൾക്കു നല്ലവണ്ണം മനസ്സിലായിരുന്നി
ല്ല. അവളുടെ യാത്രാസമയത്തുണ്ടായ കണ്ണുനീരും ഇപ്പോൾ
ഉള്ള ആഡംബരത്തോടുകൂടിയ ജീവിതവും തമ്മിൽ വളരെ
അന്തരമുണ്ടായിരുന്നു. ആർക്കെങ്കിലും മനസ്സിൽ അല്പമായ
വേദനയുടെ ഒരു ലാഞ്ഛനപോലുമുണ്ടെങ്കിൽ, ഈ പ്രമോ
ദനദിയുടെ തരംഗങ്ങളിൽ ഇങ്ങനെ കളിയാടുവാൻ സാധി
ക്കുമോ? യാത്രചോദിക്കുന്നത്, ഇതു നിസ്സീമമായ ഭംഗിയോ
ടെ ചെയ്യാൻ കഴിയുമോ? എന്നാലും ആ ദിവസത്തെ അ
ശ്രുക്കൾ—അഹോ! അവയുടെ ഭാഷ എത്ര വ്യത്യാസപ്പെ
ട്ടത്! അവൾ ഇനി മടങ്ങി വരില്ല. പ്രേമപൂർണ്ണമായ ഒരു ഹൃ
ദയത്തോടുകൂടിയോ, അതോ അനാദരവോടു കൂടിയോ
അവൾ പോയിട്ടുള്ളത്? ആ രഹസ്യം കണ്ടുപിടിക്കുവാ
നായി ആയാൾ എന്തിനാണ് ഇനിയും ബുദ്ധിമുട്ടുന്നത്?

ഊർമ്മിള ഒടുവിൽ ലളിതനെ വിവാഹം ചെയ്യാൻ
തീർച്ചപ്പെടുത്തിയിട്ടുള്ളതിനെപ്പറ്റി ആർക്കും സംശയമൊ
ന്നുമുണ്ടായിരുന്നില്ല. എല്ലാവരും അതിനെക്കുറിച്ചു ക്രസൽ
കൂടാതെ സംസാരിക്കുകയും ചെയ്തിരുന്നു. അവരെ വിവാ
ഹബന്ധത്തിൽ പെടുത്തുവാൻ മരിച്ചവരും ഇരിക്കുന്നവരും
ഒരുപോലെ ബദ്ധപ്പെട്ടപ്പോൾ അതിൽ നിന്നൊഴിഞ്ഞു

നില്പാൻ ഏതൊരു പെൺകുട്ടിയ്ക്കാണ് ധൈൎയ്യം വരിക? മറെറല്ലാവരുടേയും ഒപ്പം സമരേന്ദ്രനും ഇതു വിശ്വസിച്ചു. തന്റെ ഗൃഹം വിട്ടുപോയ ഉൎമ്മിളയോടു അയാളുടെ വിചാരങ്ങളിൽനിന്നു യാത്രപറഞ്ഞയയ്ക്കുന്നതിനു സമരേന്ദ്രൻ പഠിച്ചു പണിയെല്ലാം നോക്കി. എന്നാൽ ആ രണ്ടു ദിവസത്തെ വിരുന്നുകാരിയെ ബാഹ്യകാൎയ്യങ്ങളിൽ എത്രത്തോളം അധികമായി മറന്നു കളയുവാൻ സമരേന്ദ്രൻ ശ്രമിച്ചുവോ, അത്രത്തോളം അവളുടെ ഓൎമ്മ അയാളുടെ ഹൃദയത്തിൽ പ്രകാശിക്കുവാനും തുടങ്ങി.

ആ സന്ധ്യയിലാണ് വിവാഹാലോചനകളെ സമരേന്ദ്രൻ ഉൎമ്മിളയെ വീണ്ടും ഒരിക്കൽ കണ്ടുമുട്ടിയത്. ഒരു നിമിഷത്തേക്കു സമരേന്ദ്രന്റെ മനസ്സിൽ ഒരു ഭയങ്കരമായ ഇച്ഛ ഉണ്ടായി- ആ ചെറിയ ബാലികയെ, ഒരു കുട്ടിന് പൂവെന്നപോലെ തത്സമയം എടുത്തു ഓടിക്കൊണ്ടു പോയാലെന്താണ്? അവളില്ലാത്തതുകൊണ്ട് അയാളുടെ ദിവസങ്ങളും, രാവും പകലും ഒരുപോലെ വിഷമമയമായി തീൎന്നിരിക്കുന്നു. എന്നാൽ അവളെ ലഭിക്കുന്നതു വാസ്തവത്തിൽ അത്ര വിഷമമുള്ള ഒരു കാൎയ്യമാണോ?

അയാൾ പ്രത്യക്ഷലോകത്തിലേക്ക് ഒരിക്കൽക്കൂടി തിരിച്ചെത്തി. അവരുടെ മദ്ധ്യത്തിൽ നില്ക്കുന്ന തടസ്സം ബാഹ്യമായ ഒന്നു മാത്രമായിരുന്നോ? അവരെ വേർപെടുത്തിയിട്ടുള്ളതു യാതൊന്നോ അതിനു കുറച്ചുവാരയുടെ വിസ്താരമേയുള്ളൂ? ക്ഷേത്രനാഥന്റെ മരണപത്രം അതിന്റെ സ്വൎണ്ണപക്ഷങ്ങളെ പരത്തി ഉൎമ്മിളയെ വശപ്പെടുത്തിയിട്ടില്ലെന്നു സമരേന്ദ്രൻ എങ്ങനെ അറിയും? ഈ സമയത്ത് അയാൾ കിഴിഞ്ഞു ലളിതന്റെ കൈകളിൽനിന്ന്

അവളെ തട്ടിപ്പറിച്ചാലും ആയാൾക്ക് ഊർമ്മിളയെ ലഭിക്കുമോ? സമരേന്ദ്രൻ പിറുപിറുത്തു പോയി.

കുറച്ചു ദിവസം കഴിഞ്ഞ ശേഷം, ആയാൾ പാഠശാലയിൽനിന്നു മടങ്ങി വന്നു മുകളിലേക്കു പോകുവാൻ തുടങ്ങുമ്പോൾ, ഊർമ്മിളയുടെ മുറി തുറന്നു കിടക്കുന്നതായും ആരോ അതിന്റെ അകത്തു നടക്കുന്നതായും മനസ്സിലാക്കി. ഒരാൾ തന്റെ ഹൃദയത്തിൽ ഒരു കൊട്ടുവടികൊണ്ട് ഒരടി അടിച്ചതുപോലെ ആയാൾക്കു തോന്നി! ആരായിരിക്കാം? കൂട്ടിൽനിന്നു പറന്നു പോയ പക്ഷി, ചില അദൃശ്യങ്ങളായ ബന്ധങ്ങളാൽ ആകർഷിക്കപ്പെട്ടു തിരിയെ എത്തിയോ?

ആയാൾ മുകളിൽ വന്നു നോക്കിയപ്പോൾ, നാലഞ്ചു വയസ്സായ ഒരു പെൺകുട്ടി ആ മുറിക്കകത്തു ചുററി നടക്കുന്നതായി കണ്ടു. ആ കുട്ടി എതിർവീട്ടിൽ താമസിക്കുന്ന ഒരു വക്കീലിന്റെ പെണ്കുട്ടിയായിരുന്നു. അവൾക്കു ഊർമ്മിളയെ അത്യന്തം സ്നേഹമായിരുന്നു; ദിവസത്തിൽ ഒരു പന്ത്രണ്ടു പ്രാവശ്യം ഈ വീട്ടിൽ വന്നു പോകും. ഇതെന്തിനാണ് അവൾ വന്നിരിക്കുന്നത്?

"ഇന്ദു, എന്താ ഇത്രനാളും കാണാതിരുന്നത്?" എന്നു സമരേന്ദ്രൻ ചോദിച്ചു.

ഇന്ദു ആയാളുടെ മുഖത്തേക്കു നോക്കിക്കൊണ്ട് "ഞാൻ എന്റെ അമ്മാമന്റെ അടുക്കലേക്കു പോയിരിക്കയായിരുന്നു. ചെറിയമ്മ എവിടെ?" എന്നു ചോദിച്ചു.

"അവർ ഇവിടെയില്ല" എന്നു സമരേന്ദ്രൻ മുഖംതിരിച്ചുകൊണ്ടു ഉത്തരം പറഞ്ഞു. ഇന്ദു ആയാളെ അത്ഭുതത്തോടെ നോക്കിക്കൊണ്ടു നിന്നു. അപ്പോൾ രാമസുന്ദരി

അവിടെ എത്തി, “ ആ കുട്ടിക്ക എന്നെ വിശ്വാസമില്ല, അതുകൊണ്ട് അവൾതന്നെ വന്നു വാതൽ തുറന്നു നോക്കുകയാണ്. ചെറിയമ്മ ഇവിടെയില്ലെന്നിപ്പോൾ കണ്ടില്ലേ!” എന്നു ചോദിച്ചു.

തുന്ന കരയുവാൻ തുടങ്ങുന്നതുകണ്ടിട്ടു, സമരേന്ദ്രൻ ആ കുട്ടിയെ എടുത്തു ആയാളുടെ മുറിയിലേക്ക കൊണ്ടുപോയി. ഒരു ഇംഗ്ലീഷ് മാസികയിൽനിന്നു ഒരു ചായമിട്ട ചിത്രം, ഒരു ഉടഞ്ഞ കുപ്പിക്കുഴൽ, കേടുവന്ന മണിയുടെ ഒരു സ്പ്രിങ്ങ്, ഗുളകളും വേറെ ചില അപൂർവ്വസാധനങ്ങളും സമ്മാനിച്ചിട്ട്, അവളുടെ ചെറിയമ്മയെ കാണാത്തതിലുണ്ടായ ദുഃഖത്തെ മറപ്പിച്ചു വീട്ടിലേക്ക തിരിയെ അയച്ചു. ആയാൾ ഒരു ദീർഘശ്വാസത്തോടുകൂടി ഇപ്രകാരം വിചാരിച്ചു:—“എന്തിനാണ് ആരെങ്കിലും അവരെ കാണുവാനായി ഇനിയും ഇവിടെവന്ന് അന്വേഷിക്കുന്നത്?”.

വർഷകാലത്തിലെ ഇരുട്ട കല്ലറയിൽ സ്ഥിരമായി കൂടിയതുപോലെ കാണപ്പെട്ടു. അങ്ങനെ ഒരു കാലത്തു ഒരാൾക്ക ചെയ്യുവാനുള്ള ജോലിക്ക മനസ്സുണ്ടാകുന്നില്ല; എന്നാൽ ഏതോ അജ്ഞാതമായ ഒന്നിനെ ഭയപ്പെട്ടുകൊണ്ട് ആ പ്രവൃത്തിക്കായി തന്റെ ശക്തിയെല്ലാമെടുത്ത് ഉത്സാഹിക്കുന്നു. തന്റെ ജോലിയെക്കാളും, എല്ലാ ആവശ്യങ്ങളെക്കാളും, വാസ്തവത്തിൽ ആലോചനയ്ക്കതീതമായി ഒരു അവ്യക്തമായ അഭാവം ആയാളുടെ ഹൃദയത്തെ ബന്ധിക്കുവാൻ ശ്രമിക്കുന്നു; അതിൽനിന്നു രക്ഷപ്പെടുവാൻവേണ്ടി തനിക്ക കിട്ടുവാൻകഴിയുന്നവയെല്ലാംകൊണ്ടു ആത്മരക്ഷയ്ക്കായി ആയാൾ ഉദ്യമിക്കുകയും ചെയ്യുന്നു. ഈ തരത്തിൽ, ജോലിയൊന്നും ചെയ്യുന്നില്ല; നേരെ മറി

ച്ചു, ജോലിയിൽനിന്നു വിട്ടൊഴിയുവാൻ ഒരാൾക്കു കഴിയു ന്നതുമില്ല.

ഇതുപോലെയുള്ള സുകരമല്ലാത്ത ഒരു ദിവസം വൈകുന്നേരം, സമരേന്ദ്രൻ പഠിപ്പിക്കുവാനുള്ളതെല്ലാം ഉച്ചക്കുതന്നെ കഴിച്ചു, മഴക്കോട്ടും ചുമലിൽ ധരിച്ചുകൊണ്ടു വീട്ടിലേക്കു മടങ്ങുകയായിരുന്നു. ആയാൾക്കു അന്നു നല്ല സുഖമുണ്ടായിരുന്നില്ല, മഴകൊണ്ടു നനയുവാൻ ഇഷ്ടമില്ലാഞ്ഞതുകൊണ്ടു്, ആയാൾ ഒരു ട്രാം നില്ക്കുന്ന സ്ഥലത്തേക്കു വേഗപ്പെട്ടു നടന്നു. അന്നവിടെ വലിയ തിരക്കുണ്ടായിരുന്നു. ഈപ്രകാരമുള്ള ഒരു ദിവസത്തിൽ ട്രാമിലും തിരക്കുണ്ടാവുന്നതിനെക്കുറിച്ചു വിസ്മയിപ്പാനില്ല; എന്നാൽ തിരക്കിന്റെ മദ്ധ്യത്തിൽ കുറെ മാന്യസ്ത്രീകൾ നില്ക്കുന്നതുകണ്ടിട്ടു് അത്ഭുതത്തോടെ മുമ്പോട്ടു ചെന്നു. ആ സന്ധ്യാസമയത്തെ മങ്ങിയ വെളിച്ചത്തിൽ ഒന്നാമതായി ആയാൾ കണ്ടതു ഉർമ്മിളയെ ആയിരുന്നു.

ഹേമബാല വളരെ ആളുകളെ കൂട്ടിക്കൊണ്ടു ഗംഗാസ്നാനം കാണുവാൻ പോയിരുന്നു. ആദ്യമായി വീട്ടിലുള്ള തിരക്കുകൊണ്ടു തനിക്കു ഉർമ്മിളയുമായുള്ള സംഭാഷണത്തിനു വളരെ അവസരങ്ങളും നേരിടുന്നതായി ബുദ്ധി തൻ പാലയിൽ തന്റെ അമ്മയെ അറിയിച്ചിരുന്നു. അതുപോലെതന്നെ സന്ധ്യക്കു വരുമ്പോഴെല്ലാം അവർ കുട്ടികളെയും കൂട്ടിക്കൊണ്ടു പുറത്തുപോവുക പതിവായിരുന്നു. ഉർമ്മിളയുടെ കാര്യങ്ങളും മറ്റും തീർച്ചപ്പെടുത്തേണ്ടതു് അത്യാവശ്യമായി തോന്നി. ഒന്നാമതു്, ഇനിയും താമസിക്കുന്നതിൽ ഭംഗി പോരാ; രണ്ടാമതു്, നാട്ടുപുറത്തുള്ള വാസം അധികാലം ര സുഖിച്ചില്ലായിരുന്നാൽ, താമസിയാതെ കല്ക്കത്തയ്ക്കു

വരുവാൻ നോക്കാമെന്നും അവിടെ കുറച്ചുദിവസത്തെ താ
മസമുണ്ടാകുമെന്നും സ്വാമിനാഥൻ അറിയിച്ചിരുന്നു. എ
ന്നാൽ അന്നു ലളിതന്റെ ആഗ്രഹംപോലെ, [illegible]
ത്തിനുള്ള അവസരം കിട്ടിയില്ല. മഴക്കാറിന്റെ നില
കൊണ്ടു വീട്ടിൽ വേഗം എത്തുവാനായി, അവരുടെ സ്വ
ന്തം വണ്ടിക്ക കാത്തുനില്ക്കാതെ ട്രാം കയറി പോരികയേ
ത് ആവശ്യമായി.

ആ വണ്ടിക്ക മുമ്പായി മഴയെത്തി. ലളിതൻ താൻ
പുതച്ചിരുന്ന മെഴ്സ്രീ ഉത്തരീയത്തിന്റെ തലയ്ക്കും മേലുംകൂ
ടിയിട്ടു കാററടിച്ചുകയറുന്ന മഴ തടയുവാനായി അവ
ളുടെ മുമ്പിൽ നിന്നു. ലളി, അവളുടെ പട്ടുശീലയിട്ടിട്ടുള്ള
കുടയോടുകൂടെ സ്നേഹം വിടാതെ, ഗിരിബാലയുടെ കുടയിൽ
കൂടിനിന്നു; അതു വളരെ അധികം ചെറുതുമായിരു
ന്നു. നഗരം തന്റെ ഗൌരവം നിലനിർത്തുവാൻ വേണ്ടി
യാതൊന്നുമില്ലാതെ നിന്നു നനയുവാൻ തുടങ്ങി.

ട്രാം വന്നു, അതിൽ വലിയ തിരക്കുണ്ടായിരുന്നു. എ
ന്നാലും ഈ മഴകൊണ്ടുനിന്നു നനയുന്നതിനെക്കാൾ ഭേദമല്ലോ;
അതിനാൽ [illegible], [illegible]
ആ വണ്ടിയിലേക്ക ആളുകളെ തള്ളി [illegible] തുട
ങ്ങി. [illegible] മ
ഴവെള്ളം [illegible] ആ വണ്ടിയുടെ [illegible] വരെ [illegible]
[illegible]. [illegible]
[illegible]
[illegible]

ലളിതന്റെ [illegible]

വനും കീഴ്മേൽ മറിയുന്നതായി തോന്നി. അപ്പോൾ, ഭൂമി പിളർന്നിരുന്നെങ്കിൽ, ആയാൾ അതിൽ ചാടുവാൻ മടിക്കുകയില്ലായിരുന്നു. എന്നാൽ ഒരു അസംഭാവ്യമാകയാൽ, ആയാൾ തന്റെ അമ്മയെ സഹായിക്കുവാൻ മുമ്പോട്ടു ചെന്നു്, അവരെ എഴുന്നേല്പിച്ചു വണ്ടിയിലിരുത്തി കരഞ്ഞുകൊണ്ടു നില്ക്കുന്ന ലതികയേയും കയററി അമ്മയുടെ അടുത്തിരുത്തിയിട്ടു, പരിഭ്രമത്തോടെ ഊർമ്മിളയെ നോക്കുമ്പോഴേക്കു വണ്ടി ദ്രുതഗതിയായി പുറപ്പെട്ടുകഴിഞ്ഞു. "ഊർമ്മിള എവിടെയാണെന്നു വേഗം നോക്കു" എന്നു ഗിരിബാല, അവരുടെ ഉടുപ്പിൽ പററിയിരുന്ന ചളിയെല്ലാം വളരെ ശ്രദ്ധയോടെ കാണാത്ത നിലയിലാക്കി വെക്കുന്നതിനിടയിൽ പരിഭ്രമിച്ചുകൊണ്ടു പറഞ്ഞു.

മഴ അവരെ എല്ലാവരേയും മൂടിക്കൊണ്ടു ഒരു തിരശ്ശീലയിട്ടു. ലളിതൻ വീണ്ടും വണ്ടിയിൽ നിന്നിറങ്ങുവാൻ ഭാവിച്ചപ്പോൾ, നരൻ ഏതോ മൂലയിലിരുന്നുകൊണ്ടു, "ജ്യേഷ്ഠ! ഊർമ്മിളച്ചേച്ചി രണ്ടാംക്ലാസ്സുമുറിയിൽ കയറുന്നതു ഞാൻ കണ്ടു. ഒരു വെള്ളക്കാരത്തിസ്ത്രീയും അവരുടെ ഒന്നിച്ചുണ്ടു്. ഇനിയത്തെ താവളത്തിൽ വണ്ടി നില്ക്കുമ്പോൾ ഞാനവിടെ എറങ്ങി അവരുടെ മുറിയിൽ കയറിക്കോളാം" എന്നു വിളിച്ചുപറഞ്ഞു.

വെള്ളക്കാരത്തിസ്ത്രീയുടെ കാര്യം കേട്ടപ്പോൾ ലളിതൻ ഒരുമട്ടു സമാധാനപ്പെട്ടു് അവിടെ ഇരുന്നു. ആയാളുടെ ഉള്ളിൽ അപ്പോൾ ഒരു ലഹള നടക്കുന്നുണ്ടായിരുന്നു. അയ്യോ! കഷ്ടം! ഇതു ലജ്ജാകരമായ ഒരു സ്ഥിതിയിൽ ആയാൾ മുമ്പൊരിക്കലും പെട്ടിട്ടില്ല. ആ സമയത്തു ആയാൾക്കു ഗിരിബാലയോടു തോന്നിയിരുന്ന വികാരങ്ങൾ

നിശ്ചയമായും ആ പുത്രന്റെ ധൎമ്മത്തിനൊത്തവയല്ലായിരുന്നു.

നരേൻ പറഞ്ഞതു കുറെച്ചൊക്കെ വാസ്തവമായിരുന്നു. വെള്ളക്കാരത്തിയായിരിക്കാം; ഒരു സ്ത്രീകൂടി ആ രണ്ടാംക്ലാസ്സുമുറിയിൽ കയറിയിരുന്നു; എന്നാൽ അവരുടെയും ഊൎമ്മിളയുടെയും വണ്ടികയററത്തിനു തമ്മിൽ യാതൊരു സംബന്ധവുമുണ്ടായിരുന്നില്ല. ഗിരിബാല പെട്ടെന്നു വീണപ്പോൾ ഊൎമ്മിള പരിഭ്രമിച്ചു. വണ്ടി നീങ്ങിത്തുടങ്ങുന്നതുവരെക്കും 'നിങ്ങൾ അവൎക്കുവേണ്ടി കാത്തുനില്ക്കയില്ല' എന്നുള്ള താല്പൎയ്യം കാണിച്ചില്ല. മഴയുടെ ശക്തികൊണ്ടു അവരുടെ കണ്ണും കാണാതെയായി. അവർ പോണം, എന്നാൽ എങ്ങിനെയാണ്? നാലുഭാഗത്തും പരിചയമില്ലാത്ത മുഖമേയുള്ളു. ഊൎമ്മിളയുടെ ഭയചകിതമായ നോട്ടം വഴിയിലെ യാത്രക്കാരിൽനിന്നു സഹായത്തെ അന്വേഷിച്ചുകൊണ്ട് അങ്ങുമിങ്ങും പാഞ്ഞിരുന്നു. അപ്പോൾ ആരോ ബലാൽക്കാരത്തോടുകൂടി അവളെ വലിച്ചു ഇളകിത്തുടങ്ങിയ വണ്ടിയിൽ കയറി. ഊൎമ്മിള നോക്കിയപ്പോൾ, സമരേന്ദ്രൻ തന്റെ കൈ അപ്പോഴും മുറുകിപ്പിടിച്ചുകൊണ്ടു വണ്ടിയിൽ നില്ക്കുന്നതു കണ്ടു.

ഊൎമ്മിളയുടെ ഹൃദയത്തിന്റെ സ്പന്ദനം നിന്നു, രക്തം ഞരമ്പുകളിൽ തിളച്ചു തുള്ളുവാൻ തുടങ്ങി. അവൾ വിറക്കുന്നതായി സമരേന്ദ്രനു തോന്നി. ആ മുറിയുടെ ഒരു കോണിൽ ഇരിക്കുവാനായി അവൾക്കു കുറച്ചു സ്ഥലമുണ്ടാക്കിക്കൊടുത്തു. വണ്ടിക്കുള്ളിലുണ്ടായിരുന്ന തിരക്കിന്റെ ആധിക്യത്താൽ മാന്യമായവിധത്തിൽ ചേരുന്ന ള

ടം അനുഭവിക്കുവാൻ സൌകൎയ്യമുണ്ടായില്ല. അതിനാൽ ആയാളും ഊൎമ്മിളയുടെ സമീപത്തിരിക്കുന്നു.

അവരുടെ ദേഹം സ്പൎശിച്ചപ്പോഴും സമരേന്ദ്രന്റെ സകല നാഡികൾക്കും ലഹരിപിടിക്കാനെന്നപോലെയുള്ള ഒരനുഭവമുണ്ടായി. അസംഗതമായി വല്ലതും പ്രവൎത്തിച്ചുകളയുമോ എന്നു ഭയപ്പെട്ട് ആയാൾ അതിനെ എത്രത്തോളം അടക്കുവാൻ ശ്രമിച്ചുവോ, അത്രത്തോളം ആയാളുടെ ഉള്ളിൽ കിടക്കുന്ന തീരെ വ്യത്യസ്തമായ മറ്റൊരു ശക്തി ആ ലഹരിയെ കൊടുക്കുന്ന വിചാരത്തെ വീണ്ടും വീണ്ടും വൎദ്ധിപ്പിച്ചു. തിരിയുന്നതിന്നു സ്ഥലമില്ലെങ്കിലും ആയാൾ പണിപ്പെട്ടു തല തിരിച്ചുപിടിച്ചുകൊണ്ട് ആ വണ്ടിയിലിരുന്നു.

പെട്ടെന്ന് ആയാളുടെ ശ്രവണങ്ങൾക്കെത്തുമാറായി ഒരു മൃദുസ്വരം കേട്ടു "എന്താ വല്ല സുഖമില്ലേ?"

സമരേന്ദ്രൻ തിരിഞ്ഞു ഊൎമ്മിളയെ നോക്കി. ആയാളുടെ ഉള്ളിലുള്ള വിചാരം അവളുടെ മുഖത്തു തട്ടി. ചോദ്യത്തിന്നുത്തരമായി "ഇല്ല." എന്നു പറഞ്ഞു. "എനിക്കു വിശേഷിച്ചു സുഖക്കേടൊന്നും തോന്നുന്നില്ല." ഊൎമ്മിളയ്ക്കു എത്ര സാധാരണപോലെ സംസാരിക്കുവാൻ കഴിയുന്നു! ഇതുവരെക്കും അധ്വാനിച്ചിട്ടും ഇപ്പോഴും എന്തെങ്കിലും പറയുവാൻ വിചാരിക്കുന്നതിന്നുപോലും ആയാൾക്കു സാധിക്കുന്നില്ല. തന്റെ വാക്കുകൊണ്ടുദ്ദേശിക്കുന്നതിന്നു വാക്കുകളെ കണ്ടുപിടിക്കുവാൻ വേണ്ടി അധ്വാനിക്കുന്നതുണ്ടോ? അതു ഈ ശാന്തതയോടും സമാധാനത്തോടും കൂടിയിരിക്കുന്ന ബാലികയോടു പറയുവാനുള്ളതല്ല. അങ്ങിനെ ഒരു ആയാൾ അതിനെ ഒതുക്കി. ഊൎമ്മിളയ്ക്കു ആ നി

സ്സാരമായ വാചകങ്ങളെ ഉച്ചരിക്കേണ്ടതിന്നു, ലജ്ജ അഭിമാ
നമുതലായ എത്രയെല്ലാം തടസ്ഥങ്ങളെ കടന്നിട്ടു്, എത്ര
വിഷമിച്ചിട്ടു വേണ്ടിവന്നു എന്നു് ആയാൾ അറിഞ്ഞില്ല.
ഞൊടിവന്ന ആ ഭാവം ക്ഷണത്തിൽ കണ്ടു; സമരേന്ദ്രൻ ഒരു വാക്ക
പോലും മിണ്ടിയില്ല. ഇന്നു് അതിന്നു പ്രതിക്രിയയായി
അവൾ മിണ്ടാതിരിക്കുമായിരുന്നു. എന്നാൽ പ്രതിക്രിയ
യ്ക്കുള്ള അവസരം എവിടെ? എന്നു്? സമരേന്ദ്രന്റെ ശ
ബ്ദം കേട്ടിട്ടു് എത്ര വർഷങ്ങളായി! "ചാരിയമ്മ
യ്ക്കു സുഖമല്ലേ?" എന്നു ഉർമ്മിള പിന്നെയും ചോദിച്ചു.

"അതെ, അവൾക്കു സുഖം തന്നെ. നിന്നെ അന്വേഷി
ച്ചു വന്നിരുന്നു."

ഉർമ്മിളയുടെ കണ്ണുകളിൽ വെള്ളം നിറഞ്ഞു; മുട്ടിയ
സ്വരത്തിൽ അവൾ പണിപ്പെട്ടു പറഞ്ഞു:—'അപ്പോൾ
അവൾ എന്നെ ഇപ്പോഴും ഓർക്കാറുണ്ട് അല്ലേ?'

"അല്ലതിൽ അവർക്കു് നിന്നെ മറക്കാൻ സാധി
ച്ചിട്ടുണ്ടോ?" സമരേന്ദ്രന്റെ ചോദ്യത്തിന്നു് ഈ വാക്ക
കൾ മറക്കാതെ ഇരുന്നപോലെ; അതു പറഞ്ഞ ഉടനെ
അതേ നിമിഷത്തിൽ തന്നെ ആ വണ്ടിയിൽനിന്നു കി
ട്ടാതെ ചാടുവാൻ ആയാൾ ആഗ്രഹിച്ചു. ഈ അഭി
പ്രായത്തെ ഉർമ്മിളയ്ക്കു മനസ്സിലാക്കാൻ എളുപ്പമായിരു
ന്നതുകൊണ്ടു്, അവനവന്റെ അതിവിസ്തൃതത്തെ വെളിപ്പെടു
ത്തുക എന്നല്ലാതെ എന്തു ലജ്ജാകരമായതു്?

ലജ്ജയുടെ ഗതിയെ പറ്റി അറിയുവാൻ സാ
ധിച്ചിരുന്നു എങ്കിൽ, ആയാൾ എന്തു ചെയ്യുമായിരുന്നു എ
ന്നു ഊഹിക്കുവാൻപോലും പ്രയാസം. ഈ നിസ്സാരമാ
യ അഭിപ്രായം തന്റെ സ്വഭാവത്തോടുകൂടെ കണ്ണുകൾക്ക

സ്വപ്നത്തിന്റെ ഏതോ പ്രധാനഭാഗത്തിൽ ഉണൎന്നു കാണിച്ചുകൊടുത്തു എന്ന വസ്തുത അറിയുന്നതിനു ഭാഗ്യവശാൽ ആയാൾക്കു മാത്രമൊന്നുമുണ്ടായിരുന്നില്ല തന്റെ ജീവിതം മുഴുവനും കരകാണാത്തതായ ദുഃഖസമുദ്രം പോലെ നീണ്ടു കിടക്കുന്നതായി ആയാൾക്കു തോന്നി.

എന്നാൽ ഒരു ആകാശക്കോട്ടപോലെ തന്നെ ഒരു സ്വപ്നപുരിയും ക്ഷണനേരംകൊണ്ടു് അഗോചരമായ ആകാശമായി തീരുന്നു. ഉറക്കത്തിൽ വന്നതു് ഉറക്കത്തിൽ ശൂന്യമായി പോയിട്ടുണ്ടാവാം. “മഴ നിന്നു തുടങ്ങി. ഞാൻ മറേറ വണ്ടിയിൽ കൊണ്ടുപോയാക്കട്ടെ? ഖുദിതബാബു ഒരുസമയം പരിഭ്രമിച്ചിരിക്കുന്നുണ്ടാവും.” എന്നു സമരേന്ദ്രൻ പറഞ്ഞു.

“അങ്ങനെ തന്നെ.” എന്നു ഉൎമ്മിള സമ്മതിച്ചു. ആയാളുടെ ആദ്യത്തെ അഭിപ്രായം കേവലം മൎയ്യാദയ്ക്കു വേണ്ടി പറഞ്ഞതല്ലെന്നു വിശ്വസിക്കേണ്ട ആവശ്യമെന്താണു്? ആയാൾ ഒരു മന്ദഹാസത്തോടുകൂടി അതേ അഭിപ്രായം എത്ര ആളുകളോടു പറഞ്ഞിട്ടുണ്ടാവാം, എത്ര പേർ ആയാളോടു പറഞ്ഞിട്ടുണ്ടാവാം? ആ നിലയ്ക്കു ഒരു സാരമില്ലാത്ത അഭിപ്രായത്തിന്നു് അൎത്ഥം കല്പിച്ചുകൊണ്ടു് അവളുടെ ജീവിതത്തിൽ അധികമായ വ്യസനത്തെ വലിച്ചിടുന്നതെന്തിനാണു്? അവൾക്കാണെങ്കിൽ അന്വേഷിച്ചുകൊണ്ടുവരാതെതന്നെ വ്യസനത്തിനു കുറവൊന്നുമില്ല.

സമരേന്ദ്രൻ വണ്ടിമാറുന്നതിനു മുമ്പായി, നരൻ അവളുടെ മുറിയിലേക്കു ചാടിക്കയറി. അവൻ അവളുടെ അടുത്തെത്തി ആളുകളെ തിക്കിനീക്കി അവന്നിരിക്കുവാൻ സ്ഥലമുണ്ടാക്കി, “അമ്മ എന്നെ ഇവിടേക്കു പറഞ്ഞയ

ച്ചു. ജ്യേഷ്ഠൻ അവിടെ നില്ക്കുന്നുണ്ട്. ഇപ്രകാരം വരും, എന്നിട്ടു നമുക്കിറങ്ങാം." എന്നു പറഞ്ഞു.

കുറച്ചു നേരംകൊണ്ട് അവർക്കിറങ്ങുവാനുള്ള താവളത്തിലെത്തി. സമരേന്ദ്രൻ ഇറങ്ങി. ലളിതൻ ഉടനെ വന്നു ഊർമ്മിളയെ ഇറക്കി. പ്രേമശൃംഖലകളാൽ ബന്ധിക്കപ്പെട്ടിരുന്ന തടവുകാരത്തി തന്റെ തടവു മുറിയിലേക്ക മടങ്ങുകയും ചെയ്തു.

അദ്ധ്യായം ൧൫.

ഒരു ദിവസം ലളിതൻ കോടതിയിൽ നിന്നു മടങ്ങിവന്നിട്ട് ഉടുപ്പുകളം മാറി നേരെ ഗിരിബാലയുടെ മുറിയിൽ ചെന്നു.

ഗിരിബാല, അയാളെ കണ്ടപ്പോൾ, കട്ടിലിന്മേൽ എഴുന്നേററിരുന്നിട്ട് "എന്താണ്?" എന്നു ചോദിച്ചു.

"അമ്മെ, എന്താ സംഗതി, പറയൂ." എന്നു ആ കട്ടിലിന്മേൽ തന്നെ ചെന്നിരുന്നുകൊണ്ടു ചോദിച്ചു. "രാവും പകലും ഊർമ്മിളയുടെ മുറി അടച്ചു കാണുന്നു; അവളെ ഒന്നു കാണുവാൻകൂടി സൌകര്യം തരുന്നില്ല; വല്ലതും ഞാൻ സംസാരിക്കുന്നതായാലൊ, ഒരൊററ വാക്കിലധികം ഒന്നും പറയുന്നില്ല. ഇതിന്റെ എല്ലാം സാരം എന്താണ്? എനിക്കിനി ഇതു താങ്ങാൻ സാധിക്കില്ല, ഉടനെ ഞാൻ വീടു വിടേണ്ടതായിവരും."

"ഞാനെങ്ങനെയാണറിയുന്നത്?" എന്നു ഗിരിബാല മകന്റെ കഷ്ടപ്പാടു കണ്ടിട്ടു വ്യസനിച്ചുകൊണ്ടു പറഞ്ഞു.

“ആ കുട്ടിയുടെ മനസ്സറിയുവാൻ വിഷമമാണ്. കഴിഞ്ഞ കുറച്ചു ദിവസത്തിനിടയ്ക്ക് എത്ര വന്നുപെട്ടു എന്നെനിക്കറിഞ്ഞുകൂടാ. സ്നേഹമോ ദ്വേഷമോ കാണിക്കുന്നതിൽ ഞാൻ ഒട്ടും കുറച്ചിട്ടില്ല. അതുകൊണ്ടും ഫലം ഇച്ഛിപ്പിട്ടതില്ലെങ്കിൽ, അതിലധികം ഞാനെന്താണ് ചെയ്യുക? ജനങ്ങൾ പലതും പറയുന്നുണ്ട്; അവ ഒരാളുടെ മനസ്സിളക്കുന്നതാണെങ്കിൽ, അത്ഭുതപ്പെടുവാനില്ല; കല്ലും ഒരു വിധത്തിലുള്ളതാണെന്ന് നിനക്കറിയരുതേ? മറ്റൊരാൾക്കു ഉപദ്രവമുണ്ടാക്കിത്തീർക്കാൻ ഒരു സന്ദർഭം കിട്ടിയാൽ, അവർക്കും, അവരുടെ തല പോയാലും ശരി, അതു വെറുതെ കളയില്ല. കുറച്ചു ദിവസത്തേക്ക് ഇവിടം വിട്ടു പോകുന്നതായിരിക്കും നല്ലത്. ആനന്ദബാബു ഗിരിധിയിലേക്ക് പോകുന്ന കാര്യം ഇന്നാളെ പറഞ്ഞതായിട്ടുള്ളൂ. അതത്ര ചീത്തയല്ല.”

“അല്ല, അമ്മേ, ഈ മാതിരിയൊന്നും ഇനി പാടില്ല. തെറ്റുകളൊന്നു തീർച്ചപ്പെടുത്തണം. ഒന്നുകിൽ ഉമ്മിള ഇവിടെ താമസിക്കട്ടെ, അല്ലെങ്കിൽ പോകട്ടെ. ഇപ്പോൾ എന്റെ നില വെള്ളത്തിലെ കുമിളപോലെ എന്നറിയുവാൻ സാധിക്കില്ലാതെയാണ് ഇരിക്കുന്നത്. നിങ്ങളെല്ലാവരുംകൂടി എന്നെ നല്ല കണ്ണിയിലാണ് കൊണ്ടുപോയി ചാടിച്ചത്! എത്ര കാലത്തേക്കാണ് ഇങ്ങനെ ഒരു കഴിച്ചുകൂട്ടേണ്ടത്, പറയൂ? ഇന്നു തന്നെ ഒരു വിധത്തിലും ഞാൻ തീർച്ചപ്പെടുത്തുവാനാണ് പോകുന്നത്.”

“ദൈവമേ, ഈ ഭ്രാന്തുപിടിച്ച കുട്ടിയുടെ വേല!” എന്നു ഗിരിബാല ക്ഷമയില്ലാതെ പറഞ്ഞു. “ഇനി എന്തു പുതിയ കുഴപ്പമാണ് ആയാൾ ഉണ്ടാക്കുവാൻ പോകുന്ന

ത്? ലോകരുടെ മനസ്സ് എപ്പോഴും ഒരേ നിലയിലിരിക്കുമോ? അതിനെ പററി ഇത്ര കോപിക്കാനുണ്ടോ? വേണ്ടില്ല, ഞാൻ തന്നെ ഈ ഊർമ്മിളയോട് ചോദിച്ചുകളയാം; നീ ഇത്ര ദേഷ്യപ്പെടുകയൊന്നും വേണ്ട."

"അതു ശരിയാണ്", കാര്യങ്ങളെല്ലാം വിട്ടതന്നിട്ട് എന്നെ നല്ല നിലയിലാണ് എത്തിച്ചിരിക്കുന്നത്; പിന്നെ എന്റെ മുഖം പൊക്കി നടക്കാനാവില്ല." എന്നു പറഞ്ഞ് ലളിതൻ ദേഷ്യപ്പെട്ട് അവിടെനിന്നു പോയി.

ഉച്ചതിരിഞ്ഞപ്പോൾ, ഗിരിബാല ഊർമ്മിളയെ അന്വേഷിച്ചുപോയി. വളരെ തിരഞ്ഞശേഷം, അവളെ നിലാമുററത്തുനിന്നു കണ്ടു. അവൾ അവിടെ കല്ലുകൊണ്ടു പണിതിട്ടുള്ള പ്രാകാരം കഴിഞ്ഞ ക്രാന്തിയിന്മേൽ ചാരിക്കൊണ്ടു നഗരത്തിലെ ഓരോ കെട്ടിടങ്ങളും നോക്കി നില്ക്കുകയായിരുന്നു.

"കുറച്ചു ദിവസമായിട്ട്, നിന്നെ കണ്ടാൽ, നിന്റെ മനസ്സിന് എന്തോ സുഖക്കേടുണ്ടെന്നു തോന്നുന്നല്ലോ." എന്ന് ആ വൃദ്ധനായിക, ഊർമ്മിളയുടെ അടുത്തുചെന്നു അവളുടെ പുറത്തു തലോടിക്കൊണ്ട്, പറഞ്ഞു. "നിനക്ക് ദേഹസുഖക്കേടും ഇല്ലല്ലോ? എന്താ എന്നോടു പറയാത്തത്? നോക്ക, എന്റെ കുട്ടി, നിന്നെ എനിക്കു ലതികയെക്കാൾ ഒരുവിധത്തിലും വ്യത്യാസമില്ല; പിന്നെ എന്തിനാണ് എന്നോടിത്ര ഒളിവു?"

"എന്തുകൊണ്ട്? ഇല്ലാ, എനിക്ക് ഒരു സുഖക്കേടും ഇല്ല."

"ദേഹത്തിൽ വേദനയെന്നില്ലെങ്കിൽ, അതു കൂടാതെ വല്ല സുഖക്കേടും ഉണ്ടാവും, അമ്മൂ; നിനക്കു പുറമെങ്ങും പോ

വാൻ ഇഷ്ടം കാണുന്നില്ല. ഇന്ന ലളിതനു് എന്തു വ്യസനമായിരുന്നു!"

ലളിതന്റെ പേർ കേട്ടപ്പോഴം, ഊൎമ്മിള മുഖം തിരിച്ചുനിന്നു. ഇതു ലജ്ജയുടെ ലക്ഷണമാണെന്നു തീരുമാനിച്ചുകൊണ്ടു് ഗിരിബാല പിന്നെയും പറഞ്ഞു:—"മകളെ, നീ ഒരു കുട്ടിയല്ല, എന്നോടു നിന്നിൽനിന്നു ഒന്നും ഒളിച്ചുവെക്കേണ്ടില്ല; നിനക്കു എല്ലാം അറിയുകയും ചെയ്യാം. ഞങ്ങൾ എന്താണു് കാത്തിരിക്കുന്നതെന്നു നിനക്കു മനസ്സിലാകാം. ക്ഷേത്രനാഥന്റെ ഒടുവിലത്തെ ആഗ്രഹം ഞങ്ങളെല്ലാം സമ്മതിച്ചിരിക്കുന്നു. നിന്റെ പെരുമാറ്റംകൊണ്ടു്, നിനക്കും അതു മനസ്സാണെന്നാണു് ഞങ്ങൾ കരുതിയിട്ടുള്ളതു്. എന്നാൽ, അങ്ങിനെയെല്ലാമാണെങ്കിലും, അതു നിന്റെ വായിൽനിന്നു തന്നെ വീണ്ടും കേൾക്കുന്നതായാൽ അധികം നല്ലതാണല്ലോ. അങ്ങിനെയാകുമ്പോൾ പിന്നെ അസൌകര്യമുള്ള കാരണമില്ല. നീ എന്താണു് പറയുന്നതു്?"

ഊൎമ്മിള ഉത്തരമൊന്നും പറഞ്ഞില്ല.

"എന്താ പറയുന്നതു്, എന്തെങ്കിലും ഉത്തരം പറയൂ." എന്നു ഗിരിബാല നിൎബ്ബന്ധിച്ചു. "എനിക്കു തീൎച്ചയൊന്നും പറഞ്ഞു തരേണ്ട; ഞാൻ ദിവസവും മണിക്കൂറും ഇന്നതെന്നു നിശ്ചയിക്കുന്നില്ല. എന്നാലും നിന്നെ ഒരു മകളെപ്പോലെ വളൎത്തിക്കൊണ്ടുവന്നു് നിനക്കുവേണ്ടി സ്വന്തം കുട്ടികളെക്കൂടി വിട്ടുപോയ ഒരാളുടെ ഇഷ്ടത്തെ നീ നടത്തുവാൻ ഒരുക്കമുണ്ടോ എന്നു എനിക്കു കേൾക്കണം. നിനക്കു് അദ്ദേഹത്തോടുള്ള കടമ എത്രത്തോളമുണ്ടെന്നു ആലോചിക്കുക. നിനക്കു അദ്ദേഹത്തിൽ ഭക്തിയാവശ്യകാ

ശവുമില്ല, എന്നാൽ നിനക്കു കിട്ടിയിട്ടുള്ളത് എന്താണെന്നു നോക്കു. ഇത്രവലിയ സ്നേഹത്തിനുള്ള പ്രതിഫലമായി നിനക്കു ചെയ്യുവാനുള്ളതു നീ പ്രവർത്തിക്കുകയില്ലേ?"

"ഞാൻ എന്റെ മുറ ചെയ്യു"മെന്നു ഊർമ്മിള ഒടുവിൽ തിരിഞ്ഞുനിന്നു പറഞ്ഞു:—"ദയവുചെയ്തു ഇപ്പോൾ ഇനിയൊന്നും പറയാതിരിക്കണെ!"

ഗിരിബാല ഈ ഉത്തരം കൊണ്ടു സന്തോഷിച്ചുവോ എന്നതല്ല കാര്യം. തല്ക്കാലം പിന്നെ ഒന്നും പറയാതെ അവർ എറങ്ങിപ്പോയി.

ആകാശത്തിന്റെ ആനനത്തിൽനിന്നു ആദിത്യന്റെ അസ്തമനപ്രഭ മുക്കാലും മാഞ്ഞുപോയി. സന്ധ്യാദേവിയുടെ കേശബന്ധത്തിൽനിന്നു കൊഴിഞ്ഞുവീണ ഒരു ചെമ്പകപ്പൂവുപോലെ പശ്ചിമചക്രവാളത്തിന്റെ അതിർത്തിക്കോണിൽ ഒരു സ്വർണ്ണമേഖലയുടെ ഛായ മാത്രം കിടന്നിരുന്നു. ആ വഴിക്കു നോക്കിക്കൊണ്ട് ഊർമ്മിള ആ നിലാമുററത്തുതന്നെയിരുന്നു.

അവളുടെ ജീവിതത്തിൽ എത്ര ദിവസങ്ങൾ കഴിഞ്ഞുകൂടി! എന്നിട്ടും അവളുടെ ആനന്ദമഞ്ജൂഷ ഈ വിധം ഒഴിച്ചുകളഞ്ഞത് എങ്ങനെയാണ്? സൌഖ്യത്തിനും അവരുടെ ശൈശവത്തോടൊ കൌമാരത്തോടൊ യാതൊരു ബന്ധവുമുണ്ടായിരുന്നില്ല. അതുരണ്ടും ഒരു വിധത്തിൽ നന്നായിരുന്നു. അതിനു ശേഷം, മറെറാരുദിവസം ആഗതമായി ആ പുതിയ രാജ്യത്തിൽ പ്രവേശിച്ചപ്പോൾ, അവളുടെ ഹൃദയത്തിൽ ആ ഒഴിഞ്ഞുകിടന്നിരുന്ന സിംഹാസനത്തെ അവർ പൂർണ്ണമാക്കിയിരുന്നു. പ്രഭാതത്തിന്റെ പ്രഥമമായ പ്രകാശത്തോടുകൂടി അവളുടെ തുറന്ന കണ്ണു

കൾക്കുമുമ്പാകെ ഓരോ ദിവസവും എത്തിച്ചേരുമ്പോൾ, അമൃതപ്രവാഹത്തിൽ മുങ്ങിയതുപോലെ ആനന്ദഭരിതമായി തോന്നി. ആ ഉറവിന്റെ ഉത്ഭവത്തെ പററി ആലോചിക്കുവാൻപോലും പുറപ്പെടാതെ, അതിനെ അനുഭവിക്കുവാൻ അവൾ അത്യന്തം താല്പര്യപ്പെട്ടു. മന്ത്രവാദശക്തിയാൽ അപഹൃതചിത്തയായ യുവതി മന്ത്രവാദിയെ അന്വേഷിക്കുവാൻ ആഗ്രഹിച്ചതുമില്ല.

മറെറാരവസരത്തിൽ, ആ ആകർഷണശക്തിയും അവളുടെ ആലോകനപഥത്തിൽനിന്നു മറഞ്ഞു. പിന്നെ, മനസ്സിലാക്കുവാനുള്ള സമയം— തിരിച്ചറിവാനുള്ള കാലം—വന്നു; എന്നാൽ, ഉൎമ്മിള തന്റെ ലജ്ജാനമ്രദൃഷ്ടികളെ ഉയൎത്തി, തന്റെ പ്രാണപ്രിയന്റെ മുഖം ഒന്നു നല്ലവണ്ണം നോക്കുന്നതിനു മുമ്പായി, ആ വിരഹം അതിന്റെ ദാരുണമായ രൂപത്തിൽ അവളുടെ അന്തരാളത്തിൽ വന്നുനിന്നതു എന്തിനാണ്? അതിനുശേഷം, അവൾ നോക്കിക്കൊണ്ടിരിക്കുമ്പോൾ, തന്നെ ആ അമൃതസ്രവം, വററിപ്പോയി; യാതൊന്നു ലോകത്തിൽ മനോഹരമായുണ്ടോ യാതൊന്നു മധുരമായുണ്ടോ അതു വാടി നിലത്തുവീണു; ഒരു വലിയ അസ്ഥിക്കൂടംമാത്രം ശേഷിച്ചു. അവളുടെ ഹൃദയാന്തർഭാഗത്തിലുള്ള ക്ഷേത്രത്തിൽ, ആ മായാമൂൎത്തി തന്റെ അഹങ്കാരത്തോടുകൂടിയ പാദന്യാസത്തിന്റെ ശബ്ദം മുഴക്കിയിരുന്നില്ലാഎങ്കിൽ, ഇതും അവൾക്കു സഹിക്കുവാൻ കഴിയുമായിരുന്നു. എന്നാലും, ഇന്ന് അവളുടെ ചരദേവതയുടെ സ്ഥാനത്തു ആ മായദേവതയെ എടുക്കേണ്ടതാണ് അവളുടെ മുറ എന്നു ലോകം വിധിച്ചിരിക്കുന്നു.

കുറച്ചുദിവസം കഴിഞ്ഞാൽ, അവൾ ലളിതന്റെ മാതൃനായി
തീരും; വധൂവസ്ത്രത്തെ ധരിച്ചുകൊണ്ട തന്റെ പരിചയ
ത്തിൽ പെട്ട ഒരു കന്യക സമരേന്ദ്രന്റെ ഗൃഹത്തിലും എ
ത്തുവാൻ എളുപ്പമുണ്ട്. പിന്നെ സമരേന്ദ്രനെ പററി
അവൾ ചിന്തിക്കുന്നതു തന്നെ പാപകരമായിരിക്കും. എ
ന്നാൽ അതു പാപമാവട്ടെ പുണ്യമാവട്ടെ, ആ വക വിചാ
രങ്ങളിൽനിന്നു വല്ല മോചനത്തിനും അവൾക്കു മാർഗ്ഗ
മുണ്ടോ?

ആ സമയത്ത്, അവിചാരിതമായി, ശീപ്പിവന്നു ഊ
ർമ്മിളയുടെ അടുക്കൽ ഇരുന്നു. ഊർമ്മിള അത്ഭുതത്തോടെ
നോക്കുന്നതു കണ്ടിട്ട്, അവൾ പറഞ്ഞു:-"ഓമനേ, മററ
ന്നാളാണ് ഞാൻ എന്റെ വലിയ ഭാഗ്യം പരീക്ഷിക്കുവാൻ
പോകുന്നത്. അതുകൊണ്ടു ഞാൻ ഇന്ന് എല്ലാവരോടും
യാത്ര പറയുവാൻ എറങ്ങിയിരിക്കുകയാണ്. ഇന്നത്തെ
കഴിഞ്ഞാൽ, ഒരു സമയം നമ്മൾ തമ്മിൽ കാണുകയില്ലെ
ന്നു വരും; എന്നാലും നിങ്ങളുടെ വിവാഹത്തിനുള്ള ക്ഷ
ണനത്തിൽ എന്നെ വിട്ടുകളയരുതേ! എന്റെ വിവാഹ
ത്തിന് ആരെയെങ്കിലും ക്ഷണിക്കുവാനുള്ള സൌകര്യമു
ണ്ടാകുമെന്നു തോന്നുന്നില്ല; ഉണ്ടെങ്കിൽ ഞാൻ നിങ്ങളെ
വിളിക്കുമായിരുന്നു."

ഊർമ്മിള ശീപ്പിയുടെ കൈ പിടിച്ചുകൊണ്ടു പിന്നെ
യും മിണ്ടാതെ ഇരുന്നു. ശീപ്പിയുടെ വിവാഹത്തിൽ മം
ഗളഘോഷങ്ങളുടെ ചിഹ്നമൊന്നും പുറമെ ആരും കാ
ണുന്നതല്ലാ. എന്നാൽ ആ കല്യാണമുഹൂർത്തംതന്നെ ആ
വധൂവരന്മാരുടെ ഹൃദയത്തിൽ എത്തി സകല ഭാരവങ്ങ
ളെയും നിശ്ശേഷം തീർക്കും. ഊർമ്മിളയുടെ വിവാഹം ആ ഘോ

ഷിക്കപ്പെടുന്നു എങ്കിലോ ധനികനായ ഒരാളുടെ വിവാഹത്തിരക്കിന്റെ പ്രതിധ്വനി ഇന്ദ്രപുരിയിലുള്ളവരുടെ കണ്ണുകളെക്കൂടി അടച്ചുകളയും; എന്നാൽ ആ ലഹളയിൽ എന്തു കേൾക്കും? ഒരു ഭൂതത്തിന്റെ ഘോരമായ അട്ടഹാസം മാത്രം!

"ഓമനെ" എന്നു ഊർമ്മിള പിന്നെയും മിണ്ടാതെ ഇരിക്കുന്നതു കണ്ടിട്ട ദീപ്തി വിളിച്ചു. "ഇതു പററില്ല, ഇന്ന് ഇങ്ങനെ മിണ്ടാതെയിരുന്നുകൂട. നമുക്കു സംസാരിക്കുവാൻ ഇനിയൊരവസരം കിട്ടില്ല. എന്തായാലും പതിവായിട്ടുള്ള അനുമോദനമെങ്കിലും പറയൂ. നിങ്ങളുടെ വായിൽനിന്നു വീഴുന്നവ കേവലം പുറമെ പറയുന്ന മംഗളവാക്കുകളായിരിക്കയില്ലെന്നു എനിക്കറിയാം."

"എന്റെ വായിൽനിന്നു വീഴുന്ന ആശീർവ്വാദങ്ങൾകൊണ്ടു ആരും അനുഗ്രഹിക്കപ്പെടുന്നില്ല." എന്നു ഊർമ്മിള ദീപ്തിയുടെ കൈ വിട്ടുകൊണ്ട് പറഞ്ഞു. "ഞാൻ ഒന്നും പറയുകയില്ല ഇല്ലെങ്കിലും നിങ്ങൾക്കു മനസ്സിലാവും."

"എന്താണിങ്ങനെ പറയുന്നത്, ഊർമ്മിളെ?" എന്നു ദീപ്തി അത്ഭുതത്തോടെ ചോദിച്ചു.

ഊർമ്മിള മുഖംതിരിച്ചുകൊണ്ട് "സ്വന്തം ജീവിതത്തിന്റെ ഭാഗ്യവും സത്വവും, മൌനംകൊണ്ടു ബലികഴിക്കുന്ന ഒരാളിൽനിന്നു വീഴുന്ന വാക്കുകൾ ശാപംപോലെ തോന്നാനേയുള്ളു എന്നതു തീർച്ചയാണ്," എന്നു പറഞ്ഞു.

ദീപ്തി കുറെ നേരം മിണ്ടാതെയിരുന്നു, ഊർമ്മിളയുടെ വാക്കുകളുടെ അർത്ഥം ധരിക്കുന്നതുപോലെ കാണപ്പെട്ടു. അതിനുശേഷം അവളിവിധം, പറഞ്ഞു:—എന്താണ് ഇത്രവേഗം ക്ഷണിതപ്പെടുന്നത്? ആക്കെങ്കിലും അവനവ

ന്റെ ഉള്ള്‌ എപ്പോഴും സൂക്ഷ്മമായറിയുവാൻ സാധിച്ചു എന്നു വരുമോ? സമയം വരുമ്പോൾ, നിങ്ങൾക്ക ധൈര്യക്ഷയമൊന്നും ഉണ്ടാവില്ലെന്നും നേർവ്വഴി തിരഞ്ഞെടുക്കുവാൻ എളുപ്പമായിരിക്കുമെന്നുമാണ്‌ എന്റെ വിശ്വാസം."

"ഇല്ല, ചേട്ടാ;" എന്നു ഉർമ്മിള എഴുന്നേറ്റുകൊണ്ടു പറഞ്ഞു; "എനിക്ക സാദ്ധ്യമാവില്ല. എന്റെ ജനനത്തിന്നു മുമ്പായിത്തന്നെ അത്രവലിയ ഒരു കൃത്യത്തിന്റെ ഭാരം എന്നാൽ ചുമത്തപ്പെട്ടിട്ടുണ്ട്‌. എല്ലാം തൃപ്തിപ്പെടാതെ എനിക്ക അതിൽനിന്നു മോചിക്കുവാൻ തരമില്ല. എന്നാൽ അതിനെ മോചിക്കുക എന്നോ നിശ്ചിപ്പിക്കുക എന്നോ എന്താണ്‌ പ്രായശ്ചിത്തമെന്നു നിശ്ചയമില്ല."

"ഇന്നെനിക്ക ഏതു വീട്ടിലാണ്‌ പോവാനുള്ളതെന്നു പറഞ്ഞാൽ ഭേദമില്ല," എന്നു ലില്ലി വിഷയം മാറ്റിക്കൊണ്ടു പറഞ്ഞു. "എന്നാലും എനിക്ക കാണുവാനുള്ള ആളുകൾ എന്റെ പോക്കിനെ പറ്റി എന്റെ അസാധാരണമായ നില്ലജ്ജതയുടേയും ധൈര്യത്തിന്റേയും ഒരു ഉദാഹരണമായി കരുതുകയല്ലാതെ മറ്റൊന്നും ചെയ്യില്ല. സാരമില്ല. അതുകൊണ്ടു എനിക്ക്‌ വ്യത്യാസമൊന്നും വരുന്നില്ല. എന്റെ പുതിയവീട്ടിലേക്ക ഞാൻ ക്ഷണിച്ചാൽ വരുമോ? അതോ ലളിത ബാബുവിന്റെ ഭാവിഭാര്യ അവിടെ പോകുന്നതിന്നു തടയപ്പെടുമോ?"

"എന്തിനാണ്‌ പിന്നെയും ആ പേർതന്നെ പറയുന്നത്‌?" എന്നു ഉർമ്മിള ഇടറിയ സ്വരത്തിൽ ചോദിച്ചു. "ഞാൻ വാസ്തവത്തിൽ അടിമയാകുംവരെയ്ക്കും ആരുടെയും അടിമയല്ലെന്നും ഉർമ്മിള മാത്രമാണെന്നും വിചാരിക്കയെങ്കിലും ചെയ്യട്ടെ." ഉർമ്മിളയുടെ നേത്രങ്ങ

ളിൽനിന്നു അശ്രുധാരം ഒഴുകിത്തുടങ്ങി. ലീപ്പിക്ക് ഒടുവിൽ കാൎയ്യം വ്യക്തമായി മനസ്സിലാകാറുമായി. അവർ എഴുനേറ്റ് മിണ്ടാതെ ഊൎമ്മിളയുടെ തല തലോടുവാനാരംഭിച്ചു. സമാധാനിപ്പിക്കുന്നു എന്ന നാട്യത്തിൽ വല്ല മിഥ്യാവാക്കുകളും ഉച്ചരിക്കുന്നതിന്നു അവൎക്കു ലേശവും താല്പൎയ്യമുണ്ടായിരുന്നില്ല. വളരെ നേരം കഴിഞ്ഞിട്ട്, അവർ ഇങ്ങനെ പറഞ്ഞു. "ഞാൻ പോകുന്നു, ഓമനേ. നിങ്ങളെ അനുഗ്രഹിക്കുന്നതിന്നു എനിക്കവകാശമൊന്നുമില്ല. എന്നാലും എനിക്കു വയസ്സു കൂടും, അതുകൊണ്ടു ഞാൻ പോകുമ്പോൾ നിങ്ങളെ നുള്ളിക്കളയുന്ന മായത്തെ എടുക്കുകയില്ല എന്നു പറയുന്നു." ലീപ്പി പോയി.

ഊൎമ്മിള താഴെ എറങ്ങിയ ഉടനെ, ലളിതൻ അവളെ നോക്കി ചിരിച്ചുകൊണ്ട് അടുക്കലേക്കു വരുന്നതു കണ്ടു. എന്തോ അപകടത്തിന്റെ ആസന്നമായ ആഗമനത്തെ ഭയന്നിട്ടെന്നപോലെ, ഊൎമ്മിള മുറിയിൽ കടന്നു വാതലടച്ചു. ലീപ്പിയുടെ അനുഗ്രഹം വ്യൎത്ഥമായി തീരും. അതു നിറവേറുവാനുള്ള സന്ദൎഭം വന്നില്ല. എന്നാൽ ഒരാറം തനിക്കു കഠിനമായ ഇടിവുതട്ടുന്നതിന്നു മുമ്പായി തന്റെ തല ഉയൎത്തി മുകളിലേക്ക് ഒന്നവസാനമായി നോക്കുന്നതിന്നു ആഗ്രഹിക്കുന്നു. അവളുടെ മുറിയിൽ ഇരുന്ന്, ഊൎമ്മിള തന്റെ കഴിഞ്ഞുപോയ കാൎയ്യങ്ങളെ കുറിച്ചു ചിന്തിക്കുവാൻ തുടങ്ങുകയും, ആ സ്മരണകളിൽ ലയിക്കുന്നതിന്നു തന്റെ മനസ്സിനെ വിട്ടുകൊടുക്കുകയും ചെയ്കയാൽ തല്ക്കാലം നടക്കുന്നവയെക്കുറിച്ചു ഓൎമ്മവെച്ചില്ല.

ഊൎമ്മിള തന്നിൽനിന്നൊഴിയുവാനാണ് ഓടിപ്പോ

യതെന്നു ലളിതൻ അറിഞ്ഞു. ആയാളുടെ മുഖം കോപം കൊണ്ടു ചുവന്നു. ഊൎമ്മിളയുടെ മുറി ചവിട്ടി തുറന്നു അവളെ പുറത്തു വലിച്ചിട്ട് ഈ മാതിരി പ്രവൃത്തികളുടെ അൎത്ഥമെന്തെന്നു ചോദിച്ചാലെന്താണ്? എന്നുകൂടി ആയാൾക്കു തോന്നി. കുറച്ചു ദിവസം കഴിഞ്ഞാൽ താൻ വിവാഹം ചെയ്യാൻ പോകുന്ന ഒരു പുരുഷനെ ഈ വിധം അവമാനിക്കുകയും വേദനപ്പെടുത്തുകയും ചെയ്യുന്നതിനാൽ ഊൎമ്മിളയ്ക്കു എന്താണ് കിട്ടുവാനുള്ളത്? എന്നാൽ ഒരാളുടെ ഇച്ഛകളെ അനുസരിക്കുന്നതു എപ്പോഴും ഭംഗിയല്ല, അതിനാൽ ലളിതനു പിന്തിരിയേണ്ടിവന്നു.

പിറേറന്നാൾ രാവിലെ ലളിതൻ ഉണൎന്നമാത്രയിൽ ഊൎമ്മിളയെ തിരഞ്ഞുപോയി. ഭാഗ്യവശാൽ അവളെ തനിച്ചു കാണുവാൻ ഇടയാകയും ചെയ്തു. "എനിക്കു ചിലതു പറയുവാനുണ്ട്. ഞാൻ അതിനായിട്ടാണ് ഇന്നലെ വന്നത്, എന്നാൽ അപ്പോൾ നിങ്ങൾക്കു സമയമുണ്ടായില്ല. ഇപ്പോളുണ്ടോ?" എന്നു ആയാൾ ചോദിച്ചു.

"പറയൂ." എന്നു ഊൎമ്മിള ലളിതന്റെ സ്വരത്തിലുണ്ടായിരുന്ന നീരസത്തെ ശ്രദ്ധിക്കാതെ പറഞ്ഞു.

ലളിതൻ അവളുടെ അടുക്കലേക്കു ഒരു കസാല തള്ളിനീക്കിയിട്ടു കൊടുത്തു. "ദയവുചെയ്തു ഇരിക്കുക. എനിക്കു പറയുവാനുള്ളതു ഒരു നിമിഷംകൊണ്ടു പറഞ്ഞുതീൎക്കാവുന്നതല്ല." എന്നു ആയാൾ പറഞ്ഞു.

ഊൎമ്മിള ഇരുന്നു. ലളിതനും അവളുടെ അടുക്കലേക്ക് ഒരു കസാല നീക്കിയിട്ടിരുന്നു. "ഇതിനുമുമ്പുതന്നെ പറഞ്ഞിരുന്നെങ്കിൽ, അധികം നന്നാകുമായിരുന്നെന്നു. താമസം അതിനുള്ള തടസ്ഥങ്ങളെ വൎദ്ധിപ്പിക്കുന്നു. നിങ്ങ

ളുടേയും എൻേറയും വിവാഹത്തിനുള്ള ഒരുക്കങ്ങഠം ചെയ്യുന്ന വിവരം നിങ്ങഠംക്കറിയാമല്ലൊ. എന്നെ സംബന്ധിച്ചു ഞാനധികമൊന്നും പറയുവാൻ വിചാരിക്കുന്നില്ല. എന്നാൽ ഇത്രമാത്രം പറയാം. അവരുടെ ആഗ്രഹപ്രകാരം കാൎയ്യം നടക്കുന്നതായാൽ, അതൊരു വലിയ ഭാഗ്യമായി ഞാൻ എന്നെന്നും കരുതുന്നതാണ്. നിങ്ങളുടെ അഭിപ്രായം എന്താണ്? ഞങ്ങഠം എല്ലാവരുടേയും ഈ താല്പൎയ്യം ഫലപ്രദമായി തീരുമൊ? എല്ലാം നിങ്ങളുടെ വാക്കിൽ ഇരിക്കുന്നു."

ഊൎമ്മിള കുറെനേരത്തേക്ക് ഒന്നും മിണ്ടിയില്ല. പിന്നെ എഴുന്നേററുകൊണ്ട് പറഞ്ഞു:—"എൻെറ മറുപടി പിന്നെ പറയാം. എനിക്കു പല സംഗതികളും ആലോചിക്കുവാനുണ്ട്."

ലളിതനും എഴുന്നേററു നിന്ന് കുറച്ചുസഹ്യതയോടെ പറഞ്ഞു:—"ഇനി എത്രകാലം ആലോചിക്കണം? ഈ നാളൊക്കെ കഴിഞ്ഞിട്ടും അതവസാനിച്ചില്ലെ? ഈ വഴിയെ പോകുന്നതിന്നു നിങ്ങഠംക്ക് ഇത്ര ഭയം തോന്നുന്നുണ്ടൊ?"

ഊൎമ്മിള ഉത്തരമൊന്നും പറയാതെ കടന്നുപോന്നു. അവഠം വക്കത്തെത്തി. ഇനി ഒളിവിന്നൊന്നും തരമില്ല, കണ്ണടച്ചു നില്ക്കാൻ തരവുമില്ല. രണ്ടുഭാഗത്തുനിന്നുമുള്ള വിളി അത്രത്തോളം അടിയന്തരമായി തീൎന്നു. കേട്ടില്ലെന്നു വെക്കുവാൻ യാതൊരു നിവൃത്തിയുമില്ല. അവഠംക്കു പോണം, എന്നാൽ ഏതു വഴിയെ?

അദ്ധ്യായം ൧൫.

അന്നു സമരേന്ദ്രൻ മഴകൊണ്ടു നനഞ്ഞു വീട്ടിലെത്തി
യ ഉടനെ ആയാൾക്കു പനി പിടിപെട്ടു. രാമസുന്ദരി അ
വരുടെ പുത്രനും ചില ബന്ധുക്കൾ കല്ക്കത്തയിലുണ്ടായിരു
ന്നവർക്ക് വേഗത്തിൽ എഴുതി അറിയിച്ചു. ആയാളെ
ശുശ്രൂഷിക്കുന്നതിൽ വല്ല വീഴ്ചയും നേരിട്ടേക്കുമൊ എന്നു
വിചാരിച്ചുള്ള പരിഭ്രമംകൊണ്ട് അവർക്കു വേണ്ടപോലെ
കുളിയും ഉറക്കംതന്നെ ഇല്ലാതായി.

സമരേന്ദ്രൻ ക്ഷീണമായി വീണതോടുകൂടി തന്റെ സം
ശയങ്ങൾക്കെല്ലാം അവസാനമായി എന്നു ആയാൾ വി
ചാരിച്ചു. രാവും പകലും ആയാൾ ചുമന്നുവരുന്ന ഭാരം
ആയാളുടെ ഹൃദയത്തിൽനിന്നു നീക്കം ചെയ്തതായി കാ
ണപ്പെട്ടു. ആയാൾക്കു കഷ്ടപ്പാടുകളിൽനിന്നെല്ലാം നിവൃ
ത്തികിട്ടി. ഇനി ഒന്നുകൊണ്ടും ബുദ്ധിമുട്ടുവാനില്ല. തനിക്കു
എഴുന്നേല്ക്കേണ്ടതായിവരുമൊ, നടക്കേണ്ടതായി വരുമൊ,
ജോലിയുടെയും വേദനയുടെയും ഭാരം ചുമക്കേണ്ടതായി വ
രുമൊ? എന്നെല്ലാമുള്ള വിചാരങ്ങളും പിന്നെ ഇല്ലാതാ
യി. "തല്ക്കാലത്തേക്കു എനിക്കവധി കിട്ടി," എന്നു ആ
യാൾ വിചാരിച്ചു.

ദീനക്കാരെ കാണ്മാൻ പോകുന്നതു ഒരു നാട്ടുമര്യാദ
യാണ്. അതിനാൽ സമരേന്ദ്രന്റെ സ്നേഹിതന്മാരിൽ മി
ക്കവരും അവരുടെ മുറ നിർവ്വഹിച്ചു. ഓരോ അവസരങ്ങ
ളിലും ആയാൾ കാൽപെരുമാററംകേട്ടു വാതലിന്നു നേരെ
നോക്കുമ്പോൾ, ആരെയാണ് കാണ്മാൻ ഉദ്ദേശിച്ചിരുന്ന

തെന്നു ആയാൾമാത്രമല്ലാതെ മററാരും അറിഞ്ഞില്ല; എ
ന്നാൽ ഈ ആഗ്രഹം സാധിക്കുന്നതല്ലെന്നും ആയാൾക്കു
അറിയാമായിരുന്നു. എന്നാലും ആയാളുടെ ഹൃദയം ന്യാ
യത്തെ തിരസ്കരിച്ച് അതിൻെറ തല പിന്നെയും ഉയർത്തി
പിടിച്ചുകൊണ്ടു പറഞ്ഞു:- "അങ്ങനെ ഒരു കാര്യം
അസാദ്ധ്യമാണെന്നോ? അവർക്കു വന്നുകൂടെ? ഞങ്ങൾ ഒരേ
പട്ടണത്തിലാണ് താമസിക്കുന്നത്. എന്താണ് അവ
രെ തടയുവാനുള്ളത്?" താൻ തന്നെയാണ് അതിന്നു
വലിയ തടസ്ഥമെന്നു മനസ്സിലാക്കിയിരുന്നുവെങ്കിൽ, ആ
യാൾ അത്ഭുതം കൊണ്ടു പരവശപ്പെട്ടുമായിരുന്നു.

ആയാളുടെ ദിനംകൊണ്ടുള്ള കഷ്ടപ്പാടുകളിൽനി
ന്നു വല്ലതും ആശ്വാസം നല്കുന്നതിന്നായി എല്ലാവരും താ
ല്പര്യപ്പെട്ടു. ആയാൾ ആരുടെയോ മൃദുവായ കരംകൊണ്ടു
തൻെറ നെററിത്തലോടിയാലുണ്ടാകുന്ന ഒരു സുഖത്തെ സ
ങ്കല്പംകൊണ്ടനുഭവിക്കുന്നതിന്നായി കണ്ണടച്ചു കിടക്കുക
പതിവായിരുന്നു. ആ സ്പർശം വാസ്തവമായിരുന്നെങ്കിൽ,
ആയാളുടെ വേദനയെല്ലാം അതുകൊണ്ടസ്തമിക്കുന്നത്
ആശ്ചര്യമല്ല. ഇരുപത്തിനാലു മണിക്കൂറിന്നിടയ്ക്കു ഒരി
ക്കൽപോലും കാണണമെന്നാഗ്രഹിക്കാത്തവരിൽ ചിലർ
അകത്തു കടന്നും മററു ചിലർ വാതുക്കൽ നിന്നും യോഗ
ക്ഷേമങ്ങൾ അന്വേഷിക്കുകയും, അവർക്കു രോഗം പിടി
പെട്ടപ്പോൾ ഉണ്ടായ സ്വന്തം കഷ്ടപ്പാടുകളെ പററി വി
വരിക്കുകയും ചെയ്തുകൊണ്ടു രാവും പകലും സമഗ്രമെന്നെ
ഉപദ്രവിച്ചു.

ഒടുവിൽ ക്ഷീണിച്ച് ആയാൾ രാമസുന്ദരിയെ വിളി
ച്ചു "രാജ്യത്തുള്ളവരെയെല്ലാം എൻെറ മുറിയിൽ ഇങ്ങനെ

കൂട്ടിക്കൊണ്ടു വരാതിരുന്നാൽ കൊള്ളാം; അവൾക്കു അതു ഉപദ്രവമായേക്കാം; എനിക്കു ഗുണമൊട്ടില്ലതാനും; ഞാൻ മരിക്കുകയാണെങ്കിൽ, അഞ്ചോ എട്ടോ ദിവസം കഴിഞ്ഞു അതുണ്ടാകയുള്ളു; ആ വൎത്തമാനം അവർ അറിയുകയും ചെയ്യും. പിന്നെ എന്തിനാണ് അവർ ഇത്ര ബദ്ധപ്പെടുന്നത്?" എന്നു ചോദിച്ചു.

സമരേന്ദ്രന്റെ അസഹ്യതയ്ക്കുള്ള യഥാൎത്ഥകാരണം അറിയുവാൻ രാമസുന്ദരിക്കു അധികതാമസം വേണ്ടിവന്നില്ല, അതിനാൽ അവർ ഊൎമ്മിളയെ മനസാ ശകാരിച്ചുകൊണ്ടു അവിടെനിന്നെഴുന്നേറ്റുപോയി.

എന്തായാലും അക്കുറി മരിക്കുവാൻ സമരേന്ദ്രന്റെ ശിരസ്സിലെഴുതിയിട്ടുണ്ടായിരുന്നില്ല. പത്തുപതിമൂന്നു ദിവസം കഴിഞ്ഞപ്പോഴേക്കു എങ്ങനെയോ എഴുന്നേറ്റിരിക്കാറുമായി. പിറ്റേദിവസംതന്നെ രാമസുന്ദരി ഒരു പുതപ്പും പുതച്ചുകൊണ്ട് ആയാളുടെ മുറിയിൽ വന്നു പറഞ്ഞു:—"അയ്യോ, സമരു! എനിക്കും പനി തുടങ്ങിയിരിക്കുന്നു. നീ ഇവിടെ തനിച്ചേയുള്ളു എന്നു മാത്രമല്ല ദീനത്തിൽനിന്നെഴുന്നേല്ക്കുന്നതേയുള്ളു. എന്നെ നോക്കുവാൻ നിന്നെക്കൊണ്ടാവില്ല, കുട്ടി. നീ ഒരു വണ്ടികൊണ്ടുവരുവിച്ച് എന്നെ അനുജന്റെ അടുക്കലേക്കയയ്ക്കു. എന്നാൽ പിന്നെ അവൎക്കു എന്നെ നോക്കുന്നതിൽ അത്ര പ്രയാസമൊന്നുമുണ്ടാവില്ല. നീ എന്തു പറഞ്ഞാലും അവർ നമ്മുടെ കൂട്ടത്തിൽപ്പെട്ടവരാണ്. ആപത്തിൽ നമ്മളെ ഉപേക്ഷിക്കുകയില്ല."

സമരേന്ദ്രൻ മുഖമൊന്നു നീട്ടി. "ഓഹോ, നിങ്ങളുടെ ആളുകൾ എത്ര നല്ലവരാണെന്നു എന്റെ ദീനത്തിൽ

ടയ്ക്കു തെളിയിച്ചുകഴിഞ്ഞിട്ടുണ്ട്. അതിനെക്കുറിച്ചു ഒട്ടും വിചാരപ്പെടേണ്ട. വേഗം പോയി കിടക്കു. ഈ ദുർബ്ബലാവസ്ഥയിൽ കിടക്കുവാൻ വൈകിക്കുന്നതു് അപകടമാണ്. ഡാക്ടർ മഹിമന്നു ഞാൻ ഇപ്പോൾ തന്നെ എഴുതാം. ശുശ്രൂഷയ്ക്കു ഉടനെതന്നെ ഒരാളെ ശട്ടംകെട്ടി തരുവാൻ ആയാൾക്കു വിഷമമുണ്ടാവില്ല."

രാമസുന്ദരിക്കു തർക്കിക്കുവാൻ ആഗ്രഹമുണ്ടായിരുന്നാലും ശക്തിയില്ലായിരുന്നു. അതിനാൽ അവർ മുറിയിൽപോയി കിടന്നു. സമരേന്ദ്രൻ ശുശ്രൂഷിക്കുവാനുള്ള ആൾക്കും മററാവശ്യങ്ങൾക്കും വെള്ളമന്നെഴുതി അയച്ചിട്ടു മറുപടിക്കു കാത്തിരുന്നു. ഗൗരവമുള്ള കാര്യമാണെന്നും അതുകൊണ്ടു വൈദ്യൻ വീട്ടിലില്ലെങ്കിൽ എവിടെയാണെന്നന്വേഷിച്ചു് അവിടെ പോയി ആ എഴുത്തുകൊടുക്കണമെന്നും ആയാൾ ഭൃത്യനെ ഏല്പിച്ചു.

മഹിമചന്ദ്രൻ വീട്ടിലുണ്ടായിരുന്നില്ല. നരന്നു പനിയാകയാൽ ഗിരിബാല ആളെ അയച്ചിട്ടു പോയിരുന്നു. സമരേന്ദ്രന്റെ എഴുത്തു കിട്ടിയപ്പോൾ ആയാൾ രോഗിയെ നോക്കിക്കൊണ്ടു നില്ക്കുകയായിരുന്നു. എഴുത്തു പൊട്ടിച്ചു വായിച്ചിട്ടു് ആയാൾ പറഞ്ഞു:-"ആ മനുഷ്യൻ നല്ല കുഴത്തിലാണ് വീണിരിക്കുന്നത്. താൻതന്നെ സ്വാധീനനാകും മുമ്പെ ഇതാ മററൊരാൾ ദീനത്തിൽ കിടപ്പായി."

"മററാരാണ് ദീനത്തിൽ കിടപ്പായത്?" എന്നു ഗിരിബാല ചോദിച്ചു.

"നമ്മുടെ സ്നേഹിതൻ സമരന്റെ ചെറിയമ്മ. ആയാൾതന്നെ നല്ലവണ്ണം സുഖമായി എഴുന്നേററിട്ടില്ല. അതിന്നുപുറമെ ഇതും വന്നുപെട്ടു; ആ വീട്ടിൽ വേറെ ആരും

ട്ടില്ലതാനും. ശുശ്രൂഷയ്ക്കുവേണ്ടി ഒരാളെ അയയ്ക്കുവാനും ഞായറാഴ്ച എഴുതിയിട്ടുണ്ട്. ഇനി സാരമില്ല, നരേന്റെ കാര്യത്തിൽ പരിഭ്രമിക്കുവാൻ ഒന്നുമില്ല; പനി ഇനി വന്നില്ലെങ്കിൽ വന്നേക്കാം. ആ കുട്ടിക്ക് എഴുന്നേല്ക്കാറായാൽ കുറച്ചു ദിവസത്തേയ്ക്കു എങ്ങോട്ടെങ്കിലും താമസിപ്പിക്കുവാൻ നോക്കു."

"ഞാനതു തന്നെ ആലോചിച്ചിട്ടുണ്ട്. എന്റെ ഭർത്താവ് എഴുതിയിട്ടുണ്ട്. ഞങ്ങൾ ഇതിനുമുമ്പെ പോകേണ്ടതായിരുന്നു. അപ്പോഴേയ്ക്കു നരേന്നു പനിവന്നു. ഇതു മാറിയാൽ ഉടനെ ഞങ്ങൾ പോകും."

സമരേന്ദ്രന്റെ പേർ കേട്ടപ്പോൾ ഉഷമ്മ വേഗം വന്നു വാതലിനടുത്തുനിന്നു. ഡാക്ടർ പുറത്തേക്കു പുറപ്പെട്ടപ്പോൾ അവരും അവിടെനിന്നു പോകുകയും ചെയ്തു.

അന്നുമുഴുവനും ആ കുറച്ചു വാക്കുകൾ അവളുടെ ഹൃദയത്തിൽ മുള്ളുപോലെ തറയ്ക്കുവാൻ തുടങ്ങി. സമരേന്ദ്രൻ ദിനം, രാത്രിമുഴുവൻ, വീട്ടിലായതില്ല. ഉമയുടെ മനോവേദനയിൽ ഒരു ഭയപ്പെടുത്തും ദീനം പിടിച്ചു കിടക്കുന്ന കിടപ്പ് എത്രത്തോളം അസഹ്യമായതാണെന്നെല്ലാം പറഞ്ഞുകൊണ്ടു എന്നാലും വിവരിക്കുവാൻ പ്രയാസം. ആ വീടുമുഴുവനും നരേന്റെ രോഗശുശ്രൂഷയ്ക്കായി ഏർപ്പെട്ടിരിക്കുന്നു. ഉമയ്ക്കു പ്രത്യേകം നോക്കുവാനോ, ആളുടെ ആവശ്യങ്ങളെ അന്വേഷിക്കുവാനോ അവിടെ ആരുമില്ല. താനും ഒരു കാര്യം അവരും ശ്രദ്ധിച്ചതുമില്ല.

വെളുപ്പാൻ കാലത്ത് ഒരു ചീത്ത സ്വപ്നം കണ്ട് അവൾ ഉണർന്നു. അവൾ ഇവിടെ വന്നതിന്നുശേഷം സമരേന്ദ്രനെ സ്വപ്നം കാണുക സാധാരണമായിട്ടായിരുന്നു. എന്നാൽ

അവർ ആയാളെ ഇത്തരത്തിൽ കണ്ടതെന്തുകൊണ്ടാണ്? എഴുന്നേററിരുന്നപ്പോൾ അവളുടെ മുഖം കണ്ണുനീരിനാൽ നനഞ്ഞിരുന്നു.

അന്നു രാത്രി ലേശവും പനിയുണ്ടായില്ല. ഗിരിബാല സന്തോഷിച്ചു ഇപ്രകാരം പറഞ്ഞു—"ഇനി ഇതു വരില്ലെങ്കിൽ ഞാൻ ജയിച്ചു; അങ്ങനെയാണെങ്കിൽ, രണ്ടാമത്തെ ദിവസത്തിനകത്തു യാത്രയ്ക്ക് ഏർപ്പാടാക്കാം. അതിപ്പോൾ കരുതാനില്ല. ഇന്നു ഉച്ചതിരിഞ്ഞു ആനന്ദബാബുവിൻെറ മകനെ പോയി കാണണം. സ്വന്തംവീട്ടിൽ സുഖക്കേടായിട്ടും കൂടി ദിവസവും ഇവിടെവന്നു അന്വേഷിച്ചിരുന്നു. ആ ചെറുക്കൻ കുമാരിയെ തൻെറ അടുത്തിരുത്താം; ഊർമ്മിളയും വീട്ടിലുണ്ടാവും. ആവശ്യം വന്നാൽ അവളും വേണ്ടതു നോക്കിക്കൊള്ളും."

ഉച്ചതിരിഞ്ഞപ്പോൾ അവർ പുറത്തുപോയി. [illegible]തിയും ഒരു ലഹളയെല്ലാമുണ്ടാക്കി അവളുടെ കൂടെ പോയി. ഊർമ്മിള നിലാമുററത്തുചെന്നു. അവർ കനായിയോട് "ആവശ്യമുള്ളപ്പോൾ എന്നെ വിളിച്ചോളൂ" എന്നു പറഞ്ഞിട്ടുണ്ടായിരുന്നു.

ആരെങ്കിലും നോക്കുന്നതായാൽ, ആകാശത്തിൻെറ മീതെ ഒഴുകിപ്പോകുന്ന കാർമേഘങ്ങളെ ആശ്രയിച്ച് അവയുടെ പിന്നിൽ മറഞ്ഞുകൊണ്ട് ആദിത്യൻ യാത്രചെയ്യുന്നതു കാണാമായിരുന്നു. ഊർമ്മിള ആ വഴിയെ നോക്കിക്കൊണ്ടിരുന്നു. വലത്തുഭാഗത്തുള്ള വ്യവസായശാലയുടെ പൊക്കക്കുഴലുവിട്ടുകാണാവുന്ന ആ ഇടിഞ്ഞുപൊളിഞ്ഞ വീട് സമരേന്ദ്രൻെറതാണെന്നു ആരോ ഒരു ദിവസം അവളോട് പറഞ്ഞിട്ടുണ്ടായിരുന്നു. ഇന്നാകട്ടെ ആയാൾ, ആരും അറികത്തില്ലാതെ

അവിടെ ലീനമായി കിടക്കുന്നു. ആയാളുടെ ഉപദ്രവ
ങ്ങൾക്കിടയ്ക്കു മറിക്കുമെങ്കിലും ഉമ്മിളയെപ്പററി വിചാ
രിക്കുമോ? എന്നാൽതന്നെ എന്താണു്? ആ രോഗത്തെ
ആകർഷിച്ചെടുത്തു തൻെറ ദേഹത്തിലാക്കുവാൻ ഉമ്മിള
വിചാരിച്ചാൽ ഒരു വിധത്തിലും കഴിയുകയില്ല. അവൾക്കു
സാധിക്കുമായിരുന്നെങ്കിൽ ഒരു വലിയ സംഗതി തീൎച്ച
പ്പെട്ടുമായിരുന്നു. അത്ഭുതകൃത്യങ്ങളുടെ കാലം ഇനി ഒ
രിക്കലും വരില്ലേ? പഴയകാലങ്ങളിൽ ദൈവം പ്രേമത്തെ
ഇത്ര നിശ്ശക്തമാക്കി തീൎത്തിട്ടില്ല. ഇത്ര 'ക്രൂര' പിടിപ്പി
ച്ചിട്ടില്ല. മരണത്തിനെപ്പോലും ജയിക്കുവാനുള്ള ശക്തി
അന്നു പ്രേമത്തിനുണ്ടായിരുന്നു. സാവിത്രി! മരണത്തെ
ക്കൂടി ജയിച്ചു ഭർത്താവിനെ വീണ്ടെടുത്ത ആ ശക്തി ഇനി
പ്പോൾ എവിടെ? ദേവി വിട്ടുപോയപ്പോൾ ഈ കണ്ണു
നീരുനിറഞ്ഞ ലോകത്തിലേക്കു് എത്തിയിട്ടുള്ള നിർഭാഗ്യവതിക
ളായ സ്ത്രീകളുടെ സന്തോഷത്തിന്നായി ആ ശക്തി ലേശം
പോലും ബാക്കിവെച്ചിട്ടില്ലേ?

കിന്നായി മുകളിൽ വന്നു പറഞ്ഞു "കൊച്ചമ്മേ, ചെറി
യ യജമാനൻ കുലുക്കുവരുത്തലും മരത്തിൻകട്ടിയും കൂട്ടുവാ
നായിട്ടു കിടന്നു ലഹള കൂട്ടുന്നു. എന്നെ അടിക്കാൻ വരു
ന്നു. ഇത്തിരി നേരത്തേക്കു താഴെ വന്നാൽ കൊള്ളാം."

ഉമ്മിള ചുവട്ടിലേക്കു ചെന്നു, നരേൻെറ മുറിയിൽ
പോയി പറഞ്ഞു:— "കഷ്ടം, നരു! ഇങ്ങനെ കണ്ടതൊ
ക്കെ തിന്നാൻ ശാഠ്യംപിടിക്കാൻ പാടുണ്ടോ? ഇത്രവലുതാ
യിട്ടും ചെറിയ കുട്ടികളെപ്പോലെ കാട്ടുന്നതെന്താണു്?
ഡാക്ടർ വരുന്നതുവരെ ക്ഷമിക്കു ആയാളോടു ഞാൻ പ
റയാം."

"ഉവ്വ്, ഇല്ല," എന്നു ഞാൻ പരിഹാസമായി ചിരി
ച്ചുകൊണ്ടു പറഞ്ഞു. "ഇന്നു ഡാക്ടർ വരുമ്പോൾ പറയും
ഇല്ലേ! ആയാളുടെ ദിനക്കുറിപ്പിൽ ഒരാഴ്ച പറയാൻ കിടക്കുന്നു
എന്നും ഞാനുകൊണ്ടു ഇന്നു മുഴുവനും ശാന്തമായി
ക്കേണ്ടതായി വരുന്നതാണെന്നും ആയാൾ നമ്മെ ബോധിപ്പിച്ചി
ട്ടുണ്ട്. ആകട്ടെ, എനിക്കു കടലവറുത്തതു വേണമെങ്കിൽ,
പിന്നെ കുറച്ചു 'ഐസ്' തിന്നാമല്ലോ. കനാവി രണ്ടു
ചൈനീസ് 'ഐസ്' വേഗം വാങ്ങിക്കൊണ്ടുവരൂ".

ആയാൾ ഉമ്മിണിയെ ആ നിലയിൽ കണ്ടിട്ടില്ലാ പോ
ലെ തോന്നി. ആരാണിത്? ആരുടെ സ്ഥിതിയാണ് ഇ
ത്ര നിസ്സഹായാവസ്ഥയിലെത്തിയിരിക്കുന്നത്? സമരേന്ദ്രന്റെ
തായിരിക്കുമോ? അല്ലല്ല, അതാവാൻ തരമില്ല. ഉടനെ അ
വൾ തന്നെത്താൻ ചോദിച്ചു, "എന്തുകൊണ്ടായിക്കൂടാ?" ഉ
മ്മിണിയുടെ ജീവിതത്തിൽ സൗഭാഗ്യം വരുവാൻ പാടില്ലെന്നു
വിശ്വസിക്കുന്നതിന്നു സൽഭാഗ്യം ഇടയില്ലാതെ പ്രകാശി
ച്ചിരുന്നോ? അതങ്ങനെയാണെങ്കിലോ? അവൾ അനങ്ങാ
തെ ഈ തടവുമുറിയിൽ ഇരിക്കണമോ? മരണമായാ
യിൽപെട്ട അവളുടെ ലോകത്തിന്റെ പ്രകാശം മറയുന്ന
തിനുമുമ്പായി അതൊന്നുകൂടി അവൾക്കു നോക്കിക്കൂ
ടെന്നോ?

ഒരു ദിവസം വൈകുന്നേരം സമരേന്ദ്രൻ ആയാളുടെ
മുറിയിൽ ഒരു ചാരുകസേരമേൽ അനങ്ങാതെ കിടന്നി
രുന്നു. വൈകുന്നേരം വരുവാൻ വരുന്നതിന്നു സാധിക്കു
കയില്ലെന്നും അതുപ്രകാരം പരിചാരികയെയും മനസ്സിലാക്കി
ക്കൊള്ളണമെന്നും മഹിമ എഴുതി അയച്ചിട്ടുണ്ടാ
യിരുന്നു. സമരേന്ദ്രൻ ആയാളുടെ വരവും കാത്തിരിക്കു
കയായിരുന്നു. മഴക്കാറു കാരണം ഈ സായാഹ്നത്തിലു

ള്ള ഇരുട്ട് രോഗംകൊണ്ടു മുമ്പെ തന്നെ ക്ഷീണിച്ചു വല
ഞ്ഞ ആയാളുടെ മനസ്സിന് ഇടിവുതോന്നിച്ചു. അടുത്ത
മുറിയിൽ രാമസുന്ദരി വേദനകൊണ്ടു 'മുക്കയും മൂളുകയും'
ചെയ്യുന്നതും കേൾക്കാമായിരുന്നു. അസഹ്യത കാരണം
ആയാളുടെ മനസ്സ് അകത്തും പുറത്തും ഒരുപോലെ ഇരു
ട്ടടഞ്ഞ ആ തടവുമുറിയിൽനിന്നു രക്ഷപ്പെടുവാനുള്ള
താല്പര്യംകൊണ്ടു അധികമധികം അസഹ്യമായി തീർന്നു.
എന്നാലും അതിനുള്ള നിവൃത്തിമാർഗ്ഗമൊന്നും കണ്ടില്ല.

ഒരു വണ്ടി വന്നു നില്ക്കുന്ന ശബ്ദം കേട്ടു. ക്രമേണ
കോണിപ്പടിമേൽ കാൽപെരുമാററവും കേട്ടു; സമരേ
ന്ദ്രൻ ഡാക്ടരെ കാണ്മാനായി ധൃതിയോടെ വാതുക്കലേക്കു
നോക്കി. എന്നാൽ അതു ഡാക്ടരല്ലായിരുന്നു.

ആയാൾ എഴുന്നേററിരുന്നു. തന്റെ കണ്ണുകളെ
ത്തന്നെ തനിക്കു വിശ്വാസമില്ലാതായി. അതിനിടയ്ക്കു ഉ
ൎമ്മിള മുകളിൽ എത്തി ആയാളുടെ കാല്ക്കൽവീണു. അ
വൾ എടറിയ ശബ്ദത്തിൽ ബുദ്ധിമുട്ടിക്കൊണ്ടു പറഞ്ഞു,
"അപ്പോൾ നിങ്ങൾക്കു സുഖമാണല്ലേ?"

സമരേന്ദ്രൻ ഉൎമ്മിളയെ കണ്ടിട്ട് അത്യന്തം അത്ഭു
തപ്പെട്ടു. ഇപ്രകാരം അവൾ തനിയെ വരുവാൻ സംഗതി
യെന്ത്? വന്നതുതന്നെ എന്തിനാണ്? അവളുടെ മുഖമാ
സകലം ഏതോ വികാരാധിക്യത്താൽ വിറയ്ക്കുന്നുണ്ടായിരു
ന്നു. സമരേന്ദ്രൻ അസഹ്യതയോടെ പറഞ്ഞു. "എനിക്കു സു
ഖമാണ്! എന്നാൽ നിങ്ങളെ കണ്ടാൽ നല്ല സുഖമുണ്ടെ
ന്നു തോന്നുന്നില്ലല്ലോ? എന്താണ് പററിയത്? തനിച്ചാ
ണൊ വന്നത്, അതോ വല്ലവരും കൂടെയുണ്ടോ? എഴുന്നേ
ല്ക്കൂ, ഒരു കസാലയിന്മേൽ ഇരിക്കൂ; എന്താ നിലത്തിരിക്കു

[illegible]തി?" സമരേന്ദ്രൻ എഴുന്നേററു മാറിനിന്നു എന്നാൽ ആയാളുടെ ചോദ്യങ്ങൾക്ക് ഒന്നിനും ഒരുത്തരവും പറയാതെ ഉർമ്മിള [illegible]മേൽ തലയും വെച്ചു കരയുവാൻ തുടങ്ങി.

സമരേന്ദ്രന്റെ അത്ഭുതം നാലിരട്ടി വർദ്ധിച്ചു. ഇതെല്ലാം എന്തിനു വേണ്ടിയാണ്? ഈ വക അവസരങ്ങളിൽ എന്തു പ്രവർത്തിക്കേണമെന്നു ആയാൾക്കു നിശ്ചയമുണ്ടായിരുന്നില്ല. ഉർമ്മിള ചോദ്യങ്ങൾക്കൊന്നും ഉത്തരം പറഞ്ഞിട്ടില്ല, എന്നാൽ തക്കകാരണമില്ലാതെ ഈ മാതിരി ഒരു ലഹളയുണ്ടാക്കുന്ന സ്വഭാവം അവൾക്കില്ല. എന്തോ ഒന്നുണ്ടു സംഭവിച്ചിട്ടുണ്ട്, എന്നാൽ അതെന്താണ്?

"അസാരം സമാധാനിക്ക, എന്നിട്ടു എന്താണുണ്ടായതെന്ന് എന്നോടു പറയൂ." എന്നു സമരേന്ദ്രൻ അവളുടെ അടുത്തു ചെന്നു പറഞ്ഞു. "എന്നാലാവുന്നതെല്ലാം ഞാൻ സഹായിച്ചുതരാം. ചെറിയമ്മയ്ക്കു സുഖമില്ല, അല്ലെങ്കിൽ അവരെ അറിയിക്കുന്നത് ഒരു സമയം അധികം [illegible]മായിത്തീരുന്നോ എന്ന്. അതിന് ഇപ്പോൾ തരമില്ലാത്തതുകൊണ്ടു എന്നോടു പറയണം."

ഉർമ്മിള തല പൊക്കിയില്ല; എങ്ങനെയെങ്കിലും സമാധാനപ്പെടുവാനുള്ള ശക്തിയും അപ്പോൾ അവളിൽനിന്നു നിശ്ശേഷം വിട്ടുപോയിരുന്നു.

"സമരബാബു ഇവിടെയുണ്ടോ?" എന്നു താഴെനിന്നു ആരോ വിളിച്ചു ചോദിച്ചു.

സമരേന്ദ്രൻ എന്തെങ്കിലും ഉത്തരം പറയുന്നതിനുമുമ്പായി ഉർമ്മിള ഇടിവെട്ടുകൊണ്ടതുപോലെ ഞെട്ടിയെഴുന്നേററു, ആ മുറി വിട്ടോടി കോണിപ്പടിയുടെ മുകളിൽ ചെ

